D
39

40022



യാക്കോബായ

സുറിയാനി ക്രിസ്ത്യാനികളുടെ

# നമസ്കാരക്രമം

എ. ആർ. പി. പ്രെസ്സ്,

കുന്നംകുളം.

1099

യാക്കോബായ

സുറിയാനി ക്രിസ്ത്യാനികളുടെ

# നമസ്കാരക്രമം

—:*:—

അന്ത്യോഖ്യായുടെ ശ്ലീഹായ്ക്കടുത്ത സിംഹാസനംപ്രാപിച്ച മൂന്നാമത്തെ പത്രോസെന്ന തിരുനാമമുള്ള വിശുദ്ധ മോറാൻ മാർ ഇഗ്നാത്യോസുപാത്രിയക്കീസുബാവാ തിരുമനസ്സിലെ നാളുകളിൽ യാക്കോബായ സുറിയാനി ക്രിസ്ത്യാനി അസോസ്യേഷ്യൻ കമ്മട്ടിയുടെ പ്രസിഡണ്ടായ മലങ്കരയുടെ പൂലിക്കോട്ടിൽ മാർ യൌസേഫ് ദീവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമനസ്സിൽ നിന്നു ലഭിച്ചിട്ടുള്ള അനുമതിപ്രകാരം അച്ചടിക്കപ്പെട്ടതു.

—:o:—

## നമസ്കാരത്തെക്കുറിച്ച്

(ശുദ്ധമുള്ള ശ്ലീഹന്മാരാലും സ്തുതിക്കപ്പെട്ട ബാവാന്മാരാലും കല്പിക്കപ്പെട്ടിരിക്കുന്ന കാനോൻ അഞ്ചാം കെപ്പാലയോൻ അഞ്ചാം പാസോക്കായിൽനിന്നു എടുക്കപ്പെട്ടതു).

മിശിഹാ അവസാനത്തിൽ കിഴക്കുനിന്നു കാണപ്പെടുന്നതുകൊണ്ടു കിഴക്കോട്ടുനിന്നു നമസ്കരിക്കുന്നവരാകേണമെന്നു കല്പിക്കപ്പെട്ടിരിക്കുന്നു.

രണ്ടാമതു, ക്രിസ്ത്യാനികളായ എല്ലാവരും അതികാലത്തു എഴുന്നേററു യാതൊരു വേലയും ചെയ്യുന്നതിനു മുമ്പെ മുഖശുദ്ധി വരുത്തി നമസ്കരിക്കണം.

മൂന്നാമതു, കർത്താവു പ്രകാശം നല്കിയതുകൊണ്ടു കാലത്തും, വിധിയേല്ക്കപ്പെട്ടതുകൊണ്ടു എഴരയിലും, കുരിശിൽ തൂങ്ങപ്പെട്ടതുകൊണ്ടു ഉച്ചയിലും, ഭൂമി വിറച്ചിളകി മരിച്ചവർ ഉയിർത്തെ

ഴന്നേററതുകൊണ്ടു ഇരുപത്തുരണ്ടരയിലും, രാത്രിയിൽ ആശ്വാസത്തിന്നായിക്കൊണ്ടു സന്ധ്യയിലും, പിശാചുക്കളുടെ അശുദ്ധപ്പെട്ട സ്വപ്നങ്ങളിൽനിന്നും, കാഴ്ചകളിൽനിന്നും രക്ഷിക്കപ്പെട്ടുവാൻ സൂത്താറായിലും, സകല അപകടങ്ങളിൽനിന്നും കാത്തുരക്ഷിക്കപ്പെട്ടുവാൻ പാതിരാത്രിയിലും, ഇപ്രകാരം ഏഴുപ്രാവശ്യം നമസ്കരിക്കേണമെന്നു കല്പിക്കപ്പെട്ടിരിക്കുന്നു. എല്ലാവക്കും ഏഴുപ്രാവശ്യംതന്നെ നമസ്കരിപ്പാൻകഴിയാതെഇരുന്നാൽദാവീദും ദാനിയേലും ചില സമയങ്ങളിൽ ചെയ്തിരിക്കുന്നതുപോലെ ദിവസത്തിൽ മൂന്നുപ്രാവശ്യമെങ്കിലും നമസ്കരിക്കുന്നതിന്നു കടപ്പെട്ടിരിക്കുന്നു.

നാലാമതു, നമസ്കരിക്കുവാൻ നെഞ്ചിന്മേൽ തന്റെ കൈകൾവെച്ചു ജഡസംബന്ധമായ സകല വിചാരങ്ങ

ളേയും അടക്കി ഭക്തിയോടും ശ്രദ്ധയോടും വണക്കത്തോടുംകൂടെ കിഴക്കോട്ടു മുഖമായിനിന്നു തന്റെ തലതാഴ്ത്തി വന്ദിച്ചു നെററിയിൽനിന്നു നെഞ്ചിനും ഇടത്തെ തോളിൽനിന്നു വലത്തെ തോളിനും കുരിശു വരയ്ക്കണം.

—:*:—

### മാറാനായ
## പെരുന്നാളുകൾ

—:*:—

ധനു ൨൫. യൽദൊ. അതായ്തു നമ്മുടെ കൎത്താവിന്റെ ജനനപ്പെരുന്നാൾ.

മകരം ൬. ദനഹാ. അതായ്തു നമ്മുടെ കൎത്താവിന്റെ മാമോദീസാ.

കുംഭം ൨. മായൽത്തൊ. അതായ്തു നമ്മുടെ കൎത്താവിന്റെ ദൈവാലയ പ്രവേശനം.

മീനം ൨൫. സൂബോറൊ അതായ്തു ദൈവമാതാവിനോടുള്ള വചനിപ്പു

മിഥുനം ൨൯. മാർ പത്രോസി ന്റെയും മാർ പൌലോസിന്റെയും ഓൎമ്മദിവസം.

ചിങ്ങം ൬. നമ്മുടെകൎത്താവിന്റെ മറുരൂപപ്പെരുന്നാൾ.

ചിങ്ങം ൧൫. ദൈവമാതാവിന്റെ

വാങ്ങിപ്പിൻെറ പെരുന്നാൾ.

കന്നി ൧൪. മാർ സ്ലീബാകണ്ടെത്തിയതിൻെറ ഓൎമ്മ ദിവസം.

സ്വൎഗ്ഗാരോഹണപ്പെരുന്നാൾ (നമ്മുടെ കൎത്താവിൻെറ ഉയിൎപ്പിൻെറ ശേഷം നാല്പതാം ദിവസം)

---

* മാറാനായപോലെ ആചരിക്കേണ്ട

## പെരുന്നാളുകൾ

ധനു ൨൬. കന്യാസ്ത്രീ അമ്മയുടെ പുകഴ്ച പെരുന്നാൾ.

മകരം ൧൫. വിത്തുകളെക്കുറിച്ചുള്ള കന്യാസ്ത്രീ അമ്മയുടെ ഓൎമ്മദിവസം.

---

* വേലയിൽ നിന്നൊഴിഞ്ഞിരിക്കണമെന്നു നിൎബന്ധം ഇല്ലെങ്കിലും കുൎബാന കാണുക, വിവാഹത്തിൽനിന്നൊഴിഞ്ഞിരിക്കുക മുതലായവകൾ നിൎബന്ധമാകുന്നു.

ഇടവം ൧൫. കതിരുകളെക്കുറിച്ചുള്ള കന്ന്യാസ്ത്രീ അമ്മയുടെ ഓൎമ്മദിവസം.

---

## മററു പെരുന്നാളുകൾ

—:*:—

മകരം ൧. നമ്മുടെ കൎത്താവിന്റെ ചേലാകൎമ്മത്തിന്റെയും സത്യവിശ്വാസികളായ ബാവാന്മാരും മല്പാന്മാരും ആയ മാർ ബസ്സേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും ഓൎമ്മ.

മകരം ൭. മാർ യൂഹാനോൻ മാംദാനായുടെ പുകഴ്ച്ചയുടെയും ശിരശ്ഛേദനയുടെയും ഓൎമ്മ.

മകരം ൮. മാർ സ്തേപ്പാനോസ് സ

ഹദായുടെ ഓമ്മ.

കുംഭം ന. മാർ ബർസൌമ്മായുടെ ഓമ്മ.

കുംഭം വൃ. സുറിയായിലെ അന്ത്യോ ഖ്യായുടെ മാർ സേവേറിയോസ് പാത്രിയക്കീസിന്റെ ഓമ്മ.

നാല്പതു നോമ്പിന്റെ ആദ്യ ശനിയാഴ്ച മാർ അപ്രേം മല്പാന്റെയും മാർ തേവോദോറൊസ് സഹദായുടെയും ഓമ്മ.

മീനം ൻ. സെബസ്ഥി എന്ന സമുദ്രത്തിൽ കുളിരും ഭയങ്കര ശിക്ഷകളും അനുഭവിച്ചവരായ നാല്പതു സഹദേന്മാരുടെ ഓമ്മ. (ശനിയാഴ്ചയൊ ഞായറാഴ്ചയൊ ൻ-ാംതിയതി വരാത്തപക്ഷം ൻ-ാംതിയതിക്കിടയിലുള്ള ശനിയാഴ്ചയൊ ഞായറാഴ്ചയൊ ആചരിച്ചുകൊള്ളണം.)

ഉൗശാറ ശനിയാഴ്ച. ബ്താനിയാ

ക്കാരൻ ലാസറസിൻെറ ഉയിപ്പിൻെറ ഓമ്മ.

മേടം ൨൩. മാർ ഗീവർഗീസു സഹദായുടെ ഓമ്മ.

ഇടവം ൮. മാർ യൂഹാനോൻ ശ്ലീഹായുടെ ഓമ്മ.

പെന്തിക്കുസ്തി ഞായറാഴ്ചയുടെ പിറെറ തിങ്കളാഴ്ച ശ്രേഷ്ഠതപ്പെട്ടവനും തപസികളിൽ വലിയവനും ആയ മാർ അഹറോൻ ബാവായുടെ ഓമ്മ.

പെന്തിക്കുസ്തിയുടെ പിറെറ വെള്ളിയാഴ്ച പൊന്നിൻെറ വെള്ളിയാഴ്ച എന്നു പറയപ്പെടുന്നു.

മിഥുനം ൩. മാർ അവ്വുതൽ ബാവായുടെ ഓമ്മ.

മിഥുനം ൨൪. മാർ യൂഹാനോൻ മാംദാനായുടെ ജനനദിവസം.

മിഥുനം ൩൦. പന്ത്രണ്ടു ശ്ലീഹന്മാരുടെ ഓമ്മ.

കൎക്കടകം ൩. മാർ തോമ്മാശ്ലീഹായുടെ ഓൎമ്മദിവസം (ഇൻഡ്യാക്കാൎക്കു മാറാനായ)

കൎക്കടകം ൧൫. മാർ കുറിയാക്കോസു സഹദായുടെയും; തന്റെ മാതാവായ യൂലീത്തിയുടെയും; നിഖ്യായുടെ മാർ അബ്ഹായി ബാവായുടെയും തന്നോടുകൂടെയുള്ള പരിശുദ്ധന്മാരുടെയും ഓൎമ്മ.

ചിങ്ങം ൧. മത്തശ്മൂനിയും അവളുടെ ഏഴു മക്കളും അവരുടെ മല്പാനായ ഏലിയാസാറും ആയ മക്കബായ സഹദേന്മാരുടെയും മാർ റൂബേലിന്റെയും ഓൎമ്മ.

ചിങ്ങം ൧൨. മാർ അസ്സാസോയേൽ സഹദായുടെ ഓൎമ്മ.

കന്നി ൮. ദൈവമാതാവിന്റെ ജനനദിവസം.

കന്നി ൫൪. വിശുദ്ധ മാർ ദേമെത്തി ന്റെ ഓർമ്മ.

തുലാം ൨. മാർ ആദായി ശ്ലീഹായു ടെയും ഒക്ലസ ഭയറായുടെ മാർ അബെ ഹായി സഹദാ എന്ന മ്ഹഹ്‌ർ ശാബൂ റിൻെറയും ഓർമ്മ.

തുലാം ൭. സഹദേന്മാരായ മാർ സർ ഗ്ഗീസിന്റെയും മാർബ്ബാക്കോസിന്റെ യും ഓർമ്മ.

തുലാം ൨൭. ശ്രേഷ്ഠതപ്പെട്ട മാർ ഒസിയൊ തപസ്സിയുടെ ഓർമ്മ.

വൃശ്ചികം ൨൩. മാർ യാക്കോബു ബുർദാനായുടെ ഓർമ്മ.

വൃശ്ചികം ൨൯. ഭൂലോക മല്പാനും ബത്തിനെൻ ദസ്‌റഗിന്റെ എപ്പിസ് കോപ്പായും ആയ മാർ യാക്കോബി ന്റെ ഓർമ്മ.

ധനു ൪. സഹദാസ്ത്രീകളായ പത്തു

ബർബാറായുടെയും മത്തായൂലിയാനാ യുടെയും ഓർമ്മ.

ധനു ൯. മൂറായുടെ എപ്പിസ്കോപ്പായായ മാർ സോഖെയാകുന്ന നിക്കാലാവോസിന്റെ ഓർമ്മ.

ധനു ൧൦. മാർ ബഹനാൻ സഹദായുടെയും തന്റെ സഹോദരി സാറായുടെയും തന്റെ സഖികളായ നാല്പതു സഹദേന്മാരുടെയും വിശുദ്ധമാർ പീലക്സീനോസു ബാവായുടെയും ഓർമ്മ.

ധനു ൨൭. നമ്മുടെ കർത്താവിന്റെ നിമിത്തം ഏറോദേസ് കൊല്ലിച്ചിട്ടുള്ള പരമാത്മികളായ പൈതങ്ങളുടെ ഓർമ്മ.

# സാരസംഗ്രഹം

—:*:—

സന്ധ്യയുടെ
സൂത്താറ
പാതിരാത്രിയുടെ
മയ്യലിന്റെ
ഏഴരയുടെ
ഉച്ചയുടെ
ഇരുപത്തിരണ്ടരയുടെ
മസുമൂറ
ഈശോനഹറ
പള്ളിത്താമക്കളെ
ദൈവമെ അനുഗ്രഹിക്ക
ദോഷത്താളരുടെ തേററം
അനുതാപത്തിന്റെ മെമ്മറ
പീലക്സീനോസിന്റെ നമസ്കാരം
കുമ്പസാരക്രമം
കുറുബാനക്രമം
വലിയനോമ്പിലെ നമസ്കാരം.

—:*:—

## കുരിശുവരയുടെ സാരാംശം

കത്താവു
നമ്മുടെ
രക്ഷയ്
ക്കായിട്ടു
സ്വർഗ്ഗ
ത്തിൽ

നിന്നു ഭൂമിയിലേക്കു ഇറങ്ങിയതുകൊണ്ടു നെ
റ്റിയിൽനിന്നു നെഞ്ചിന്നും, ആദാമിൻെറ പാ
പം നിമിത്തം ഇടത്തേതിൽ ആയിരുന്ന നമ്മെ

സ്ലീ
ബാമേ
ലുള്ള മ
രണത്താ
ലെ വല
ത്തേതി
ൻെറ പു
ത്രന്മാരാ

ക്കി തീൎത്തുകൊണ്ടു ഇടത്തെ
തോളിൽനിന്നു വലത്തെ തോളിന്നു ആ
യിരിക്കേണ മെന്നു മാർ സേവേറിയോ
സു ബാവായാൽ കല്പിയ്ക്കപ്പെട്ടിരിക്കുന്നു.

---:*:---

# സന്ധ്യാനമസ്കാരം

——:*:——

തുടസ്സം

ബാവായും പുത്രനും ശുദ്ധമുള്ള റൂഹായും ആയ പട്ടാങ്ങപ്പെട്ട ഒരുവൻ തമ്പുരാൻെറ തിരുനാമത്താലെ എന്നുമെന്നേക്കും ആമ്മീൻ.

ബലവാനായ ദൈവം തമ്പുരാൻ ശുദ്ധമുള്ളവനാകുന്നു; ശുദ്ധമുള്ളവനാകുന്നു; ശുദ്ധമുള്ളവനാകുന്നു; തൻെറ സ്തുതികളാൽ ആകാശവും ഭൂമിയും നിറയപ്പെട്ടിരിക്കുന്നു; ഉയരങ്ങളിൽസ്തുതി. കർത്താവിൻെറ തിരുനാമത്തിൽ വന്നവനും വരുവാനിരിക്കുന്നവനും വാഴ്ത്തപ്പെട്ടവനാകുന്നു; ഉയരങ്ങളിൽ സ്തുതി.

ദൈവമേ! നീ ശുദ്ധമുള്ളവനാകുന്നു ബലവാനേ! നീ ശുദ്ധമുള്ളവനാകുന്നു മരണമില്ലാത്തവനേ! നീ ശുദ്ധ-

മുള്ളവനാകുന്ന ഞങ്ങൾക്കവേണ്ടി കുരിശിൽ തൂങ്ങപ്പെട്ടവനേ+ ഞങ്ങളു ടെ മേൽ നീ അനുഗ്രഹിക്കേണമേ.

ഇതിന്മണ്ണം മൂന്നപ്രാവശ്യം ചൊല്ലി
മൂന്നു കുമ്പിട്ടതിന്റെ ശേഷം ചൊല്ലേണ്ടതു

ഞങ്ങളുടെ കൎത്താവേ! ഞങ്ങളുടെ മേൽ നീ അനുഗ്രഹിക്കേണമേ. ഞങ്ങ ളുടെ കൎത്താവേ! നീ കൃപചെയ്തു ഞങ്ങ ളുടെമേൽ നീ അനുഗ്രഹിക്കേണമെ. ഞങ്ങളുടെ കൎത്താവെ! ഞങ്ങളുടെ ശു ശ്രൂഷയും നമസ്കാരങ്ങളും നീ കൈ ക്കൊണ്ടു ഞങ്ങളുടെ മേൽ നീ അനു ഗ്രഹിക്കേണമെ. ദൈവമേ നിനക്കസ്തു തി. സൃഷ്ടിക്കുന്നവനേ! നിനക്കസ്തുതി. പാപികളായ നിന്റെ അടിയാരോടു കരുണചെയ്യുന്ന മശിഹാരാജാവെ! നി നക്ക സ്തുതി. ബാറേക്മോർ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാ വാ! നിന്റെ തിരുനാമം ശുദ്ധമാക്ക

പ്പെടേണമെ, നിന്റെ രാജ്യം വരേ
ണമെ, നിന്റെ തിരുമനസ്സ ആകാശ
ത്തിലെപ്പോലെ ഭൂമിയിലും ആകേണ
മെ, ഞങ്ങളുടെ ദിഷ്ടതിയുടെ അപ്പം
ഇന്നും ഞങ്ങൾക്ക നീ തരണമെ, ഞ
ങ്ങളുടെ കടക്കാരോട ഞങ്ങൾ ക്ഷമി
ച്ചതുപോലെ ഞങ്ങളുടെ കടങ്ങളും
ദോഷങ്ങളും ഞങ്ങളോട നീ ക്ഷമിക്കേ
ണമെ. പരീക്ഷയിലേക്ക ഞങ്ങളെ നീ
അകപ്പെടുത്തരുതെ. പിന്നയോ രാജ്യ
ത്വവും ശക്തിയും സ്തുതിയും എന്നമെ
ന്നേക്കും നിനക്കുള്ളതാകുന്നു എന്നതു
കൊണ്ട തിന്മപ്പെട്ടവനിൽനിന്ന ഞ
ങ്ങളെ നീ രക്ഷിച്ചുകൊള്ളേണമെ, ആ
മ്മേൻ.

നന്മനിറഞ്ഞ മറിയമേ! നിനക്ക
സ്വസ്തം, ഞങ്ങളുടെ കർത്താവു നി
ന്നോടുകൂടെ; നീസ്ത്രീകളിൽവാഴ്ത്തപ്പെ
ട്ടവൾ; നിന്റെ വയററിലെ ഫലമായ

നമ്മുടെ കൎത്താവീശോമിശിഹാ വാഴ്ത്തപ്പെട്ടവനാകുന്നു. ശുദ്ധമുള്ള കന്യകമത്തമറിയമെ!തമ്പുരാൻെറ അമ്മെ! പാപികളായ ഞങ്ങൾക്കുവേണ്ടി ഇപ്പോഴും ഞങ്ങളുടെ മരണസമയത്തിലും തമ്പുരാനോട്ട അപേക്ഷിച്ചുകൊള്ളേണമെ ആമ്മീൻ.

മാർ ബാലായുടെ അപേക്ഷ.

അനുഗ്രഹങ്ങൾ നിറഞ്ഞിരിക്കുന്നവനെ!അനുകൂലത്തിൻെറ ദിവസത്തിൽ നിൻെറസൃഷ്ടിപ്പിനെ നീപുത്തനാക്കി അനുകൂലമാക്കേണമേ, കൎത്താവേ നിൻെറ ആശ്രയത്തെക്കുറിച്ചു മരിച്ചു നിൻെറ വരവിനെ നോക്കിപ്പാൎക്കുന്നു എന്ന ഞങ്ങളുടെ മരിച്ചുപോയവരെ നീ പുണ്യമാക്കേണമെ. അബ്രഹാമിൻെറയും ഇസ്ഹാക്കിൻെറയുംയാക്കോബിൻേറയും മടിയിൽ അവരെ നീ പാൎപ്പിക്കേണമേ, വന്നവനും വരുന്ന

വന്നും മരിച്ചവരെ അനുക്രൂലമാക്കുന്ന
വനും ആയവൻ വാഴ്ത്തപ്പെട്ടവനാകു
ന്നു എന്നു ശരീരങ്ങളും ആത്മങ്ങളുംശ
രിയായിട്ടു നിലവിളിച്ചു പറയുമാ
റാകേണമെ.

ഇവിടെ രണ്ടു കൌമാ നമസ്കരിച്ചു
ചൊല്ലേണ്ടതു

മാറാനീശോമ്ശിഹാ! നിന്റെ അ
നുഗ്രഹങ്ങളുടെ വാതിൽ ഞങ്ങളുടെ
മുഖങ്ങളിൽ നീ അടക്കല്ലെ, കത്താവെ!
ഞങ്ങൾ പാപികളാകുന്നു എന്നു ഞങ്ങ
ൾ കൊണ്ടാടുന്നു. ഞങ്ങളുടെമേൽ നീ
അനുഗ്രഹിക്കേണമെ, കത്താവെ! നി
ന്റെ മരണത്താൽ ഞങ്ങളുടെ മരണം
മായപ്പെട്ടുവാനായിട്ടു നിന്റെ ഉപ
വി നിന്റെ ഇടത്തിൽനിന്നു ഞങ്ങളു
ടെ പക്കൽ നിന്നെ ഇറക്കി ഞങ്ങളുടെ
മേൽ നീ അനുഗ്രഹിക്കേണമെ.

(ഇവിടെ രണ്ടുകൌമാ നമസ്കരിക്കണം)

൯൧-൧൨൧-മസുമൃറാകൾ

ഉയരപ്പെട്ടവന്റെ രഹസ്യസ്ഥലത്തു ഇരിക്കുന്നവൻ കർത്താവിന്റെനിഴലിൽ സ്തുതിക്കപ്പെടുന്നു. എന്റെ ശരണവും സങ്കേതസ്ഥലവും അവനിൽ ഞാൻ ആശ്രയിച്ചിരിക്കുന്ന ദൈവമായ കർത്താവിനോടു ഞാൻ പറയും. വിരുദ്ധത്തിന്റെ കണിയിൽനിന്നും നിഷ്ഫലമായിരിക്കുന്ന വചനത്തിൽനിന്നു നിന്നെ അവൻവീണ്ടുകൊള്ളും അവന്റെ തൂവലുകൾകൊണ്ടു നിന്നെ രക്ഷിച്ചു അവന്റെ ചിറകുകളുടെ കീഴിൽ മറയ്ക്കപ്പെടും. അവന്റെസത്യം നിന്നെ ആയുധമായി ചുററിക്കും. രാത്രിയിലെ ഭയത്തിൽനിന്നും പകൽപറക്കുന്ന അസ്ത്രത്തിൽനിന്നും ഇരുട്ടിൽ സഞ്ചരിക്കുന്ന വചനത്തിൽനിന്നും ഉച്ചയിൽ ഊതുന്ന കാററിൽ നിന്നും നീ ഭയപ്പെടേണ്ട, നിന്റെ ഭാഗത്തിൽ നി

ന്നു ആയിരംപേരും നിന്റെവലത്തേ-
തിൽനിന്നു പതിനായിരംപേരും വീ-
ഴും.അവർ നിന്റെ അടുക്കലേക്കു ചേ-
രുകയില്ല,പിന്നെയൊ നീ നിന്റെക-
ണ്ണുകൾകൊണ്ടു മാത്രം നോക്കി ദുഷ്ട-
ന്മാൎക്കുള്ള പ്രതിഫലത്തെ കാണും.എ-
ന്തെന്നാൽ ഉന്നതങ്ങളിൽ നിന്റെ
വാസസ്ഥലം നീ വെച്ചു എന്നു എ-
ന്റെ ശരണമായ കൎത്താവു നീ ആകു-
ന്നു. ദോഷം നിനക്കു ചേരുകയില്ല,
ശിക്ഷ നിന്റെ വാസസ്ഥലത്തിന്നു
അടുക്കയുമില്ല. എന്തെന്നാൽ അവൻ
നിന്റെ സകല വഴികളിലും നിന്നെ
സൂക്ഷിപ്പാനും നിന്റെ പാദത്തിൽ നീ
വിരുദ്ധമാകാതെയിരിപ്പാൻ അവരു-
ടെ കൈകൾമേൽ നിന്നെ വഹിപ്പാ-
നും നിന്നെക്കുറിച്ചു അവന്റെ മാലാ-
ഖമാരെ പ്രമാണിക്കും. സിംഹത്തി-
ന്മേലും അണലിയിന്മേലും നീ ചവി-

ട്ടം. സിംഹത്തേയും പെരുമ്പാമ്പിനേയും നീ മെതിക്കും. എന്തെന്നാൽ അവൻ എന്നെ അന്വേഷിച്ചു ഞാൻ അവനെ രക്ഷിക്കും. അവൻ എന്റെനാമം അറിഞ്ഞതുകൊണ്ടു ഞാൻ അവനെഉറപ്പിക്കും, അവൻ എന്നെ വിളിക്കും, ഞാൻഅവനോടുഉത്തരംപറയും ഞാൻഉപദ്രവത്തിൽ അവനോടുക്രുടേ ഞാൻ അവനെ ഉറപ്പിച്ചു ബഹുമാനിക്കും. ദീൎഘദിവസങ്ങൾകൊണ്ടു ഞാൻ അവനെ തൃപ്തിയാക്കി എന്റെ രക്ഷ അവനെ കാണിക്കും. ഞാൻ പൎവ്വതത്തിലേക്കു എന്റെ കണ്ണുകളെ ഉയൎത്തും എവിടെനിന്നു എന്നെ സഹായിക്കുന്നവൻ വരും. എന്റെ സഹായം ആകാശവും ഭൂമിയും സൃഷ്ടിച്ചവനായ കൎത്താവിന്റെ സന്നിധിയിൽ നിന്നാകുന്നു. അവൻ നിന്റെ കാലിളക്കത്തിനു കൊടുക്കയില്ല, നിന്റെ കാ

വല്ക്കാരൻ ഉറക്കം തൂങ്ങുകയുമില്ല ഇസ്രായേലിന്റെ കാവല്ക്കാരൻ ഉറക്കം തൂങ്ങുന്നുമില്ല, ഉറങ്ങുന്നുമില്ല. കൎത്താവു നിന്റെ കാവല്ക്കാരനാകുന്നു. കൎത്താവു നിന്നെ വലത്തെ കൈകൊണ്ടു നിഴലിക്കും. പകൽ ആദിത്യനും രാത്രിയിൽ ചന്ദ്രനും നിന്നെ ഉപദ്രവിക്കയില്ല. കൎത്താവു സകല ദോഷങ്ങളിൽനിന്നും നിന്നെ പരിപാലിക്കും. അവൻ നിന്റെ ആത്മാവിനെ പരിപാലിക്കും. കൎത്താവു നിന്റെ ഗമനത്തേയും നിന്റെ ആഗമനത്തേയും ഇതുമുതൽ എന്നേക്കും പരിപാലിക്കും. ദൈവമേ സ്തുതി നിനക്കു യോഗ്യമാകുന്നു.

—:o:—

അപേക്ഷ.

ഉയരപ്പെട്ടവന്റെ മറയിലിരിക്കുന്നവനായ കൎത്താവേ! നിന്റെ അനുഗ്രഹത്തിന്റെ ചിറകുകളുടെ നിഴലി

ൻകീഴെ ഞങ്ങളെ മറച്ചു ഞങ്ങളുടെ മേൽ അനുഗ്രഹിക്കേണമെ. ഒക്കെയും കേൾക്കുന്നവനെ! നിന്റെ അനുഗ്രഹത്താൽ നിന്റെ അടിയാരുടെ അപേക്ഷ നീ കേൾക്കേണമെ. സ്തുതിക്കപ്പെട്ട രാജാവു നീ ആകുന്നു എന്നു ഞങ്ങളുടെ രക്ഷകാരനായ ഇശോമ്ശിഹാ! നിരപ്പു നിറയപ്പെട്ട അന്തിയും പുണ്യത്വത്തിനുടെ രാവും ഞങ്ങൾക്കു നീ തരേണമേ. ഞങ്ങളുടെ കണ്ണുകൾ നിന്റെ പക്കൽ നോക്കിക്കൊണ്ടിരിക്കുന്നു. ഞങ്ങളുടെ കടങ്ങളും ദോഷങ്ങളും നീ പുന്ന്യമാക്കി ഈ ലോകത്തിലും ആലോകത്തിലും ഞങ്ങളുടെ മേൽ നീ അനുഗ്രഹിക്കേണമെ. കൎത്താവെ! നിന്റെ അനുഗ്രഹങ്ങൾ ഞങ്ങളെ മറച്ചു നിന്റെ കൃപ ഞങ്ങളുടെ മുഖങ്ങളിൽ നില്ക്കേണമെ. നിന്റെ സ്ലീബാ തിന്മപ്പെട്ടവനിൽ നിന്നും അവന്റെ

പുരുഷാരങ്ങളിൽനിന്നും ഞങ്ങളെ കാ
ത്തുകൊള്ളേണമെ. ഞങ്ങളുടെ ആയു
സ്സുകളുടെ ദിവസങ്ങളൊക്കെയും നി
ന്റെ വലത്തുകൈ ഞങ്ങളുടെ മേൽ
ആവസിക്കേണമെ, നിന്റെ നിരപ്പു
ഞങ്ങളുടെ ഇടയിൽ വാഴേണമെ, നി
ന്നോടു അപേക്ഷിക്കുന്ന ആത്മാക്കൾ
ക്കു ശരണവും രക്ഷയും നീ ചെയ്യുന്ന
മേ, നിന്നെ പ്രസവിച്ച അമ്മയുടെയും
നിന്റെ ശുദ്ധമാക്കപ്പെട്ടവരൊക്കയുടേ
യും നമസ്കാരത്താലെ കർത്താവെ! ഞ
ങ്ങളുടെ മേൽ അനുഗ്രഹിക്കേണമേ.

---

ഈ താഴെയുള്ള കൌമ ക്രോബേന്മാരുടെ
സ്തുതിയാകുന്നു. എസ്കിയേൽ ൩-൧൨
മത്തു മൂന്നുപ്രാവശ്യം ചൊല്ലി മൂന്നു കുമ്പിടണം.

എന്നേക്കും തന്റെ ഇടത്തിൽ നി
ന്നു കർത്താവിന്റെ ബഹുമാനം വാഴ്ത്ത
പ്പെട്ടതാകുന്നു. എന്നേക്കും തന്റെ ഇട

ത്തിൽനിന്നു കർത്താവിന്റെ ബഹുമാനം വാഴ്ത്തപ്പെട്ടതാകുന്നു. എന്നേക്കും തന്റെ ഇടത്തിൽനിന്നു കർത്താവിന്റെ ബഹുമാനം വാഴ്ത്തപ്പെട്ടതാകുന്നു ശുദ്ധമുള്ളതും സ്തുതിക്കപ്പെട്ടതുമായ മൂന്നതാൾമെ! ഞങ്ങളുടെ മേൽ നീ അനുഗ്രഹിക്കേണമെ. ശുദ്ധമുള്ളതും സ്തുതിക്കപ്പെട്ടതുമായ മൂന്നതാൾമെ! ഞങ്ങളുടെ മേൽ നീ അനുഗ്രഹിക്കേണമെ. ശുദ്ധമുള്ളതും സ്തുതിക്കപ്പെട്ടതുമായ മൂന്നതാൾമെ! നീ കൃപചെയ്തു ഞങ്ങളുടെമേൽ നീ അനുഗ്രഹിക്കേണമേ. നീ എന്നേക്കും ശുദ്ധമുള്ളവനും സ്തുതിക്കപ്പെട്ടവനും ആകുന്നു. നീ എന്നേക്കും ശുദ്ധമുള്ളവനും സ്തുതിക്കപ്പെട്ടവനും ആകുന്നു. എന്നന്നേക്കും നീ ശുദ്ധമുള്ളവനും നിന്റെ തിരുനാമം വാഴ്ത്തപ്പെട്ടതും ആകുന്നു. ഞങ്ങളുടെ കർത്താവെ! നിനക്കു സ്തുതി, ഞങ്ങളുടെ കർത്താവെ! നിനക്കു

സ്തുതി, എന്നേക്കും ഞങ്ങൾക്കുള്ള ശ രണവുമെ നിനക്കു സ്തുതി. ബാറെക്ക മോർ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ, നമനിറഞ്ഞ മറിയം ഇത്യാദി ചൊല്ലണം.

---

നിഖ്യായിലും കുസ്തന്തീനോസ് പോലീസിലും എപ്പേസൂസിലും കൂടപ്പെട്ട സൂനാദോസുകളിൽ നിശ്ചയിക്കപ്പെട്ട വിശ്വാസപ്രമാണം.

---

സർവ്വശക്തിയുള്ള പിതാവായിആകാശത്തിന്റേയും ഭൂമിയുടേയും കാണപ്പെട്ടന്നവയും കാണപ്പെടാത്തവയുമായ സകലത്തിന്റേയും സൃഷ്ടാവായ സത്യമുള്ള ഏകദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു.

ദൈവത്തിന്റെ ഏകപുത്രനും സർവ്വലോകങ്ങൾക്കും മുമ്പിൽ പിതാവിൽനിന്നു ജനിച്ചവനും പ്രകാശത്തിൽനിന്നുള്ള പ്രകാശവും സത്യദൈവത്തി

ൽനിന്നുള്ള സത്യദൈവവും ജനിച്ചവ
നും സൃഷ്ടിയല്ലാത്തവനും സാരാംശത്തി
ൽ പിതാവിനോട സമത്വമുള്ളവനും
തന്നാൽ സകലവും നിൎമ്മിക്കപ്പെട്ടവ
നും മനുഷ്യരായ നമുക്കും നമ്മുടെ ര
ക്ഷക്കുംവേണ്ടി തിരുമനസ്സായ പ്രകാ
രം സ്വൎഗ്ഗത്തിൽനിന്ന ഇറങ്ങി വിശു
ദ്ധാത്മാവിൽനിന്നും വി: കന്യകമറി
യാമ്മിൽനിന്നും ശരീരിയായിതീൎന്ന മ
നുഷ്യനായ | പൊന്തിയൊസ്പീലാത്തോ
സിന്റെ ദിവസങ്ങളിൽ നമുക്കുവേ
ണ്ടി കുരിശിൽ തറക്കപ്പെട്ടു കഷ്ടമനുഭ
വിച്ചു മരിച്ചു അടക്കപ്പെട്ടു മൂന്നാം ദി
വസം ഉയിൎത്തെഴുന്നേററു സ്വൎഗ്ഗത്തി
ലേക്കു കരേറി, തന്റെ പിതാവി
ന്റെ വലത്തുഭാഗത്തു ഇരുന്നവനും
ജീവനുള്ളവരേയും മരിച്ചവരേയും വി
ധിപ്പാൻ തന്റെ വലിയ മഹത്വ
ത്തോടെ ഇനിയും വരുവാനിരിക്കുന്ന

വനും തന്റെ രാജ്യത്തിനു അവസാനമില്ലാത്തവനും. ആയി യേശുമ്ശിഹാ ആയ ഏകകർത്താവിലും ഞങ്ങൾ വിശ്വസിക്കുന്നു.

സകലത്തെയും ജീവിപ്പിക്കുന്ന കർത്താവും പിതാവിൽനിന്നു പുറപ്പെട്ടു പിതാവിനോടും പുത്രനോടും കൂടെ വന്ദിക്കപ്പെട്ടു സ്തുതിക്കപ്പെടുന്നവനും നിബ്യന്മാരും ശ്ലീഹന്മാരും മുഖാന്തിരം സംസാരിച്ചവനും ആയി ജീവനും ശുദ്ധതയുമുള്ള ഏകറൂഹായിലും കാതോലിക്കായും ശ്ലീഹായും അടുത്ത ഏക വിശുദ്ധസഭയിലും ഞങ്ങൾ വിശ്വസിക്കുന്നു.

പാപമോചനത്തിനു മാമോദീസാ ഒന്നുമാത്രമെയുള്ളൂ എന്നു ഞങ്ങൾ ഏറ്റുപറഞ്ഞു മരിച്ചുപോയവരുടെ ഉയിർപ്പിനും വരുവാനിരിക്കുന്ന ലോകത്തി

ൽ പുതിയ ജീവനുമായി ഞങ്ങൾ നോക്കിപ്പാൎക്കുന്നു ആമ്മീൻ.

ബാറെക്മോർ സ്സൗമെൻകാലോസ്.

## കുറിയേലായിസ്സോൻ.

——:*:——

### അപേക്ഷ.

പട്ടാങ്ങപ്പെട്ട ദൈവം തമ്പുരാനെ! ഞങ്ങളെ നീ രക്ഷിച്ചുകൊള്ളേണമെ. തിന്മകൾ ഒക്കെയിൽനിന്നും ദോഷങ്ങൾ ഒക്കയിൽനിന്നും തിന്മപെട്ട മനസ്സാക്കയിൽനിന്നും വേശ്യാദോഷചിന്തയിൽനിന്നും ശത്രുക്കൾഒക്കയിൽനിന്നും ചതിവിനുടെ സ്നേഹകാരിൽനിന്നും പിശാചുക്കളുടെ പരീക്ഷകളിൽ നിന്നും ദുഷ്ടമനുഷ്യരുടെ തിന്മകളിൽ നിന്നം അശുദ്ധപ്പെട്ട വികാരങ്ങളിൽ നിന്നും മ്ലേഛതപ്പെട്ട മോഹങ്ങളിൽ നിന്നും സാത്താന്നടുത്ത വിചാരങ്ങളി

ൽനിന്നും തിന്മപ്പെട്ട സ്വപ്നങ്ങളിൽ
നിന്നും ഒളിക്കപ്പെട്ട കണികളിൽനി
ന്നും മെനക്കെടപ്പെട്ട വചനങ്ങളിൽനി
ന്നും വൻചതിവുകളിൽനിന്നും തിന്മ
പ്പെട്ട ഉത്തരപ്പിൽനിന്നും ഇഹലോക
ത്തിന്നടുത്ത സകല പരീക്ഷകളിൽനി
ന്നും ഞങ്ങളെ നീ രക്ഷിച്ചുകൊള്ളണ
ഓ. അരിശത്തിന്റെ വടിയിൽനി
ന്നും പെട്ടെന്നുള്ള മരണത്തിൽനിന്നും
കോപത്തിൽനിന്നും ദ്വേഷതയിൽനി
ന്നും മിന്നലുകളിൽനിന്നും ഇടികളിൽ
നിന്നും വസന്തകളിൽനിന്നുംതീനരക
ത്തിൽനിന്നും കടുമപെട്ട ദുഷ്കർമ്മങ്ങളി
ൽനിന്നും ചാകാത്ത പുഴവിൽനിന്നും
കെടാത്തതീയ്യിൽനിന്നും പല്ലുകടിയി
ൽനിന്നും കരച്ചിലിൽനിന്നും കല്ലു
പെട്ട ഭവിത്തത്തിൽനിന്നും തിന്മപെട്ട
നാഴികയിൽനിന്നും ഉപദ്രവിക്കുന്ന
തായ മുഷ്കരത്വത്തിൽനിന്നും പഞ്ഞ

ത്തിൽ നിന്നും പേടിയിൽനിന്നും ഇള ക്കത്തിൽനിന്നും ക്ഷമിപ്പാൻ വഹിയാ ത്ത ശിക്ഷകം ഒക്കെയിൽനിന്നും "പോകുവിൻ നിങ്ങളെ ഞാൻ അറി യുന്നില്ലാ" എന്നുള്ള തിരുവചനത്തി ൽനിന്നും നിന്നിൽനിന്നു ഞങ്ങളെ അകറവുന്നതായ സകലത്തിൽനിന്നും കത്താവേ ഞങ്ങളെ നീ രക്ഷിച്ചുകൊ ള്ളേണമെ ആമ്മീൻ.

സന്ധ്യാനമസ്കാരം തികഞ്ഞു.

——:*:——

# സൂത്താറാ.

ഒരു കൌമാ നമസ്കരിച്ചു ചൊല്ലേണ്ടതു.

കരുണയുള്ളദൈവമേ! നിൻെറ വാ തിലിൽ ഞങ്ങളുടെ അപേക്ഷയുടെ സ്വരം മുട്ടുന്നു. നിന്നെ വന്ദിക്കുന്നവ രിൽനിന്നു അവരുടെ ആവശ്യങ്ങളെ നീ വിരോധിക്കരുതെ. ദൈവമെ! ഞ

ങ്ങളുടെ ബലഹീനതയുടെ സഹായ
ത്തിന്നു നിന്നെ ഞങ്ങൾ വിളിക്കുന്നു.
നല്ലവനെ! ഞങ്ങളുടെ അപേക്ഷയു
ടെ സ്വരം കേട്ടു നിന്റെ അനുഗ്രഹ
ങ്ങളാൽ ഞങ്ങളുടെ യാചനകൾ നല്കു
മാറാകേണമെ.

മാർ അപ്രേമിന്റെ മെമ്മറാ.

ഞങ്ങൾക്കുള്ള കർത്താവേ!
ഞാനിഛ നിദ്രയൊഴിഞ്ഞിട്ടു
ഉണവോടെ നിൻതിരുമുമ്പിൽ
നില്പാനിനിക്കു നീ നല്കണമെ
വീണ്ടും ഞാനുറങ്ങുന്നാകിൽ
എനിക്കുള്ള എന്റെയുറക്കം
കർത്താവേ! നിൻതിരുമുമ്പിൽ
ദോഷംക്കൂടാതാകണമെ
എന്നുണൎച്ചയിൽഞാൻ
ചതിപെടുകിൽ
നിൻനന്മയിൽഞാൻ പൊറുക്കപ്പെടും

ഉറക്കത്തില് ഞാന് പിഴച്ചെങ്കില്
പൊറുപ്പാന് കരുണനീ ചെയ്യണമെ.
തവക്ഷീണത്തില് സ്ലീപ്പായാല്
നല്ലയുറക്കമെനിക്കു നീ താ
ആകാസ്വപ്നമശുദ്ധിയില്
നിന്നെന്നെ നീ രക്ഷിച്ചുകൊള്ളണമെ.
നിരപ്പുനിറഞ്ഞയുറക്കത്തില്
രാവൊക്കെ എന്നെ നീ ഭരിക്ക
തണ്യവരും വേണ്ടാ നിനവും
എന്നില് മുഷ്കരമാക്കല്ലെ.
നിന്റെ അടിയാന് ഞാനതിനാ-
ലെന്റെ സന്ധികള് കാപ്പാനായ്
വെളിവിന്റെ മാലാഖായെ
എനിക്കു നീ തരണം കര്ത്താവെ.
ദ്വേഷത്തപ്പെട്ടയപേക്ഷയില്
നിന്നെന്നെ നീ രക്ഷിച്ചുകൊള്ളണമെ.
ഉയിര്പ്പെട്ട നിന്ദേഹത്തെ
ഞാനനുഭവിച്ചെന്നതിനാലെ.
ഞാന് ചരിഞ്ഞനുകൂലത്താലുറങ്ങു-
മ്പോള്

നിന്റെ ചോരയിനിക്കകാവൽ
നിന്മനച്ചിലിനുടെ സപ്തകൎമ്മം
നിൻകൃപയോടെ നല്കണമെ.
നിൻകൈമനഞ്ഞ ശരീരത്തിൽ
നിന്റെ വലത്തെതാകണമെ.
നിന്റെ കരുണകൾ കോട്ടയതാ—
യിനിക്ക നീ ചുററിച്ചുകൊള്ളണമെ.
ശരീരമടങ്ങിയുറങ്ങുമ്പോൾ
കാവലതായതു നിൻശക്തി
സൌരഭ്യമാം ധൂമംപോ—
ലെന്റെയുറക്കം തിരുമുമ്പിൽ.
നിന്നെപ്പെററമ്മയുടെ
നിന്നോടുള്ളയപേക്ഷയാലെ
എനിക്കുള്ള ശയനത്തിന്മേൽ
തിന്മപെട്ടവനണയരുതെ.
എനിക്കവേണ്ടീട്ടുണ്ടായെന്ന
നിനക്കുള്ള പൂജയാലെ
എന്നെ വ്യസനത്തിലാക്കൊല്വാൻ
സാത്താനെ നീ മുടക്കണമെ.

## നവ്യ സൂത്താറാ

കത്താവേ! നിൻ പറഞ്ഞൊപ്പ്
എന്റെപക്കൽ തികയ്ക്കണമെ
നിനക്കുള്ള സ്ലീബായാലെ
എന്റെ ആയുസ്സു കാക്കണമെ.
ഞാനുണരപ്പെട്ടെന്നമ്പോൾ
നിന്നെ ഞാൻ കൊണ്ടാടുവാൻ
എന്റെ തളച്ചയുടെ പക്കൽ
നിന്റെ ഉപവി നീ കാട്ടണമെ.
നിൻതിരുമനസ്സിനെ ഞാനറിഞ്ഞു
ഞാനതിനെ ചെയ്വാനായി
നിൻതിരുമനുഗ്രണമതിനാലെ
എനിക്കുനീമനുഗ്രണം ചെയ്യണമേ
നിരപ്പുനിറഞ്ഞോരന്തിയും
പുണ്യതപത്തിനുടെ രാവും
ഞങ്ങളുടെ രക്ഷകാരൻ മിശിഹാ
കത്താവേ അറിയാക്കു നീ തരികാ.
വെളിവിൽതാൻ പ്രകാശിച്ചു
വെളിവിൽതന്നെ പാക്കുന്ന
വെളിവിനുടെ സുതരായവരും

നിന്നെത്തന്നെ വന്ദിക്കുന്നു.

നിനക്കു സ്തുതി നിന്നനുഗ്രഹങ്ങൾ
ഞങ്ങളുടെമേലുമതാകണമേ
ഇഹലോകത്തിലുമതുപോലെ
പരലോകത്തിലുമതാകണമെ.

എന്റെ കത്താവെ! നിനക്കുസ്തുതി
നിനക്കു സ്തുതി സ്തുതി നിനക്കുസ്തുതി
ആയിരങ്ങളുടെ ആയിരവും
അളവുക്രടാതെ നിനക്കു സ്തുതി.

[സ്വർഗ്ഗസ്ഥരുടയവനേ!
അവരാൽ മഹത്വപ്പെട്ടുന്നവനേ
വന്ദനവോട്ടു നിനക്കു സ്തുതി
പ്രാത്ഥനകൾ കൈക്കൊള്ളണമെ.

ത്രിയേകമേകത്രിയാം
ഏകദൈവമായുള്ള
പിതൃസുതപരിശുദ്ധാത്മാവാം
സത്യപരനേ നിനക്കു സ്തുതി.

ബലഹീനരുടെയപേക്ഷകളും
അനുതാപികളുടെ കണ്ണീരും
മുൻഫലമായ കാഴ്ചകൾപോൽ
കൈക്കൊൾവവനേ നിനക്കുസ്തുതി
സ്വർഗ്ഗദൂതന്മാർ തന്നേ
സ്തുതിയാൽ ഘോഷിക്കുന്നവനേ
പൂഴികളായവരിൽനിന്നു
അളവില്ലാതെ നിനക്കു സ്തുതി
പിതൃസുതപരിശുദ്ധാത്മാവാം
ഏകദൈവത്തിൻപക്കൽ
നിർമ്മലമായ ബോധത്താൽ
സ്തോത്രാന്നാം ചെയ്തീടേണം
കൊല്ലും നഞ്ചവയായുള്ള
പൊന്നും വെള്ളിയും നേടേണ്ടാ
നിത്യജീവൻപ്രാപിപ്പാൻ
സത്യോപദേശം കേൾക്ക.
നാല്പതുനാൾ ഉപവസിക്കാ
വിശക്കുന്നവനപ്പം കൊടുക്കാ
ഈശൈശസുതനെപ്പോൽ ദിനം

ഏഴുവട്ടം പ്രാൎത്ഥിക്കാ.
മൂശെയുമേലിയായും
നാല്പതുനാറം നൊമ്പെടുത്തു
നമ്മുടെ കൎത്താവും നോററു
ആകൽക്കറുസായെ ജയിച്ചു.
കടൽക്രുപാമഗ്നികളിൽ
രക്ഷിച്ചെന്നാ പ്രാൎത്ഥനകൾ
ഞങ്ങളുടെ നമസ്കാരങ്ങൾക്കു
കൃപയുടെ വാതിൽ തുറക്കണമെ
നമസ്കാരം കേൾക്കുന്നവനെ
യാചനകൾ നല്കുന്നവനെ
ഞങ്ങളുടെ നമസ്കാരം കെട്ടു
യാചനകൾ നല്കീടണമേ.

ഉയരപ്പെട്ടവന്റെ മറയിലിരിക്കുന്നവൻ
എന്നുള്ള അപേക്ഷ മുതൽ
വിശ്വാസപ്രമാണവും ചൊല്ലി
പിന്നെ ചൊല്ലേണ്ടതു.

ശുദ്ധമുള്ള ബാവാ! ശുദ്ധമുള്ള നി
ന്റെ തിരുനാമത്താൽ ഞങ്ങളെ നീ
കാത്തുകൊള്ളണമെ. രക്ഷിതാവായ

പുത്രാ! ജയിക്കപ്പെട്ട നിൻെറ സ്ലീബാ യാൽ ഞങ്ങളെ മറച്ചുകൊള്ളണമെ- ശുദ്ധമുള്ള റൂഹാ! ശുദ്ധമുള്ള നിൻെറ കുടിയിരിപ്പിന്നു ഭവനങ്ങളായി ഞങ്ങളെ നീ ചമയ്ക്കേണമെ. ഞങ്ങളുടെ ദൈവമായ കത്താവെ! നേരമൊക്കയിലും എല്ലാ സമയത്തിലും നിൻെറ ദൈവതത്തിൻെറ ചിറകുകളുടെ കീഴിൽ എന്നേക്കും ഞങ്ങളെ മറച്ചുകൊള്ളണമേ, ആമ്മീൻ

—:o:—

# പാതിരാത്രിയുടെ

## നമസ്കാരം

ഒരു കൌമാചൊല്ലിയതിൻെറ ശേഷം ചൊല്ലേണ്ട അപേക്ഷ.

—:o:—

ദൈവമേ! ഞാൻ നിൻെറ അടുക്കൽ എൻെറ കൈകളെ നീട്ടി, യജമാനന്മാരുടെ അടുക്കൽ ദാസന്മാരുടെ ക

ണ്ണുകൾപോലെ നിൻെറ അടുക്കലേക്കു എൻെറ കണ്ണുകളെ ഞാൻ തുറന്നു- ദൈവമെ! സ്രഷ്ടാവു നീ, സൃഷ്ടിക്കപ്പെട്ടവൻഞാൻ. രാജാവു നീ, അടിയാൻ ഞാൻ. കത്താവു നീ, അടിമപ്പെട്ടവൻ ഞാൻ. വലിയവൻ നീ, ചെറിയവൻഞാൻ. ബലമുള്ളവൻ നീ, ബലഹീനൻ ഞാൻ. ക്ഷമിക്കുന്നവൻ നീ, പാപംചെയ്യുന്നവൻ ഞാൻ. അറിയുന്നവൻനീ, അറിവില്ലാത്തവനും അതിക്രമംകാണിക്കുന്നവനും ഞാൻ. തരുന്നവൻ നീ, യാചിക്കുന്നവൻ ഞാൻ. നിലനില്ക്കുന്നവൻ നീ, അഴിഞ്ഞുപോകുന്നവൻ ഞാൻ. നിൻെറ ഇഷ്ടത്താൽ എന്നെ നീ സൃഷ്ടിച്ചു നിൻെറ തിരുനാമം എന്നെ അറിയിച്ചു നിന്നെവിളിപ്പാൻ എന്നോടു കല്പിച്ചു. എന്നോടു കല്പിച്ചതുപോലെ മഹാപാപിയായ ഞാൻ നിന്നെ വിളിക്കുന്നു. എന്നോടു

ഉത്തമങ്ങളിൽശ്രേഷ്ഠ എന്റെ മേൽ അ
നുഗ്രഹം ചെയ്യേണമെ. ദൈവമെ! ശ
രീരത്തിന്റെ ഉറക്കം എന്നിൽനിന്നു
നീക്കികളഞ്ഞു ഉണൎവോടെ ശുദ്ധമു
ള്ള നിന്റെ നാമത്തെ ഓൎത്തു നിൎമ്മ
ലമായ നിന്റെ ന്യായങ്ങളെക്കുറിച്ചു
സ്തോത്രം ചെയ്വാൻ നിന്റെ കൃപ എ
നിക്കു നല്കേണമെ. മനുഷ്യരെ സ്നേഹി
ക്കുന്നവനെ നിന്നോടു ഞാനപേക്ഷി
ക്കുന്നു. പാപത്തിന്റെ ഉറക്കം ഉറ
ങ്ങാതെയിരിപ്പാൻ എന്റെ ഹൃദയ
ത്തിന്റെ കണ്ണുകൾ പ്രകാശിപ്പിച്ചു
തിന്മപ്പെട്ട ദൎശനങ്ങളിൽനിന്നു എ
ന്നെ തിരിപ്പിക്കേണമെ. നിന്റെകല്പ
നകളെ കാപ്പാനും രാവും പകലും നി
ന്റെ ന്യായപ്രമാണങ്ങളെ ഓൎത്തു
ധ്യാനിപ്പാനും നിന്റെ ഇഷ്ടം പൂൎണ്ണ
മാക്കുവാനും കൎത്താവേ! എനിക്കു കൃപ
നല്കേണമെ. അന്ധകാരത്തിന്റെയും

പാപത്തിന്റേയും ക്രിയകളിൽനിന്നു എന്നെ രക്ഷിച്ച സാത്താന്റെ അടിമയിൽനിന്നു എന്നെ സ്വാതന്ത്ര്യമാക്കേണമേ. നിന്റെ ശുദ്ധമുള്ളവരോടു കൂടെ ഓഹരി എനിക്കു നല്കേണമെ. എന്നെ പകലിന്റേയും പ്രകാശത്തിന്റേയും പുത്രനാക്കിത്തീർക്കേണമെ. എന്നേക്കും നിന്നെ സ്തുതിച്ച ശുദ്ധമാകുവാനായിട്ടു എന്റെ ആത്മാവിനെ ഏറ്റം ശുദ്ധമാക്കി അലങ്കരിപ്പിക്കേണമെ. നിന്റെ അനുഗ്രഹങ്ങളുടെ വാതിൽ ഞാൻ മുട്ടുന്നു. പ്രബലതയുള്ള പ്രകാശത്തിൽ വസിക്കുന്നവനും മാലാഖമാരുടെ ആയിരങ്ങളുടെ ആയിരവും പതിനായിരങ്ങളുടെ പതിനായിരങ്ങളും നിന്റെ സ്തുതിയുടെ പ്രകാശത്തിൽ സൂക്ഷിപ്പാൻ കഴിയാത്തവനുമായ എന്റെ കർത്താവേ എന്റെ അപേക്ഷക്കു നിന്റെ വാതിൽ തുറന്നു തരേണമേ.

ന്നിൻെറ മഹത്വമുള്ള സന്നിധിയിൽ എൻെറ അതിക്രമങ്ങൾ മായിക്കപ്പെടേണമെ. എൻെറ അപേക്ഷ കൈക്കൊള്ളേണമെ. ദരിദ്രന്മാരെ ഐശ്വൎയ്യവാന്മാരാക്കുന്ന അനുഗ്രഹങ്ങളുടെയും മനോഗുണങ്ങളുടേയും സമുദ്രമായ ഈശൊമിശിഹയായ എൻെറ കൎത്താവെ! നിൻെറകൃപ എനിക്കധാരാളമായി തരേണമെ. നിന്നാലെ എൻെറ അതിക്രമങ്ങൾ മായിക്കപ്പെടേണമെ. കൎത്താവെ! എൻെറ നമസ്കാരം കേട്ട എൻെറ അപേക്ഷ കൈക്കൊള്ളേണമെ. എൻെറ അന്ധതയെ പ്രകാശമാക്കേണമെ. ഞങ്ങളുടെ കൎത്താവും ദൈവവുമായ മ്ശിഹായുടെ വ്യാപാരത്തിൻെറ വിസ്മയപ്പെട്ട അറിവിൽ ആനന്ദിപ്പാൻ എന്നെ യോഗ്യനാക്കേണമെ. നല്ലവനും അനുഗ്രഹിക്കുന്നവനും സകലവും പൂൎണ്ണമാക്കുന്നവ

ന്നും ശുദ്ധമാകുന്നവനുമായ പിതാവാ
യ ദൈവമെ! നിനക്കും നിന്റെ ഏക
പുത്രനും ശുദ്ധമുള്ള നിന്റെ റൂഹാ
യ്ക്കും ഇടവിടാതെ സ്തുതി ചെയ്വാൻ എ
ന്നെ യോഗ്യനാക്കേണമെ, ആമ്മീൻ.

---

അപേക്ഷ.

ഞങ്ങളുടെ ദൈവമായ കത്താവെ
നിനക്കസ്തുതി. ഞങ്ങളുടെ രാജാവായ
ദൈവമെ നിനക്കസ്തുതി. നിനക്കും ന
മ്മ നിറയപ്പെട്ടിരിക്കുന്ന നിന്റെ പി
താവിനും ശുദ്ധമുള്ള നിന്റെ റൂഹാ
യ്ക്കുംസ്തുതി. എന്റെ കത്താവും ദൈവ
വുമായ മ്ശിഹാ നിന്റെ ഇഷ്ടത്താൽ
ഞാൻ ചരിഞ്ഞുറങ്ങി, ഉണരപ്പെട്ടു. മ
നുഷ്യരെ സ്നേഹിക്കുന്നവനെ നിന്റെ
മനോഗുണത്താൽ തിന്മപെട്ട ദശ്ശന
ങ്ങളേയും പ്രയോജനമില്ലാത്ത വിചാ
രങ്ങളേയും എന്നിൽനിന്നു നീക്കിക്കള

ക്കയണമേ. എന്റെ ആത്മാവെ നി ന്റെ ഉറക്കത്തിൽനിന്നു നീ എഴുന്നേ റ്റു സ്തുതിക്കുന്ന കൂട്ടങ്ങളോടുംകൂടെ നീ ഒരുങ്ങുക. ഞങ്ങളുടെവൎഗ്ഗത്തിന്റെ ഉ ടയവനും തിന്മകളിൽനിന്നു ഞങ്ങ ളെ രക്ഷിക്കുന്നവനും നിന്റെ മരണ ത്താലെ മരണത്തിന്റെ അധികാരം അഴിച്ചവനുമായ കൎത്താവെ! ഉറക്ക ത്തിന്റെയും പാപത്തിന്റെയും ഭാരം ഞങ്ങളിൽനിന്നു അഴിച്ചു കളയേണ മെ. എന്റെ ആത്മാവെ! കൎത്താവി നെ നീ സ്തുതിച്ചു ഉന്നതമായ ശബ്ദ ത്തിൽ അട്ടഹസിച്ചു, "കൎത്താവെ എ ന്റെമേൽ അനുഗ്രഹിക്കേണമെ, അ നുഗ്രഹിക്കേണമെ", എന്നു നീ ചൊ ല്ലുക. കണ്ണുനീരോടെ ദുഃഖങ്ങളിൽ നീ നിലവിളിച്ചു, നിന്റെ ഉദാസീനതയി ൽനിന്നു നീ ഉണൎന്നു മടികൂടാതെ നീഎഴുനീല്ക്കുക. തിന്മപെട്ട നിന്റെ

ക്രിയകളേയും സംഖ്യയില്ലാത്ത നി ന്റെ അതിക്രമങ്ങളേയും നീ ഓക്ക. എന്റെ ആത്മാവെ! നിന്റെ മരണ ത്തിന്റെ ദിവസത്തെ ഓക്ക. വഴിക്കു ള്ള ഭയവും ദൈവത്തിന്റെ എതൃപ്പും നീ ഓക്ക. എന്റെ ആത്മാവെ! കെട്ട ന്നതല്ലാത്ത അഗ്നിയേയും ചാകുന്നത ല്ലാത്ത പുഴുവിനേയും നീ ഓക്ക. എ ന്റെ ആത്മാവെ! മരണത്തിന്റെ ദി വസം വരുംമുമ്പു അനുതാപത്തിന്നു നീ ഓടി എത്തി തന്റെ മണവറയ്ക്കു മണ വാളൻ പ്രവേശിച്ചു വാതിൽ അടയ്ക്കും മുമ്പെ അനുഗ്രഹങ്ങളെ നീ ഇരക്കുക. ഞങ്ങളുടെ കത്താവീശോമശിഹാ! നി ന്നെ ഞാൻ വന്ദിച്ചു, നിന്റെ മനുഷ്യ സ്നേഹം നിമിത്തം നിന്നോടു ഞാനു പേക്ഷിക്കുന്നു. നിന്റെ കൃപപോലെ എന്നെ നീ അനുഗ്രഹിച്ചു എന്റെ പാപങ്ങൾ ഒക്കയും നീ ക്ഷമിച്ചു മരണ

ത്തിന്നു മുമ്പിൽ സത്യമുള്ള അനുതാപം എനിക്ക തരേണമെ. നിന്റെ തിരുമുഖങ്ങൾ എന്നിൽനിന്നു നീ തിരിപ്പിക്കരുതേ. എന്റെ പാപങ്ങളുടെ പെരുപ്പംകൊണ്ടു എന്നിൽനിന്നും നീ വിട്ടുമാറരുതെ, എന്റെ അപേക്ഷയെ നീ നിരസിക്കയുമരുതേ. പിന്നെയോ നിന്റെ അനുഗ്രഹങ്ങൾ നിമിത്തം എന്നോടു നീ ഉത്തരമരുളിച്ചെയ്യേണമെ. ചോദിപ്പിൻ നിങ്ങൾക്ക കിട്ടുമെന്നും അന്വേഷിപ്പിൻ നിങ്ങൾക്ക കണ്ടെത്തുമെന്നും മുട്ടുവിൻ നിങ്ങൾക്ക തുറക്കപ്പെടുമെന്നും അരുളിച്ചെയ്തിരിക്കുന്ന കൎത്താവെ! ഇതാ ഞാൻ ഇരന്നു, നിന്റെ അനുഗ്രഹങ്ങളുടെ വാതിലിൽ ഞാൻ മുട്ടുന്നു. നിന്റെ മനോഗുണത്തിന്റെ വാതിൽ എനിക്ക തുറന്നുതരേണമെ. എന്റെ മുഖങ്ങളിൽ നീ അടച്ചുകളയരുതെ. എന്റെ കൎത്താവേ!

മഹാപാപിയായ നിന്റെ ദാസന്മേൽ നിന്റെ തിരുമുഖങ്ങളെ പ്രകാശിപ്പിച്ച നിന്റെ കൃപയാൽ എന്നെ രക്ഷിക്കേണമേ. എന്റെ വിചാരങ്ങളെ നിന്റെപക്കൽ പ്രവേശിപ്പിച്ച എന്റെ ഹൃദയത്തിൽ നിന്റെ ഭയത്തെ സ്ഥിരപ്പെടുത്തേണമെ. നിനക്ക ഇഷ്ടമില്ലാത്തതാകുന്ന എന്ന സകല ഇളക്കത്തേയും എന്റെ ആത്മാവിൽ നിന്ന വേരോടെ പറിച്ച കളയേണമെ. എന്റെ കത്താവെ! ദുർമ്മോഹങ്ങളാൽ നശിച്ചുപോയിരിക്കുന്ന എന്റെആത്മാവിനെ നീ ജീവിപ്പിക്കേണമെ. രഹസ്യമുള്ളതും പരസ്യമുള്ളതുമായ പാപത്തിന്റെ മ്ലേഛതകളിൽനിന്നും കറകളിൽനിന്നും എന്നെ വെടിപ്പാക്കേണമെ. ഒടുക്കത്തെ ശ്വാസം വരെയും എല്ലാ സമയത്തിലും ആശ്വസിപ്പിക്കുന്നവനായ റൂഹാദ്കുദിശായുടെ നന്മ

എന്നിൽ നീ പൃത്തനാക്കേണമേ. ആമ്മീൻ.

---

അപേക്ഷ.

ഞങ്ങളുടെ കർത്താവെ: ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യേണമെ. ഞങ്ങളുടെ കർത്താവേ! നീ കൃപചെയ്തു ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യേണമെ. ഞങ്ങളുടെ കർത്താവെ! നീ ഉത്തരമരുളിച്ചെയ്തു ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യേണമെ. ഞങ്ങളുടെ കർത്താവെ! ഞങ്ങളുടെശുശ്രൂഷയെ നീകൈക്കൊള്ളേണമേ. ഞങ്ങളുടെ കർത്താവെ!ഞങ്ങളുടെ കടങ്ങളെ നീപൃണ്യമാക്കേണമെ. ഞങ്ങളുടെകർത്താവെ!ഞങ്ങളുടെ മുറിവുകളെ നീ പൊറുപ്പിക്കേണമെ. ഞങ്ങളുടെ കർത്താവെ! ഞങ്ങളുടെ രോഗത്തെ നീ സൌഖ്യമാക്കേണമെ. ഞങ്ങളുടെ കർത്താവെ! ഞങ്ങളു

ടെമുടിവിനെന്നീഅന്വേഷിക്കേണമെ ഞങ്ങളുടെ കൎത്താവെ!ഞങ്ങളുടെ മരണത്തെനീ അനുക്രുലമാക്കേണമെ. ഞങ്ങളുടെ കൎത്താവെ! ഞങ്ങളുടെ ആവ്ലാധിയെ നീ ഇല്ലായ്മ ചെയ്യേണമെ. ഞങ്ങളുടെ കൎത്തവെ! ഞങ്ങളുടെ കുററത്തെ നീ പൊറുക്കേണമെ. ഞങ്ങളുടെ കൎത്താവെ! ഞങ്ങളുടെ അടിമത്വത്തെ സ്വാതന്ത്ര്യമാക്കേണമെ.ഞങ്ങളുടെ കൎത്താവെ! ഞങ്ങളുടെ ബലഹീനതയെ സഹായിക്കേണമെ. ഞങ്ങളുടെ കൎത്താവെ! ഞങ്ങളുടെ ശക്തിഹീനതയെ ശക്തിയാക്കേണമെ.ഞങ്ങളുടെകൎത്താവെ!ഞങ്ങളുടെ അപേക്ഷയെകേൾക്കേണമെ. ഞങ്ങളുടെ കൎത്താവെ!ഞങ്ങളുടെ പ്രാൎത്ഥനയെ നീ ചെവിക്കൊള്ളേണമെ. ഞങ്ങളുടെ കൎത്താവെ! ഞങ്ങളുടെ വിലാപത്തെ ആശ്വസിപ്പിക്കേണമെ. ഞങ്ങളുടെ കൎത്താവെ! ഞ

ങ്ങളുടെ പാപങ്ങളെ ക്ഷമിക്കേണമെ. ഞങ്ങളുടെ കൎത്താവെ ഞങ്ങളുടെ വിചാരങ്ങളെ പ്രകാശിപ്പിക്കേണമെ ഞങ്ങളുടെ കൎത്താവെ! ഞങ്ങളുടെ ആയുസ്സുകളെ നീ ഭരിച്ചുകൊള്ളേണമെ. ഞങ്ങളുടെ കൎത്താവെ! ഞങ്ങളുടെ അരിഷ്ടതയെ സഹിക്കുന്നു എന്ന നിന്റെ മനോഗുണം ഞങ്ങൾക്കു നല്കേണമെ. അതു നിന്നെ പ്രസവിച്ച അമ്മയുടെയും നിന്റെ മാലാഖമാരുടേയും നിന്റെ പരിശുദ്ധന്മാരൊക്കയുടേയുംപ്രാൎത്ഥനയാൽതന്നെ, ആമ്മേൻ.

## മയ്യലിന്റെ

### നമസ്കാരം

ഒരു കൌമ നമസ്കരിച്ചതിന്റെ ശേഷം ചൊല്ലേണ്ടുന്ന അപേക്ഷ

ഉറങ്ങുന്നില്ല എന്നു ഉണൎപ്പെട്ടവനായ എന്റെ കൎത്താവേ! നിന്റെ ഉ

ണച്ച്യെ കൊണ്ടാടുവാനായിട്ടു പാപ ത്തിൻെറ മുഴകലിൽനിന്നു ഞങ്ങളുടെ ഉറക്കത്തെ നീ ഉണൎത്തണമേ. മരിക്ക ന്നില്ലായെന്ന ജീവനുള്ളവനേ! നി ൻെറ മനോഗുണത്തെ ഞങ്ങൾ വന്ദി പ്പാനായിട്ടു മരണത്തിൻേറയും ക്ഷയ ത്തിൻേറയു ഉറക്കത്തിൽനിന്നു ഞങ്ങ ളുടെ മരണത്തെ ജീവിപ്പിക്കേണമെ. ബാവായും പുത്രനും ശുദ്ധമുള്ള റൂഹാ യുമെ! ആകാശത്തിലും ഭൂമിയിലും സ്തു തിക്കപ്പെട്ടവനും വാഴ്ത്തപ്പെട്ടവനും നീ തന്നെ ആകുന്നു. എന്നതുകൊണ്ടു ശു ദ്ധതയോടെ ആകാശത്തിൽ നിന്നെ സ്തുതിക്കുന്ന സ്തുതിക്കപ്പെട്ട മാലാഖന്മാ രുടെ കൂട്ടങ്ങളോടുകൂടെ നിന്നെ സ്തുതി ച്ചു വാഴ്ത്തുവാൻ ഞങ്ങളെ യോഗ്യന്മാ രാക്കേണമെ, ആമ്മീൻ.

---

എന്നേക്കും തന്റെ ഇടത്തിൽനിന്നു
കർത്താവിന്റെ ബഹുമാനം വാഴ്ത്തപ്പെട്ടതാകുന്നു
എന്നു ഒരു കൌമാ ഇവിടെ ചൊല്ലിയ ശേഷം
അപേക്ഷ.

കർത്താവെ! നിന്നെ അനുക്രൂലമാക്കു
ന്നവരുടെ നമസ്കാരത്താൽ ഞങ്ങളുടെ
മേൽ നീ അനുഗ്രഹിക്കേണമേ. റൂ
ഹായാലെ നിന്നെക്കുറിച്ചു പറഞ്ഞു
എന്നു നിബ്യന്മാരും നിന്നെ പ്രസിദ്ധ
മാക്കി അറിയിച്ചു എന്നു ശ്ലീഹന്മാരും
നിന്റെ ഉപവിയെക്കുറിച്ചു മരിച്ചു
എന്നു സഹദേന്മാരും ഞങ്ങൾക്കുവേ
ണ്ടി നിന്നോട്ടു അപേക്ഷിക്കും. ശുദ്ധ
മാകപ്പെട്ടവരെ! തന്റെ ഇഷ്ടം നങ്ങ
ൾ ചെയ്യു എന്നു കർത്താവിനോട്ടു ഞ
ങ്ങളിൽനിന്നു ശിക്ഷകളും അരിശത്തി
ന്റെ വടികളും മായിച്ചുകളവാനായി
ട്ടു ഞങ്ങളോട്ടുകൂടെ നിങ്ങളും പ്രാർത്ഥി
പ്പിൻ. കർത്താവെ! അവരുടെ നമസ്കാ
രങ്ങളും അപേക്ഷകളും നിമിത്തം ഞ

ങ്ങളുടെ ആത്മാക്കൾ മേൽ അനുഗ്രഹ ങ്ങളെ ചെയ്യേണമെ ആമ്മീൻ.

---

എന്നേക്കും തന്റെ ഇടത്തിൽനിന്നു
കർത്താവിന്റെ ബഹുമാനമെന്ന
ഒരു കൌമാ ഇവിടെ ചൊല്ലണം.

അപേക്ഷ.

പാപികളോടു കരുണ ചെയ്യുന്നവനായ കർത്താവേ! നീ ന്യായം വിസ്തരിക്കുന്ന ദിവസത്തിൽ ഞങ്ങളോടു കരുണ ചെയ്യേണമെ. നിന്റെ കൃപയുടെ പെരുപ്പത്താലെ ഞങ്ങളുടെ കടങ്ങളെ ക്ഷമിക്കേണമേ. മനോഗുണക്കാരാ! ഞെരുക്കപ്പെട്ടവരായി നിന്റെ വാതിലിൽ മുട്ടി വിളിക്കുന്നവരുടെ യാചനകളെ നല്കേണമെ. ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ! നിന്നോടു ഞങ്ങൾ പ്രാത്ഥിക്കുന്നു. ഞങ്ങളുടെ ശുശ്രൂഷ കൈക്കൊണ്ടു ഞങ്ങളുടെ മേൽ നീ അനുഗ്രഹിക്കേണമെ. മേലിന്നടു

ത്തവരുടെ ഉടയവനും ര.ാഴത്തിന്നട്ട ത്തവരുടെ ശരണവുമെ! ഞങ്ങളുടെ ശുശ്രൂഷ കൈക്കൊണ്ടു ഞങ്ങളുടെ മേൽ നീ അനുഗ്രഹിക്കേണമെ.

ഹാലേലുയ്യാ ഉ ഹാലേലുയ്യാ ഉ ഹാലേലുയ്യാ ശുബഹോലോക് ആലോഹോ,

ദൈവമെ! നിനക്ക സ്തുതി

ഹാലേലുയ്യാ ഉ ഹാലേലുയ്യാ ഉ ഹാലേലുയ്യാ ശുബഹോലോക് ആലോഹോ,

ദൈവമേ! നിനക്ക സ്തുതി.

ഹാലേലുയ്യാ ഉ ഹാലേലുയ്യാ ഉ ഹാലേലുയ്യാ ശുബഹോലോക് ആലോഹോ,

ദൈവമെ! നിനക്ക സ്തുതി.

മനോഗുണമുള്ള ദൈവമെ! നിൻെറ അനുഗ്രഹങ്ങളാൽ ഞങ്ങളോട്ട മനഗുണം ചെയ്യേണമെ. ദൈവത്തിൻെറ മ

ക്കാം നാമാകുവാനായിട്ട അവർ ജീവി
ച്ചിരിക്കുമ്പോൾ നമ്മെ പഠിപ്പിച്ചവ
രായ നമ്മുടെ പിതാക്കന്മാരെ നമ
സ്കാരങ്ങളിലും കുർബാനകളിലും നാം
ഓക്കണം. ദൈവപുത്രൻ ആകാശമോ
ക്ഷത്തിൽ നീതിമാന്മാരോട്ടും പുണ്യവാ
ന്മാരോട്ടും കൂടെ അവരെ അനുകൂലമാ
ക്കും. കത്താവെ! ഞങ്ങളുടെ മേൽ നീ
അനുഗ്രഹിച്ചു ഞങ്ങളെ തുണയ്ക്കേണ
മെ, ആമ്മീൻ.

മുന്മതപാത്തിനു സ്തുതി, മുന്മതപാത്തി
നു സ്തുതി, സ്തുതിക്കപ്പെട്ടതും കാതലാ
യതും ആദ്യന്തമില്ലാത്തതുമായ മുന്മ
തപാത്തെ ഞങ്ങൾ സ്തുതിക്കുന്നു. തമ്പു
രാനെ! എല്ലാനേരത്തിലും സ്തുതി നീ
നക്കു യോഗ്യമാകുന്നു.

മാലാക്കമാരുടെ സ്തുതി.

മേല്പട്ട ഉയരങ്ങളിൽ ആകാശത്തി
ലുള്ള മാലാക്കമാർ സ്തുതിക്കുന്നതുപോ

ലെ ബലഹീനന്മാരും പാപികളുമായ
ഞങ്ങളും സ്തുതിക്കുന്നു.
കാലമൊക്കയിലും നേരമൊക്കയി
ലും ഉ വരങ്ങളിൽ ദൈവത്തിന്നു സ്തുതി
ഭൂമിയിൽ സമാധാനവും നിരപ്പും മാ
നുഷ്യമക്കൾക്കു നല്ല ശരണവും നിന്നെ
ഞങ്ങൾ സ്തുതിക്കയും വാഴ്ത്തുകയും വ
ന്ദിക്കയും ചെയ്യുന്നു. സ്തുതിയുടെ ശബ്ദം
നിനക്കു ഞങ്ങൾ കരേററുന്നു. സർവ്വശ
ക്തിയുള്ള പിതാവും ആകാശത്തിന്നടു
ത്ത രാജാവും സൃഷ്ടിക്കുന്നവനുമായ ക
ർത്താവേ! നിനക്കുള്ള സ്തുതിയുടെ വലി
പ്പത്തെക്കുറിച്ചു നിന്നെയും, ദൈവമാ
യ കർത്താവും ശുദ്ധമുള്ള റൂഹായോട്ടും
കൂടെ ഈശോമിശിഹാഏകപുത്രനുമാ
യ ദൈവമേ! നിന്നെയും, ഞങ്ങൾ
കൊണ്ടാടുന്നു. പിതാവിന്റെ പുത്ര
നും വചനവും ലോകത്തിന്റെ ദോഷ
ങ്ങളെ നീക്കിക്കളയുന്നവനുമായ ദൈ

വത്തിന്റെ കുഞ്ഞാടായ കൎത്താവേ! ഞങ്ങളുടെ മേൽ നീ അനുഗ്രഹിക്കേണമെ. ലോകത്തിന്റെ പാപങ്ങളെ നീക്കിക്കളയുന്നവനെ! നിന്റെ ചെവി ചായിച്ചു ഞങ്ങളുടെ അപേക്ഷ കൈക്കൊള്ളേണമെ. തന്റെ പിതാവിന്റെ വലത്തുഭാഗത്തു സ്തുതിയോടെ ഇരിക്കുന്നവനെ, കൃപയോടെ ഞങ്ങളുടെ മേൽ അനുഗ്രഹിക്കേണമെ. എന്തെന്നാൽ നീ മാത്രം ശുദ്ധമുള്ളവനാകുന്നു. പിതാവായ ദൈവത്തിന്റെ സ്തുതിക്കു ശുദ്ധമുള്ള റൂഹായോടുകൂടെ ഈശോമിശിഹാ നീ തന്നെ കൎത്താവുമാകുന്നു. ആമ്മീൻ.

കാലമൊക്കയിലും നേരമൊക്കയിലും ഞാൻ ജീവനോടിരിക്കുന്ന ദിവസങ്ങൾ ഒക്കയിലും എന്നേക്കും വാഴ്ത്തപ്പെട്ടതും നിത്യതയുമുള്ളതുമായ ശുദ്ധമുള്ള നിന്റെ തിരുനാമത്തെ ഞാ

ൻ വാഴ്ത്തി സ്തുതിക്കും. ഞങ്ങളുടെ പി
താക്കന്മാരുടെ ദൈവമായ സർവ്വശക്ത
നായ കർത്താവേ! നീ വാഴ്ത്തപ്പെട്ടവ
നാകുന്നു, നിന്റെ തിരുനാമം സ്തുതി
ക്കപ്പെട്ടതും എന്നന്നേക്കും സ്തുതിക
ളാൽ പ്രബലപ്പെട്ടതുമാകുന്നു. സ്തുതി
നിനക്കു യോഗ്യമാകുന്നു. സ്തുതി നിന
ക്കു ചേർച്ചയാകുന്നു. തനിയനായ പുത്ര
നോടുകൂടെയും ജീവനും ശുദ്ധവുമുള്ള
റൂഹായോടുകൂടെയും സകലത്തിന്റെ
ദൈവവും സത്യത്തിന്റെ പിതാവു
മായവനെ പുകഴ്ച നിനക്കു യോഗ്യമാ
കുന്നു. അതു ഇപ്പോഴും എല്ലാനേര
ത്തിലും എന്നന്നേക്കും ആമ്മീൻ.

—:*:—

മാറാനീശോമിശിഹാ

എന്നുള്ളതും രണ്ടു കൌമായും നമസ്കരിക്കണം

൫൧-ാം മസ്മൂറ.

ദൈവമേ! നിന്റെ കൃപപോലെ
എന്റെ മേൽ അനുഗ്രഹിക്കേണമെ.

നിൻെറ അനുഗ്രഹങ്ങളുടെ ബഹുത്വം
പോലെ എൻെറ പാപങ്ങളെ മായി
ച്ചു കളയേണമെ. എൻെറ അന്യായ
ത്തിൽനിന്നു എന്നെ നന്നായി കഴുകി
എൻെറ പാപങ്ങളിൽനിന്നു എന്നെ
വെടിപ്പാക്കേണമെ.എന്തെന്നാൽ എ
ൻെറ അതിക്രമങ്ങളെ ഞാൻ അറി
ഞ്ഞിരിക്കുന്നു. എൻെറ പാപങ്ങളും
എപ്പോഴും എൻെറനേരെയിരിക്കുന്നു.
നിനക്കു വിരോധമായി മാത്രം പാപം
ചെയ്തു നിൻെറ തിരുമുമ്പിൽ തിന്മക
ളെ ഞാൻ ചെയ്തു എന്തെന്നാൽ നി
ൻെറ വചനത്തിൽ നീ നീതീകരിക്ക
പ്പെട്ടു.നിൻെറ ന്യായവിധികളിൽ നീ
ജയിക്കും; എന്തെന്നാൽ നേരുകേടിൽ
ഞാൻ ഉത്ഭവിച്ചു, പാപങ്ങളിൽ എ
ൻെറ മാതാവു എന്നെ ഗർഭം ധരിച്ചു.
എന്നാൽ നീതിയിൽനീ തിരുമനസ്സാ
യി നിൻെറജ്ഞാനത്തിൻെറ രഹസ്യ

ങ്ങൾ എന്നെ നീ അറിയിച്ച സോപ്പാ യാലെ എൻെറ മേൽ നീ തളിക്കേണമേ ഞാൻ വെടിപ്പാകപ്പെട്ടും, അതിനാലെ എന്നെ നീ വെൺമയാക്കേണമെ, ഉറച്ചമഞ്ഞിനേക്കാൾ ഞാൻ വെൺമയാകും. നിൻെറ സന്തോഷവും ആനന്ദവും കൊണ്ടു എന്നെ തൃപ്തിയാക്കേണമേ, ക്ഷീണിക്കപ്പെട്ട എൻെറ അസ്ഥികൾ സന്തോഷിക്കും. എൻെറ പാപങ്ങളിൽ നിന്നു നിൻെറ തിരുമുഖങ്ങളെ തിരിപ്പിച്ച എൻെറ അതിക്രമങ്ങളെ ഒക്കെയും മായിക്കേണമേ! ദൈവമെ വെടിപ്പുള്ള ഹൃദയത്തെ എന്നിൽ സൃഷ്ടിക്കേണമെ, സ്ഥിരമുള്ള നിൻെറ റൂഹായെ എൻെറ ഉള്ളിൽ പുതുതാക്കണമെ. നിൻെറ തിരുമുമ്പിൽ നിന്നു എന്നെ തള്ളിക്കളയരുതേ. ശുദ്ധമുള്ള നിൻെറ റൂഹായെ എന്നിൽ നിന്നു എടുക്കയുമരുതെ. നിൻെറ രക്ഷ

യും ആനന്ദവും എനിക്ക തിരിപ്പിക്കേണമേ. മഹത്വമുള്ള നിൻെറ റൂഹാ എന്നെ താങ്ങുമാറാകേണമെ. ഞാൻ അതിക്രമക്കാൎക്ക നിൻെറ വഴി പഠിപ്പിക്കും. പാപികൾ നിൻെറ പക്കൽ തിരിയപ്പെടും. എൻെറ രക്ഷയുടെ ദൈവമായ ദൈവമേ! രക്തത്തിൽനിന്നു എന്നെ രക്ഷിക്കേണമേ. എൻെറ നാവു നിൻെറ നീതിയെ സ്തുതിക്കും; കൎത്താവെ! എൻെറ ചുണ്ടുകൾ എനിക്ക തുറക്കേണമെ. എൻെറ വാ നിൻെറ സ്തുതികളെ പാടും; എന്തെന്നാൽ ബലികളിൽ നീ മനസ്സായില്ല; ഹോമബലികളിൽ നീ നിരപ്പായതുമില്ല. ദൈവത്തിൻെറ ബലികൾ ക്ഷീണിക്കപ്പെട്ട ആത്മാവാകുന്നു; ദൈവം നുറുങ്ങിയ ഹൃദയത്തെ നിരസിക്കുന്നില്ല. നിൻെറ ഇഷ്ടത്താൽ സെഹ്യോനോട്ടു നന്മ ചെയ്യേണമെ. ഊർശ്ലേ

മിന്റെ മതിലുകളെ പണിയേണമെ. അപ്പോൾ നീതിയുടെ ബലികളിലും ഹോമബലികളിലും നീ ഇഷ്ടപ്പെടും. അപ്പോൾ നിന്റെ ബലിപീഠത്തിന്മേൽ അവർ കാളകളെ ബലിയായി കരേററും; ദൈവമേ സ്തുതി നിനക്കു യോഗ്യമാകുന്നു.

---

അപേക്ഷ.

കൎത്താവിനെ കൊണ്ടാടുവാനും ഉയരപ്പെട്ട തന്റെ തിരുനാമത്തെ പാടുവാനും മയ്യലിൽ തന്റെ കൃപയും രാത്രിയിൽ തന്റെ വിശ്വാസവും അറിയിപ്പാനും നല്ലതാകുന്നു. കൎത്താവേ! മയ്യലിൽ എന്റെ സ്വരം നീ കേൾക്കേണമെ. മയ്യലിൽ ഞാൻ ഒരുങ്ങി നിനക്കു കാണപ്പെടും. കൎത്താവെ! നിനക്കുള്ള ലോകരോടു കരുണചെയ്യേണമെ. കൎത്താവെ! ഞങ്ങൾ എല്ലാവരുടേയും

ദോഷങ്ങളെ പൊറുത്തു പുണ്യമാക്കേണമെ. ശുദ്ധമുള്ളവനേ! നിൻെറവലത്തുകൈ ഞങ്ങളുടെ മേൽ നീ ആവസിപ്പിച്ചു നിൻെറ തിരുനാമം നിമിത്തം ഞങ്ങളുടെ പാപരോഗങ്ങളെ സൌഖ്യമാക്കേണമെ.

---

ഇവിടെ രണ്ടു കൌമാ നമസ്കരിക്കണം

അപേക്ഷ.

ദൈവമേ! നീ എനിക്കു ചെയ്തിട്ടുള്ള അനുഗ്രഹങ്ങൾ ഒക്കെക്കും വേണ്ടി നിന്നെ ഞാൻ കൊണ്ടാടുന്നു. ഞാൻ യോഗ്യനല്ലാ എങ്കിലും നിന്നിലുള്ള ഭയവും സ്നേഹവും എനിക്കു നീ തരുവാൻ നിന്നോടു ഞാൻ അപേക്ഷിക്കുന്നു. എൻെറ ജീവസ്സുകളെ തുണയ്ക്കുന്നതും നിൻെറ ദൈവത്വത്തിന്നു അഴകതാകുന്നതും ആയ സകലത്തെയും എനിക്കു നീ തരേണമെ. നിൻെറ നല്ലതിരു

മനസ്സപോലെ എന്നേ നീ ഭരിച്ചു കൊള്ളേണമേ. എല്ലാ നേരവും എന്നിൽ അനുഗ്രഹപൂൎണ്ണമാകപ്പെടേണമേ. ഞങ്ങളുടെ കൎത്താവീശോമ്ശിഹാ! നിൻെറ തിരുമുമ്പിൽ എല്ലാ മനുഷ്യരേക്കാളും ഏററം പാപം ചെയ്ത എന്ന മഹാപാപി ഞാനാകുന്നു, എന്നു ഞാൻ കൊണ്ടാടുന്നു. എൻെറ പാപങ്ങളുടെ പൊറുതി നിന്നിൽനിന്നു ഞാൻ അപേക്ഷിക്കുന്നു. ദൈവമേ! നീ അനുഗ്രഹിക്കുന്നവനാകുന്നു. ഞാൻ നിന്നോടു അതിക്രമം കാണിച്ചതൊക്കയും എന്നോടു നീ പൊറുത്തുകൊള്ളേണമേ. ഞാൻ ജനിച്ചതു മുതൽ ഇതുവരെയും എല്ലാ മനുഷ്യൎക്കും വിരോധമായിരിക്കുന്നു. എന്നോടു അററകുററം കാണിച്ചിരിക്കുന്ന എല്ലാവരോടും നീ ക്ഷമിച്ചു കൊള്ളേണമേ. എന്തെന്നാൽ അനുഗ്രഹിക്കുന്നവനും അനുഗ്രഹങ്ങളുടെ സ

മുദ്രവും നീയാകുന്നു. നിന്റെ അനുഗ്ര
ഹങ്ങളുടെ സമുദ്രത്തിൽ ചെളിയുടെ
തുള്ളിപോലെ ഞങ്ങളുടെ പാപം ക
ണക്കിടപ്പെട്ടതായിരിക്കേണമേ. മഹാ
വലിയ സമുദ്രത്തെ കലക്കുവാൻ ചെ
ളിയുടെ തുള്ളിയാൽ കഴിയുന്നതല്ല. ആ
യതുകൊണ്ടു ദൈവമേ! നിന്റെ കൃപ
പോലെ എന്റെ മേൽ നീ അനുഗ്ര
ഹിക്കേണമേ. നിന്റെ അനുഗ്രഹങ്ങളു
ടെ ബഹുത്വംപോലെ എന്റെ പാ
പങ്ങളെ മായിക്കേണമേ. എന്റെ അ
ശുദ്ധങ്ങളിൽനിന്നു എന്നെ കഴുകി എ
ന്റെ പാപങ്ങളിൽനിന്നു എന്നെ വെ
ടിപ്പാക്കേണമേ. എന്തുകൊണ്ടെന്നാ
ൽ എന്റെ അതിക്രമങ്ങളെ ഞാൻ
അറിഞ്ഞിരിക്കുന്നു എന്റെ പാപങ്ങ
ളും എപ്പോഴും എനിക്കു വിരോധമായി
രിക്കുന്നു. മാറാന്നീശോമ്ശിഹാ എ
നിക്കും, എന്നോടു തുല്യന്മാരായ ദുഷ്ട

ന്മാക്കും പാപികൾക്കും ഒരുക്കിയിരി ക്കുന്നതായ കെടാത്ത തീയോടും ചാ കാത്ത പുഴുവോടും കൂടിയിരിക്കുന്നനര കത്തിലെ അതിവേദനകളിൽ നിന്നു എന്നെ രക്ഷിച്ചുകൊള്ളേണമേ. ഞാ ൻ യോഗ്യനാകുന്നില്ല, എങ്കിലും ക ണ്ണുകൊണ്ടു കണ്ടിട്ടില്ലാത്തതും ചെവി കൊണ്ടു കെട്ടിട്ടില്ലാത്തതും ഹൃദയം കൊണ്ടു സങ്കല്പിച്ചിട്ടില്ലാത്തതുമായി നിന്റെ ഇഷ്ടന്മാരായ സ്നേഹിതന്മാ ൎക്കു പരലോകത്തിൽ ഒരുക്കപ്പെട്ടിരി ക്കുന്ന പരമാനന്ദത്തിന്നു എന്നെ യോ ഗ്യനാക്കേണമെ. ദോഷങ്ങളുടെ ആ യിരങ്ങളുടെ ആയിരവും പതിനായിര ങ്ങളുടെ പതിനായിരങ്ങളും ക്ഷമിപ്പാ ൻ നിന്റെ അനുഗ്രഹങ്ങൾക്കു എളു പ്പമുള്ളതാകയാലും ചുങ്കക്കാരേയും വേ ശ്യാസ്ത്രീകളേയും തൽക്ഷണം നീതിയു ള്ളവരാക്കിത്തീൎത്തതിനാലും നിന്റെ

കൃപയാൽ എന്റെ പാപങ്ങൾ പൊറുത്തുകൊള്ളേണമേ. ഇതുകൊണ്ടു നിന്റെ പിതാവിന്റെ സ്നേഹത്താലേയും ശുദ്ധമുള്ള റൂഹായുടെ ഇഷ്ടത്താലെയും നിന്നോടു ഞാൻ അപേക്ഷിക്കുന്നു. നിന്റെ മാലാഖമാരുടെയും നിന്റെ ശുദ്ധമുള്ളവരൊക്കയുടേയും അപേക്ഷയാൽ ഏറിയ എന്റെ പാപങ്ങളേയുംകഠിനമുള്ള എന്റെ കുററങ്ങളേയും എന്നോടു നീ പൊറുക്കേണമേ. നീ അനുഗ്രഹിക്കുന്നവനും അധികാ അനുഗ്രഹമുള്ളവനും ഞങ്ങളെ കാത്തു രക്ഷിക്കുന്നവനുമാകയാൽ സൃഷ്ടിക്കുന്നവനായ ഞങ്ങളുടെ കർത്താവീശോമിശിഹാ! നിനക്കും ഞങ്ങളുടെ രക്ഷക്കു നിന്നെ അയച്ച പിതാവിനും ശുദ്ധമുള്ള നിന്റെ റൂഹായ്ക്കും സ്തുതിയും വന്ദനവും ഇപ്പോഴും എന്നേന്നേക്കും യോഗ്യമാകുന്നു, ആമ്മീൻ.

ഇവിടെ രണ്ടു കൌമ നമസ്കരിക്കണം

അപേക്ഷ

തന്റെ വർഗ്ഗത്തിൽ മരണമില്ലാത്ത
വനാകുന്ന എന്ന ആകാശത്തിന്നടുത്ത
ബാവായുടെ തനിയൻ പുത്രനും വച
നവും രാജാവുമായ എന്റെ കർത്താ
വെ! നിന്നെ പ്രസവിച്ച അമ്മയുടെ
യും നിന്റെ ശുദ്ധമുള്ളവരൊക്കെയുടേ
യും നമസ്കാരത്താൽ നിന്നെ ഞാൻ പു
കഴ്ത്തും. മാനുഷ്യമക്കളൊക്കെയുടേയും ജീ
വനും രക്ഷയ്ക്കും വേണ്ടി തന്റെ കൃപ
യാൽ വന്നു ശുദ്ധമാകപ്പെട്ടവളും സ്തു
തിക്കപ്പെട്ടവളുമായ തമ്പുരാനെ പ്രസ
വിച്ച കന്യാസ്ത്രീമറിയത്തിൽനിന്നു ശ
രീരമെടുത്തു പകച്ചകൂടാതെ മനുഷ്യൻ
പുത്രനായി ഞങ്ങൾക്കവേണ്ടി കുരിശി
ലു തൂങ്ങി, തന്റെ മരണത്താൽ ഞങ്ങ
ളുടെ മരണത്തെ ചവിട്ടിക്കൊന്നവനാ
യി ശുദ്ധമുള്ള മുന്മതപത്തിൽ ഒരുവനും

തന്റെ പിതാവിനോടും ശുദ്ധമുള്ള റൂഹായോടുംകൂടെ ഒന്നുപോലെ വന്ദിക്കപ്പെട്ട സ്തുതിക്കപ്പെടുന്നവനുമായ ഞങ്ങൾക്കുള്ള മിശിഹാതമ്പുരാനെ ഞങ്ങൾ ഒക്കെയുടെയും മേൽ നീ അനുഗ്രഹിക്കേണമേ.

ഇവിടെ ഒരു കൌമായും വിശ്വാസപ്രമാണവും ചൊല്ലിയ ശേഷം ചൊല്ലേണ്ടതു.

കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, ഞങ്ങളുടെ കർത്താവെ! ഞങ്ങളുടെ മേൽ നീ അനുഗ്രഹിക്കേണമെ ഞങ്ങളുടെ കർത്താവെ! നീ കൃപചെയ്തു ഞങ്ങളുടെ മേൽ നീ അനുഗ്രഹിക്കേണമേ. ഞങ്ങളുടെ കർത്താവെ! നീ ഉത്തരമരുളിച്ചെയ്തു ഞങ്ങളുടെമേൽ നീ അനുഗ്രഹിക്കേണമെ. ഞങ്ങളുടെ കർത്താവെ! നിനക്കുസ്തുതി, ഞങ്ങളുടെകർത്താവെ നിനക്കു

സ്തുതി, എന്നേക്കുംഞങ്ങടെക്കുള്ളശരണം വുമെ നിനക്കു സ്തുതി ബാറെക്മോർ.
ഇവിടെ ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ. നന്മനിറഞ്ഞ മറിയം ഇത്യാദി ചൊല്ലണം.

—:※:—

അപേക്ഷ.

നല്ലവനായ ബാവാ തമ്പുരാനെ! ഞാൻ യോഗ്യനായിട്ടില്ലാ എങ്കിലും നിന്നിലുള്ള ഭയവും സ്നേഹവും എനിക്കു നീ തരേണമെ. ദൈവമെ! എൻെറ ജീവനെ സഹായിക്കുന്നതും നിൻെറ മനുഷ്യത്വത്തിന്നു ഇഷ്ടമുള്ളതുമായ സകലത്തെയും എനിക്കു നീ തരേണമേ. എൻെറ കർത്താവേ! എന്നെ നീ രക്ഷിച്ചുകൊള്ളേണമെ. എൻെറ കർത്താവെ! നീ തിരുമനസ്സാകുന്നു എങ്കിൽ എന്നെ വെടിപ്പാക്കുവാൻ നിനക്കു കഴിയും. ദൈവമെ മഹാപാപിയായ എന്നോടു കരുണയുണ്ടാകേണമെ എൻെറ കർത്താവെ! ശുദ്ധമുള്ള

നിന്റെ മാലാഖമാരോട്ടകൂടെ നീ
ന്റെ പിതാവിന്റെ വലിയ സ്തുതിയാ
ൽ നീ വരുമ്പോൾ മഹാപാപിയായ
എന്നെ ഓൎക്കേണമെ. കൎത്താവെ! എ
ന്നെ സഹായിച്ചു എന്റെ മേൽ അ
നുഗ്രഹിച്ചു എന്റെ വിശ്വാസക്കുറവി
ൽ തുണചെയ്യേണമേ. ഞങ്ങളുടെ ക
ൎത്താവെ! ഞങ്ങൾ നശിച്ചുപോകാതെ
യിരിപ്പാൻ ഞങ്ങളെ നീ രക്ഷിച്ചുകൊ
ള്ളേണമെ. ആകാശത്തിലും നിന്റെ
തിരുമുമ്പിലും ഞാൻ പിഴച്ചു; നിന്റെ
പുത്രനെന്നു വിളിക്കപ്പെട്ടുവാൻ ഞാ
ൻ യോഗ്യനല്ല. നിന്റെ ഭവനത്തിൽ
കൂലിക്കാരനെപ്പോലെ എങ്കിലും എ
ന്നെ കൈക്കൊള്ളേണമെ. ഞാൻ പാ
പം ചെയ്തുപോയതുകൊണ്ടു അടിയാ
നെപ്പോലെ എ,ങ്കിലും എന്നെ ആക്കി
ത്തീൎക്കേണമെ; ആമ്മേൻ.

———

# ഏഴരയുടെ

## നമസ്കാരം

ഇവിടെ ഒരു കൌമ ചൊല്ലിയ ശേഷം
ചൊല്ലേണ്ടതു.

കൎത്താവെ! നിന്റെ കൃപനിമിത്തം എന്നോടു കരുണ ചെയ്യേണമെ. എന്റെ കൎത്താവെ! എന്നെ പുണ്യമാക്കി നിന്റെ മനോഗുണത്താൽ എന്റെ കുററങ്ങൾ നീ ക്ഷമിക്കേണമേ. എന്റെ കൎത്താവെ! അനുഗ്രഹങ്ങൾക്കും പാപമോചനത്തിന്നും എന്നെ യോഗ്യനാക്കേണമേ. എന്റെ കൎത്താവെ അശുദ്ധിയുള്ള നിരൂപണകളേയും നിന്ദ്യമായ വിചാരങ്ങളേയും എന്നിൽ നിന്നു നീക്കിക്കളയേണമേ. എന്റെ കൎത്താവെ!സാത്താന്റെ ചതിവുകളിൽ നിന്നു എന്നെ രക്ഷിച്ചുകൊള്ളേണമെ.കൎത്താവെ!നിനക്കുള്ളവൻ ഞാനാകുവാനും നിന്റെ ഇഷ്ടത്തിന്നു ഞാൻ യോഗ്യനാകുവാനും എനിക്കു കൃപ നല്കേണമെ. എന്റെ കൎത്താവേ! ജീവ

ൻെറ തുറമുഖത്തു എന്നെ അടുപ്പിക്കേ
ണമെ. കൎത്താവെ! അനുതാപമുള്ള ഹൃദ
യം എനിക്കു നല്കേണമെ. കൎത്താവേ!
എളിമയും, ക്ഷമയുള്ള വിചാരവും, നി
നക്കു ഇഷ്ടമുള്ളവയൊക്കയും എനിക്കു
നീ നല്കേണമെ. കൎത്താവെ! നിൻെറ
അനുഗ്രഹങ്ങളുടെ ബഹുത്വംപോലെ
എൻെറ ജീവൻെറരക്ഷക്കു നല്ലതായി
ട്ടുള്ളതൊക്കയും എനിക്കു തരേണമെ.
കൎത്താവേ! അറിവും ജ്ഞാനവും ക്ഷമ
യുള്ള വിചാരവും എനിക്കു നീ നല്കേ
ണമെ. കൎത്താവേ! വ്യൎത്ഥചിന്ത എന്നി
ൽനിന്നു നീ നീക്കിക്കളഞ്ഞു നിന്നോ
ടുള്ള ഭയവും ഭക്തിയും കരുണയും സ്നേ
ഹവും സഹോദരപ്രീതിയും എന്നിൽ
പരിപൂൎണ്ണമാക്കേണമേ. ദൈവമേ! മ
ഹാപാപിയായ എന്നോടു കരുണയു
ണ്ടാകണമെ. മിശിഹാ! മഹാപാപി
യായ എന്നോടു കരുണയുണ്ടാകേണ

മെ; ആമ്മീൻ.

വലിയവനും ആദ്യന്തമില്ലാത്തവനും തന്നെ സ്നേഹിക്കുന്നവൎക്കു വാഗ്ദത്തം കാത്തുറപ്പിക്കുന്നവനും ഈശൊമിശിഹാ ആയ തന്റെ പുത്രനാൽ പാപത്തിൽനിന്നുള്ള രക്ഷ ഉണ്ടാക്കിയവനും സകലത്തിന്നും ജീവനും തന്നിൽ സങ്കേതപ്പെടുന്നവരുടെ സഹായകാരനും മൂന്നാംമണി നേരത്തിൽ തിന്നാവിന്റെ സദ്ദശത്തിൽ ശുദ്ധമുള്ള ശ്ലീഹന്മാൎക്കു ചിന്തിക്കൊടുത്ത ശുദ്ധമുള്ള റൂഹായാൽ ഞങ്ങളെ പ്രബലമാക്കിയവനുമായ കൎത്താവേ! ഈ പരിശുദ്ധ ദാനത്തെ എല്ലാ നേരത്തും ഞങ്ങൾക്കു തന്നു ഐശ്വൎയ്യവാന്മാരാക്കേണമേ. രഹസ്യവുംപരസ്യവുമായ പാപങ്ങളിൽനിന്നും നിനക്കു ഇഷ്ടമില്ലാത്ത സകല വിചാരങ്ങളിൽ നിന്നും ഞങ്ങളെ ശുദ്ധമാക്കേണമെ. ഞങ്ങ

ളുടെ മേലുള്ള നിന്റെ സകല കൃപാ
കൾക്കും വേണ്ടി നിനക്ക ഞങ്ങൾ
സ്തോത്രം ചെയ്യാനും വെടിപ്പുള്ള ഹൃദ
യത്തോടും ചേൎച്ചയുള്ള ആത്മാവോടും
നിന്റെ തിരുമുമ്പിൽ നില്പാനും ഞങ്ങ
ളെ യോഗ്യന്മാരാക്കേണമെ, ആമ്മീൻ.

---

ഞങ്ങളുടെ കൎത്താവായ ഈശോമി
ശിഹാ! രഹസ്യങ്ങൾ വെളിപ്പെടുത്തി
യ മാളികയിൽ ശുദ്ധമുള്ളശ്ലീഹന്മാൎക്ക
നീ നല്കിയ റൂഹാദക്കുദിശായെ ഞങ്ങ
ൾക്കും നല്കേണമെ. നേരമൊക്കയിൽ
ഞങ്ങളോടുകൂടെ പാൎപ്പാനും അതി
ന്റെ ക്രിയകളിൽനിന്നു ഞങ്ങൾ മട
ങ്ങാതിരിപ്പാനും സകലത്തിലും അ
ധികാരമുള്ള പുത്രസ്വീകാരത്തിന്റെ
റൂഹായേയും അറിവിന്റെയും ശക്തി
യുടേയും റൂഹായേയും ഞങ്ങൾക്ക ന
ല്കേണമെ. സ്വൎഗ്ഗരാജ്യത്തിന്റെ രാ

ജാവും സത്യഅത്രൂപികളെ ആശ്വസിഷ്പിക്കുന്നവനും സവ്വവ്യാപിയും സകലത്തേയും പൂണ്ണമാക്കുന്നവനും കൃപകളുടെ ശ്രീഭണ്ഡാരവും ജീവസ്സുകളെ നല്കുന്നവനുമായ റൂഹദ്ക്കുദിശാ തമ്പുരാനെ ഞങ്ങളുടെ മേൽ നീ തിരിഞ്ഞു ഞങ്ങളിൽ പാക്കേണമെ. സകല അശുദ്ധികളിൽനിന്നും ഞങ്ങളെ വെടിപ്പാക്കേണമെ. ഞങ്ങളുടെ കത്താവായ ഈശോമിശിഹാ! നിന്റെ ശിഷ്യന്മാരുടെ പക്കൽ നീ പ്രവേശിച്ചു സമാധാനം അവക്കു കൊടുത്തപ്രകാരം ഞങ്ങളുടെ ആത്മാക്കളെ രക്ഷിച്ചു; അപ്രകാരംതന്നെ നിന്റെ ദാസന്മാരോടുകൂടെ ആയിരുന്നു, ഞങ്ങളുടെ ആത്മാക്കൾക്കു രക്ഷ റമ്മേണമെ; ആമ്മീൻ.

ഒരു കൌമായുംവിശ്വാസപ്രമാണവും ചൊല്ലണം

——*——

# ഉച്ചയുടെ നമസ്കാരം

—:*:—

ഇവിടെ ഒരു കൌമ നമസ്കരിക്കണം

സർവ്വശക്തിയും മഹാകരുണയുമുള്ള കൎത്താവെ! ആത്മാക്കൾക്കു സ്ഥിരപ്പെട്ട മഹാവൈദ്യൻ നീ മാത്രമേയുള്ളൂ. നിന്നെ തിരിച്ചറിഞ്ഞു നിന്നിൽ സങ്കേതപ്പെടുവാൻ എല്ലാവരും അന്വേഷിച്ചിരിക്കുന്നവനും നീയാകയാൽ എന്റെമേൽ അനുഗ്രഹം ചെയ്യേണമെ. ഞാൻ നിന്നെ വളരെ വെറുപ്പിച്ചു. നിന്നോടു വളരെ വിരോധം ചെയ്തു എന്നു ഞാൻ അറിഞ്ഞിരിക്കുന്നു. ഇതാ ഞാൻ പാപത്തിൽ മിരിച്ചിരിക്കുന്നു. സ്നേഹമില്ലാത്ത മനുഷ്യർ തമ്മിൽ തമ്മിൽ സ്നേഹിച്ചിരിക്കേണമെന്നു നീ പഠിപ്പിച്ചിരിക്കുന്നു. അതുകൊണ്ടു അനുഗ്രഹിക്കുന്നവനും അധികം അനുഗ്രഹമുള്ളവനും നീയാകയാൽ എന്റെമേൽ അനുഗ്രഹിക്കേണമെ. നിനക്കു

കഴിയാത്തതു ഒന്നുമില്ല. ഞാൻ പാതാളത്തിൽ പൊടിപോലെ ചിതറപ്പെട്ടു പോകുമെങ്കിലും നീ അനുഗ്രഹങ്ങളുടെ ഉടയവനും സൃഷ്ടിയെക്കുറിച്ചു താല്പൎയ്യമുള്ളവനും ആകയാൽ നശിച്ചു പോകുന്ന ശരീരങ്ങളെ ഉയൎപ്പുദിവസത്തിൽ ഉയൎപ്പിപ്പാൻ നീ ഒരുങ്ങിയിരിക്കകൊണ്ടു എന്നോടുഉത്തരമരുളിച്ചെയ്യേണമെ. എന്റെ ഹൃദയവും എന്റെ മാംസവും പാപപ്പെട്ടിരിക്കുന്നു. എന്നാൽതന്നെ ജീവിപ്പാൻകഴിയുന്നതുമല്ല. എനിക്കു ശരണവിരോധം നിമിത്തം ഇരട്ടിപ്പായി തകൎച്ച ഭവിച്ചിരിക്കുന്നു. അനുഗ്രഹിക്കുന്നവനായ കൎത്താവെ! എന്നെ ജീവിപ്പിക്കേണമേ. എന്റെ കൎത്താവെ എനിക്കു കിരീടം ലഭിപ്പാനായിട്ടു ഒരു അങ്കമുണ്ടായിഎന്നു ഞാൻ അറിയുന്നു ഞാൻ അതിനെ അന്വേഷിച്ചിട്ടില്ല; അത്രയുമല്ലാ ദുഷ്ട

ന്മാരോടുകൂടേ ദുർമ്മോഹങ്ങൾനിമിത്തം അപമാനം ഏററു എന്നേക്കും അതിവേദനപ്പെടുവാൻ തക്ക കഠിനക്രിയകളെ ഞാൻ ചെയ്തിരിക്കുന്നു. എന്റെ കർത്താവേ! ഞാൻ വലിയ ശിക്ഷാവിധിക്കു യോഗ്യതയുള്ളവൻ ആകുന്നു എന്നും, എന്റെ അതിക്രമങ്ങൾക്കു വേണ്ടി ഉത്തരംപറവാൻ ഞാൻ യോഗ്യനാകുന്നില്ലെന്നും ഞാൻ അറിഞ്ഞിരിക്കുന്നു. ഭൂലോകത്തിൽ ഉള്ളവരൊക്കെയും എനിക്കുവേണ്ടി അപേക്ഷിച്ചാലും നിന്റെ കൃപകൂടാതെ ജീവിപ്പാൻ കഴികയില്ലെന്നു ഞാൻ അറിഞ്ഞിരിക്കുന്നതിനാൽ നിന്റെ കൃപയോടു ഞാൻ പ്രാർത്ഥിക്കുന്നു. കർത്താവേ! നിന്റെ അരിശത്താൽ എന്നെ ശിക്ഷിക്കയും നീതിയുള്ള വിസ്താരത്തിൽ എന്നെ അതിവേദനപ്പെടുത്തുകയും അരുതേ. പൂർണ്ണമായ ദോഷപൊറുതിയെ യാചിപ്പാൻ ഞാ

ൻ ധൈൎയ്യപ്പെടുന്നില്ല. ആദ്യം എനി
ക്കു ഉണ്ടായിരുന്ന മഹത്വത്തെ ഞാൻ
കാത്തില്ല. ഇനിയും ഞാൻ എന്തു ചെ
യ്യേണ്ടു എന്നും എവിടെക്കു ഞാൻ ഓ
ടിഒളിക്കേണ്ടു എന്നും നിന്റെ തിരുമു
മ്പിൽനിന്നു എവിടെ മറഞ്ഞു നില്ക്കേ
ണ്ടു എന്നും അയ്യോ എനിക്കുവേണ്ടി
അപേക്ഷിപ്പാനാരുള്ളു എന്നും ഞാൻ
അറിയുന്നില്ല എന്റെ മുഖത്തു ലജ്ജ
നിറഞ്ഞിരിക്കകൊണ്ടു ആകാശത്തി
ലേക്കു നൊക്കിപ്പാൻ ഞാൻ ഭയപ്പെടു
ന്നു. നുറുങ്ങിയ ഹൃദയത്തോടും വിനയമു
ള്ള ആത്മാവോടും ചുങ്കക്കാരനെപ്പോ
ലെ നിന്റെ തിരുമുമ്പിൽ ഞാൻ നി
ലവിളിക്കുന്നു. നാനാദോഷക്കാരനായ
പുത്രനെ കൈക്കൊണ്ടതുപോലെ എ
ന്നെ കൈക്കൊള്ളേണമേ. നിന്നെ ഉ
പേക്ഷിച്ചശിമഓനോടു നിരപ്പായതു
പോലെ എന്നോടും നിരപ്പാകേണമേ

എന്റെകൎത്താവേ! ശുദ്ധമുള്ള നിന്റെ ശരീരം എന്നെ തീററിജീവനുള്ള നിന്റെ രക്തം എന്നെ കുടിപ്പിച്ച ശുദ്ധമുള്ളനിന്റെ തിരുനാമം എന്റെ മേൽവിളിക്കപ്പെട്ടമിരിക്കുന്നു. അതുകൊണ്ടു അന്ധകാരത്തിൽഎനിക്കു ഭവനം ആകുവാനും കഠിനമുള്ള വേദനയിൽ ദുഷ്ടന്മാരോടുകൂടെ വേദനപ്പെടുവാനും നീവിധിച്ചുഎന്നെ ഉപേക്ഷിച്ചു കളയരുതെ. എന്റെ കൎത്താവെ! സ്വൎഗ്ഗത്തിന്നു ഞാൻ യോഗ്യനാകുന്നില്ലെന്നു ഞാൻ അറിഞ്ഞിരിക്കുന്നു. പാപിയുടെ മരണത്തിൽ മനസ്സില്ലാത്ത നല്ലവനും കനിവുള്ളവനും നീയാകയാൽ സംഖ്യയില്ലാത്ത നിന്റെ കരുണപോലെ എന്നോടു ദയ ചെയ്യേണമേ. കൎത്താവെ! മഹാ പാപിയായ എന്റെ മേൽ ദയവോടു കരുണ. ചെയ്യേണമേ. എന്റെ കൎത്താവെ! കനിവോടെ

എന്നെ അനുഗ്രഹിക്കേണമെ. കൎത്താ
വെ! നിൻെറ സന്നിധാനത്തുങ്കൽ ഞാ
ൻ ചെയ്തിട്ടുള്ള ദുഷ്ടതയും കഠിനവും
എന്നോട്ട ക്ഷമിക്കേണമെ. കൎത്താ
വെ! എന്നോട്ട ക്ഷമിക്കെണമെ എ
ൻെറ കൎത്താവേ ഞാൻ ചെയ്ത പാപം
നിമിത്തം എൻെറ മുഖങ്ങളിൽ അ
ച്ചിരിക്കുന്ന നിൻെറ അനുഗ്രഹത്തി
ൻെറ വാതിൽ എനിക്ക തുറന്നുതരേ
ണമെ എനിക്ക തുറന്നു തരേണമേ.
എൻെറ കൎത്താവെ നിൻെറ തിരുമുഖ
ത്തെ പ്രകാശിപ്പിച്ചു എന്നെ രക്ഷിച്ചു
കൊള്ളേണമെ. അന്ധകാരത്തിലും മ
രണനിഴലിലുംഇരിക്കുന്ന മഹാ പാപി
യായ എനിക്ക നിൻെറ പ്രകാശം ന
ൽകേണമെ. തത്സമയത്തു നിൻെറ
അനുഗ്രഹം എൻെറ മുമ്പിൽ നില്ക്കേ
ണമെ. കൎത്താവെ! ഞാൻ ഒരു മഹാ
പാപിയും സകല ദുഷ്ടതകളിൽ മുഴു

കിയവനമായിരിക്കയാൽ കുററക്കാര
നം അരിശപ്പെടുത്തുന്നവനുമായ എ
ന്നെ കയ്യേല്ക്കെണമെ. എന്റെ ക
ൎത്താവെ! നിന്നെ പ്രസവിച്ച അമ്മയും
സകല പരിശുദ്ധന്മാരും എനിക്കുവേ
ണ്ടി നിന്നോടു അപേക്ഷിക്കും. ഇവ
രെല്ലാവരുടെ പ്രാൎത്ഥനയാലും അപേ
ക്ഷയാലും കുററക്കാരനായ എന്നോടു
കനിവുണ്ടാകേണമെ. എന്റെ ആത്മ
പാപങ്ങൾ ക്ഷമിച്ചുകൊള്ളേണമേ.
കൎത്താവെ! വലിയ മഹത്വത്തോടെ
നീ എഴുന്നെള്ളുന്ന ദിവസത്തിൽ അ
നുതാപത്തിങ്കൽ പൂൎണ്ണത വന്നവരോ
ടും പതിനൊന്നാംമണിനേരത്തെ വേ
ലക്കാരോടുംകൂടെ നിന്റെ വലത്തുഭാ
ഗത്തു ഞാൻ നിന്നു നിന്നെയും നി
ന്റെ പിതാവിനെയും ശുദ്ധമുള്ള നി
ന്റെ റൂഹായേയും സ്തുതിപ്പാൻ എ

ന്നെ യോഗ്യതയുള്ളവനാക്കി തീക്കേ
ണമെ, ആമ്മീൻ.

---

ആറാം ദിവസം ആറാംമണി നെ
രത്തു ഞങ്ങളുടെ പാപങ്ങൾക്ക വേ
ണ്ടി നിൻെറ തിരുമനസ്സാൽ കരിശി
ൽ തൂങ്ങപ്പെട്ടവനായ കത്താവെ! ഞ
ങ്ങളുടെ രക്ഷിതാവു നീയാകയാൽ ഞ
ങ്ങളുടെ പാപങ്ങളുടെ ചീട്ടു നീ കീറി
ക്കളയേണമെ. നിൻെറ ഇഷ്ടത്താ
ൽ ഞങ്ങൾക്ക വേണ്ടി സ്ലീബായിൽ
തൂങ്ങപ്പെട്ടവനും സ്ലീബായിൽ പാ
പത്തെ പതിച്ചവനും മരണത്തിൽ
അകപ്പെട്ടിരുന്ന ആദാമിനെ ജീവി
പ്പിച്ചവനുമായ എൻെറ കത്താവെ!
ജീവിപ്പിക്കുന്ന നിൻെറ കഷ്ടാനുഭവ
ങ്ങളാലും നീ തറക്കപ്പെട്ടിരുന്ന ആണി
കളാലും ഞങ്ങളിലുള്ള ദുവികാരങ്ങ
ളേ നീ മരിപ്പിക്കേണമേ. കരു

ണയുള്ള ദൈവം നീ ആകകൊണ്ടു സംക്ഷേപിച്ചുകൂടാത്ത നിന്റെ ന്യായവിധിയുടെ ഓൎമ്മക്ക ഞങ്ങളുടെ ബോധത്തെ നീ തിരിപ്പിക്കേണമെ. എന്റെ കൎത്താവേ! അയോഗ്യന്മാരായ നിന്റെ ദാസന്മാരാകുന്ന ഞങ്ങൾ നിനക്ക സ്തോത്രം ചെയ്തു, ഞങ്ങളുടെ കൎത്താവായ ഈശോമ്ശിഹാ! നിന്റെ കൃപ നിമിത്തം നിന്നോടു ഞങ്ങൾ അപേക്ഷിച്ചു പ്രാൎത്ഥിക്കുന്നു. ഞങ്ങളുടെ അകൃത്യം ഹേതുവായിട്ടു ആറാംമണി നേരത്തു കാലുകളും കൈകളും ആണികളാൽ തറക്കപ്പെട്ട കൃപയുള്ള കൎത്താവെ! നിന്നെക്കുറിച്ചുള്ള സ്നേഹത്തിലും ഭയത്തിലും ഞങ്ങളുടെ ആത്മാക്കളേയും ശരീരങ്ങളേയും ബോധങ്ങളെയും തറച്ചുകൊള്ളേണമെ. ഞങ്ങൾക്കവേണ്ടി ആക്ഷേപവും പരിഹാസവും നിന്ദയും ഏറ്റുകൊൾ

വ്വാൻ ഇഷ്ടം തോന്നി ഏററവനായ ക ത്താവേ! പാപവിചാരങ്ങളേയും ജഡ മോഹങ്ങളേയും ഞങ്ങളിൽ നിന്നു നീക്കിക്കളയണമെ. നിന്റെ കൃപയുടെ വസ്ത്രങ്ങൾകൊണ്ടു പാ പത്തിന്റെ ലജ്ജയിൽനിന്നും ദുഃഖ ത്തിൽനിന്നും ഞങ്ങളെ വിടുവിച്ചു ര ക്ഷിച്ചുകൊള്ളേണമേ. കാവല്ക്കാർ ത ങ്ങളിൽ നിന്റെ കുപ്പായങ്ങളെ വിഭാ ഗിച്ചു, നിന്റെ കുപ്പായത്തിന്നു ചിട്ടി ഇട്ടിട്ടുള്ളവനായ എന്റെ കത്താവെ! തങ്ങളുടെപാപങ്ങളെക്കുറിച്ചു അനുത പിച്ചവരെ നീ കൈക്കൊണ്ടു, പിന്നെ പാപത്തിൽ തിരിയാതിരുന്നവരോടു കൂടെ നല്ല ഉപകാരി ഞങ്ങൾക്കു നീന ല്കേണമെ. "പിതാവെ തങ്ങൾ ചെയ്യു ന്നതു ഇന്നതെന്നു അവരറിയുന്നില്ല; അവരോടു നീ ക്ഷമിക്കേണമേ" എന്നു തന്നെ കുരിശിൽ തൂക്കിയവരെക്കുറിച്ചു

തന്റെ പിതാവിനോടു അപേക്ഷിച്ചി
ട്ടുള്ള എന്റെ കൎത്താവെ! അറിവോടും
അറിവുകൂടാതെയും ഇഷ്ടത്തോടും ഇ
ഷ്ടംകൂടാതെയും ഞങ്ങൾ ചെയ്തിട്ടുള്ള
പാപങ്ങൾ ഒക്കെയും ഞങ്ങളോടു നീ
ക്ഷമിയ്ക്കേണമെ. കഴിഞ്ഞതും വരുവാ
നിരിക്കുന്നതുമായ സകല കുററങ്ങളി
ൽനിന്നും ഞങ്ങളെ സ്വാതന്ത്ര്യപ്പെടു
ത്തേണമെ. സ്ലീവ്വായാൽ ഭൂമിയിന്മേ
ൽ ഒക്കെയും അന്ധകാരം വരുത്തിയ
എന്റെ കൎത്താവെ! ഞങ്ങളുടെ നേരെ
യുള്ള വൈരിയുടെ യുദ്ധത്തിൽ അവ
ന്റെ കണ്ണുകളെ ഇരുട്ടിച്ചു അവന്റെ
തിന്മയിൽനിന്നു ഞങ്ങളെ മറച്ചുകൊ
ള്ളേണമെ. സകലത്തിന്നും ദൈവവും
രാജാവും നീ ആകുന്നു എന്നു ഏററുപ
റഞ്ഞ നിന്റെ വലത്തു ഭാഗത്തായി
രുന്ന കള്ളന്റെ ഹൃദയത്തെ പ്രകാശി
പ്പിച്ച കൎത്താവെ! നിന്റെ കല്പനകള്

ടെ വഴിയിൽ ഞങ്ങൾ നടപ്പാനും ഒട്ടുക്കത്തെ ശ്വാസംവരെ നിന്റെ ദൈവത്വത്തെ ഏറ്റുപറവാനും ഞങ്ങളുടെ ഹൃദയത്തിലെ കണ്ണുകളെ പ്രകാശിപ്പിക്കേണമെ. ആ നപുംസകനെ ശിഷ്യനാക്കുവാനായിട്ട പീലിപ്പോസിന്റെ അടുക്കൽ നിന്റെ മാലാഖായെ അയച്ച ഞങ്ങളുടെ കർത്താവെ! നിന്റെ ജീവനുള്ള വഴി ഞങ്ങളെ പഠിപ്പിപ്പാനും സാത്താന്റെയും ദുഷ്ടന്മാരായ മനുഷ്യരുടേയും സകല ഉപദ്രവങ്ങളിൽ നിന്നും ഞങ്ങളെ കാത്തുകൊള്ളുവാനുമായിട്ട നിരപ്പിന്റെ മാലാഖായെ ഞങ്ങൾക്ക നീ അയക്കേണമെ. നിന്റെ നാമത്തിൽ വിശ്വസിക്കുന്നവർഎല്ലാവരും തങ്ങളുടെപാപങ്ങളിൽനിന്നു വെടിപ്പാക്കപ്പെടുന്നു, എന്നു പത്രോസ് മാളികയിൽ പ്രാത്ഥിക്കുന്ന സമയത്തു അവന്റെ പ്രാ

ത്ഥനകേട്ടു അവനെ കാണിച്ച വസ്ത്രൂ
ദൎശനത്താൽ തിരിച്ചറിയിപ്പിച്ച ഞങ്ങ
ളുടെ കൎത്താവെ! രഹസ്യവും പരസ്യ
വുമായുള്ള ഞങ്ങളുടെ പാപങ്ങളിൽ
നിന്നു ഞങ്ങളെ വെടിപ്പാക്കേണമെ.
ഊൎശ്ലേമിൽ നിന്നു ദമ്മസ്സോക്കിന്നു
പൌലൂസ് പോകുന്നസമയത്തു അവ
നു നീ വെളിപ്പെട്ടു, നിന്റെ അടുക്ക
ലേക്കു വലിച്ചു തിരിപ്പിച്ചവനായ ക
ൎത്താവെ! നിന്റെ അനുഗ്രഹങ്ങളാൽ
വഴിതെറ്റിൽ നിന്നു ഞങ്ങളെ തിരി
കെ വരുത്തി അവന്നുണ്ടായപോലെ
ഞങ്ങളുടെ ഹൃദയത്തിന്റെ കണ്ണുകളെ
പ്രകാശിപ്പിച്ചു വിശ്വാസത്തിലും പ്ര
വൃത്തിയിലും ഞങ്ങൾ അവനെ പിഞ്ചു
ടൎന്നു ജീവനുള്ള നിന്റെ സ്ലീപ്പായി
ൽ പ്രശംസിപ്പാൻ ഞങ്ങളെ യോഗ്യ
ന്മാരാക്കേണമെ. കൎത്താവേ! വാഴ്ത്ത
പ്പെട്ടവൻ നീയാകകൊണ്ടു നിന്ന

ക്കം നിന്റെ പിതാവിന്നും ശുദ്ധ മുള്ള നിന്റെ റൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറുവാൻ ഞങ്ങളെ നീ യോഗ്യന്മാരാക്കേണമെ, ആമ്മീൻ.

---

സൎവ്വവല്ലഭനായിരിക്കുന്ന കൎത്താവേ! നിന്റെ ഏകപുത്രന്റെ കഷ്ടാനുഭവങ്ങളുടെ സമയങ്ങൾ അപേക്ഷകളുടേയും ആശ്വാസങ്ങളുടേയും സമയങ്ങളാക്കി നീ തീൎത്തിരിക്കകൊണ്ടു നിനക്കു ഞങ്ങൾ സ്തോത്രം ചെയ്തു നിന്നെ ഞങ്ങൾ വന്ദിക്കുന്നു. എന്റെ കൎത്താവെ! ഈ സമയത്തു ഞങ്ങളുടെ നമസ്കാരങ്ങളും അപേക്ഷകളും നീ കൈക്കൊള്ളേണമെ. നിന്റെ ഏകപുത്രൻ സ്ലീബാമേൽ തൂങ്ങപ്പെട്ട നാഴികയിൽ തിന്മപ്പെട്ടവന്റെ ശക്തിയൊക്കയും നീ മറിച്ചു കളഞ്ഞപ്രകാരം പാപത്തിൽനിന്നു ഞങ്ങളുടെ മേ

ൽ എഴുതപ്പെട്ടിരിക്കുന്ന കുററങ്ങളുടെ ചീട്ട കീറി ഇല്ലായ്മ ചെയ്യേണമെ. വന്ദിക്കപ്പെട്ടതും ശുദ്ധമുള്ളതുമായ നിന്റെ തിരുനാമത്തെ ഐക്യതപ്പെടുത്തുന്ന വിശേഷമുള്ള വ്യാപാരങ്ങളെയും വെടിപ്പുള്ള ജീവസ്സുകളെയും ഞങ്ങൾക്കു നല്കേണമെ. ആദ്യന്തമില്ലാത്ത പിതാവെ! നിനക്കും നിന്റെ പുത്രനും ശുദ്ധമുള്ള നിന്റെ റൂഹായ്ക്കും ഞങ്ങൾ സ്തുതികരേററിയും കൊണ്ടു കുററമില്ലാത്ത നിന്റെ ഏക പുത്രന്റെ പ്രബലപ്പെട്ട സിംഹാസനത്തിൻ മുമ്പാകെ നില്പാൻ ഞങ്ങളെ യോഗ്യമുള്ളവരാക്കേണമെ. അമ്മീൻ.

ഒരു കൌമായും വിശ്വാസപ്രമാണവും ചൊല്ലണം

——:*:——

# ഇരുപത്തുരണ്ടരയുടെ

## നമസ്കാരം

ഇവിടെ ഒരു കൌമാ നമസ്കരിക്കണം.

ജീവിപ്പിക്കുന്നതായ തന്റെ കഷ്ടാനുഭവങ്ങളാൽ ഞങ്ങളുടെ പാപബന്ധനങ്ങളെ ഛേദിച്ചവനും ജീവൻ നല്കുന്ന തന്റെ മരണത്താൽ മരണത്തിന്റെ ശക്തിയെ മായിച്ചവനും, സംക്ഷേപിക്കാവതല്ലാത്ത തന്റെ വ്യാപാരത്തിന്റെ രഹസ്യത്താൽ ബുദ്ധിമാന്മാരുടെ ജ്ഞാനത്തേയും വിദ്വാന്മാരുടെ തിരിച്ചറിവ് നടപ്പിനെയും കററമേല്പിച്ചു ജനിച്ചവനും രക്ഷചെയ്യുന്ന തന്റെ സ്ലീബായുടെ ശക്തിയാൽ പാതാളത്തിന്റെ അഗാധത്തിൽ നിന്ന ആദാമ്മിനേയും അവന്റെ സന്തതിയേയും രക്ഷിച്ചവനും ആയ പിതാവിന്റെ ഏകപുത്രനും വചനവുമാ

യ കൎത്താവേ! നീ മനുഷ്യരെ സ്നേഹി ക്കുന്നവനാകകൊണ്ടു നിൻ്റെ കൃപ നിമിത്തം നിന്നോടു ഞങ്ങൾ അപേ ക്ഷിക്കുന്നു. ശുദ്ധമുള്ള റൂഹായുടെ കൃ പ ഞങ്ങൾക്കു നീ ദാനം ചെയ്യേണ മെ. സാത്താനാകുന്ന തിന്മപെട്ടവ ൻ്റെ ജ്വലിക്കുന്ന അസ്ത്രങ്ങളെയെ ല്ലാം കെടുത്തുവാൻ പ്രാപ്തന്മാരാകുവാ നും ഞങ്ങൾ ജീവനോടിരിക്കുന്ന ദിവ സമൊക്കയും നീതിയിലും സത്യത്തിലും നിനക്കു ഞങ്ങൾ ശുശ്രൂഷ ചെയ്യാനു മായിട്ടു ജയമുണ്ടാകുന്ന നിൻ്റെ സ്ലീബാ മേലുള്ള മരണമായ ആയുധം ഞങ്ങ ളെ ധരിപ്പിക്കേണമെ. കൎത്താവേ! ഞ ങ്ങളുടെ വൎഗ്ഗത്തിൻ്റെ പ്രകൃതിയുടെ ബലഹീനതനീ ഗ്രഹിച്ചിരിക്കുന്നു. അ നുഗ്രഹങ്ങളും കൃപയും ഞങ്ങൾക്കു ന ല്കി ഞങ്ങളെ ശുദ്ധമാക്കേണമെ. സ കല അന്യായത്തിൽനിന്നും ഞങ്ങളെ

വിട്ടുവിക്കേണമെ. നിന്റെ ഇഷ്ടം നന്നായിചെയ്യാൻ നിന്നെക്കുറിച്ചുള്ള ഭയം ഞങ്ങൾക്ക നീ നല്കേണമെ. ഞങ്ങളുടെ കൎത്താവേ! നിന്റെ രാജ്യത്തിൽ നീ വരുമ്പോൾ ഞങ്ങളെ നീ ഓൎത്തുകൊള്ളേണമെ. നിന്റെ വലത്തുഭാഗത്തായിരുന്ന കള്ളനോടു നീ കരുണചെയ്ത പ്രകാരം ഞങ്ങളോടും കരുണ ചെയ്യേണമെ. അനുഗ്രഹങ്ങൾക്കും പാപമോചനത്തിനും ഞങ്ങളെ യോഗ്യന്മാരാക്കേണമെ. തിന്മപെട്ടവനിൽനിന്നും അവന്റെ സകല പരീക്ഷകളിൽനിന്നും അവന്റെ യുദ്ധങ്ങളിൽനിന്നും ഞങ്ങളെ വിട്ടുവിച്ചു രക്ഷിച്ചുകൊള്ളേണമെ. എന്തെന്നാൽ അനുഗ്രഹിക്കുന്നവനും കരുണ നിറയപ്പെട്ടവനും പാപികളോടു കനിവുള്ളവനും അവരുടെ അപേക്ഷകളേയും സങ്കടങ്ങളേയും കൈക്കൊള്ളു

ന്നവനും നീയാകകൊണ്ടു നിനക്കും നിന്റെ പിതാവിനും ശുദ്ധമുള്ള നിന്റെ റൂഹായ്ക്കും യോഗ്യതയുള്ള സ്തുതി കരേററുവാൻ ഞങ്ങളെ യോഗ്യന്മാരാക്കേണമെ, ആമ്മീൻ.

— * —

ഒമ്പതാംമണിനേരത്തു ഞങ്ങൾക്കു വേണ്ടി മരണം അനുഭവിച്ചവനായ കൎത്താവേ! ഞങ്ങളിൽമറഞ്ഞിരിക്കുന്ന ദുശ്ചിന്തകളെ ഞങ്ങളിൽനിന്നു നീക്കി ഞങ്ങളെ രക്ഷിച്ചുകൊള്ളേണമെ. ഞങ്ങൾക്കുവേണ്ടി സ്ലീപ്പായിൽ മരണത്തിന്നു തന്നെത്തന്നെ ഏല്പിച്ചവനും വലത്തുഭാഗത്തായിരുന്ന കള്ളനു പറുദീസായിക്കു വഴി കാണിച്ചവനുമായ എന്റെ കൎത്താവേ! നിന്റെ അടിയാനിൽനിന്നു നീ പിന്തിരികയും എന്റെ പാപം നിമിത്തം എന്നെ നിരസിക്കയും ചെയ്യരുതെ. എന്റെ

ആത്മാവിനെ ശുദ്ധമാക്കി എന്റെ ഹൃദയത്തെ പ്രകാശിപ്പിക്കയും ചെയ്യേണമെ. നിന്റെ കൃപയാൽ ഞാൻ ആശ്വസിച്ചു ഇടവിടാതെ നിന്നെ സ്തുതിപ്പാനും സകലത്തിലും ശ്രേഷ്ഠമായുള്ള നിന്റെ ഇഷ്ടത്തെ ഞാൻ ആഗ്രഹിപ്പാനും നിന്റെ ദൈവീകമായുള്ള ഐക്യതയ്ക്കു എന്നെ യോഗ്യനാക്കേണമെ. കന്യാസ്ത്രീയിൽ നിന്നു ജനിച്ചു ഞങ്ങൾക്കവേണ്ടി കഷ്ടമനുഭവിച്ചു നിന്റെ മരണത്താൽ ഞങ്ങളുടെ മരണത്തെ കൊന്നു നിന്റെ ഉയിൎത്തെഴുന്നേല്പിനെനല്കിയവനായി സ്വൎഗ്ഗസ്ഥനായ പിതാവിന്റെ ഏകപുത്രനും വചനവുമായ കൎത്താവേ! നിന്റെ കൈകളുടെ മനച്ചിലിനെ നീ നിരസിച്ചുകളയരുതെ. കൎത്താവേ! ഞങ്ങളുടെ നേരെയുള്ള നിന്റെ മനുഷ്യസ്നേഹത്തെ നീ ഓൎത്തുകൊള്ളേണമെ.

കർത്താവേ!ഞങ്ങൾക്കവേണ്ടിയുള്ള നി
ന്നെപ്രസവിച്ച അമ്മയുടെ പ്രാർത്ഥ
നയെ നീ കൈക്കൊള്ളേണമെ. ബല
ഹീനന്മാരായ നിന്റെ ജനത്തെ നീ
രക്ഷിച്ചുകൊള്ളേണമേ. ഞങ്ങളിൽനി
ന്നു നീ വിട്ടുമാറരുതെ. ശുദ്ധമുള്ള നി
ന്റെ തിരുനാമംനിമിത്തം അവസാ
നംവരെയും ഞങ്ങളെ നിരസിക്കയും
അരുതെ. ഞങ്ങളോടുള്ള നിന്റെ ഉട
മ്പടിയെ മാററിക്കളയരുതെ നിന്റെ
സ്നേഹിതനായ അബ്രഹാംനിമിത്ത
വുംനിന്റെദാസനായ ഇസ്ഹാക്കനി
മിത്തവും നിന്റെ വാത്സല്യവാനായ
യാക്കോബു നിമിത്തവുംഞങ്ങളിൽനി
ന്നു നിന്റെ സഹായത്തെ നീ നീക്കി
ക്കളയരുതെ. അനുഗ്രഹങ്ങൾ നിറ
ഞ്ഞിരിക്കുന്ന ഈശോമിശിഹാ! അ
യോഗ്യന്മാരായ നിന്റെ ദാസന്മാരായ
ഞങ്ങൾ നിനക്കു സ്തോത്രം ചെയ്തു നി

ൻെറ സ്നേഹം ഹേതുവായിട്ട ഞങ്ങൾ യാചിച്ചു നിന്നോട്ട അപേക്ഷിക്കുന്നു. ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യെണമെ. ഒമ്പതാംമണിനേരത്തു എൻെറ ദൈവമേ! എൻെറ ദൈവമെ! എന്നെ നീ കൈവിട്ടതു എന്തിനെന്നു സ്ലീബായുടെമേൽ വെച്ചു അട്ടഹസിച്ചുവനായ കൎത്താവേ! ഞങ്ങളെ നീ കൈവിട്ട തള്ളിക്കളയരുതെ. ഞങ്ങളുടെ ശത്രുക്കളുടെ കയ്യിൽ ഞങ്ങളെ നീ ഏല്പിച്ചുകൊടുക്കരുതെ. നിൻെറ അനുഗ്രഹങ്ങൾ കൊണ്ട അവരിൽനിന്നു ഞങ്ങളെ നീ രക്ഷിക്കയും ചെയ്യെണമെ. ഏദെൻെറപറുദീസായ്ക്കുള്ള പ്രവേശനം നിൻെറ വലത്തുഭാഗത്തായിരുന്ന കള്ളനങ്ങായ പ്രകാരം ഞങ്ങൾക്കും നല്കേണമേ. ആദാത്തിനു വേണ്ടി ചെറുക്ക കുടിച്ചുവനായ കൎത്താവെ! പാപത്താൽ ഞങ്ങൾ കൈപ്പാ

യിത്തീന്നിരിക്കകൊണ്ടു ശുദ്ധമുള്ള നിന്റെ റൂഹായുടെ മധുരത്തെ ഞങ്ങളെ കുടിപ്പിക്കേണമെ. പിതാവേ! നിന്റെ തൃക്കയ്യിൽ എന്റെ അരൂപി ഞാൻ വെക്കുന്നു എന്നു തന്റെ പിതാവിനോടു സ്ലീബാമേൽ വെച്ചു അട്ടഹസിച്ചവനായ കർത്താവേ! ശുദ്ധമുള്ള നിന്റെ തൃക്കയ്യിൽ ഞങ്ങളുടെ ആത്മാക്കളെ വയ്ക്കേണമെ. ഞങ്ങളുടെ ശത്രുക്കളുടെ കയ്യിൽ നിന്നു നിന്റെ ചിറകുകളുടെ മറയിൽ ഞങ്ങളെ മറച്ചുകൊള്ളേണമേ. ഞങ്ങളുടെ പാപങ്ങൾക്കുവേണ്ടി മരണത്തിന്നു തന്നെത്തന്നെ ഏല്പിച്ചു, തന്റെ മരണത്താൽ പാപത്തെ കൊന്നവനായ കർത്താവെ! മാംസസംബന്ധമായുള്ള ഇച്ഛകളേയും ഞങ്ങളുടെ അവയവങ്ങളിൽ കുടിയിരിക്കുന്ന പാപങ്ങളേയും ഞങ്ങളിൽനിന്നു നീ കൊല്ലേണമേ. രഹസ്യത്തിലും പരസ്യത്തി

ലും ഞങ്ങളുടെ ആത്മാക്കളെ ക്ഷയിപ്പിക്കുന്ന സകല യുദ്ധങ്ങളിൽനിന്നും ഞങ്ങളെ നീ വിടുവിക്കേണമെ. സ്ലീബായുടെ മേൽവെച്ച അട്ടഹസിച്ചതന്റെ ശബ്ദത്താൽ സൃഷ്ടികളെ ഇളക്കിയവനായ കർത്താവേ! നിന്റെ ശക്തികൊണ്ടു ദുഷ്ടനായ വൈരിയെ നീ ഇളക്കി, അവന്റെ കൈകളിൽനിന്നു ഞങ്ങളെ നിന്റെ കൃപകൊണ്ടു രക്ഷിക്കേണമേ. നിന്റെശക്തികൊണ്ടു പാറകളെ പിളന്നു, കബറുകളെ തുറന്നു, മരിച്ചവരെ ഉയപ്പിച്ചവനായ കർത്താവേ! ഞങ്ങളുടെ നിരൂപികളുടെ കണ്ണുകളെ തുറന്നു നിന്റെ മനോഗുണം നിമിത്തം ഞങ്ങളുടെ മരണത്തെ നീ ജീവിപ്പിക്കേണമെ. ഹൈക്കലായുടെ വാതിലിന്റെതിരശ്ശീലകളെ തന്റെ ശബ്ദത്താൽ കീറിയവനായ കർത്താവേ! ഞങ്ങളുടെ കുററങ്ങളുടെ ചീട്ടുക

ളെ നീ കീറി ഞങ്ങളുടെ അതിക്രമങ്ങ
ളെ മായിച്ചു കളയേണമെ. സത്യമാ
യിട്ടു ദൈവത്തിൻെറ പുത്രൻ ഇവനാ
കുന്നു എന്നു ശതാധിപൻ നിന്നെക്കു
റിച്ചു ഏററുപറഞ്ഞിട്ടുള്ളവനായ ക
ൎത്താവേ! എല്ലാ നേരത്തും നിനക്കു
സ്തോത്രംചെയ്വാൻ ഞങ്ങൾക്കു കൃപന
ല്കേണമേ. സകല തിന്മയിൽനിന്നും
വിരുദ്ധത്തിൽനിന്നും നിൻെറ നേരെ
യുള്ള ഉപേക്ഷയിൽനിന്നും ഞങ്ങളെ
നീ രക്ഷിച്ചുകൊള്ളേണമെ. ശുദ്ധമുള്ള
നിൻെറ തിരുനാമത്തിൽ മുടന്തനെ
സൌഖ്യമാക്കുന്നതിനു നിൻെറ ശിഷ്യ
ന്മാരായ ശിമൊൻെറയും യോഹന്നാ
ൻെറയുംഅപേക്ഷകളെകൈക്കൊണ്ടു
വനായ കൎത്താവേ! പാപത്താലുള്ള
ഞങ്ങളുടെ തളൎച്ചയെ നീക്കി മരണത
ളൎച്ചയിൽനിന്നു ഞങ്ങളെ നീ ഉയൎപ്പി
ച്ചുതരേണമെ. കൊൎന്നെലിയോസി

ന്റെ അപേക്ഷയെ കേട്ടു മാലാഖാ യെ അവന്റെ പക്കൽ അയച്ചവനാ യ കൎത്താവേ സമാധാനത്തിന്റെ മാ ലാഖായെ ഞങ്ങളുടെ അടുക്കൽ നീ അയച്ചു ഇടവിടാതെ എല്ലാ നേരത്തും നിന്റെ ഇഷ്ടം ചെയ്യുന്നായിട്ടു ജീവ ന്റെ വഴി ഞങ്ങൾക്കു നീ കാണിച്ചു ശത്രു തിന്മപെട്ടവനിൽനിന്നും അവ ന്റെ ഉപദ്രവത്തിൽനിന്നും ഞങ്ങളെ നീ രക്ഷിച്ചുകൊള്ളേണമെ അനുഗ്ര ഹമുള്ള ദൈവം നീയാകകൊണ്ടു നി നക്കും നിന്റെ പിതാവിനും ശുദ്ധമു ള്ള നിന്റെ റൂഹായ്ക്കും സ്തുതിയും വ ന്ദനവും ഇപ്പോഴും എല്ലായ്പോഴും ഞങ്ങൾ കരേറുന്നു; ആമ്മേൻ.

ഒരു കൌമായും വിശ്വാസപ്രമാണവും ചൊല്ലണം.

---

### നമസ്കാരങ്ങളുടെ
### അവസാനത്തിൽ ചൊല്ലേണ്ടുന്ന

## അപേക്ഷ

ബാവായും പുത്രനും ശുദ്ധമുള്ള റൂഹായും ആയ പട്ടാങ്ങപ്പെട്ട ഒരുവൻ തമ്പുരാനെ, എന്നന്നേക്കും ഞങ്ങൾക്കുള്ള ദൈവം തമ്പുരാൻ നീയാകുന്നു എന്നു വിശ്വസിച്ചു നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. ഞങ്ങളുടെ നോമ്പും നമസ്കാരവും ശുശ്രൂഷയും ആവലാധിയും നീ കൈക്കൊണ്ടു ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യേണമെ. അറിവോടും അറിവുകേടോടെയും നിനക്കു വിരോധമായി ഞങ്ങൾ പിഴച്ച പിഴകളൊക്കയും ദോഷങ്ങളൊക്കയും നീ പൊറുക്കേണമെ. നിനക്കു ഇഷ്ടമുള്ള നിനവുകൊണ്ടും വചനംകൊണ്ടും പ്രവൃത്തികൊണ്ടും ഞങ്ങളുടെ ആത്മസ്സ

കളുടെ ദിവസങ്ങളൊക്കെ ജീവിപ്പാ
ൻ ഞങ്ങളെ നീ സഹായിക്കേണമെ.
തിന്മപെട്ടവന്റെ പരീക്ഷകളിൽനി
ന്നും ദേവസകളുടെ അസൂയയിൽ നി
ന്നും തിന്മപെട്ടഅരൂപികളുടെ വ്യസ
നത്തിൽനിന്നും തിന്മപെട്ട മനുഷ്യരു
ടെ കാഠിനത്തിൽനിന്നും ഞങ്ങളെസ
ങ്കടപ്പെടുത്തുന്നതായ സകല രോഗങ്ങ
ളിൽനിന്നും കള്ളപെട്ട ഭവിതത്തിൽ
നിന്നും ഞങ്ങളുടെ ദിഷ്ടതിയുടെ അ
പ്പ മുടക്കുന്നതായ അഗതിതപത്തിൽ
നിന്നും രഹസ്യത്താലെയും പരസ്യ
ത്താലെയുമുള്ള ശത്രുക്കളൊക്കയിൽ
നിന്നും പരീക്ഷകളിൽനിന്നും ദൈവം
ഉന്മുരാനെ ഞങ്ങളെനീ രക്ഷിച്ചുകൊ
ള്ളേണമെ. ഞങ്ങൾക്കും ഞങ്ങളുടെ
മരിച്ചുപോയവർക്കും ചമയപ്പെട്ടസക
ലകുറവുകളെ പാപങ്ങളും നീ പൊറു
ത്തുകൊള്ളേണമെ. ചണ്ഡാളർക്കും മറുത

ലിപ്പുകാക്കും ഒരുക്കിയിരിക്കുന്ന നര
കം നേടുവാൻ ഞങ്ങളെ നീ കൈവി
ടരുതെ. പിന്നെയൊ നിനക്കിഷ്ടന്മാ
രായ നീതിമാന്മാരോടും പുണ്യവാന്മാ
രോടുംകൂടെ നിന്റെ മോക്ഷത്തിൽ ആ
നന്ദിപ്പാൻ ഞങ്ങൾ എല്ലാവരേയും
നീ യോഗ്യമുള്ളവരാക്കേണമെ. തമ്പുരാ
നെ പ്രസവിച്ച മത്തമറിയമെ! സക
ല ശുദ്ധമുള്ളവരെ! ശുദ്ധമുള്ള സകല
മാലാകമാരെ! ഞങ്ങളുടെ രക്ഷക്കു
വേണ്ടി ദൈവംതമ്പുരാനോടു നിങ്ങളു
പേക്ഷിപ്പാൻ നിങ്ങളിലും ഞങ്ങൾ
സങ്കേതപ്പെട്ടു ശരണത്താലെ ഞങ്ങ
ൾ അപേക്ഷിക്കുന്നു; ആമ്മീൻ.

——:*:——

## രാജാവും നബിയുമായ ദാവീദിന്റെ അനുതാപത്തിന്റെ

# മസ്മൂറാകൾ

### ൬-ാം മസ്മൂറാ

൧ കർത്താവെ നിന്റെ അരിശത്തിൽ എന്നെ കുററപ്പെടുത്തരുതെ. നിന്റെ കോപത്തിൽ എന്നെ ശിക്ഷിക്കയുമരുതെ. കർത്താവെ ഞാൻ രോഗിയായിരിക്കകൊണ്ടു എന്റെ മേൽ അനുഗ്രഹം ചെയ്യേണമെ. കർത്താവെ എന്റെ അസ്ഥികൾ ഇളകിയിരിക്കകൊണ്ടു എന്നെ സൌഖ്യമാക്കേണമെ. എന്റെ ആത്മാവു എത്രയും ഇളകപ്പെട്ടിരിക്കുന്നു; എന്നാൽ കർത്താവെ നീ എത്രത്തോളം കർത്താവേ നീ തിരിഞ്ഞു എന്റെ ആത്മാവിനെ വീണ്ടുകൊള്ളേണമെ. നിന്റെ കൃപ നിമിത്തം എന്നെ രക്ഷിച്ചുകൊള്ളേണമെ. എന്തെന്നാൽ മരണത്തിൽ നിന്നെക്കു

റിച്ച ഓൎമ്മയില്ല; പാതാളത്തിൽ നിന്നെ കൊണ്ടാട്ടുവാൻ ആരാകുന്നു? ഞാൻ എന്റെ നെട്ടുവീൎപ്പുകളാലെ തളൎന്നു. രാത്രി മുഴുവനും എന്റെ വിരിയെ ഞാൻ ഈറനാക്കി; എന്റെ കണ്ണുനീരുകളാലെ എന്റെ കട്ടിലിനെ ഞാൻ നനച്ചു; അരിശംനിമിത്തം എന്റെ കണ്ണു നൊമ്പരമായി; എന്റെ സകല ശത്രുക്കളിൽനിന്നും അതു കലങ്ങപ്പെട്ടു. ദുഷ്ടത ചെയ്യുന്നവരൊക്കയും എന്നിൽനിന്നു അകലുവിൻ, എന്തന്നാൽ കൎത്താവു എന്റെ കരച്ചിലിന്റെ ശബ്ദം കേട്ടു; കൎത്താവെ! എന്റെ അപേക്ഷ കേട്ടു; എന്റെ നമസ്കാരം കൈക്കൊള്ളേണമേ. എന്റെ ശത്രുക്കൾ എല്ലാവരും ലജ്ജിച്ചു എത്രയും തകൎന്നു; അവർ പിന്തിരിഞ്ഞു പെട്ടന്നു നശിച്ചുപോകും. ദൈവമേ സ്തുതി നിനക്ക യോഗ്യമാകുന്നു.

൩൨-ാം മസ്മൂറാ

അവൻെറ ചതിവു അവനോടു ക്ഷമിക്കപ്പെട്ടു അവൻെറ പാപങ്ങൾ മൂടപ്പെട്ടു എന്നവനു ഭാഗ്യം. കൎത്താവു അവൻെറ പാപം അവനോടു കണക്കിടാതെയും അവൻെറ ഹൃദയത്തിൽ ചതിവില്ലാതേയും ഉള്ള മനുഷ്യൻ പുത്രനു ഭാഗ്യം. എന്നാൽ ഞാൻ മിണ്ടാതെയിരുന്നു ദിവസം മുഴുവനും ഞാൻ അലറിയിരുന്നതുകൊണ്ടു എൻെറ അസ്ഥികൾ പഴയതായിപ്പോയി. എന്തെന്നാൽ രാവും, പകലും, നിൻെറ കൈ എൻെറ മേൽ ഭാരമായി. എന്നെ കൊല്ലുവാൻ എൻെറ നെഞ്ചിൽ നൊമ്പരം തിരിയപ്പെട്ടു. എൻെറ പാപങ്ങൾ നിന്നോടു ഞാൻ അറിയിച്ചു എൻെറ അതിക്രമങ്ങളെ നിന്നിൽനിന്നു ഞാൻ മറച്ചില്ല. എൻെറ അതിക്രമങ്ങളെ കൎത്താവിനോടു ഞാ

ൻഏററുപറയുമെന്നു ഞാൻ പറഞ്ഞു. എന്റെ പാപങ്ങൾ ഒക്കയും എന്നോടു നീ ക്ഷമിക്കുന്നു. ഇതു ഹേതുവായിട്ടു കൈക്കൊള്ളപ്പെട്ട സമയത്തിൽ നിനക്കു തിരഞ്ഞെടുക്കപ്പെട്ടവനൊക്കെയും നിന്നോടു നമസ്കരിക്കും. ഏറിയ വെള്ളത്തിന്റെ പാച്ചിൽ അവന്റെ പക്കൽ ചേരുകയില്ല. നീ എന്നെ മറച്ചു എന്റെ ശത്രുക്കളിൽനിന്നു എന്നെ കാക്കേണമേ. നിന്നെ ഞാൻ തിരിച്ചറിവാൻ സ്തുതിയും രക്ഷയും എന്നെ ചുററിപ്പിക്കേണമേ. നീ പോകുവാനുള്ള വഴി നിന്നെ ഞാൻ അറിയിച്ചു നിന്റെ മേൽ എന്റെ കണ്ണുകൾ ഞാൻ വയ്ക്കും. അവയുടെ പൈതൽ പ്രായംമുതൽ കടിവാളംകൊണ്ടും അവയെ കീഴടക്കുന്നവന്റെ പക്കൽ ചേരുന്നില്ല എന്നു ബുദ്ധിയില്ലാത്ത കുതിര പോലെയും കോവർകഴുത പോലെ

യ്യം നിങ്ങൾ ആകരുതു, ദുഷ്ടന്റെ നൊമ്പരങ്ങൾ വളരെ ആകുന്നു. കൎത്താവിൽ പാൎക്കുന്നവനെ കരുണ ചുററിക്കൊള്ളും. നീതിമാന്മാരെ! കൎത്താവിൽ സന്തോഷിച്ചു ആനന്ദിപ്പിൻ. ഹൃദയനേരുള്ളവരൊക്കയുമെ! തന്നെസ്തുതിപ്പിൻ. ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു.

൩൭-ാം മസ്മൂറാ

കൎത്താവേ! നിന്റെ അരിശത്തിൽ എന്നെ കുററപ്പെടുത്തരുതെ, നിന്റെ കോപത്തിൽ എന്നെ ശിക്ഷിക്കയുമരുതേ. എന്തെന്നാൽ നിന്റെ അസ്ത്രങ്ങൾ എന്നിൽ തറച്ചിരിക്കുന്നു. നിന്റെ കൈ എന്റെ മേൽ അനുകൂലപ്പെട്ടു നിന്റെ കോപംനിമിത്തം എന്റെ മാംസത്തിനു സമാധാനമില്ല. എന്റെ പാപങ്ങൾനിമിത്തം എന്റെ അസ്ഥികൾക്കും സമാധാനമില്ല. എ

ന്തെന്നാൽ എന്റെ അററകുററങ്ങൾ
എ,ന്റെ തലക്കമേൽ കടന്നു ഭാരമു
ള്ള ചുമടുപോലെ എനിക്ക ഭാരമായി
എന്റെ വ്രണങ്ങൾ ചീഞ്ഞുനാറി. എ
ന്റെ ഭോഷത്വം ഹേതുവായി എത്ര
യും ഞാൻ ഇളകി, ദിവസം മുഴുവനും
ഞാൻ ഖേദത്തോടെ നടന്നു; എന്തെ
ന്നാൽ എന്റെ പള്ളരികൾക്ക ഇള
ക്കം നിറയപ്പെട്ടു; എന്റെ മാംസത്തി
ന സൌഖ്യമില്ല; ഞാൻ ഇളകി എ
ത്രയും ചഞ്ചലപ്പെട്ടു; എന്റെ ഹൃദയ
ത്തിന്റെ,ബിമ്മിർഷ്ടത്തിൽ നിന്നു ഞാ
ൻ ഞെരുങ്ങി, കർത്താവേ! എന്റെ അ
പേക്ഷ ഒക്കെയും നിന്റെ തിരുമുമ്പിൽ
ആകുന്നു. എന്റെ നെടുവീർപ്പുകൾനി
ന്നിൽനിന്നു മറയ്ക്കപ്പെട്ടിരിക്കുന്നില്ല.
എന്റെ ഹൃദയം തിരിയപ്പെട്ടു. എ
ന്റെ ശക്തി എന്നെ വിട്ടുമാറി എ
ന്റെ കണ്ണുകളുടെ പ്രകാശം എന്റെ

പക്കൽ ആയില്ല. എന്റെ സ്നേഹിത
ന്മാരും എന്റെ സഖിമാരും എന്റെ
ന്നൊമ്പരത്തിന്നു വിരോധമായിനിന്നു.
എന്റെ അണയപ്പെട്ടവരും ദൂരത്തിൽ
നിന്നു. എന്റെ ആത്മാവിനെ അ
ന്വേഷിച്ചു. എന്റെ ദോഷത്തിന്നു മ
നസ്സാകുന്നവർ എന്നെ പിടിച്ചുദുഷ്ട
തയും ചതിവും അവർ പറഞ്ഞു. ദിവ
സം മുഴുവനും വഞ്ചനവിചാരിക്കുന്നു.
എങ്കിലും ഞാൻ ചെകിടൻ എന്ന
പോലെ കേൾക്കാതെയിരുന്നു. ഊമ
ൻ എന്നപോലെ എന്റെ വാ ഞാൻ
തുറന്നില്ല. കേൾക്കാതേയും അവന്റെ
വായിൽ ശാസനയില്ലാതെയുമുള്ള പു
രുഷനെപ്പോലെയും ഞാൻ ആയി. എ
ന്തെന്നാൽ, കർത്താവെ! നിന്നെ ഞാൻ
നോക്കിപ്പാർത്തു എന്റെ ദൈവമായ
കർത്താവെ! നീ എന്നോടു ഉത്തരമരു
ളിച്ചെയ്യും. എന്തെന്നാൽ, അവർ എ

ന്നെക്കുറിച്ചു സന്തോഷിക്കാതേയും എ
ന്റെ കാലുകളുടെ ഇളക്കത്തിൽ എ
ന്റെ മേൽ ഉയരപ്പെടാതേയും ഇരി
ക്കുമെന്നു ഞാൻ പറഞ്ഞു. എന്തെ
ന്നാൽ ഞാൻ കഷ്ടതക്കു ഒരുങ്ങിയിരി
ക്കുന്നു. എന്റെ ദുഃഖം എല്ലായ്പോ
ഴും എന്റെനേരെ ഇരിക്കുന്നു. എന്തെ
ന്നാൽ, എന്റെ അതിക്രമങ്ങളെ നി
ന്നോടു ഞാൻ അറിയിച്ചു. എന്റെ
പാപങ്ങളിൽനിന്നു ഞാൻ വെടിപ്പാ
കപ്പെടും. എന്റെ ശത്രുക്കളും ബല
പ്പെട്ടു അവർ കണ്ടു. ദുഷ്ടതയുടെ എ
ന്റെദ്വേഷക്കാരു വൎദ്ധിച്ചിരിക്കുന്നു.
നന്മക്കു പകരം തിന്മ എന്നോടവർ
പ്രതിപകരം ചെയ്തു. ഞാൻ നന്മയെ
അന്വേഷിച്ചതുകൊണ്ടു എന്നെ അവ
ർ പകച്ചു. എന്റെ ദൈവമായ ക
ൎത്താവെ! എന്നെ ഉപേക്ഷിക്കരുതെ.
എന്നിൽനിന്നു നീ അകലുകയും അരു

തെ. എന്റെ സഹായത്തിനു പാഞ്ഞു എന്നെ രക്ഷിക്കേണമെ. ദൈവമെ! സ്തുതി നിനക്കു യോഗ്യമാകുന്നു.

൧൱൨—ാം മസ്മൂറാ.

കൎത്താവെ! എന്റെ നമസ്കാരംകേൾക്കേണമെ. എന്റെ നിലവിളി നിന്റെ അടുക്കൽ പ്രവേശിക്കേണമെ. എന്റെ ഞെരുക്കത്തിന്റെ ദിവസത്തിൽ നിന്റെ തിരുമുഖം എന്നിൽനിന്നു നീ തിരിപ്പിക്കരുതെ. പിന്നെയും നിന്റെ ചെവി എനിക്കു ചായിച്ചു നിന്നെ ഞാൻ വിളിക്കുന്നദിവസത്തിൽ ഉടൻ എന്നോടു നീ ഉത്തരമരുളിച്ചെയ്യേണമെ. എന്തെന്നാൽ പുകപോലെ എന്റെ ദിവസങ്ങൾ മാഞ്ഞുപോയി; എന്റെ അസ്ഥികളും അടുപ്പിലെ ചാരംപോലെ എരിഞ്ഞിരിക്കുന്നു. എന്റെ ഹൃദയവും പുല്ലുപോലെ വാടി ഉണങ്ങി. അതുകൊണ്ടു എ

ൻെറ അപ്പത്തിൻെറ ഭക്ഷണം ഞാൻ
മറന്നു. എൻെറ നെടുവീൎപ്പുകളുടെ
ശബ്ദത്തിൽനിന്നു എൻെറ മാംസം
എൻെറ അസ്ഥികൾക്കു പററി. വന
ത്തിലുള്ള കാക്കക്കു ഞാൻ സദൃശമാ
യി; ശൂന്യപ്രദേശത്തിലെ നത്തുപോ
ലെ ഞാൻ ആയി, മാളികമേൽ പറ
ക്കുന്ന പറവപോലെ ശേഷിച്ചുഞാൻ
തനിച്ചായി, എൻെറ ശത്രുക്കൾ ദിവ
സംപ്രതി എന്നെ നിന്ദിച്ചു; എന്നെ
സ്തുതിക്കുന്നവർ എന്നിൽ ആണയിട്ടു;
എന്തെന്നാൽ അപ്പംപോലെ വെണ്ണീ
ർ ഞാൻ ഭക്ഷിച്ചു. നിൻെറ കോപ
വും നിൻെറ അരിശവും നിമിത്തമായി
ട്ടു എൻെറ കുടിപ്പിനെ കണ്ണുനീരിൽ
ഞാൻ കലൎത്തി. എന്നെ നീ ഉയൎത്തി,
എന്നെ നീ തള്ളിക്കളഞ്ഞു. എൻെറ
ദിവസങ്ങൾ നിഴലുപോലെ ചാഞ്ഞു
പോയി;ഞാൻ പുല്ലുപോലെ ഉണങ്ങി

ഷേപ്പായി കൎത്താവേ! എന്നേക്കും നീ
നിലനില്ക്കും; തലമുറ തലമുറ വരേയും
നിന്റെ ഓൎമ്മയും. നീ എഴുന്നേററു
നെ ഷേഹ്യോന്മേൽ അനുഗ്രഹിക്കേണമെ.
എന്തെന്നാൽ അതിന്മേൽ അനുഗ്രഹി
പ്പാൻ സമയമടുത്തു. നിന്റെ അടി
യാരു അതിന്റെ കല്ലുകളിൽ മനസ്സാ
യി അതിന്റെ മണ്ണിനെ അവർ സ്നേ
ഹിച്ചു. കൎത്താവെ! നിന്റെ തിരുനാ
മത്തെ പുറജാതികളും ഭൂമിയുടെ സക
ല രാജാക്കന്മാരും നിന്റെ ബഹുമാന
ത്തെയും ഭയപ്പെടും. എന്തെന്നാൽ,
കൎത്താവു ശെഹ്യോനെ പണിയുന്നു;
സ്തുതിയാൽ താൻ കാണപ്പെടുന്നു. അ
ഗതികളുടെ നമസ്കാരത്തിന്മേൽ താ
ൻ തിരിയപ്പെടുന്നു; അവരുടെ നമ
സ്കാരം താൻ ദുഷിക്കുന്നില്ല; പുറജാ
തികൾക്കു ഇതു എഴുതപ്പെടും; സൃഷ്ടി
ക്കപ്പെടുന്ന ജനം കൎത്താവിനെ സ്തുതി

ക്കം. എന്തെന്നാൽ, കൎത്താവിന്നു വേ
ലചെയ്യാനായിട്ടു ജാതികളു രാജ്യങ്ങ
ളും ഒന്നിച്ചുകൂടപ്പെട്ടപ്പോൾ സെഹ്യോ
നിൽ കൎത്താവിന്റെ നാമത്തെയുംഊ
ർശ്ലേമിൽ തന്റെ സ്തുതികളേയും അ
റിയിക്കപ്പെടുവാനും ബന്ധനക്കാര
ന്റെ ദിഷ്ടിതിയെ കേൾപ്പാനും, പുത്ര
ന്മാരെ മരണത്തിൽനിന്നഴിപ്പാനും,
തന്റെ ശുദ്ധതയുടെ ഉന്നതത്തിൽ
നിന്നു താൻ സൂക്ഷിച്ചു. സ്വൎഗ്ഗത്തിൽ
നിന്നു ഭൂമിയെ കൎത്താവു സൂക്ഷിച്ചുനോ
ക്കി, ഭൂമിയിൽ എന്റെ ശക്തികളെ
അവർ ക്ഷീണിപ്പിച്ചുഎന്റെ ദിവസ
ങ്ങളുടെ കുറച്ചിൽ എന്നോടു പറയേ
ണമെ. എന്റെ ദിവസങ്ങളുടെ പാ
തിയിൽ എന്നെ കരേററരുതെ. നി
ന്റെ ആണ്ടുകൾ തലമുറ തലമുറകൾ
ക്കായിരിക്കുന്നു. ആദിയിൽനിന്നുനീഭൂ
മിയെ സ്ഥിരപ്പെടുത്തി. ആകാശങ്ങൾ

നിന്റെ കൈകളുടെ ക്രിയയാകുന്നു. അവ ഒഴിഞ്ഞുപോകുന്നു. നീ തന്നെ നിലനില്ക്കുന്നു. അവയൊക്കയും വസ്ത്രംപോലെ പഴയതാകുന്നു. ഒരു മാൎകപ്പായംപോലെ അവ മാറപ്പെടുന്നു. എന്നാൽ നീ ആകുന്നപ്രകാരം നിനിന്റെ ആണ്ടുകൾ അവസാനിക്കന്നില്ല. നിന്റെ ദാസന്മാരുടെ പുത്രന്മാർ ഭൂമിയിൽ പാൎക്കും; അവരുടെ സന്തതികൾ നിന്റെ തിരുമുമ്പിൽ സ്ഥിരപ്പെടും; ദൈവമെ! സ്തുതി നിനക്കു യോഗ്യമാകുന്നു.

൧൨൯-ാം മസുമൂറാ

കൎത്താവെ! അഗാധങ്ങളിൽ നിന്നു നിന്നെ ഞാൻ വിളിച്ചു. എന്റെ ശബ്ദത്തിൽ നീ കേട്ടു നിന്റെ ചെവി എന്റെ പ്രാൎത്ഥനയുടെ ശബ്ദത്തിനു ചായിക്കേണമെ. കൎത്താവേ! നീ പാപങ്ങളെ സൂക്ഷിച്ചുനോക്കുന്നു എങ്കിൽ നി-

ല്ലാൻ കഴിയുന്നവൻ ആരു? എന്തെ
ന്നാൽ പാപമോചനം നിന്റെ അട്ട
ക്കൽ നിന്നാകുന്നു. കർത്താവിൽ ഞാൻ
ശരണം പ്രാപിച്ചു, തന്റെ തിരുവച
നത്തിന്നു എന്റെ ആത്മാവു നോക്കി
പ്പാർത്തു. ഇസ്രായേൽ കർത്താവിനെ
കാത്തിരിക്കട്ടെ. എന്തെന്നാൽ അനു
ഗ്രഹങ്ങൾ തന്റെ അട്ടക്കൽനിന്നാകു
ന്നു. തന്റെ അട്ടക്കൽ രക്ഷ വളരെ
ആകുന്നു. താൻ ഇസ്രായേലിനെ അ
വന്റെ എല്ലാ നേരുകേടിൽനിന്നും ര
ക്ഷിക്കയും ചെയ്യും. ദൈവമേ സ്തുതി
നിനക്കു യോഗ്യമാകുന്നു.

൧൪൩-ാം മസ്മൂറാ

കർത്താവേ! എന്റെ അപേക്ഷ കേട്ടു
എന്റെ പ്രാർത്ഥനയെ ചെവിക്കൊ
ള്ളേണമേ. നിന്റെ വചനത്താലും നി
ന്റെ നീതിയാലും എന്നോടു ഉത്തര
മരുളിച്ചെയ്യേണമെ. നിന്റെ ദാസ

നെ ന്യായവിധിയിൽ പ്രവേശിപ്പി
ക്കരുതെ. എന്തെന്നാൽ ജീവനുള്ള ഒ
രുത്തനും നിന്റെ തിരുമുമ്പിൽ നീതീ
കരിക്കപ്പെടുന്നില്ല. എന്തെന്നാൽ ശത്രു എ
ന്റെ ആത്മാവിനെ പീഡിപ്പിച്ചു; ഭൂ
മിയിൽ എന്റെ ജീവനെ അവൻ
ക്ഷീണിപ്പിച്ചു; എന്നേക്കും മരിച്ചവ
നെപ്പോലെ ഇരുളിൽ എന്നെ അവൻ
ഇരുത്തി. എന്റെ ആത്മാവു എന്റെ
മേൽ ആവലാധിപ്പെട്ടു; എന്റെ ഉ
ള്ളിൽ എന്റെ ഹൃദയവും ഇളകി. ക
ൎത്താവേ! ആദിമുതൽ നിന്നെ ഓൎക്കപ്പെ
ട്ടു; നിന്റെ സകല ക്രിയകളിലും ഞാ
ൻ നിരൂപിച്ചു; നിന്റെ കൈവേലയി
ലും ഞാൻ നിരൂപിച്ചു; എന്റെ കൈ
കളെ നിന്റെ അടുക്കൽ ഞാൻ നീ
ട്ടി; ദാഹിച്ചിരിക്കുന്ന ഭൂമിയെപ്പോലെ
എന്റെ ആത്മാവു നിനക്കായിട്ടു ദാ
ഹിച്ചിരിക്കുന്നു. കൎത്താവേ! ഉടൻ എ

ന്നോട്ട ഉത്തരമരുളിച്ചെയ്യേണമേ. എ
ൻെറ ആത്മാവു നശിച്ചുപോയി ഞാ
ൻ കുഴിയിലേക്കു ഇറങ്ങുന്നവരോട്ട കൂ
ടെ എണ്ണപ്പെടാതെയിരിപ്പാൻ നി
ൻെറ മുഖങ്ങളെ എന്നിൽനിന്നു നീ
തിരിപ്പിക്കരുതേ. നിൻെറ കൃപയെ മ
യ്യലിൽ എന്നെ കേൾപ്പിക്കേണമെ.
എന്തെന്നാൽ ഞാൻ നിൻെറ മേൽ
ശരണപ്പെട്ടിരിക്കുന്നു, അതിൽ ഞാൻ
നടപ്പാൻ നിൻെറ വഴി എന്നെ കാ
ണിക്കേണമെ. എന്തെന്നാൽ കർത്താ
വേ! എൻെറ ആത്മാവിനെ നിൻെറ
അടുക്കലേക്കു ഞാൻ ഉയർത്തി; എ
ൻെറ ശത്രുക്കളിൽനിന്നു എന്നെ വി
ട്ടവിച്ചു നിൻെറ ഇഷ്ടംചെയ്യാൻ എ
ന്നെ പഠിപ്പിക്കേണമെ. എന്തെന്നാ
ൽ നീ എൻെറ ദൈവം ആകുന്നു. നി
ൻെറ ആത്മാവു ജീവസ്സുകളുടെ വഴി
യിൽ എന്നെ നടത്തേണമെ. കർത്താ

വെ! നിന്റെ തിരുനാമം നിമിത്തം എന്നെ ആശ്വസിപ്പിക്കേണമേ. എന്തെന്നാൽ നിന്റെ നീതിയുടെ നിമിത്തം ഞെരുക്കത്തിൽ നിന്നു എന്റെ ആത്മാവിനെ പുറപ്പെടുവിക്കേണമേ. നിന്റെകൃപനിമിത്തം എന്റെ ദ്വേഷതക്കാരെ നീ മിണ്ടടക്കേണമെ. എന്റെ ആത്മാവിന്റെ ശത്രുക്കളെ നശിപ്പിക്കേണമെ. എന്തെന്നാൽ ഞാൻ നിന്റെ ദാസനാകുന്നു; ദൈവമെ സ്തുതി നിനക്കു യോഗ്യമാകുന്നു.

---

മാർ ഇഗ്നാത്ത്യോസ് പാത്രിയ
ർക്കീസിന്റെ അപേക്ഷ

ഈറേ. ാതന്റെ ഉഷെപ്പാലോകം വെളിവാക്യവനെ! എന്റെ കണ്ണാൽ കാണാത്തതിനാൽ കണ്ണുതരേണമേ * ഇരന്നില്ലാതെ ഇരുട്ടിൻ പക്കലുഷച്ച

വെളിവേ! ഇരുളായെൻെറ ഉൾക്കണ്ണു
കളെ വെളിവാക്കേണമെ * മരണനര
കത്തെ തകർത്ത എന്ന ശക്തിമാനേ!
ആ കല്ലറുസാ എന്നെ പൂട്ടിയ നരകം ത
കർക്കണമെ * ഭാഗ്യമേറിയ വയററിൽ
പൊറുത്ത ബാവായുടെ കതിരെ! എ
ൻെറ ഉള്ളിൽ വെളിവു തന്നെൻെറ
പിഴയൊഴിക്കേണമെ * തിരുവചന
ത്താൽ വ്യാധിക്കാരനെ വെടിപ്പാക്യ
വനെ! എന്നെ ഞെരുക്കുന്നാത്മവ്യാ
ധിയെ വെടിപ്പാക്കേണമെ * കുരുട
ൻെറ കൺകൾ വെളിവാക്കി തുറപ്പി
ച്ചവനെ, ചതിയാലിരുണ്ട ആത്മക്ക
ണ്ണുകളെ തുറന്നുതരേണമെ * തളർന്നവ
ൻ കട്ടിലെടുത്തുനടപ്പാനരുൾ ചെയ്ത
വനെ, എൻെറപിഴയാൽ പെരുകി
യ തളർച്ചയും ബലമാക്കണമെ * രാണ്യ
വർ കണിയിൽഎന്നെ പെടുത്തിഞെ
രുങ്ങിക്കുന്നു, കണ്ണിതകർത്തിതണ്യവൻ

കയ്യിൽ നിന്നെടുക്കണമെ * ലോകമ
തിന്റെ മോഹത്താലെതട്ടിച്ചെന്നെ,
നിന്റെ വഴിയിൽ നടപ്പാനെന്നെതി
രിപ്പിക്കേണമേ* കടലിലായിഞാനോ
ളം തല്ലിവലഞ്ഞുപെരികെ തൃക്കൈ
നീട്ടി കോരിയെടുത്തു രക്ഷിക്കണമെ.
*തൃക്കൈ നീട്ടി ശീമോനെ കടലിൽ
നിന്നെടുത്തവനെ, ദോഷം എന്നെമുഴ
ഷിച്ചതിനാൽ കയ്യയക്കല്ലേ * ക്രന
പ്പെട്ടവളായസ്ത്രീയെ നിവരിച്ചവനെ.
ദോഷഫലനംകൊണ്ടെന്റെ ക്രനം നി
വരിക്കെണമേ * ഉയിർപ്പെട്ട വെള്ളം
ഞാനെന്നടുഹാസിച്ചവനെ, ദാഹിച്ച
വനെന്റെ പക്കൽവന്നുകുടിക്കട്ടെ* ഉ
യിർപെട്ടവെള്ളം നീയെന്നെ കുടിപ്പി
ക്കേണമെ* ഈലോകത്തിൽദാഹത്താ
ലെ വലയുന്നഞാൻ, കുടിപ്പാൻ വെ
ള്ളം ശമറൈത്തായോടു ചോദിച്ചവ
നെ. ഉയിർപെട്ട വെള്ളം കൊടുത്ത

വളെനീവീശിയെടുത്തു അവളെപ്പോ
ലെ എന്നെയും നീ വീശിയെടുക്കേണ
മെ * മറുതലിച്ചു ഞാൻ അയ്യോ! എ
ന്നെ വിട്ടുകളയല്ലെ * അപ്പമസാരമ
യ്യായിരങ്ങൾക്കു വളൎമ്പിച്ചവനെ, നി
ൻെറ മേശയിൽനിന്നെൻെറ വിശ
പ്പും നീ തീൎക്കേണമെ * നായെപ്പോ
ലെകനാനെത്താേയെ പേരിട്ടവനെ,
അവളുടെ മകളെ ദേവസ്നീക്കിപൊ
റുപ്പിച്ചല്ലൊ * പുത്രനല്ലാനായെന്നെ
ന്നെ നിരൂപിക്കണമെ, മെശക്കീഴിൽ
വീഴ പൊടിതിന്നു ജീവിക്കട്ടെ * അ
ണയപ്പെട്ട മഹൈത്തെ യെ തുണചെ
യ്തവനെ പിഴയുടെ ഒഴുക്കും നില്ലാനി
നിക്കും തുണചെയ്യണമെ * യൊ അ
റാശീൻ മകൾ വീണിട്ടെഴനേല്പിച്ചവ
നെ, എൻെറ വീഴ്ചയിൽ നിന്നെന്നെ
യും നീ എഴുന്നീല്പിക്കണമെ * അഴ
കിയശേഷം ലാസറിനെ ജീവിപ്പിച്ചു

വനേ, പിഴയാലഴകിയഎന്നെയുംനീ
ജീവിപ്പിക്കണമെ * സെഹ്യോൻ തെ
രുവിൽ ദുഷിപെട്ടകഴത കരേറിയവ്
നെ പാവാടവിരിപ്പാൻ കുപ്പായങ്ങ
ളെനിക്കുതരേണമെ * നിന്നാനിലയി
ൽനിന്നെന്നെപിഴതള്ളിച്ചിട്ടു, ദോഷ
ങ്ങളുടെ ആഴത്തിൽ ഞാൻ വീണു മുഴ
കി * സ്തുതിനീയെന്നെ ഇടുവിപ്പിച്ച
ുതണ്യവനഴപ്പിച്ചല്ലോ, നിൻെറ ഓ
ഖിയുടെ കുപ്പായമിനിക്കു തരേണമേ *
ശമറായായെന്നൊവിയാൽ വിളിക്ക
പ്പെട്ടവല്ലൊ, ആദാത്തിൻെറ മുറിവും
കെട്ടിപൊറുപ്പിച്ചല്ലൊ * അറിയപ്പെ
ട്ട കള്ളരിതാ എൻെറ മേൽ വീണു,
അടിച്ചും മുറിച്ചും അഴിച്ചു കുപ്പായവും
മരിപ്പിച്ചെന്നെ * തൃക്കൈനീട്ടി എ
ൻെറ മുറിവു പൊറുപ്പിക്കേണമെ *
അടികൾ കൊണ്ടിട്ടെഴ നീല്പാനും വ
ശമില്ലയ്യോ അയത്തു എന്ന ആടെതി

രവാൻ പുറപ്പെട്ടവനെ ബാവാ പക്ക
ൽ തൊളാലെന്നെ കരയെററണമെ,
സ്വന്ഥതകാക്കല്ലാ ഞാൻ വന്നെന്ന
രുളം ചെയ്യുവനെ * തിന്മയായി തിന്മ
യായി ചമയപ്പെട്ട ജനങ്ങൾക്കത്രെ
ന്യായക്കാരൻ വിധിക്കും സ്ഥലത്തിൽ
വിധിക്കപ്പെട്ടവനെ നിൻെറ വിധി
യിലെന്നെയും നീ നാണിപ്പിക്കല്ലെ *
നിൻെറശക്തിയും പൊറുപ്പും എന്നെ
നീ കാട്ടുന്നമെ. എല്ലാവരെക്കായിലേ
ററം പെരികെ പിഴപെട്ട ഞാൻ.
ദോഷത്താ ളത്തിയൊട്ടു പൊറുത്തെ
ന്നരുളം ചെയ്യുവനെ നിൻെറ ഛാതി
ൽ മുട്ടുന്നു ഞാൻ പിഴ പൊറുക്കേണ
മെ. * കുരിശിന്മേൽനിന്നു ദാഹിക്കു
ന്നെന്നട്ടഹാസിച്ചവനെ ദാഹമിടത്തി
ൽ എരിവാനെന്നെ വിട്ടുകളയല്ലെ.
കള്ളനോടെൻെറാ കൂടെയെന്നരുളം
ചെയ്യുവനെ! സ്തുതിയാലെ നീ വരു

മ്പോൾ എന്നെയും ഓൎത്തുകൊള്ളണ
മെ പിഴച്ച ഞാൻ പുത്രനാകുവാൻ
യോഗ്യനല്ലാ നിന്റെ വീട്ടിൽക്കൂലിയെ
പ്പോലെ കൈക്കൊള്ളണമെ * മാനു
ഷ്യൻ കയ്യിൽ വീഴുന്ന കലയിൻതൊ
ലിയുരിയുന്ന പറവയും പെട്ടാൽ തൂവ
ലും ചിറകുകളും പറിക്കുന്നു. നൊയി
തായെന്റെ തൂവലും ചിറകുകളും പ
റിച്ചയ്യൊ പാമ്പിനെപ്പോലെ മണ്ണി
ലിതാ ഞാനിഴയുന്നയ്യൊ. കൎത്താവി
നെ ഒരു നേരവും ഞാൻ നിരൂപിച്ചി
ല്ലയ്യോ എന്റെ ദിവസങ്ങളെല്ലാം വെ
റുതെ പോയ്പോയല്ലൊ * അയ്യോ!
എന്റെ കൂടപ്പിറപ്പുകളേ എനിക്കുവേ
ണ്ടിരപ്പീൻ തിരുമുമ്പിൽ ഞാൻ പിഴ
ച്ചു പെരികെ അരിശപ്പെടുത്തി. അ
യ്യൊ ബാവാ നിന്റെ സ്നേഹം മറച്ചു
ച്ചു ഞാൻ ലോകസ്നേഹം അപേക്ഷക

ളിൽ ഞാൻ കെട്ടപ്പെട്ടു അയ്യോ ആ
ലോകസുഖങ്ങൾ ഞാൻ ദ്വേഷിച്ചി
യ്യോ, ഈ ലോകസുഖം ഇമ്പങ്ങളെ
യും സ്നേഹിച്ചു ഞാൻ. അയ്യോ മോ
ക്ഷം അഴിവില്ലാത്തതുപേക്ഷിച്ചല്ലൊ ഞാ
ൻ, അഴിയപ്പെട്ട നേട്ടത്തെ ഞാൻ
സ്നേഹിച്ചല്ലോ അയ്യോ മാനുഷനം സാ
രമിനിക്കിമ്പമായി തമ്പുരാനൊടുള്ള
സംസാരത്തെക്കായിൽ. അയ്യൊ തുരു
മ്പായ കണ്ണാടിപോൽ ഞാനായല്ലോ
അതിലൊരാന്തം സൂക്ഷിച്ചാൽ കാൺമാ
നില്ലേതും * ലോകം എന്നെ കീഴട
ക്കീട്ടതുപോൽ ഞാനായി എന്റെ പി
ഴയിൽ ഭൂമിയും കരഞ്ഞു കണ്ടില്ലാ
ഞാൻ. അയ്യോ മാനുഷരെ കാൺമാൻ
സ്നേഹിച്ചല്ലൊ കാണേണ്ടാത്തതു കാ
ൺമാൻ കണ്ണുകളെണ്ണി എരിഞ്ഞു അ
യ്യോ എന്റെ കണ്ണുകൾ തമ്പുരാന്റെ
പക്കൽ നോക്കികാൺമാൻ വശമില്ലാ

ഞാൻ നാണിക്കുന്നു. അയ്യോ സിംഹാസനത്തിന്മേൽഇരുന്നേഴുന്നെള്ളുമ്പോം തിരുമുമ്പാകെ എല്ലാവരുമെത്തണമെല്ലൊ. അയ്യോ നെറിവാളരുടെക്രുടെ ഞാനായിട്ടവരുടെ ഭരിപ്പും വ്യാപാരവും ഞാൻ പഠിച്ചില്ലയൊ അയ്യോ നല്ലവനെന്നെന്നെ വിളിക്കപ്പെട്ടല്ലൊ പ്രവൃത്തിയാലെ ആകാത്തവൻ ഞാനാകുന്നല്ലൊ. അയ്യൊ നല്ലവർ തിരുമുമ്പാകെ പോകുന്നേരം ആദിത്യനെപ്പോൽ അവരുടെ പ്രവൃത്തികൾ പ്രകാശിക്കും.

ഈ തഴെയുള്ള നിത്തു അവമേനികൾ ചൊല്ലേണ്ടതല്ല.

അയ്യോ റമ്പതാത്തിന്റെ പദവിയെടുത്തു ഞാൻ തെരുവുകൾ നഗരികൾ ജനങ്ങളുമായ്ഞാൻ വഷളാക്കിയല്ലൊ. അയ്യോറമ്പമ്മാരുടെ വലിയപദവി ദുഷിച്ചു തെരുവുകൾ വീടുകൾജ

നങ്ങളുമായി ഞാൻ സഞ്ചരിച്ചല്ലോ-അയ്യൊ കന്യവ്രതക്കാരനെന്നെന്നെ വിളിച്ചുഅല്ലല്ലോ ഞാൻ കാണേണ്ടാ ത്തതു കാണാതില്ല, അയ്യോ രഹസ്യം പരസ്യമാകുമ്പോളിനിക്കു ദുരിതം തിരുമുമ്പാകെ വെളിച്ചത്താലെ നില്ക്കണ മെല്ലൊ.

അയ്യോമേശക്കാരനെകാൺമാനെഴ ന്നെള്ളുമ്പോൾ കുപ്പായം ചവളപ്പെട്ടു ഭ്രഷ്ടപ്പെട്ടു ഞാൻ അയ്യോഎൻെറ കയ്യുംകാലുംകെട്ടിയിരുട്ടിനപുറത്തകള വാനരുൾചെയ്യുമ്പോൾ ദുരിതമിനിക്കു, അയ്യോ ആത്മം ഇണയോടട്ടഹസിക്കുമ്പോൾ ഒരു ഭാഗത്തു നോക്കിയാലും ഒരു തുണയില്ലല്ലൊ.വെളിവിൻമക്കളുടെ വ്യാപാരമുപെക്ഷിച്ചുഞാൻ കായെൻമക്കൾ പക്കൽശെസ്സംമക്കൾപോലെ അയ്യൊ കഞ്ഞാടെന്നെന്ന വിളിക്കപ്പെട്ടു പ്രവൃത്തിയാലെ

ചവളപ്പെട്ട പുള്ളാടല്ലൊ, ഒന്നും ച
ളിയും വെണ്ണീർ വിടക്കായ പാപപ്പെ
ട്ടവൻ ഞാൻ എന്റെ കർത്താവെ! ഞാ
ൻ നിന്നോടപേക്ഷിക്കുന്നു, കർത്താവേ
അരിശംകൊണ്ടെന്നെ ശിക്ഷിക്കല്ലെ
പെരികെ രോഗമിനിക്കായതിനാൽ
അനുഗ്രഹിക്കേണമെ, വെള്ളത്തിൽ
ഞാനായി എന്നെ രക്ഷിക്കേണമെ.
ആഴപ്പെട്ട കുഴിയിൽ മുഴകി നിലയിനി
ക്കില്ല നി,ന്റെ പക്കൽ ആത്മമുയർത്തി
പാർത്തു ഞാനു നാഥാ, എന്റെ ശത്രു
നിഗളിച്ചെന്നിലാക്ഷേപിക്കല്ലെ പ്ര
തിയോഗി എന്നെ ചവിട്ടിയതിനാല
നുഗ്രഹിക്കേണമേ, ദിവസമത്തൊക്കെ
പടയാളിഞെരുക്കം അടങ്ങുന്നില്ലാ, ത
മ്പുരാനെ! എന്റെ അപേക്ഷ നീ കേ
ൾക്കേണമെ. ശത്രുവിന്റെ പേടിയി
ൽനിന്നെന്നെ കാക്കണമെ. എപ്പൊ
ഴോളം കർത്താവെ നീ എന്നെ അയച്ചും

എപ്പോഴോളം തിരുമുഖമെന്നോടു തി
രിപ്പിക്കും എപ്പോഴോളം ശത്രു എന്റെ
മേൽ നിഗളിക്കും മതിയവനെന്നിൽ ദു
ഷ്കൎമ്മം പെരികെ ചെയ്തു. ദോഷക്കാര
ത്തിയെപ്പോലെ എന്നോടു പൊറുക്കേ
ണമെ. അവളെക്കായിലേറ്റം പെരി
കെ പിഴപെട്ടു ഞാൻ. ചുങ്കക്കാരനെ
പ്പോലെ എന്നോടു പൊറുക്കണമെ.
ലോകത്തിലെന്നെപ്പോലെ ആരും പി
ഴചെയ്തില്ല. എല്ലാവരെക്കായിലേറ്റം
പെരികെ പിഴപെട്ടു ഞാൻ എന്റെ
കൎത്താവേ ആകല്ലൂറുസായിക്കാകല്ലെ.
ഞാൻ, അയ്യോ എന്റെകണ്ണെ നിന്നെ
യിരുട്ടിയതാര് നിന്റെവെളിവു പൊ
യ്പോയോ നീകാണുന്നില്ലെ സൃഷ്ടി
പ്പിൽ സൈപ്പയുപ്പെട്ടുവാൻ നീനോക്കു
ന്നില്ല വേണ്ടാത്തതൊക്കവേണ്ടാ എ
ന്നുനീ വെക്കുന്നില്ല അയ്യൊ എന്റെക
ണ്ണെ നിന്റെപിഴ പൊറുതിക്കകണ്ണി

ൽ തുള്ളികൾ പൊടിക്കാത്തതു ദുരിതമായല്ലൊ. കറച്ചുവന്നിതാപോകുന്നെൻ ആരെന്നെ വെളുപ്പിക്കും കണ്ണുനീരുകളുടെ ഉറവകളും നീ മുടക്കിയതുകൊണ്ടു അയ്യൊ എന്റെ വായെ സ്തുതി നീ പാടുന്നില്ലാ. വാക്കും കളിയും ചിരിയും തന്നെയുള്ളു നിനക്കു അയ്യൊ എന്റെ ചെവിയെ വേണ്ടുന്നതു നീ കേൾക്കുന്നില്ലു വേണ്ടാത്തതിനെ കേൾപ്പാൻ മോഹം പെരികെ നിനക്കു അയ്യൊ എന്റെ കയ്യെ കൊടുപ്പിലും മേടിപ്പിലും ശ്ലേഷത്തനായി നീ ആലാത്തുകളാലെ നിന്നെ കെട്ടപ്പെട്ടുമെല്ലൊ അയ്യൊ ആത്മാവെ ചോദ്യദിവസവും മരണനാഴികയുമുണ്ടെന്നു നീ ഓർക്കുന്നില്ല. അയ്യൊ എന്റെ ശരീരമെ അനുഗ്രഹമില്ലയെന്ന തീയും പുഴുവും പല്ലുറമ്മലും നീ ഓർക്കുന്നില്ലെ മൃഗംപോലെ തിന്നുണ്ണമെന്നെയുള്ളു നിനക്കു, ഭൂമിക്കീഴെ മണ്ണാ-

യിക്കിടകളമെന്ന നിനവില്ല എന്റെ
ചെറുപ്പങ്ങളംമേൽ എന്റെ കിനാ
മായയോട്ടു കയ്പാലെ കരഞ്ഞുകൊണ്ടു
ഞാൻ മുറയുമിടട്ടെ തണ്ട്യലോകമതി
ന്റെകൂടെ എന്നെ പൂട്ടി അടിമയെ
പ്പോലെ കെട്ടിയിട്ടെന്നെ വേലചെ
യ്യിച്ചു അതിന്റെ അപേക്ഷകൾ തട്ടി
ച്ചെന്നെ ചാഞ്ഞുപോയി ഞാൻ വേല
ക്കലിതന്നതിനിക്കു നാണക്കേടു ലോക
മെ. നിന്നെരസിച്ചു ഞാൻ തേനെക്കാ
യിൽനീനല്ലു ന്റെരസത്താലതിക
യ്പുള്ളമിനിക്കു പൊടിച്ചു തിരിയുന്ന
നിഴൽപ്പോലെ ലോകം കടക്കുന്ന
ല്ലൊ കടിയവഴിക്കു തണ്ണീർകുടി ഞാൻ
കരുതിയില്ല. ലോകമതിന്റെ അപേ
ക്ഷകളാലെ കൊഞ്ചിച്ചെന്നെ ദുഷ്കർമ്മ
മാക്കി, അതിന്റെക്കൂടെ അമത്തുംപോ
യി ഞാൻ. പൈതൽപ്രായംമയ്യചിന്തം
ക്ഷവതച്മന്തിക്കും സദൃശമെല്ലൊ എ

ന്റെ ആയുസ്സ ഒടുക്കിയല്ലൊ. ഞാൻ സ്ലീബായുടെ പ്രഭാവെളിവു പെടുന്നേരം അതിന്റെ നിഴല്ക്കീഴ വാസനത്തിൽനിന്നദൈവമെ എന്നെ മറച്ചുകൊള്ളെണമെ. കൊമ്പുവിളിക്കും മരിച്ചുവരുയൎക്കുന്നാ നേരത്തിൽ ഭ്രമിക്കുന്ന ചോദ്യത്തിൽ നീ എന്നെ നിൎത്തല്ലെ, തീക്കടൽമുഴവുന്നനേരത്തിൽ മാമോദീസാക്കപ്പലിനിക്കായതിനാലെന്നെ നടത്തിക്കണമെ. ചണ്ഡാളരുടെ മേൽ തീയത്തുഴവുന്നാനേരത്തിൽ ഇനിക്കുടക്കാതെ എന്റെശരീരം തീയകററണമെ. ലോകം വിധിപ്പാൻനീ എഴുന്നെള്ളുന്നനേരത്തിൽ അനുഗ്രഹത്താലെകരുണചെയ്തെന്നെ വിധിപ്പെടുത്തല്ലെ. ഭാഗംരണ്ടായി വേർതിരിയുന്ന നേരത്തിൽ നിന്റെചോരകൊണ്ടെന്നെ ഇടത്തുനിൎത്തല്ലെ തണ്യവർ മുഖത്തിൽ വാതിലടക്കുന്നാനേരത്തിൽ ദോഷിക

ളെപ്പോൽ മുടിവാനെന്നെയുപേക്ഷി
ക്കല്ലെ നിന്നിൽഞാൻകൊണ്ടാടി എ
ന്നിൽനീ കൊണ്ടാടേണമെ ആദാംബാ
വാ നിന്നോടിനിക്കവേണ്ടിയപേക്ഷി
ക്കം അവനേയും അവന്റെയപേക്ഷ
യും സ്നേഹം നിനക്കുണ്ടല്ലൊ. രണ്ടാ
മത്തെ ആദാമാകുവാൻ യോഗ്യനായ
പുണ്യപ്പെട്ട നോഹും നിന്നോടിനിക്ക
വേണ്ടി അപേക്ഷിക്കം. അബ്രഹാമി
സഹാക്കയാക്കോബുംവിശുദ്ധപ്പെട്ടയൌ
സേപ്പും നിന്നോടിനിക്കവേണ്ടി അ
പേക്ഷിക്കം കടൽ ഭാഗിച്ച വലിയ മൂ
ശയും ആദിത്യനെ നിലനിർത്തിയ ഈ
ശോബനോനും നിന്നോടിനിക്കവേ
ണ്ടി അപേക്ഷിക്കം റൂഹാദക്കുദിശാ
യാലെ അറിവുപറയപ്പെട്ട നിബ്യന്മാ
രുംനിന്നോടിനിക്കവേണ്ടിഅപേക്ഷി
ക്കംനിന്നെപ്രസവിച്ച അമ്മനിന്നോ
ടിനിക്കവേണ്ടിയപേക്ഷിക്കംനിന്റെ

തലമേൽ കൈവെക്കുന്ന മെത്രിമകാരും ശ്ലീഹന്മാരും നിന്നോടിനിക്കവേണ്ടിയപേക്ഷിക്കും ബാവാന്മാരും ദുഃഖിച്ചുന്ന സഹോദരന്മാരും റമ്പാന്മാരും നിന്നോടിനിക്കവേണ്ടിയപേക്ഷിക്കും തനിയവരും തൂണുകളിരുന്ന കരഞ്ഞവരും ഇവരെല്ലാവരും നിന്നോടിനിക്കവേണ്ടിയപേക്ഷിക്കും ഇവരെക്കുറിച്ചും എന്റെ പിഴകൾ പൊറുത്തുകൊള്ളേണമെ കറകൾമുറിവുകൾ നിറയപ്പെട്ട പാപിയല്ലൊ ഞാൻ നിന്നിലപേക്ഷിച്ചല്ലൊ എന്നിലപേക്ഷിക്കല്ലെ, കള്ളനോടു ദോഷക്കാരത്തിയോടും സക്കായിയോടും പൊറുത്തതുപോലെ പൊറുത്തുകൊള്ളേണമേ. തമ്പുരാനെ നിന്നോടു കരഞ്ഞിരക്കുന്ന ഞാൻ അനുഗ്രഹിക്കേണമെ, എന്റെ പിഴയും പൊറുത്തുകൊള്ളേണമെ. ദോഷത്താളരുടെപക്കൽ ഓടി നിന്നെ ഇറക്കി

ദുഃഖങ്ങളേയും മരണത്തേയും നിക്കൈ
ക്കൊണ്ടല്ലൊ നിന്റെദുഃഖം രക്ഷി
ച്ചെന്നെ നിന്റെചോര എന്നെക്കൊ
ണ്ടകത്താവേ! നീ എന്നെ മറക്കല്ലെ
ആകല്ലറസാ എന്നിൽ പെരികെ ഉ
പദ്രവിച്ചു എന്റെ കണ്കൾമൂടികനീ
ക്കി വെളിവാക്കെണമെ, മരിപ്പിൻദി
വസം കയ്പുപെട്ടതുമാകുന്നല്ലോ വി
ധിയിൻദിവസം കട്ടമപെട്ടതു തന്നെ
യല്ലൊ അയ്യൊ ആ നേരം ഞാൻ എ
ന്തു പ്രവൃത്തിക്കേണ്ടു വിധിയുടെ ദിന
വും എന്നെഞെരുക്കി ഭയപ്പെടുത്തുന്നു
പുറത്തിരുട്ടിന്നു പോകുവിനെന്നരുൾ
ചെയ്യുന്ന തിരുവചനം കേൾക്കുമ്പോ
ൾ ദുരിതമിനിക്കായല്ലൊ അനുഗ്രഹ
ത്താൽ കാത്തു അനുഗ്രഹത്താലൊട്ടു
ക്കവും എന്നെരക്ഷിക്കേണമേനിന്റെ
മനൊഗുണം നിന്നോടിനിക്കവേണ്ടി
അപേക്ഷിക്കും എന്റെ മേലതു ചിറ

കവിരിച്ചീവണ്ണംചൊല്ലും ഇവനൊ
ക്കെത്തന്നെ ചതിവുംപിഴകളുമെങ്കിലും
ആരു നീ ഇവന്റെപിഴകളൊന്നുംനീ
ഓപ്പാനൊ വെളിവിൻമക്കളെഎന്നി
ൽനീ തെളിയിപ്പിക്കെണമെ പാപി
യോട്ടു പൊറുത്തെന്നല്ലാവരും ചൊ
ല്ലും എന്റെ കടങ്ങളും പിഴകളുമെ
ന്നോടുപൊറുക്കേണമെ. മോക്ഷമിട
ത്തിൽതെളിവാൻ എന്നെ യോഗ്യനാ
ക്കേണമേ, ദോഷക്കാരത്തി അപേക്ഷി
ച്ചപ്പോൾ കൈക്കൊണ്ടപോലെ ഞാ
നപേക്ഷിച്ചില്ലെങ്കിലും എന്നെ കൈ
ക്കൊള്ളണമെ ഒട്ടക്കത്തെ ക്രൂശികളി
ലെന്നെ നിരൂപിക്കണമേ, മുമ്പിലത്തെ
വരേപ്പോലെ പണംനീ കണ്ണക്കിടല്ലേ
ഒന്നറിവാലെ ലോകം വിധിപ്പാൻ സ്തു
തിയാലെ നീ മാലാഖമാരുമായി എ
ഴുന്നള്ളത്തുണ്ടല്ലൊനിനക്കു സ്നേഹം
കണ്ണുനീരെന്ന കേൾവിയിനിക്ക ദോ

സ്കാരത്തി കരഞ്ഞതുകൊണ്ടു പിഴ പൊറുത്തല്ലൊ എന്റെ രോഗം നീയെഴികെ ആരു പൊറുപ്പിക്കും വൈദ്യനും നീ എന്റെ രോഗം പൊറുപ്പിക്കേണമെ കരച്ചിലുകൾ മുറകൾ തന്നതിനിക്കാരാകുന്നു. പക്ഷെ എറമിയാ വന്നെന്നെ പഠിപ്പിക്കേണമെ. കൈക്കൂലിതരുവാൻകണ്ണുനീരിനിക്കില്ലെന്നു വരികിൽ നിന്റെ അനുഗ്രഹങ്ങൾ നേടുവാൻ ഇനിക്കാകണമെ, കർത്താവെ! സ്ലീബാനിഴലായി എന്നെ മറച്ചുകൊള്ളേണമെ. നിന്നെയും ബാവായേയും റൂഹായേയും ഞാൻ കൊണ്ടാടുന്നു.

—:*:—

ദുഃഖവും പകരുന്ന വ്യാധിയുമുള്ള കാലത്തു ചൊല്ലേണ്ട അപേക്ഷ.

പള്ളിത്താമക്കളെക്കൂട്ടി വഴിയിൽ പുറപ്പെടുന്നു പടകൾ പുറപ്പെടുന്ന പടത

ലവരെപ്പോലെ വില്ലിനുപകരം അപേക്ഷകളുമായി അമ്പിനുപകരം നമസ്കാരവുമായി വാളിനുപകരം കരിശ്രുമതുമായി ദൈവത്തോടിടക്കുന്ന ഇവിടെനിന്നരിശവടി നീക്കേണം ദൈവമെ, ഹാല്ലേലുയ്യാ, അനുഗ്രഹം ചെയ്യേണമേ. മനോഗുണമെ ഞങ്ങളുടെ കൂടെ വന്നപേക്ഷിക്കേണമെ, അനുഗ്രഹമുള്ള അമ്മെപ്പോലെ ലോകം നോക്കുന്നു. സമാധാനവും നിറപ്പും കൂടേ വരുത്തേണമെ. ഞങ്ങളുടെമേൽ ചിറകു വിരിക്കേണമേ. ദൈവമിടത്തെ താക്കോലും നിന്റെ കയ്യിലല്ലൊ. തേറുന്ന പിഴയാളുക്കു വാതിൽ തുറക്കേണമെ. ഹാല്ലേലുയ്യാ ഉഹാല്ലേലുയ്യാ ദോഷത്താളുരുദോഷങ്ങൾ പ്രവൃത്തിച്ചെങ്കിൽ ഉണ്ണികൾമേൽ കരുണചെയ്യു. ഉണ്ണിനീയായെല്ലൊ പട്ടക്കാർമേലും വേലക്കാർമേലും നിത്യവും നിന്നെ വിളിക്കു

ന്നവരെല്ലാം ഞെരുക്കത്തിലുള്ള ജന
ത്തെ കരുണ ചെയ്യേണമെ. അനുകൂ
ലത്തിന്ന പുറപ്പെട്ടുവാനരുളിചെയ്യേ
ണമെ. ഹാല്ലേലൂയ്യാ അനുഗ്രഹം ചെ
യ്യേണമെ. നന്നാകുവാൻ ബാവാമക്ക
ളെ ശിക്ഷിക്കുംപോലെ ദോഷക്കാരെ
നന്നാകുവാൻ ദൈവം ശിക്ഷിക്കും.
വടി തൃക്കയ്യിൽ അടിപ്പാൻ തുടങ്ങുന്നു
ക്ഷയിക്കുന്നതിന്ന കരുണ ചെയ്യുന്നു.
മെത്രാൻ പോൽ ശിക്ഷിക്കല്ലെ ത
മ്പുരാനെ! ബാവേൽപോൽ ക്ഷയി
പ്പിക്കല്ലെ രക്ഷിക്കുന്നവനേ! ഹാല്ലേ
ലൂയ്യാ ഉ ഹല്ലേലൂയ്യാ കപ്പൽപോൽ ഭൂ
മിതാഫലങ്ങൾ ചുമക്കുന്നു. തുറമുഖ
ത്തിൽ നിന്നടയവനോടപേക്ഷിക്കു
ന്നു ഓളമിഃത്ത ശിമഓനെപ്പോലെ
അനുഗ്രഹമുള്ള തൃക്കൈ നീട്ടേണമെ.
സ്ലീബായാലെ ഫലങ്ങൾ കാക്കേണ
മെ. അഗതികളും ഭിക്ഷക്കാരും തിന്നു

സ്തുതിപ്പാനായ് ഹാലേല്ലുയ്യാ, അനു
ഗ്രഹംചെയ്യേണമെ. മരിച്ചവൎക്കുയിര
വർ ഗുണം കൊടുപ്പാൻ കാലമിതായ
ല്ലോ,പൊറാറില്ലെന്നമച്ചികൾക്കും പെ
ററസ്ത്രീകളും തണ്യകേൾവി കല്പ്പെട്ടു
ഇളക്കം തെരുവുകൾ കുടികൾ നഗരി
കളചുററുമായി ശിഷ്യരുമുന്നിൽ കടലട
ക്കിയ തമ്പുരാനെ! ഇളക്കത്തിലായ
ലോകരുമേലനുഗ്രഹം ചെയ്യേണമെ.
ഹാല്ലേലുയ്യാ ഉഹാലേല്ലുയ്യാ മീഖാദയ
ൽ ആയുധമെടുത്തു, ദോഷക്കാരിള
കി, ശിക്ഷയുടെ വില്ലുവലിച്ചു ദൈവ
മയച്ചപ്പോൾ അരിശത്തിൻടെ അ
സ്ത്രങ്ങൾ മൂന്നു അടിമയടക്കം പഞ്ഞാ
വസന്തയും അസ്ത്രങ്ങൾ പുറപ്പെടാ
തെ തൂക്കെ തടുക്കേണമെ. അസ്ത്രങ്ങ
ൾ വീഴുമിടത്തിൽ അനുഗ്രഹം ചെ
യ്യേണമെ ഹാലേല്ലുയ്യാ ഉഹാലേല്ലുയ്യാ.
നഗരികൾ കുടികളിൽനിന്നു കരച്ചി

ൽ കേൾക്കുന്നു. ഇരിക്കയിൽ നിന്നു മരണമതായി ജനങ്ങൾ നശിക്കുന്നു. നേട്ടങ്ങളിതാ നേടുന്നവരില്ല ഉയിര വരിതാ. തെളിവുകളുമില്ല. ഒക്കെയു ടെ ഉടയവനായ തമ്പുരാനേ! സൃഷ്ടി പ്പുകൾമേൽ കരുണ ചെയ്തനുഗ്രഹം ചെയ്യേണമേ ഹാല്ലേലുയ്യാ മനഗുണം നല്കണമെ. മൊറിയോറാഹേം ആ ലൈന്ത ആദാറെൻ:

——:*:——

മാർ അപ്രേമിൻെറ മെമ്മറാ.

ദൈവമേ! അനുഗ്രഹിക്കാ; അപേ ക്ഷകൈക്കൊള്ളേണമേ. പൊറുതിയും മനോഗുണവും ഞങ്ങൾക്കു നല്കണ മേ. രക്ഷിക്കയില്ലായെന്നു ആരും കുററ പ്പെടുത്തല്ലെ. നിന്നൊടു രക്ഷപ്പെട്ട നമ്മളും അപേക്ഷിക്കാ. മടിനമുക്കേയുള്ളു. ദൈ വം മടിക്കുന്നില്ലാ. അപേക്ഷ കിട്ടുമെ ന്നു അരുളപ്പാടുണ്ടല്ലോ. അപ്പംമക്കൾ

ചോദിച്ചാൽ, കല്ലുകൊട്ടുക്കനില്ല. മീ
നിനുപകരം പാമ്പും, ഇല്ലായെന്നുരുള്ള
ണ്ടല്ലൊ, ദിഷ്ടനിയപേക്ഷിച്ചാൽ മൂട
ക്കുന്നില്ലാ ദൈവം. തേററത്താലെവി
ളിച്ചാൽ, ദൈവം വാതിൽ തുറക്കും. ദാ
നിയെൽ വിളിച്ചപ്പോൾ, മാലാഖാ
വന്നിറങ്ങി. അപേക്ഷകൾ തുടസ്സം, കരി
ശിതാനമുഹകത്താവേ ഉടയനെപോ
ൽ, നല്ലശരണം ചെയ്യ. അപേക്ഷ കൈ
ക്കൊള്ളണമെ. അനുഗ്രഹിക്കേണ
മെ. ആവലാധിയാക്കല്ലെ. ഈനാടുമൂ
ടിക്കല്ലെ. വസന്ത വരുത്താതെ അരി
ശം നീക്കേണമെ. കണ്ണുനീരപേക്ഷകൾ
വേണാ ദുഃഖം മനസ്സിൽ. പുഞ്ചിരി
ക്കവേണ്ടാ. മനസ്സു കാന്തം വേണ്ടാ.
വയസ്സന്മാർ പിഴച്ചാൽ, പൈതങ്ങള
പേക്ഷിക്കാം. പൈതങ്ങളപേക്ഷിച്ചാ
ൽ, തിരുവുള്ളമുണ്ടല്ലൊ. തേറുന്ന ഏ
ന്നവനിൽ, മാലാഖമാർ തെളിയും. ഞ

ങ്ങളുടെ ദോഷംകൊണ്ടു, ഭൂമിയെ ശി
ക്ഷിക്കല്ലെ. പുണ്യവാളരെക്കുറിച്ചു,
ശിക്ഷകൾ നീക്കേണമെ. കയ്പപെ
ട്ട ദീനത്തിൽ, ഞങ്ങളുടെ തല ചായ്ക്ക
ല്ലെ. ശിക്ഷയും അരിശവും, ഉണ്ടാകും
കാലങ്ങളിൽ ഞങ്ങളുടെ മുഖങ്ങളിൻ,
വാതിലടപ്പിക്കല്ലെ. ദോഷക്കാർ ഞ
ങ്ങളെന്നു, കൊണ്ടാടുന്നിതാ ഞങ്ങൾ.
കർത്താവേ തൃക്കൈനീട്ടി, വാഴ്ത്തുകയീ
ജനത്തെ. നല്ലുനീ തണ്ണ്യവർമേൽ, ക
രുണചെയ്യേണമെ. ശ്രീഭണ്ഡാരമിട
ത്തു, ഇതാഞങ്ങളടുത്തു. മനഃഗുണക്കാ
രനെ, വാതിൽ തുറക്കണമെ. പൊറു
തിയും അനുഗ്രഹവും ഞങ്ങൾക്ക ന
ല്കേണമെ വാതിലുകളെ നിങ്ങൾ, ത
ലകളുയർത്തുവിൻ! ബഹുമാനങ്ങളുടെ
രാജാവുതാൻ വരുകട്ടെ. ശ്രീഭണ്ഡാര
ത്തിൽ നിന്നു മനോഗുണം വരട്ടെ. ന
ല്ല ഉടയവനെ, സങ്കടം കേൾക്കേണ

മെ. ആത്മങ്ങൾ കരയുന്നു, കടങ്ങൾ പൊറുക്കേണമെ. ഇപ്പോഴ മെല്ലായ്പോഴും, എന്നേക്കമെന്നന്നേക്കം, ഞങ്ങളെ മറക്കാതെ, രക്ഷിച്ചുകൊള്ളേണമെ.

അരോചകം.

ദോഷക്കാരുടെ തേററത്തിൽ തിരുമനസ്സായിതെളിയുന്ന ദൈവം തമ്പുരാനെ നിന്നോടുഞങ്ങൾ പിഴച്ചു എന്നതുകൊണ്ടു ഞെരുക്കത്താലെ ഞങ്ങളെ നീ ശിക്ഷിക്കല്ലെ. ഭാഗ്യമുള്ള അമ്മയെക്കുറിച്ചും നിബ്യൃന്മാരെക്കുറിച്ചും സഹദേന്മാരെക്കുറിച്ചും ശിക്ഷകളൊക്കെ ഞങ്ങളിൽ നിന്നുനീമുടക്കേണമേ. കർത്താവെ! കയ്പപ്പെട്ട ഈ ദണ്ഡത്തിൽ ഞങ്ങളുടെ തല നീ ചായിക്കരുതെ. അനുഗ്രഹിക്കുന്നവൻ തമ്പുരാൻ നീ എന്നുപെട്ടാങ്ങയാലെ ചൊല്ലിയവൻ നീയാകുന്നു. എന്നതുകൊണ്ടു

അരിശത്തിന്റെയും ശിക്ഷയുടെയും
കാലത്തിൽ ഞങ്ങളുടെ മുഖങ്ങളിൽ
നീ വാതിലടക്കരുതെ. ദോഷക്കാർഞ
ങ്ങളെന്നു ഞങ്ങൾ ഏറ്റുപറയുന്നു. നി
ന്റെ അനുഗ്രഹങ്ങൾ ഞങ്ങൾക്കു നീ
വിസ്തീർണ്ണമാക്കേണമെ. തമ്പുരാനെ അ
നുഗ്രഹത്താൽ ഞങ്ങളെ നീ രക്ഷിച്ചു
കൊള്ളേണമെ. ഏരട്ടിക്കപ്പെട്ട മരണ
ത്തിൽനിന്നു ഞങ്ങളെ നീ രക്ഷിച്ചു
കൊള്ളേണമെ. ഞങ്ങളുടെ നമസ്കാര
ത്തിനും അപേക്ഷകൾക്കും മനോഗുണത്തി
നുടെ വാതിൽ തുറന്നുതരേണമെ. ഞ
ങ്ങൾ കൈക്കൊണ്ടു എന്ന നിന്റെ
ശരീരവും രക്തവും ഞങ്ങളുടെ ഇട
ത്തിന്നു തുണയായിരിക്കേണമെ. ജയ
മുള്ള ആയുധമാകുന്ന നിന്റെ സ്ലീ
ബാ നിന്റെ ലോകക്കു രക്ഷയാ
യിരിക്കേണമെ. നല്ലമേയയുള്ള ഇടയ
നായ തമ്പുരാനെ ഞങ്ങളുടെ ആവ

ലാധി നീ കേൾക്കണമെ. ഞങ്ങളുടെ ആത്മങ്ങൾ നിന്റെ പക്കൽ അട്ടഹാസിക്കുന്നതുകൊണ്ടു ഞങ്ങളുടെ കടങ്ങൾ നീ പൊറുക്കേണമെ. മാനോഗുണക്കാരാ നിന്നോടല്ലാതെ ആരോടു ഞങ്ങൾ അപേക്ഷിക്കേണ്ടു? ആരെ ഞങ്ങൾ കമ്പിടേണ്ടു? അപേക്ഷിപ്പാനും കമ്പിടുവാനും നീയല്ലാതെ ആരും ഞങ്ങൾക്കില്ലാ, അതുകൊണ്ടു നിന്റെ തൃക്കൈനീട്ടി ഞങ്ങളെ നീ വാഴ്ത്തണമെ. തിരുവുള്ളംകൊണ്ടു ഇല്ലായ്മയിൽ നിന്നു ഞങ്ങളെ സൃഷ്ടിച്ചവനായ ദൈവമെ! ഞങ്ങളുണ്ടായപ്പോൾ തിരുവുള്ളക്കേടുകൊണ്ടു ഞങ്ങളെ നീ ക്ഷയിപ്പിക്കരുതേ, കോപത്തിൽനിന്നു ഞങ്ങളെ നീ രക്ഷിച്ചുകൊള്ളേണമെ. ഇപ്പോഴും എല്ലാ സമയത്തും എന്നുമെന്നേക്കും ആമ്മീൻ.

—:*:—

അനുതാപത്തിന്റെ മെമ്മറാ

ആത്മാവേ! എന്തുനിനവിൽ, പിഴയാലെ നീ നടക്കുന്നു. അയപ്പാലനീ മറക്കുന്നു, അയ്യോ നീ തേറുന്നില്ലാ. ഇഹലോകം കടക്കുന്നല്ലെ, നപ്പം പോലെ സൎവ്വവും. ഉഴറിവരുന്നൊരുദിവസത്തിൽഅയ്യൊനീ വിധിപ്പെടുന്നല്ലൊ. ശക്തിയാലെ നീ നിലവിളിച്ചു, കരഞ്ഞുംകരയിച്ചും രേറ്റമിട്ടു. അറിയുന്നവരൊക്കെകരയും, അയ്യൊ ദുരിതം നിനക്കായി. ദാവീദും പിഴപ്പെട്ടപ്പോൾ, കണ്ണുനീരാലവൻ കട്ടിൽ നനച്ചു. രാപകലായവൻ മുറയിട്ടു, അയ്യോ നിനക്കും പിഴ പെരുകി. ആഴത്തിൽ നീ കുഴികുഴിച്ചുബലമുള്ളതിയും നീ പെരുക്കി, ചതിവാൽ വിറകും നീ കൂട്ടി, അയ്യോ അതിൽ നീ എരിയുമല്ലൊ- അയ്യോ ദൈവം വലിയവൻ എത്ര കൊട്ടരക്കാരനവൻ, ആ നേരം വരുമെന്നു

മ്പോൾ, അയ്യോ രക്ഷ നിനക്കാരു? നി
ന്റെ കാലവുംനേരങ്ങളും, പിഴയാലെ
നീ നടന്നല്ലൊ, ഒടുക്കത്തെ വരവു വരു
മ്പോൾ, അയ്യോ എവിടെക്ക നീപോ
കും? നിന്റെ കയ്യാൽപിരിച്ചെന്ന, ആ
ലാത്തുകളാലെതന്നെ, നിന്റെ കൈ
കാലും കെട്ടും, അയ്യോ അഴിപ്പാനാരു
ള്ളു? നീമരിച്ചെങ്കിൽനന്നല്ലൊ, നീപി
റക്കായ്കിലേറെനന്നു, ഉയരവരിൽനി
ന്നെക്കായിൽ, അയ്യോ മരിച്ചവൎക്ക മു
ന്നംനീ. വലിയദൈവത്രുപമേ, മോക്ഷ
വാസിയായ നീ, വെട്ടപ്പെട്ടന്ന ദിവസ
ത്തിൽ, അയ്യോ എവിടയ്ക്കു നീമറയും.
എത്ര നീകല്പ്യംപറഞ്ഞു, എത്ര വട്ടം
നിശ്ചയിച്ചു, തേറാമെന്നു നീനേരുന്നു,
അയ്യോ നീ തേറുന്നില്ലാ- പാപി! എ
വിടയ്ക്കു നീ പോകും, ആനാഴികയിൽ
നീഎന്തു ചെയ്യും? വലിയമിന്നൽ മി
ന്നുമ്പോൾ, അയ്യൊ എവിടക്ക നീ

പോകും- ഉയരവുമാഴവുമിളകുമ്പോൾ,
അത്യുപിത്യുപികളുമിളകും, മലകൾ
പാറകൾ പൊളിയുമ്പോൾ, അയ്യോ
എവിടയും നീറെയും-ഇരുട്ടുകൾ നി
ന്നെയടക്കുമ്പോൾ,വെട്ടം കാട്ടുവാനാ
രുള്ളു, തീച്ചൂളയിൽ നീ എരിയുമ്പോ
ൾ,അയ്യൊതണുപ്പിന്നാരുള്ളു? ഒക്കയി
ൽനിന്നും നീപിഴച്ചു,നിന്റെ ദോഷ
ങ്ങളവപെരുകി, പിഴകൾവലിയമുറി
വായിഅയ്യൊപോക്കുവാനാരുള്ളു? പീ
ശോൻപോലെ കണ്ണുറാ, ഗീഹോൻ
പോലെ ഉണ്ണികളും, ഒക്ക്യലാസും
പ്രാസുംകൂടിയാൽ, അയ്യോ നീ വെള്ള
ക്കുന്നില്ലാ. തോററങ്ങൾ അറിയുന്നവ
രെ, നിന്റെക്കൂടെ നീ വിളിക്കാ,മര
ണത്തിലായ നിനക്കു, അയ്യോ അറി
ഞ്ഞവരും കരയും- മനസ്സിൽ ഗുണമി
ല്ലാത്തവനെ, നിന്നൊടുഗുണംചെ
യ്യും, ദൈവംനിന്നെ അകററുമ്പോൾ,

അയ്യൊ ആരു സഹായിക്കും? മേൽനി
ന്നാകാശംതള്ളും, ഭൂമി നിന്നെ അതുവി
ഴുങ്ങു, സാമത്ഥ്യമെന്നപ്പോൽ നീ നില
വിളിക്കുംഅയ്യോകേൾപ്പാനാരുള്ളു. നാ
ഴിക നാഴിക നീ തേറും, നാഴികയൊ
ക്കയിൽ നീ പിഴക്കും, നിന്റെ നമ
സ്കാരവും നോമ്പും, അയ്യോ എങ്ങി
നെകയ്യൊള്ളും-ആവലാധി നീ ചെ
യ്യുമ്പോൾ, അന്യായക്കാരൻ മുമ്പിൽ,
ആവലാധി ഏതു കൈക്കൊള്ളും, അ
യ്യൊ ദുരിതം നിനക്കായി-ആത്മാവെ
നീ അറിഞ്ഞുകൊൾക, ദൈവത്തെ
സ്നേഹംവേണം, വീണ്ടെല്ലാവരേയും
വേണം എപ്പോഴും ആമ്മീൻ ആമ്മീൻ

——:*:——

പീലക്സീനോസുബാവായുടെ നമസ്കാരം.

സന്ധ്യയുടെ

ദൈവമെ നിനക്കുസ്തുതി, ദൈവ
മെ നിനക്കുസ്തുതി, ദൈവമെ നിനക്കു

സ്തുതി, സത്യമുള്ള പിതാവെ നിനക്കു
സ്തുതി, ആദ്യന്തമില്ലാത്തപുത്രാ നിന
ക്കുസ്തുതി, മറയപ്പെട്ടവനും സംക്ഷേപി
ക്കപ്പെട്ടവാൻ വഹിയാത്തവനുമായ
റൂഹാനിനക്കുസ്തുതി, സകലത്തിന്റെ
യും സൃഷ്ടാവെ നിനക്കുസ്തുതി, സകല
രഹസ്യങ്ങളെയും ശോധന ചെയ്യുന്നവ
നായുള്ളോവെ നിനക്കുസ്തുതി, തോ
ൽക്കാത്തശക്തിമാനും ബലക്കുറവില്ലാ
ത്ത ബലവാനുമായുള്ളോവെ നിനക്കു
സ്തുതി, നിരസിക്കുന്നില്ലാത്ത ന്യായാ
ധിപതിയും വ്യത്യാസമില്ലാതെ അനുഗ്ര
ഹിക്കുന്നവനുമായുള്ളോവെ നിനക്കു
സ്തുതി, അറിവുള്ളവരുടെ ബോധവും
ദൃഢമുള്ളവരുടെ ബോധജ്ഞാനവുമാ
യുള്ളോവെ നിനക്കുസ്തുതി, നീ സൃഷ്ടി
ച്ച സകല വാകളാലും നീ ഉണ്ടാക്കീട്ടു
ള്ള സകലനാവുകളാലും, സ്തുതി നിന
ക്കു കരേറപ്പെടുന്നവനായുള്ളോവെ

നിനക്കുസ്തുതി, മടങ്ങാത്ത ജയമുള്ളവ
നും വീഴാത്ത യുദ്ധശാലിയുമായുള്ളോ
വെ നിനക്കുസ്തുതി, മരിക്കുന്നില്ല എ
ന്നജീവനുള്ളവനും കുറവുവരുന്നില്ല എ
ന്നധനവാനുമായുള്ളോവേ നിനക്കുസ്തു
തി, പ്രീതിവാത്സല്യം വളരെയുള്ളവ
നും അനുഗ്രഹങ്ങൾ ധാരാളമുള്ളവനുമാ
യുള്ളോവെ നിനക്കുസ്തുതി കുറഞ്ഞുപോ
കാത്ത സമുദ്രവും ചുരുങ്ങിപ്പോകുന്ന
ല്ലാത്തതായ അഗാധവുമായുള്ളോവെ
നിനക്കുസ്തുതി, തന്റെ ന്യായവിധി നീ
തിയുള്ളതും തന്റെ ശോധന സത്യമു
ള്ളതുമായ നീതിമാനായുള്ളോവെ നി
നക്കുസ്തുതി, ഞെരുക്കപ്പെട്ടവരുടെ തുറ
മുഖവും ആവലാധിപെട്ടവരുടെ സ
ങ്കേതസ്ഥലവുമായുള്ളോവെ നിനക്കു
സ്തുതി, എന്നന്നേക്കും തന്റെ രാജിത
വും തലമുറതലമുറകൾക്കു തന്റെ അ
ധികാരവും നിലനില്ക്കുന്നവനായ മ

ഹാരാജാവായുള്ളോവേ നിനക്കു സ്തുതി, കുരുടന്മാരുടെ പ്രകാശവുംവഴിതെററി പ്പോയവരുടെ വഴികാണിക്കുന്നവനു മായുള്ളോവേ നിനക്കു സ്തുതി, ശരണം കണ്ടിക്കപ്പെട്ടവരുടെ ശരണവും സ ഹായമില്ലാത്തവരുടെ സഹായവുമായു ള്ളോവേ നിനക്കു സ്തുതി, കുറയപ്പെട്ട വരുടെ ഐശ്വൎയ്യവുംചുരുങ്ങപ്പെട്ടവ രുടെപുകഴ്ച്ചയുമായുള്ളോവേ നിനക്കുസ്തു തി, നീതിമാന്മാരുടെ രക്ഷിതാവും ആ വലംധിപെട്ടവരുടെ ആശ്വാസകാര നുമായുള്ളോവേ നിനക്കു സ്തുതി, ഞങ്ങ ളുടെ അന്ധകാരത്തിൻെറ പ്രകാശ വും ഞങ്ങളുടെ വാൎദ്ധക്യത്തിൻെറവടി യുമായുള്ളോവെ നിനക്കു സ്തുതി, ഭ്രമി ക്കുടാത്തവരാൽ ശുദ്ധമാക്കപ്പെടുന്നവ നും ദഹായിക്കുടാത്തവരാൽ ശുശ്രൂഷ ചെയ്യപ്പെടുന്നവനുമായുള്ളോവെ നി നക്കുസ്തുതി, കുറവില്ലാത്ത വലിയവനും

ധാരാളമായൊഴുക്കുന്നവനു മായുള്ളോവേ നിനക്കു സ്തുതി, ഇരുണ്ടുപോകാത്ത സൂര്യനും കെട്ടുപോകാത്ത ദീപവുമായുള്ളോവേ നിനക്കു സ്തുതി, തന്റെ പരിപാലനങ്ങളിൽ വിസ്മയിക്കപ്പെട്ടവനും തന്റെ വ്യാപാരങ്ങളിൽ അത്ഭുതപ്പെട്ടവനുമായുള്ളോവെ നിനക്കു സ്തുതി, സംക്ഷേപിക്കാവതല്ലാത്തവനായുള്ളോവെ നിനക്കു സ്തുതി, സ്പർശിക്കപ്പെടുവാൻ വഹിയാത്തവനായുള്ളോവെ നിനക്കു സ്തുതി, ശോധനചെയ്യപ്പെടുവാൻ വഹിയാത്തവനായുള്ളോവെ നിനക്കുസ്തുതി, റൂഹായിക്കടുത്തവരാൽ സംക്ഷേപിച്ചുകൂടാത്തവനും ഭൂമിക്കടുത്തവരാൽ അന്വേഷിച്ചുകൂടാത്തവനുമായ ആദ്യന്തമില്ലാത്തവനുമായുള്ളോവെ നിനക്കു സ്തുതി, വണ്ടികചക്രത്തിൽനിന്നും അതിന്റെ പ്രകാശങ്ങളിൽനിന്നും തട്ടിൽനിന്നും അതിൽ

വസിക്കുന്നവരിൽനിന്നും ഭൂമിയിൽനി
ന്നും അതിൽവസിക്കുന്നവരിൽനിന്നും
നിനക്കു സ്തുതി, സമൂഹങ്ങളാകുന്ന
ക്രോനോമാകളുടെ എണ്ണത്താലെ നീ സൃ
ഷ്ടിച്ചമാലാക്മാരാൽ നിനക്കുസ്തുതി,
രോമങ്ങളുടെ എണ്ണത്താൽനീ സൃഷ്ടമാ
ക്കിഎന്നമനുഷ്യരാൽ നിനക്കു സ്തുതി,
അവകളുടെ പകൎപ്പുകളായിരിക്കുന്നബ
ലങ്ങളുടെ എണ്ണത്താലെ നീ ചമെച്ചു ശ
ബ്ദിക്കാത്ത വൎഗ്ഗങ്ങളാൽ നിനക്കുസ്തുതി,
ഇലകളുടെ എണ്ണത്താലും സകലവൃ
ക്ഷങ്ങളാലും പുല്ലുകളാലും നിനക്കുസ്തു
തി, രാത്രിയിലുംപകലിലും നിനക്കുസ്തു
തി, സന്ധ്യയിലും ഉഷയിലും ഉച്ചയി
ലുംനിനക്കുസ്തുതി, എല്ലാകാലത്തിലും
സദാനേരത്തിലും നിനക്കു സ്തുതി, സ
കലശ്വാസങ്ങളോടും അവയുടെവൎഗ്ഗങ്ങ
ളോടുംകൂടെ നിനക്കുസ്തുതി, ഞാൻനി
ന്നെ ഓൎപ്പാൻ അയോഗ്യനാകുന്ന എ

കിലും എൻെറ പാപത്തിൽനിന്നു നി
നക്കു സ്തുതി, ഞാൻ നിന്നോടുയാചി
ക്കാതെ എന്നെ സൃഷ്ടിച്ചവനായുള്ളോ
വെ നിനക്കുസ്തുതി, ഞാൻ നിന്നോടു
അപേക്ഷിക്കാതെ എന്നെസ്പഷ്ടമാക്കി
യവനായുള്ളോവേ നിനക്കു സ്തുതി,
നിൻെറ തൃക്കൈകളാൽ മണ്ണിൽനിന്നു
എന്നെ നിൎമ്മിച്ചവനായുള്ളോവെ നി
നക്കു സ്തുതി, നിൻെറ സദൃശത്താലും
നിൻെറസ്വരൂപത്താലും എന്നെ സ്വ
രൂപമാക്കിയവനായുള്ളോവെ നിനക്കു
സ്തുതി, നിൻെറ ആത്മാവിനെ എ
ന്നിൽ ഊതിയവനായുള്ളോവെ നിന
ക്കുസ്തുതി, നിൻെറ ആത്മാവിന്നാ
ലയമായി എന്നെ ചമച്ചവനായുള്ളോ
വെ നിനക്കു സ്തുതി, നിൻെറ ശരീര
ത്താലും രക്തത്താലുംഎന്നെനൂതനമാ
ക്കിയവനായുള്ളോവെ നിനക്കുസ്തുതി,
സകലത്തിൽനിന്നും സ്തുതിക്കപ്പെട്ടവ

നായുള്ളോവെ നിനക്കു സ്തുതി, പൂൎണ്ണ
ശരീരത്താലും സുഖേന്ദ്രിയങ്ങളാലും ബ
ലമുള്ള അവയവങ്ങളാലും എന്നെ അ
ലങ്കരിച്ചവനായുള്ളോവെ നിനക്കുസ്തു
തി, അടിസ്ഥാനമുള്ള ബോധത്താലും
ചുരുക്കമുള്ള അറിവാലും പൂൎണ്ണസ്വഹ
ത്താലും സ്വാതന്ത്ര്യമുള്ള മനസ്സാലും
എന്നെ ബഹുമാനിച്ചവനായുള്ളോ
വെ നിനക്കു സ്തുതി. ശരീരസൌഖ്യ
ത്താലുംആത്മാവിന്റെ കാവലാലും
എന്നെ ഐശ്വൎയ്യവാനാക്കിയവനാ
യുള്ളോവെ നിനക്കുസ്തുതി, സമയത്തി
ന്റെ ഭക്ഷണം എനിക്കു കുറക്കാത്തവ
നായുള്ളോവെ നിനക്കുസ്തുതി, ശരീര
സംബന്ധമായ ഒന്നിന്മേലും എന്നേ
ആവശ്യപ്പെടുത്താത്തവനായുള്ളോവേ
നിനക്കു സ്തുതി, എടുക്കുന്നവനാകാ
തെ കൊടുക്കുന്നവൻതാനാകുവാൻ എ
ന്നെ യോഗ്യനാക്കിയവനായുള്ളോവേ

## മൂന്നു പീലിക്ലിനോസിന്റെ

നിനക്കസ്തുതി, എന്റെ വാ നിന്നെ സ്തുതിപ്പാൻ അറിയാത്തതിനാൽനിനക്കസ്തുതി, എന്റെ നാവുകൊണ്ടു നിന്റെ സ്തുതികൾ വിസ്തരിച്ചുപറവാൻകഴിയാത്തതിനാൽ നിനക്ക സ്തുതി, സ്വർഗ്ഗത്തിലുള്ള മാലാഖമാരും ഭൂമിയിലുള്ള മനുഷ്യരും എന്നെക്കുറിച്ചു നിന്നെ സ്തുതിക്കും, നിന്നെസ്നേഹിച്ചവരായ സകല നീതിമാന്മാരും നിന്നെ പ്രിയപ്പെട്ടവരായ സകലപുണ്യവാന്മാരും എന്നെക്കുറിച്ചു നിന്നെ സ്തുതിക്കും. നിന്നെകോപിപ്പിക്കാത്തവരായ ശിശുക്കളും നിന്നെവെറുപ്പിക്കാത്തവരായ പൈതങ്ങളും എന്നെക്കുറിച്ചു നിന്നെസ്തുതിക്കും. ഉണ്ടായി എന്ന സകലപരിശുദ്ധന്മാരും ഉണ്ടാകുവാനിരിക്കുന്ന വരൊക്കയും എന്നെക്കുറിച്ചു നിന്നോടു പ്രാർത്ഥിക്ക, തമ്പുരാനെ പ്രസവിച്ച കന്യകമറിയവും എന്നെക്കുറിച്ചു നിന്നോടു പ്രാ

ത്ഥിക്കം, അവളുടെ ബഹുമാനത്തിന്നു ഞാൻ നിന്നെ സ്തുതിപ്പാൻ എന്നെ യോഗ്യനാക്കേണമെ, നിബ്യന്മാരും ശ്ലീഹന്മാരുംസഹദേന്മാരും മൌദ്യാന്മാരുംഎന്നെക്കുറിച്ചു നിന്നോടു പ്രാത്ഥിക്കം, അനുതപിച്ചവരായ സകലരുംസകലഭക്തന്മാരും എന്നെക്കുറിച്ചു നിന്നോടുപ്രാത്ഥിക്കം,നിൻെറ നാമത്തെപ്രതി ഗ്രഹകളിൽഏകന്മാരായി പ്രാത്ഥിക്കുന്നവരു മലകളിൽ ദുഃഖിതന്മാരായിപ്രാത്ഥിക്കുന്നവരും എന്നെക്കുറിച്ചു നിന്നോടു പ്രാത്ഥിക്കം. പാറകളുടെ ഉന്നതങ്ങളിലും കല്ലറകളിലും ഉള്ള സകല തപസ്സികളും എന്നെക്കുറിച്ചു നിന്നോടുപ്രാത്ഥിക്കം. എൻെറ കത്താവെഎന്നിൽ കൃപചെയ്യാനുംഎൻെറ പാപങ്ങളെ പുണ്യമാക്കുവാനും എൻെറ കറകളെ കഴുകുവാനും എൻെറ കുററങ്ങളെ ക്ഷമിപ്പാനുമായി ഈ

വരൊക്കയും എന്നെക്കുറിച്ചു നിന്നോ
ടു പ്രാൎത്ഥിക്കും. ശപിക്കപ്പെട്ട പിശാ
ചുക്കളുടെ ശണ്ഠകളിൽനിന്നും ദുഷ്ടന്മാ
രായ മനുഷ്യരുടെ തിന്മയിൽ നിന്നും
അശുദ്ധപ്പെട്ട വികാരങ്ങളിൽ നിന്നും
ദേഷ്യപ്പെട്ട വിചാരങ്ങളിൽനിന്നും
മ്ലേഛതപ്പെട്ട മോഹങ്ങളിൽ നിന്നും
സാത്താനുടെ നിരൂപണയിൽനിന്നും
ഒളിക്കപ്പെട്ട കണിയിൽ നിന്നും തിന്മ
പ്പെട്ട സ്വപ്നങ്ങളിൽനിന്നും പ്രയോജ
നമില്ലാത്ത വചനത്തിൽനിന്നും വി
പരീതമുള്ള ഉരുട്ടുവഴികളിൽ നിന്നും
ദുഷ്ടവഴികളിൽനിന്നുംപാപത്തിൻെറ
വിരുദ്ധത്തിൽ നിന്നും തിന്മപ്പെട്ട പിഴ
കളിൽനിന്നും ആകാത്ത വചനത്തിൽ
നിന്നും, മൂഢന്മാരോടുക്കൂടെയുള്ള സം
സൎഗ്ഗത്തിൽനിന്നും, നിന്നിൽ നിന്നു എ
ന്നെ ദൂരത്താക്കി നിൻെറ സ്നേഹത്തിൽ
നിന്നു എന്നെ വേർതിരിക്കുന്നവ ഒക്ക

യിൽനിന്നും, എന്നെരക്ഷിച്ചുകൊള്ളേ
ണമെ. നിന്നെവിളിച്ചവരും നിന്നിൽ
ശരണം പ്രാപിച്ചവരുമായി നീ രക്ഷി
ച്ചിട്ടുള്ള എല്ലാവരുടെയും നമസ്കാര
ത്താൽ കൎത്താവെ തിന്മപ്പെട്ട മനുഷ്യ
ൻ പുത്രനിൽനിന്നും വഞ്ചിക്കുന്ന ശ
ത്രുവിൽനിന്നും ചതിക്കുന്നതായ നാ
വിൽനിന്നും അപമാനമുള്ള വാക്കിൽ
നിന്നും എന്നെരക്ഷിച്ചുകൊള്ളേണമേ.
അതിക്രമത്തിൽനിന്നും കയ്പപ്പെട്ടഭ
വിതങ്ങളിൽനിന്നും എന്നെ രക്ഷിച്ചു
കൊള്ളേണമെ. ഇഹലോകത്തിന്റെ
പരീക്ഷകളിൽനിന്നും മനുഷ്യന്നടുത്ത
വഞ്ചനയിൽനിന്നും ദുഃഖമുള്ള ശരണം
കണ്ടിപ്പിൽ നിന്നും ആത്മാവിന്റെ
ഇരുളിൽനിന്നും നിത്രുപണയുടെ അ
ന്ധതയിൽനിന്നും ദുരിതത്തിൽനിന്നും
എന്റെ ബലഹീനതയെ അതിക്രമി
ക്കുന്ന എല്ലാ ശിക്ഷയിൽനിന്നും എ

ന്നെരക്ഷിച്ചുകൊള്ളേണമെ. എന്റെ
കൎത്താവെ! എന്റെശിക്ഷ ദുഷ്ടന്മാരായ
മനുഷ്യരുടേയുംമറുതലിപ്പുകാരായ പി
ശാചുക്കളുടേയും കൈകളാൽ ആകരു
തെ. എന്റെ കൎത്താവേ സംഖ്യയില്ലാ
ത നിന്റെ കൃപനിമിത്തം എന്നെ
രക്ഷിക്കേണമെ. കൎത്താവെ നിന്റെ
നീതിയിൽ എന്നെ ശാസിക്കയും നി
ന്റെ കോപത്തിൽ എന്നെശിക്ഷിക്ക
യുമരുതെ, നിന്റെകൃപയാൽ എന്നോ
ട കരുണചെയ്തു നിന്റെ അനുഗ്രഹ
ത്താൽ എന്നെ സഹായിക്കേണമെ.
തെററിപ്പോകുന്ന മനുഷ്യനേപ്പോലെ
നിന്റെ തിരുമുമ്പിൽ പാപംചെയ്തു
നിന്നെകോപിപ്പിച്ചിട്ടുള്ളസകലത്തി
ൽനിന്നും എന്നെ രക്ഷിച്ചുകൊള്ളേ
ണമെ- നിന്റെ കൃപയാൽ സകല
ത്തെയും ഭരിക്കുന്ന ഉത്തമനായുള്ളോ
വെ സംഖ്യയില്ലാത്ത നിന്റെകൃപനി

മിത്തം എന്നോട്ട കനിവുണ്ടായി എന്നെ രക്ഷിച്ചുകൊള്ളേണമെ. നിനക്കു ഇഷ്ടമുള്ളവരും യോഗ്യമുള്ളവരുമായി തീന്നിട്ടുള്ള എല്ലാവരുടേയും നമസ്കാരത്താലെ, ആമ്മീൻ.

സൂത്താറായുടെ

ദൈവമെ! നിൻെറ കൃപയെ ഞാൻ നിരസിക്കുന്നില്ലാ. ഇനിക്കു തന്നിട്ടുള്ള നിൻെറ നൽവരത്തിൽ ഞാൻ ഉപേക്ഷിക്കുന്നില്ലാ. എന്നോട്ടുള്ളനിൻെറ ദർശനത്തെ ഞാൻ മറക്കുന്നില്ലാ- നിൻെറകൃപ എൻെറമേൽ ബലപ്പെട്ടതിനാൽ ഞാൻ ഏററംപറഞ്ഞു വിശ്വസിക്കയും ചെയ്യുന്നു. ഞാൻ നിൻെറ അനുഗ്രഹങ്ങൾക്കു യോഗ്യമല്ലാത്തവൻ എങ്കിലും ഞാൻ സ്തോത്രംചെയ്യുന്നു. യോഗ്യമല്ലാത്ത എന്നെ നീബഹുമാനിച്ചതിനാലും നിനക്കു ഞാൻ സ്തോത്രംചെയ്യു ദോഷത്താളത്തിയെ

പ്പോലെ എന്റെ പാപങ്ങൾ ഞാൻ ഏറ്റുപറയുന്നു. അവളെപ്പോലെ എന്നെ പുണ്യമാക്കേണമെ. കനാനായക്കാരത്തിയെപ്പോലെ എന്റെ കുററങ്ങളെ ഞാൻ ഏററുപറയുന്നു, അവളെപ്പോലെ എന്നെ കൈക്കൊള്ളണമെ-ജീവന്റെ ദിവസങ്ങൾ ഒക്കയിലും നിരൂപണയിലും വചനത്തിലും ക്രിയയിലും നിന്നെ ഞാൻ കോപിപ്പിച്ചു എന്നു ഞാൻ ഏററുപറയുന്നു. എന്റെ കർത്താവെ നിന്റെ അടുക്കൽ ഞാൻ തിരിഞ്ഞിരിക്കുന്നു- ഇപ്പോൾ നിന്റെ സഭയിലുള്ള അനുതാപക്കാരിൽനിന്നു ഒരുത്തനെപ്പോലെയും നിന്റെ കൂട്ടത്തിലുള്ള കുഞ്ഞാടുകളിൽനിന്നു ഒന്നുപോലെയും നിന്റെ കൃപയാൽ കരുണചെയ്തു നിന്റെ അനുഗ്രഹത്താൽ പുണ്യമാക്കപ്പെട്ടുള്ള പാപികളിൽനിന്നു ഒരുത്തനെപ്പോലെയും

എന്നെ ചമച്ചുകൊള്ളേണമെ. എ
ൻെറകൎത്താവെ എൻെറപാപങ്ങളെ
മായിച്ചു എൻെറ ചെളികളെ കഴുകി
കുററങ്ങളിൽനിന്നു എന്നെ രക്ഷിക്കെ
ണമെ. നിനക്കുള്ള മനോഗുണത്തി
ൻെറ സൂപ്പാകൊണ്ടു നിൻെറ കരു
ണയുടെ വെള്ളം എൻെറ മേൽതളി
ച്ചു എന്നെ വെടിപ്പാക്കേണമെ. ഇടവി
ടാതെ നിൻെറ പ്രതിവാത്സല്യത്തിൽ
നിരൂപിക്കുന്ന പുതിയ ഹൃദയം എ
ന്നിൽ സൃഷ്ടിക്കേണമെ. നിന്നെസ്തുതി
പ്പാൻ എൻെറ ചുണ്ടുകൾ ഇനിക്കു
തുറക്കേണമേ. രാവും പകലും നാഴിക
ൾക്കെയും എല്ലാ സമയത്തും നീതിമാ
ന്മാരോടുകൂടി നിന്നെ വാഴ്ത്തി സ്തുതിപ്പാ
ൻ എന്നെ യോഗ്യമാക്കേണമെ. നി
ൻെറ ശുശ്രൂഷക്കാരായ മാലാകമാരു
ടെയും നിന്നെ ശുദ്ധമാക്കുന്നവരായ
ക്രോബേന്മാരുടെയും സ്രാപ്പേന്മാരുടെ

യും നിന്നെ നിരപ്പാക്കുന്ന വലിയപു
ണ്യവാന്മാരുടെയും പ്രാൎത്ഥനയാലെ
ആമ്മീൻ

രാത്രിയുടെ

ചുങ്കക്കാരെയും വേശ്യാസ്ത്രീകളെ
യുംനീതിയുള്ളവരാക്കിയ ദൈവമെ,
എന്റെ കുററങ്ങളെ എനോടു ക്ഷമി
ക്കേണമേ. കള്ളന്മാരെയുംവഴിതെററി
പ്പോയവരേയും തിരിച്ചുവരുത്തിയവ
നായുള്ളോവെ, നിൻെറ നീതിയു
ടെ അടുക്കലേക്ക എന്നെ തിരപ്പി
ക്കേണമെ. മുട്ടുവിൻ നിങ്ങൾക്ക തുറ
ക്കപ്പെടും എന്നു അരുളിച്ചെയ്തവനാ
യുള്ളോവെ,നിൻെറവാതിൽ ഇനിക്ക
തുറക്കേണമെ. അഗതികളുടെ നില
വിളിയെമറക്കാതെയിരിക്കുന്നവനായു
ള്ളോവെ, എൻെറപാപത്തിൻെറനി
ലവിളിയെ മറക്കരുതെ.നിന്നിൽ ശര
ണപ്പെടുന്നവൎക്ക സഹായം ചെയ്യുന്ന

വനായുള്ളോവെ്, നിന്റെ വലത്തു കൈകൊണ്ടു ഇനിക്കു സഹായം ചെയ്യേണമെ- ചേദിക്കുന്നവരുടെ അപേക്ഷ നിന്ദിക്കാതെ ഇരിക്കുന്നവനായുള്ളോവേ്, എന്റെദരിദ്രതയുടെഅപേക്ഷ നീ നിന്ദിക്കരുതെ. നുറുങ്ങിയ ഹൃദയത്തെ നിരസിക്കാതിരിക്കുന്നവനായുള്ളോവെ, നിന്റെ സന്നിധാനത്തിങ്കൽനിന്നു എന്നെ നിരസിച്ചുതള്ളിക്കളയരുതെ-നിന്റെ സൃഷ്ടിയെ കൈവിടാതെയിരിക്കുന്ന വനായുള്ളോവെ എന്നെ നീ കൈവിട്ടുകളയരുതെഹൃദയം തകരപ്പെട്ടവൎക്കു സമീപസ്ഥനായുള്ളോവെ്നിന്റെരക്ഷയ്ക്കു എന്റെ ആത്മാവിനെ അടുപ്പിക്കേണമേ-നശിക്കപ്പെട്ടവരുടെ ശരണം ചേദിക്കാതെയിരിക്കുന്നവനായുള്ളോവെ, എന്റെ ജീവന്റെ ശരണം ചേദിച്ചുകളയരുതെ-ചതിക്കുന്നവനായ ശത്രുവിനു എ

ന്നെ ഏല്പിക്കാതെ നിൻെറ രക്ഷയ്ക്കു എന്നെ ചേൎത്തു നിൻെറ തൊഴുത്തിന്നു പ്രവേശിപ്പിക്കേണമെ-ചുങ്കക്കാരനെപ്പോലെ എന്നെ നീ നീതിമാനാക്കി കള്ളനെപ്പോലെ എന്നെ പുണ്യവാനാക്കേണമെ. ദോഷത്താളത്തിയെപ്പോലെ എന്നെ കഴുകിക്കേണമെ. നിൻെറ അറിവിൻെറ പ്രകാശംകൊണ്ടു ഞാൻ അറിഞ്ഞും അറിയാതെയും നിൻെറ തിരുമുമ്പിൽ പാപംചെയ്തു അതിക്രമം കാണിച്ചിട്ടുള്ള എൻെറ കുററങ്ങളും പാപങ്ങളും എന്നോടു ക്ഷമിച്ചുകൊള്ളേണമേ, എൻെറ നേരെ കുററംചെയ്തവരോടു ഞാൻ ക്ഷമിപ്പാനും എൻെറ കുററങ്ങളും എന്നോടുനീ ക്ഷമിപ്പാനുംഇനിക്കുനീ കൃപനല്കേണമെ. നിന്നെപ്രസവിച്ച അമ്മയുടേയും നീ സ്വീകരിച്ചസകല അനുതാപക്കാരുടെയും നീ പുണ്യവാ

ന്മാരാക്കിയ പാപികളുടേയും നമസ്കാരത്താലെ ആമ്മീൻ.

മയ്യലിൻെറ

എൻെറ കത്താവെ ഈ പ്രഭാതസമയത്തു വാഴ്‌വും അനുക്രൂലവും സന്തോഷമുള്ള പകലുമായി ആക്കിതീക്കണമെ- തിന്മപെട്ട മനുഷ്യൻ പുത്രനിൽനിന്നും പിണക്കമുള്ള സാത്താനിൽനിന്നും തിന്മപെട്ട നാഴികയിൽനിന്നും നശിപ്പിക്കുന്ന കണിയിൽനിന്നും ദുഃഖിപ്പിക്കുന്ന സങ്കടത്തിൽനിന്നും ചതിവായിട്ടുള്ള വചനത്തിൽനിന്നും വിരുദ്ധമുള്ള സംസാരത്തിൽനിന്നും അറിവില്ലാതെയുള്ള പിഴയിൽനിന്നും വിപരീതക്കാരനായ ശത്രുവിൽനിന്നും അശുദ്ധപ്പെട്ട വ്യാപാരങ്ങളിൽനിന്നും നിന്ദിക്കപ്പെട്ട വിചാരങ്ങളിൽനിന്നും എന്നെ രക്ഷിച്ചു കൊള്ളേണമെ. എൻെറ കത്താവെ

നിൻെറ മനോഗുണംകൊണ്ടു അടക്ക
മുള്ള വിചാരവും സൂക്ഷ്മമുള്ള മനസ്സും
ഇനിക്കു നീ നല്കേണമേ. എൻെറ ജീ
വസ്സുകളെ സഹായിക്കുന്നവയും നി
ൻെറ ദൈവത്വത്തിന്നു ഇഷ്ടമുള്ള
വയും ഇനിക്കു നല്കേണമെ. ഇനിക്കു മ
തിയാകുന്ന ഭക്ഷണവും ആവശ്യമുള്ള
ഐശ്വൎയ്യവും ആത്മാവിൻെറ സൂക്ഷ്മ
വും ഇനിക്കു നൽകേണമെ. എൻെറ
കൎത്താവേ നിരസിക്കപ്പെട്ടവയെ ദ്വേ
ഷിപ്പാനും അക്രമത്തിൽനിന്നു വിട്ടു
മാറുവാനും പാപത്തെ നിരസിപ്പാ
നും ദോഷത്തിൽനിന്നു ഒഴിഞ്ഞിരിപ്പാ
നും എൻെറ പിതാക്കന്മാൎക്കും എന്നെ
പരിപാലിക്കുന്നവൎക്കും ഞാൻ അനു
സരണമുള്ളവനായിരിപ്പാനും എൻെറ
സ്നേഹിതന്മാൎക്കും എൻെറ സംബന്ധ
ക്കാൎക്കും അനുകൂലനായിരിപ്പാനും ഞാ
ൻ ചെയ്യുന്ന സകലത്തിലും ശ്രദ്ധമു

ള്ള നിന്റെ തിരുനാമ-സ്തുതിക്കപ്പെ
ടുവാനും എന്നെ യോഗ്യനാക്കേണമെ.
നിബ്യന്മാരുടേയും ശ്ലീഹന്മാരുടേയും
സഹദേന്മാരുടേയും മൌദ്യാനന്മാരു
ടേയും നമസ്കാരത്താലെ ആമ്മീൻ.

ഏഴരയുടെ

എന്റെ കൎത്താവെ! നിന്റെ
അടുക്കൽ എന്റെ കൈകളെ ഞാ
ൻ നീട്ടി നിന്റെ മനോഗുണത്തെ
എന്റെ കണ്ണുകൾ സൂക്ഷിച്ചിരിക്കു
ന്നു. ഞാൻ നിന്നെ നോക്കിവിളിച്ചു
നിന്നിൽ ചേരുന്നു. ഞാൻ നിന്നോട്
യാചിച്ചു അപേക്ഷിക്കുന്നു. എന്നെമ
റന്നുകളകയും കൈവിട്ടുകളകയും അ
രുതെ. എന്നെ ഉപേക്ഷിക്കയുംതള്ളി
ക്കളകയും അരുതെ എന്നെദ്വേഷിക്കു
ന്നവൎക്കു നിന്ദയുംനിന്ദിക്കുന്നവൎക്കു പ
രിഹാസവുമാക്കിതീൎക്കരുതേ.എന്റെ
കുറാത്തിൽ സാത്താൻ സന്തോഷിക്ക

യും എന്റെ പിഴകളിൽ അസൂയക്കാര
ൻ നിഗളിക്കയുമരുതേ, നിന്റെ തോട്ട
ത്തിൽനിന്നു ഞാൻ പുറപ്പെടുകയും നി
ന്റെ വഴിയിൽനിന്നു ഞാൻ തെറു
കയുമരുതെ. നിന്റെ കൃപ എന്നിൽ
നിന്നു നീക്കിക്കളകയും അരുതെ. നി
ന്റെ അനുഗ്രഹങ്ങളുടെ ചിറകിന്റെ
നിഴലിൻ കീഴിൽനിന്നെന്നെ തള്ളിക
ളയരുതെ. നിന്റെ മനോഗുണത്താ
ലെ എന്നെ നീ പരിപാലിച്ചു നിന
ക്കുള്ളവനാക്കി തീൎക്കേണമെ. കൎത്താ
വെ! ഞാൻ നിന്നെ മറന്നതുപോലെ
എന്നെ നീ മറക്കരുതെ എന്തെന്നാൽ
നിൎമ്മിക്കുന്നവൻ നീ, നിൎമ്മിക്കപ്പെട്ട
വൻ ഞാൻ. ഉടയവൻ നീ, അടിയ
ൻ ഞാൻ. പ്രകാശം നീ, ക്രൂരിരുട്ടും ദു-
ൎഗ്ഗന്ധമുള്ള ചെളിയും അതികൽമഷ
വും അഴുക്കും ഞാനാകയാൽ എന്നോടു
നീ കരുണ ചെയ്തു എന്നെ വെടിപ്പാക്കി

ശുദ്ധമാക്കേണമെ. തിന്മപ്പെട്ടവിചാര
ങ്ങളിൽനിന്നും ബലമുള്ള കയ്യിൽ നി
ന്നും ഉറക്കപ്പെട്ട കാലിൽനിന്നും ഉപ
ദ്രവമുള്ള അധികാരത്തിൽനിന്നും കൊ
ള്ളചെയ്യുന്ന ലോകരിൽനിന്നും ചതി
ക്കുന്നവനായ തിന്മപെട്ടവനിൽ നി
ന്നും കഠിനമുള്ള പഞ്ഞത്തിൽ നിന്നും
എന്നെ നീ രക്ഷിച്ചുകൊള്ളേണമെ.
നാശത്തിൽനിന്നും അടിമയിൽ നി
ന്നും ശരീരത്തെ ആവലാധിയാക്കി
ആത്മാവിനെ ദുഃഖിപ്പിക്കുന്ന കഠിന
മുള്ള സകല ശിക്ഷകളിൽനിന്നും എ
ന്നെ വീണ്ടുകൊള്ളേണമെ. നീതിമാ
ന്മാരുടെയും പുണ്യവാന്മാരുടെയും ഭ
ക്തന്മാരുടെയും വ്രതക്കാരുടേയും നമ
സ്കാരത്താലെ: ആമ്മീൻ.

ഉച്ചയുടെ.

പിതാവിന്റെ വലത്തുഭാഗത്തി
രിക്കുന്നവനായുള്ളോവെ നിന്റെ വ

ലത്തുഭാഗത്തു എന്നെ ഇരുത്തേണമെ. നിന്റെ അനുഗ്രഹങ്ങളുടെ പെരുപ്പം എന്റെ മേൽ ആവസിപ്പിക്കേണമെ. കൃപയും കരുണയും ധാരാളമായിരിക്കുന്നവനെ! നിന്റെ കൃപയാൽ എന്നോട് ക്ഷമിച്ചുകൊള്ളേണമെ. തന്റെ ശിഷ്യന്മാർക്കു കോപിക്കപ്പെട്ട സമുദ്രത്തിന്റെ ഓളങ്ങളെ ശാന്തതയാക്കിയവനെ എന്റെ പാപങ്ങളുടെ ഓളങ്ങളെ നീ ശാന്തതയാക്കേണമെ. നുറുങ്ങിയ ഹൃദയമുള്ളവർക്കു സമീപസ്ഥനായിരിക്കുന്നവനെ നിന്റെപക്കൽ എന്റെ ആത്മാവിനെ ചേർത്തുകൊള്ളേണമെ. കുററങ്ങളെയും പാപങ്ങളെയും ക്ഷമിക്കുന്നവനെ എന്റെ കുററങ്ങളെയും പാപങ്ങളേയും എന്നോടു ക്ഷമിച്ചുകൊള്ളേണമെ. തന്റെ ദാസന്മാരെ കാത്തു സൂക്ഷിക്കുന്നവനേ തിന്മ ഞാൻ നിരൂപിക്കയും

സംസാരിക്കയും ചെയ്യാതിരിപ്പാൻ എ
ന്റെ വായ്ക്കും എന്റെ ചുണ്ടുകൾക്കും
എന്റെ വിചാരങ്ങൾക്കും ഇന്ദ്രിയ
ങ്ങൾക്കും എന്റെ മനസ്സിന്നും എ
ന്റെ നിരൂപണങ്ങൾക്കും കാവൽക്കാ
രനെ നീ ആക്കേണമെ. എന്റെ ആ
യുസ്സുകളും എന്റെ നിരൂപണകളും
വിചാരങ്ങളും വചനങ്ങളും എന്റെ
ക്രിയകളും എന്റെ പക്കലുള്ള സക
ലവും നിന്റെ ഇഷ്ടംപോലെ ആയി
രിപ്പാൻ എന്നെ യോഗ്യമാക്കേണമെ
എന്റെ ഇഷ്ടംപോലെയും മറുതലപ്പു
കാരായ പിശാചുക്കളുടെ ഇഷ്ടംപോ
ലെയും അരുതേ. നിബ്യന്മാരുടേയും
ശ്ലീഹന്മാരുടേയും ഇവൻഗലിയാക്കാരുടെ
യും ആബിലേന്മാരേയും അനവായ
ക്കാരുടേയും സഹദൈത്തെന്മാരുടേയും
ആമ്മീലെന്മാരുടേയും കശീശന്മാരു
ടെയും നമസ്കാരത്താലെ ആമ്മീൻ.

ഉരുപത്തുരണ്ടരയുടെ

എന്റെ കൎത്താവെ നിന്നിൽ ഞാൻ ശരണം പ്രാപിച്ചു നിന്നിൽ സങ്കേതം പിടിച്ചു നിന്നെ വിളിച്ചു നിന്നിൽ ചേൎന്നു. എന്റെ നൊമ്പരങ്ങൾക്ക സൌഖ്യവും എന്റെ പാപങ്ങൾക്ക മോചനവും ഇടവിടാതെ ഇരന്നു അപേക്ഷിപ്പാൻ എന്നെ യോഗ്യനാക്കേണമെ, എന്റെ കൎത്താവെ ഞാൻ നിന്റെ പ്രമാണങ്ങളെ കാത്തുകൊള്ളുവാനും നിന്നാലെ എന്നെ കാക്കപ്പെട്ടുവാനും നിന്റെ മനോഗുണത്തെ കൈക്കൊള്ളുവാനും എന്നെ യോഗ്യനാക്കേണമെ. ഞാൻ സകല പാപങ്ങളിൽനിന്നും ഒഴിഞ്ഞിരിപ്പാൻ എനിക്ക യോഗ്യത നല്കേണമെ. സമാധാനമുള്ള പുരുഷന്മാരുടെ നല്ല അവസാനം ഈ ലോകത്തിൽ എനിക്ക നല്കേണമെ. പ്രാബല്യപ്പെട്ട നിന്റെ സം

പീലാക്സിനോസിൻെറ ദ്രവ്യഭഹാസനത്തിൻ മുന്നിൽ മുഖപ്രസാദവും സകല മനുഷ്യരുടെ പക്കൽ പുകഴ്ചയുമുള്ള വ്യാപാരങ്ങളും എനിക്കു നീ നാല്കേണമെ. കൃപാനിമിത്തം ഉള്ള ആനന്ദത്തിന്നും സന്തോഷത്തിൻെറ മണവറയ്ക്കും എന്നെ യോഗ്യനാക്കേണമെ. ശുദ്ധമുള്ളവരുടെ ഉടയവളും ജയം ധരിക്കപ്പെട്ട മാതാവുമായ ദൈവത്തെ പ്രസവിച്ച ശുദ്ധമുള്ള കന്യകമറിയത്തിൻെറയും പഴമയിലും ഓരൊത്തായിലുമുള്ള നീതിമാന്മാരുടെയും പുണ്യവാന്മാരുടെയും നമസ്കാരത്താലെ ആമ്മീൻ.

—:*:—

# കുമ്പസാരക്രമം.

— :o:——

കുമ്പസാരിപ്പാൻ വരുന്നവർ ചൊല്ലേണ്ടുന്ന
പ്രാൎത്ഥന

കാലത്തെ നമസ്കാരം കഴിഞ്ഞു
പള്ളിയിൽ വന്നതിന്റെ ശേഷം
ഈ ചെറിയ അപേക്ഷ ചൊല്ലുക.

ഇവിടെ ഒരു കൌമാ നമസ്കരിക്കണം

സൎവ്വശക്തനും സകലത്തിനും ഉടയവനും ആദ്യന്തമില്ലാത്ത ദൈവവും സകലവും സൃഷ്ടിച്ചവനും ജീവിപ്പിക്കുന്നവനുമായ കൎത്താവെ നിന്റെ സാദൃശത്തിൽ മനുഷ്യനെ ആദ്യം നീ സൃഷ്ടിച്ചു. കുററമില്ലാത്ത അവസ്ഥയിൽ ജീവിപ്പാൻ സ്വാതന്ത്ര്യത്തിന്റെ ന്യായപ്രമാണത്തെയും നീ അവനു കൊടുത്തിരുന്നു. അവന്റെ സ്വാതന്ത്ര്യത്തിൽനിന്നു അവൻ തെററിയതിന്റെ ശേഷം സംഖ്യയില്ലാത്ത നിന്റെ ആൎദ്ര കരുണയാൽ അനുതാപം നീ അവനു

നല്കിയിരിക്കകൊണ്ട ഞാനും നിന്റെ കരുണയിൽ ശരണപ്പെട്ട് നിന്റെ അനുഗ്രഹത്തിന്നുവേണ്ടി നിന്നോട ഇരന്നു ഞാൻ അപേക്ഷിക്കുന്നു. അനുതാപത്തൊടും സങ്കടത്തോടും പശ്ചാത്താപത്തൊടും ആത്മാവിന്റെയും ശരീരത്തിന്റെയും കഴുത്തു നിന്റെ മുമ്പാകെ ഞാൻ കുനിച്ചിരിക്കകൊണ്ട എന്റെ അടുക്കലേക്ക നീ തിരിഞ്ഞുകൊള്ളണമെ. പാപി അനുതാപത്തോടെ അവന്റെ ദുഷ്ടവഴിയെ വിട്ടുതിരിഞ്ഞു ജീവിക്കുന്നതിന്നല്ലാതെ അവന്റെ മരണത്തിന്നു ഇഷ്ടമില്ലാത്തവൻ നീയാകകൊണ്ട വിണ്ണിക്കാവതല്ലാത്ത നിന്റെ മനുഷ്യസ്നേഹംനിമിത്തം എന്നെ നീ കൈക്കൊള്ളണമെ എന്റെ കൎത്താവെ നിനുവായക്കാരുടെ അനുതാപവും മറിയംമഗ്ദലെനത്തായുടെയും പുങ്കന്മാരനായ സഹായിയുടെ

യും കണ്ണുനീരും സ്ലീപ്പായിൽ വെച്ചു കള്ളന്റെ അപേക്ഷയും നീ കൈക്കൊണ്ടവനും എല്ലാ മനുഷ്യരും സത്യത്തിന്റെ അറിവിനെ തിരിഞ്ഞു ജീവിക്കേണമെന്നു നീ ഇഷ്ടമുള്ളവനുംആകകൊണ്ടു എന്റെ കർത്താവെ! സ്നേഹത്തോടെ എന്നിൽ നീ സൂക്ഷിച്ച മഹാപാപിയായ എന്റെ അനുതാപവും ആവലാധയും നീ കൈക്കൊണ്ടു എന്റെ അവസാനശ്വാസംവരേയും സത്യമായിട്ടു ഞാൻ അനുതപിച്ചിരിപ്പാൻ എനിക്കു നീ കൃപ നല്കേണമെ. എന്റെ കുറ്റങ്ങളെ നീ നീക്കി എന്റെ പാപങ്ങളെ മായിച്ചു എന്റെ ദുർമ്മാർഗ്ഗങ്ങളെ ക്ഷമിച്ചു എന്റെ അതിക്രമങ്ങളെ ഇല്ലാതാക്കി രഹസ്യവും പരസ്യവുമായുള്ള എന്റെ ഒരു ററുകളെ നന്നാക്കേണമെ. തിന്മപെട്ടവനോടു എതൃത്തു നില്പാൻ നിന്റെ ശക്തി

കൊണ്ടു എന്നെ ബലപ്പെടുത്തി തങ്ങ
ളുടെ പാപങ്ങളെക്കുറിച്ചു സത്യമുള്ള
അനുതാപത്തോടും നുറുങ്ങിയ ഹൃദയ
ത്തോടും ദുഃഖത്തോടും കണ്ണുനീരോടും
കൂടെ നിന്നോടു അപേക്ഷിച്ചവരായി
നിന്നാൽ നിന്റെ കൃപകൊണ്ടു സ്വീ
കരിച്ചവരായി ഈ ലോകത്തെ വിട്ടു
വാങ്ങിയിട്ടുള്ളവരോടുകൂടെ ഭാഗ്യമുള്ള
സ്ഥലത്തിന്നു എന്നെ നീ ഓഹരിക്കാ
രനാക്കി നിനക്കും നിന്റെ പിതാവി
നും ശുദ്ധമുള്ള നിന്റെ റൂഹായ്ക്കും സ്തു
തിയും മഹത്വവും ഞാൻ കരേറ്റുവാ
ൻ എന്നെ നീ യോഗ്യനാക്കേണമെ,
ആമ്മേൻ.

എല്ലാവരാലും വന്ദിക്കപ്പെട്ടവനും
സ്തുതിക്കപ്പെട്ടവനുമായ കരുണയുള്ള
കർത്താവേ! ഞാൻ യോഗ്യനാകുന്നില്ലാ
എങ്കിലും എന്നിൽനിന്നു നിന്റെ ദൃ
ഷ്ടികളെ തിരിപ്പിക്കാതെയും മഹാപാ

പിയായ എന്നിൽനിന്ന നിന്റെ അ
നുഗ്രഹങ്ങളെ വിരോധിക്കാതെയും ഇ
രിക്കേണമെ. കണ്ടാലും ഞാൻ തിരി
ച്ചുവന്നു, നിന്റെ അനുഗ്രഹങ്ങളിൽ
ശരണം പ്രാപിച്ച നിന്റെ മനോഗു
ണത്തോടെ എന്റെ പാപമോചനം
ഞാൻ ഇരക്കയും ചെയ്യുന്നു. കൎത്താവേ
എന്റെ പാപം ക്ഷമിച്ചുകൂടാത്തവ
ണ്ണം വലിയതാകുന്നു എങ്കിലും സകല
ത്തിനും പ്രാപ്തിയുള്ളവൻ നീയാക
കൊണ്ടു എന്റെ പാപങ്ങളെ ക്ഷമി
പ്പാനും നിനക്ക എളുപ്പമുള്ളതാകുന്നു.
നിന്റെ കല്പനക്ക ഞാൻ വിരോധം
ചെയ്തു നിന്നെ കോപിപ്പിച്ചു ശുദ്ധമു
ള്ള റൂഹായെ ഞാൻ പീഡിപ്പിച്ചു തി
രിച്ചറിവില്ലാത്ത മൃഗംപോലെ അറി
വില്ലാത്തവനായി അശുദ്ധമായുള്ള പ്ര
വൃത്തികളെ ഞാൻ ചെയ്തു. ഞാൻ മ
ലിനതപ്പെട്ടു ശുദ്ധമില്ലാത്തവനായി

സാത്താന്റെ ദുഷ്പ്രവൃത്തികൾ കൊണ്ടു ഞാൻ ക്ഷയിച്ചു നശിച്ചു പാപത്തിൽ മുഴുകിയവനായിതീൎന്നിരിക്കുന്നു. കണ്ടാലും ഞാൻ എന്റെ പാപത്തെ തിരിച്ചറിഞ്ഞു ഉറക്കത്തിൽ നിന്നുള്ള പോലെ ഞാൻ ഉണൎന്നു പാപവും കൈപ്പും കഠിനവും ആയുള്ള എന്റെ ദുഷ്ടതകളെ ഞാൻ കണ്ടറിഞ്ഞു കൃപക്കായിട്ടു നിന്റെ വാതുക്കൽ തിരിച്ചു വന്നിരിക്കുന്നു. കൎത്താവെ! എന്നോടു ദയചെയ്തു എന്റെപാപങ്ങളെക്കുറിച്ചു ദൈന്യത തോന്നേണമേ. കൎത്താവെ! നിന്റെ മഹാവലിയ കരുണ എനിക്കു നീ കാണിച്ചുതന്നു എന്റെ പാപങ്ങളെ ക്ഷമിക്കേണമെ. അശുദ്ധമുള്ള വിചാരങ്ങളിൽനിന്നു എന്നെ വെടിപ്പാക്കേണമെ. അശുദ്ധമുള്ള ദുൎഗ്ഗന്ധത്തിൽനിന്നു എന്നെ കഴുകേണമെ. കൎത്താവെ നിന്റെ അനുഗ്രഹ

ത്തിൽ അല്ലാതെ ആരിൽ ഞാൻ ആ
ശ്രയിക്കയും നിന്റെ അടുക്കൽഅല്ലാ
തെ മററു ആരുടെ അടുക്കൽ ഞാൻ
പോകയുംചെയ്യേണ്ടു! നീഅല്ലാതെഎ
ന്റെ പാപങ്ങളെ ക്ഷമിച്ചു ശുദ്ധമാ
കുവാൻ എനിക്കാരുള്ളു! പാപിയുടെ
അനുതാപത്തെ കണ്ടു അവരുടെ പാ
പങ്ങളെക്ഷമിച്ചുശുദ്ധമാക്കുവാൻനോ
ക്കിയിരിക്കുന്നവൻ നീയാകയാൽ നി
ന്റെ പ്രീതിവാത്സല്യംകൊണ്ടു എ
ന്നോടു കൃപചെയ്തു എന്റെ പാപങ്ങ
ളെ ക്ഷമിക്കേണമെ. എന്റെ നോ
മ്പും നമസ്കാരവും അപേക്ഷയും അ
നുതാപവുംകണ്ണുനീരും നിന്റെമുമ്പാ
കെ യോഗ്യമുള്ളതല്ലാ എങ്കിലും അ
വയെ നിന്റെ ദയകൊണ്ടു അംഗീക
രിച്ചു എന്നെ നീതിയും ശുദ്ധവു, വെ
ടിപ്പും നിൎമ്മലതയും ഉള്ളവനാക്കി സ്തു
തിയും മഹത്വവും നിനക്കും നിന്റെ

പിതാവിനും ശുദ്ധമുള്ള നിൻെറ റൂ
ഹായ്ക്കും കരേററുവാൻ എന്നെ യോ
ഗ്യനാക്കേണമെ, ആമ്മീൻ.

നിൻെറ മുമ്പാകെ ഞാൻ ചെയ്തിട്ടു
ള്ള പാപങ്ങളെ തിരിച്ചറിവാൻ തക്ക
അറിവും ബോധവുംഎനിക്ക നല്കിയ
വനായി രഹസ്യങ്ങൾ അറിയുന്നവ
നും മനസ്സലിവും ദയയും കനിവും ദീ
ൎഘക്ഷമയും കരുണയും നിറഞ്ഞിരി
ക്കുന്നവനും ആയ മിശിഹാ കൎത്താവെ!
എൻെറ പാപങ്ങൾക്കും അതിക്രമങ്ങ
ൾക്കും പൊറുതി നിന്നോട്ട ഞാനിര
ക്കുന്നു. നീതിയുള്ള നിൻെറ ന്യായവി
ധിയേയും നിൻെറ കോപത്തേയും
ഞാൻ പ്രമാണിക്കാതെ കഠിനമുള്ള
ക്രിയകളെ ചെയ്തു; സകല രഹസ്യങ്ങ
ളെയും അറിയുന്നവൻ നീയാകുന്നു എ
ന്നും നിൻെറ മുമ്പാകെ ഒന്നും മറ
ഞ്ഞിരിക്കുന്നതല്ലെന്നും ഓക്കാതെ മറ

ന്നു ഞാൻ കുററം ചെയ്തിരിക്കുന്നു. ഇപ്പോൾ കൎത്താവെ! ഉറക്കത്തിൽനിന്നുള്ള പ്രകാരം ഞാൻ ഉണൎന്നു എന്റെ ദുഷ്ടതയുടെ കഠിനതയെ ഞാൻ തിരിച്ചറിഞ്ഞു നിന്റെ കൃപയെക്കുറിച്ചു ഇച്ഛാഭംഗംവരാതെ നിന്റെ അനുഗ്രഹത്തിലേക്കു ഞാൻതിരിച്ചുവന്നു കഠിനമുള്ളഎന്റെ പാപങ്ങൾക്കുവേണ്ടി നിന്നോടു ഞാൻ മാപ്പു ചോദിക്കുന്നു എന്നെ വഞ്ചിച്ച പിശാചു നിന്നിൽനിന്നു എനിക്കു ലഭിക്കുന്ന കൃപയെ കണ്ടുലജ്ജിക്കാ. എന്റെകൎത്താവെ! അനുഗ്രഹവും മനോഗുണവും നിറഞ്ഞിരിക്കുന്ന നിന്റെ വലത്തുകൈ എന്റെമേൽ ആവസിപ്പിച്ചു എന്റെ രോഗങ്ങളിൽനിന്നു എന്നെ സൌഖ്യമാക്കി സകല കുററങ്ങളിൽനിന്നും എന്നെ രക്ഷിച്ചു നിന്റെ ഇഷ്ടത്തിന്നു യോഗ്യമായുള്ളഅനുതാപത്തോടേ എ

ന്റെ ആയുസ്സിന്റെ കാലംകഴിപ്പാൻ എനിക്ക നീ കൃപ നല്കെണമെ. കൎത്താവെ ബലഹീനമുള്ള എന്റെ പ്രാൎത്ഥനകൾ നിന്റെ അനുഗ്രഹവും മനോ ഗുണവും നീ അയച്ച ഞാൻ ചെയ്തിട്ടുള്ള പാപങ്ങൾക്കും കുററങ്ങൾക്കും വേണ്ടിയുള്ള എന്റെ അപേക്ഷയും പ്രാൎത്ഥനയും കണ്ണുനീരും നീ കൈക്കൊള്ളണമെ. ദൈവമായ കൎത്താവെ! പാപി അനുതപിച്ച അവന്റെ ദോഷമുള്ള വഴികളെ വിട്ടുതിരിച്ച വരേണമെ അല്ലാതെ അവന്റെ മരണത്തിന്നു നിനക്കിഷ്ടമില്ലെന്നു നീ അരുളിച്ചെയ്തിട്ടുള്ള നിന്റെ ദൈവീകമായ കല്പനയുടെ മേൽ ഞാൻ എന്റെ ബലഹീനതയെതാങ്ങിയുംകൊണ്ടുനിന്നോടു പ്രാൎത്ഥിച്ച നിന്റെ സംഖ്യയില്ലാത്ത കരുണയോടു അപേക്ഷിക്കുന്നു. മനസ്സോടും മനസ്സുകൂടാതേയും അറി

വോട്ടം അറിവുകൂടാതേയും ഞാൻചെയ്തുപോയിട്ടുള്ള എന്റെകുററങ്ങളേയും എന്റെ പാപങ്ങളേയും എന്നോടുക്ഷമിച്ചുകൊള്ളേണമെ. വ്യഭിചാരവും വേശ്യാദോഷവും മോഹവും എണ്ണിയെരിച്ചിലും ദുശ്ചിന്തയും കാമവികാരവും ദുഃമ്മാഹവും കളവും വ്യാജവും മദ്യപാനവും വൈരാഗ്യവും ദുഷിയും നിന്ദയും ദുർവാക്കുകളും ശാപവും ദൈവദൂഷണവും അജാഗ്രതയും ദൈവമോചനത്തോടുള്ള വിരോധവും അറുകലയും ക്ഷുദ്രവും പാഴ്വാക്കും വൃഥാലാഭവും അസൂയയും വാഗ്വാദവും ശണ്ഠയും ദ്വേഷവും തിന്മയും നീരസവും ഹൃയകാഠിന്യതയും വൈര്യവും പാപവിചാരവും ഇതുപോലെ ഞാൻ ചെയ്തിട്ടുള്ള സകല അതിക്രമങ്ങളും എന്നോടു നീ ക്ഷമിച്ചു എന്നെ രക്ഷിക്കയും പാപിയായ എന്റെ ആത്മാവിൽ

നിന്നും അശുദ്ധിയുള്ള എന്റെ ദേ
ഹത്തിൽനിന്നും ഇവയൊക്കയും ശു
ദ്ധമുള്ള നിന്റെ റൂഹായുടെ ആവാ
സംകൊണ്ടു നീ മായിച്ചു എന്നിൽ
നിന്നു നീക്കിക്കളകയും ചെയ്യേണമെ.
ദൈവമേ എന്നോടു ഒരിക്കലും അ
രിശം തോന്നുകയുമരുതെ. അശുദ്ധ
ന്മാരെ ശുദ്ധമാക്കുകയും പാപികളെ
നീതിമാന്മാരാക്കുകയും കുററക്കാരോ
ടു ക്ഷമിക്കയും ചെയ്തപ്രകാരം കരു
ണ നിറഞ്ഞിരിക്കുന്ന നിന്റെ പ്രീ
തിവാത്സല്യംകൊണ്ടു എന്നെ നീ
നീതിമാനാക്കേണമെ. മറിയംമദ
ലെത്തായൊടും ചുങ്കക്കാരനായ സ
ഖായിയോടും സ്ലീബ്ബായിൽവെച്ചു ക
ള്ളനോടും നിന്നെ ഉപേക്ഷിച്ച ശിമഓ
നോടും നീ ക്ഷമിച്ചപ്രകാരം എന്റെ
പാപങ്ങളെ എന്നോടു നീ ക്ഷമിച്ചു എ
ന്നെ പുണ്യമാക്കേണമെ. കണ്ടാലും

## ഫൻവ്വ കുമ്പസ്സാരക്രമം

നിന്റെ കരുണയുടെ അടുക്കലേക്കു ഞാൻ തിരിഞ്ഞു നിന്നിലും നിന്റെ കരുണയിലും ഞാൻ ശരണംപ്രാപിച്ചു നിന്റെ അറിവിൽ ഞാൻ വിശ്വസിച്ചിരിക്കുന്നു. എന്റെ കർത്താവെ എന്നോടു ന്യായവിധിയിൽ പ്രവേശിച്ചു എന്നെ നീ ശിക്ഷകൾ വിധിക്കരുതേ കർത്താവെ സകലവും അറിഞ്ഞു ഗ്രഹിക്കുന്നവൻ നീയാകകൊണ്ടു ഞങ്ങൾക്കു നീ ചെയ്തു തന്നിട്ടുള്ള നിന്റെ സഹായങ്ങൾക്കുവേണ്ടി നിന്നെയും നിന്റെ പിതാവിനേയും ശുദ്ധമുള്ള നിന്റെ റൂഹായേയും സ്തുതിച്ചു വന്ദിപ്പാൻ എന്നെ നീ യോഗ്യനാക്കേണമെ ആമ്മീൻ.

ഒരു കൌമാ നമസ്കരിച്ചു
അനുതാപത്തിന്റെ മസുമൂറാ ഏഴും ചൊല്ലി
നാല്പതു കുമ്പിട്ടതിന്മേൽ വേണം
കുമ്പസാരിപ്പാൻ

—:o:—

പട്ടക്കാരന്റെ മുമ്പാകെ
കുമ്പസാരിപ്പാൻ മുട്ടുകുത്തുമ്പോൾ ചൊല്ലേണ്ടുന്ന
വേറെ ഒരു ക്രമം

എല്ലാനേരത്തും ഇടവിടാതെ ഞാൻ പിഴച്ചു. മനസ്സുകൊണ്ടും വചനംകൊണ്ടും കണ്ണുകാണിക്കകൊണ്ടും വിചാരത്തിന്റെ കലുഷതകൊണ്ടും നമസ്കാരസമയത്തും കുറുബാന സമയത്തും ഞാൻ പിഴച്ചു. ദൈവശുശ്രൂഷയിൽ എനിക്കു ഉദാരതയായി, കല്പിക്കപ്പെട്ടിരിക്കുന്ന പ്രാർത്ഥനകൾ ഞാൻ തികച്ചില്ല. നിന്റെ ശുദ്ധമുള്ള എവൻഗേലിയോനിലുള്ള കല്പനകളെ ഞാൻ പ്രമാണിക്കാതെ, രഹസ്യമായും, പരസ്യമായും, ദ്വേഷതയോടും, വഴക്കോടും അസൂയയോടും തർക്കത്തോടും നിന്ദയോടും നിഗളത്തോടും ക്രൂരറവുപ്പോടും ഞാൻ പിഴച്ചു മററുള്ളവർക്കു വിരോധമായി പിഴപറഞ്ഞു. ചിലരെ

ക്കൊണ്ടു ഞാൻ ഭോഷ്കുപറഞ്ഞു. അ ശുദ്ധമായുള്ള മോഹത്തോടെ ഞാൻ സൂക്ഷിച്ചുനോക്കി. ഞാൻ വ്യഭിചാരം ചെയ്തു ഞാൻ വേശ്യാസംഗം ചെയ്തു. കാമവികാരംകൊണ്ടു ഞാൻ അശുദ്ധി പ്പെട്ടു പാപമാകുന്ന ചെളികൊണ്ടു ഞാൻ മലിനതപ്പെട്ടു. ഞാൻ മോഷ്ടി ച്ചു ഞാൻകഷ്ടദ്രോഹംചെയ്തു ഞാൻകുലചെ യ്തു പല പ്രാവശ്യവും ഞാൻ വ്യാജം പറഞ്ഞു. ഞാൻ മദ്യപാനം കൊണ്ടു അതികോപിയായി.വിചാരംകൂടാതെ ഞാൻ ആണയിട്ടു, അതിനെ ഞാൻ ലംഘിക്കയുംചെയ്തു.മര്യാദയല്ലാതെയും ദുരാഗ്രഹത്തോടും ഞാൻ അതിഭക്ഷ ണംചെയ്തു. വേദവിപരീതക്കാരോടുകൂ ടെ ഞാൻ ചേൎന്നു പാപത്തിൽ ഞാൻ അവരെ പങ്കുയല്പിച്ചു. എന്റെ ആ ഗ്രഹംകൊണ്ടു മററുള്ളവരെ ഞാൻ പ കച്ചു കൊള്ളുന്നതിലും വില്ക്കുന്നതി

ല്പം ഞാൻ വ്യാജമായി ആണയിട്ടു മ
ററുള്ളവരുടെ വസ്തുക്കളെ ഞാൻ അക്ര
മിച്ചു. ലാഭവും അതിപലിശയും ഞാ
ൻ വാങ്ങി പാപത്തിന്റെ ദുവിചാര
ങ്ങൾ എന്റെ ഉള്ളിൽ ഞാൻ പോ
ഷിപ്പിച്ചു വ്യാജചിന്തകളെ ഞാൻ ചി
ന്തിച്ചു. ചില സമയത്തു ഞാൻ മനു
ഷ്യരെ മൂഢന്മാരെന്നും ഭ്രാന്തന്മാരെ
ന്നും പെയന്മാരെന്നും കാളകൾ എ
ന്നും വിളിച്ചുപോയി അഗ്നിനരകത്തി
നു എന്നെ കുററം വിധിക്കത്തക്കതാ
യുള്ള മററു നാമങ്ങളേയും എന്റെ
സ്നേഹിതന്മാരെയും ചങ്ങാതിമാരെയും
ഞാൻ വിളിച്ചു അവരെ ഞാൻ വ
ഞ്ചിച്ചു. പ്രഭുക്കന്മാരുടേയും അധികാ
രികളുടെയും മുമ്പാകെ അവൎക്കു വിരോ
ധമായി കൊള്ളത്തക്ക വാക്കുകൾ വ്യാ
ജമായിട്ടു പറഞ്ഞു ഞാൻ കള്ളസാ
ക്ഷി പറഞ്ഞു മൎയ്യാദയില്ലാത്തവണ്ണം

ഞാൻ സൂക്ഷിച്ചുനോക്കി, എന്റെ മാ താപിതാക്കന്മാരെയും എന്റെ ഉപ ദേഷ്ടാക്കന്മാരെയും ഞാൻ അപമാനി ച്ച സംഗതികളിലും പലവിധേനഅശു ദ്ധിയുള്ള ദർശനത്തിലും ഞാൻ അക പ്പെട്ട മനസ്സോടും മനസ്സ കൂടാതെയും ദുർമ്മോഹത്തിലും അശുദ്ധിയിലും ഞാ ൻ ഉൾപ്പെട്ട, എന്റെ ഇന്ദ്രിയത്തെ നാശത്തിനു വീഴ്ത്തിസ്കലനം ചെയ്തു- അന്യജാതികളോടുകൂടെയും സ്വജാതി കളോടുകൂടെയും ഞാൻ സംഗംചെയ്തു. ഞാൻ മറന്നപോയിരിക്കുന്നതും ഇനി യും പറയുന്നതിനു ലജ്ജയുള്ളതും അ റയ്ക്കത്തക്കതുമായ മററു അനേക അ കൃത്യങ്ങളിലും ഞാൻ അകപ്പെട്ട ദൈ വമായ കർത്താവെ! ശീമഓനെറ ഭവ നത്തിൽവെച്ചു നീ മറിയംമഗ്ദലെ ത്തായോട്ട ക്ഷമിച്ചപ്രകാരം രഹസ്യ മായും പരസ്യമായും മനസ്സോടും മന

സ്സക്രൂടാതെയും അറിവോടും അറിവു
കൂടാതെയും ഞാൻ ചെയ്തിട്ടുള്ള എ
ന്റെ അതിക്രമങ്ങൾ ഒക്കയുംഎന്നോ
ടുക്ഷമിച്ചുകൊള്ളേണമെന്നു നിന്നോടു
ഞാൻ അപേക്ഷിക്കുന്നു. സ്ലീപ്പായി
ൽവെച്ചു കള്ളനോടു കരുണചെയ്തപ്ര
കാരം എന്നോടു കരുണചെയ്തു മുടിയ
നാംപുത്രനെ കൈക്കൊണ്ടപ്രകാരം
എന്നേയും കൈക്കൊള്ളേണമെ. ചുങ്ക
ക്കാരനെ നീതിമാനാക്കിയ പ്രകാരം
എന്നേയും നീതിമാനാക്കി നിന്നെ ഉ
പേക്ഷിച്ചുപറഞ്ഞശീമോനെസ്വീക
രിച്ചപ്രകാരംഎന്നേയും നീസ്വീകരി
ക്കേണമേ. അശുദ്ധന്മാരെ ശുദ്ധമാക്കി
യപ്രകാരം എന്നെയും ശുദ്ധമാക്കി
മലിനതയുള്ളവരെ വെടിപ്പാക്കിയ പ്ര
കാരം എന്നേയും വെടിപ്പാക്കേണമെ.
അനുതപിക്കുന്നവരെ സ്വീകരിക്കുന്ന
വനും പാപികളുടെ കുററങ്ങളെ ക്ഷ

മിക്കുന്നവനും തന്റെ അടുക്കൽ കണ്ടെത്തപ്പെടുന്ന നശിച്ചുപോയവരിലും തന്റെ അടുക്കലേക്കു തിരിയുന്ന വഴിതെററിപ്പോയവരിലും തെളിഞ്ഞു സന്തോഷിക്കുന്നവനുമായ മ്ശിഹാ തമ്പുരാനെ! നിനക്കും ഞങ്ങളെ രക്ഷിപ്പാനായി നിന്നെ ഈ ലോകത്തേക്കു അയച്ച ഉത്തമനും സ്തുതിക്കപ്പെട്ടവനും ആയ നിന്റെ പിതാവിനും ജീവനും ശുദ്ധവുമുള്ള നിന്റെ റൂഹായിക്കും സ്തുതിയും വന്ദനവും ബഹുമാനവും ഇടവിടാതെ ഞാൻ കരേററുവാൻ പാപത്തിന്റെ സകല അശുദ്ധികളിൽനിന്നും എന്നെതുടച്ചുവെടിപ്പാക്കി നിർമ്മലനാക്കേണമെ ആമ്മീൻ

ഞാൻപിഴയാളി

പിതാവും പുത്രനും പരിശുദ്ധ റൂഹായും ആയ സത്യമുള്ള ഏക ദൈവത്തിന്റെ തിരുനാമത്തിൽ

മഹാപാപിയായ ഞാൻ സർവ്വജ്ഞാനിയായ ദൈവതിരുമുമ്പാകെ എന്റെ പാപങ്ങളെ ഏററു പറയുന്നു. നിത്യകന്യകയായ ദൈവത്തെ പ്രസവിച്ച മറിയം അമ്മയോടും മാലാഖമാരുടെ തലവന്മാരായ മാർ മീഖായേലിനോടും മാർ ഗബ്രിയേലിനോടും ശ്ലീഹന്മാരുടെ തലവന്മാരായ മാർ പത്രോസിനോടും മാർ പൌലോസിനോടും അറിയിപ്പുകാർ എഴുപത്തിരണ്ടു പേരോടും നിഖ്യായിലും കുസ്തന്തീനോസ് പോലീസിലും എഫേസൂസിലും കൂടപ്പെട്ട സത്യവിശ്വാസികളായ പരിശുദ്ധപിതാക്കന്മാരുടെ കൂട്ടത്തോടും എന്റെ പാപങ്ങ

ളെ ഞാൻ ഏറ്റുപറയുന്നു. ബഹുമാനപ്പെട്ട എന്റെ ആത്മീക പിതാവെ! അവിടുന്നു ഭൂമിയിൽ കെട്ടുന്നതൊക്കയും ആകാശത്തിലും കെട്ടപ്പെട്ടിരിക്കുമെന്നും ഭൂമിയിൽ അഴിക്കുന്നതു ഒക്കെയും ആകാശത്തിലും അഴിക്കപ്പെട്ടിരിക്കുമെന്നും ഞാൻ പൂൎണ്ണമായി വിശ്വസിക്കുന്നു. വിചാരത്തിലും വചനത്തിലും പ്രവൃത്തിയിലും ഞാൻ പാപിയാകുന്നു. ഞാൻ മഹാപാപിയാകുന്നു. എന്റെ പാപങ്ങൾ വളരെ! വളരെ! ആകുന്നു. അതുകൊണ്ടു അവിടത്തെ മുമ്പാകെ എന്റെ പാപങ്ങളെ ഞാൻ ഏറ്റുപറയുന്നു. ദൈവത്തിനും എനിക്കും ഇടയിൽ അവിടുന്നു മദ്ധ്യസ്ഥനാകകൊണ്ടു അവിടത്തെ മദ്ധ്യസ്ഥതയാൽ കരുണയും പാപമോചനവും എനിക്കു ലഭിപ്പാൻ താഴ്മയായി ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

## പത്തുകല്പനകൾ

—*—

പുറ. ൨൦: ൨—൧൭

൧-ാമത്തു, നിന്റെ ദൈവമായ കൎത്താവുതൊനാകുന്ന ഞാൻഒഴികെഅന്യദൈവങ്ങൾ നിനക്കു ഉണ്ടാകരുതു.

൨ാമതു, മേൽ ആകാശത്തിൽ എങ്കിലും താഴെ ഭൂമിയിൽ എങ്കിലുംഭൂമിക്കുകീഴെ വെള്ളത്തിൽഎങ്കിലും ഉള്ളയാതൊന്നിന്റെയുംപ്രതിമ എങ്കിലുംസാദൃശ്യംഎങ്കിലും നിനക്കു ഉണ്ടാകരുതു. അവയെ നീ കുമ്പിടുക എങ്കിലുംസേവിക്കഎങ്കിലുംഅരുതു എന്തുകൊണ്ടെന്നാൽ നിന്റെ ദൈവമായ കൎത്താവായ ഞാൻ വൈരാഗ്യമുള്ളദൈവം ആകുന്നു എന്നെ ദ്വേഷിക്കുന്നവരോടു മൂന്നും നാലും തലമുറവരെയുള്ളമക്കളുടെ മേൽ പിതാക്കന്മാരുടെ അന്യായത്തെക്കുറിച്ചുപ്രതിപകരംചെയ്യു

യും എന്നെ സ്നേഹിച്ചു എന്റെ കല്പ
നകളെ പ്രമാണിക്കുന്ന ആയിരം ത
ലമുറകൾക്കും കരുണയെ ചെയ്കയും
ചെയ്യുന്നു.

൩-ാമതു, നിന്റെ ദൈവമായ ക
ൎത്താവിന്റെ നാമംകൊണ്ടു നീ വ്യാജ
മായി ആണയിടരുതു. എന്തെന്നാൽ
തന്റെ നാമംകൊണ്ടു വ്യാജമായി
ആണയിടുന്നവനെ കൎത്താവു കുററമി
ല്ലാത്തവനായി വിചാരിക്കുന്നില്ല.

൪-ാമതു, ശബ്ബത്താ ദിവസത്തെ ശു
ദ്ധീകരിപ്പാൻ ഓൎക്ക. ആറു ദിവസം നീ
അദ്ധ്വാനിച്ചു നിന്റെ വേലയൊക്ക
യും ചെയ്ക, എന്നാൽ ഏഴാം ദിവസം
നിന്റെ ദൈവമായ കൎത്താവിന്നു ശ
ബ്ബത്തായാകുന്നു. അതിൽ നീയും നി
ന്റെ പുത്രനും നിന്റെ പുത്രിയും നി
ന്റെ ദാസനും നിന്റെ ദാസിയും നി
ന്റെ തെരുവിലുള്ള പരദേശിയും യാ

തൊരു വേലയും ചെയ്യരുതു എന്തെ
ന്നാൽ ആറു ദിവസം കൊണ്ടുകൎത്താവു
ആകാശത്തെയും ഭൂമിയേയും സമുദ്ര
ത്തെയും അവയിലുള്ള സകലത്തെയും
സൃഷ്ടിച്ചു. ഏഴാം ദിവസത്തിൽ താൻ
സ്വസ്ഥമായിരുന്നു ഇതിനാൽ ഏഴാം
ദിവസത്തെ ദൈവം വാഴ്ത്തി അതി
നെ ശുദ്ധീകരിക്കയും ചെയ്തു.

൫-ാമതു, നിന്റെ ദൈവമായ ക
ൎത്താവു നിനക്കു തരുന്ന ദേശത്തു നി
ന്റെ ദിവസങ്ങൾ ദീൎഘമാകുവാനാ
യിട്ടു നിന്റെ പിതാവിനേയും, മാതാ
വിനേയും ബഹുമാനിക്ക.

൬-ാമതു, നീ കുലചെയ്യരുതു.

൭-ാമതു, നീ വ്യഭിചാരം ചെയ്യരുതു.

൮-ാമതു, നീ മോഷ്ടിക്കരുതു.

൯-ാമതു, നീ നിന്റെ അയൽക്കാ
രന വിരോധമായി കള്ളസാക്ഷി പ
റയരുതു.

## ൨൧൦ പത്തുകല്പനകൾ

൧൦-ാമതു, നീ നിന്റെ അയല്ക്കാരന്റെ ഭവനത്തെ മോഹിക്കരുതു. അവന്റെ ഭാൎയ്യയേയും അവന്റെ ദാസനേയും അവന്റെ ദാസിയേയും അവന്റെ കാളയേയും അവന്റെ കഴുതയേയും നിന്റെ അയല്ക്കാരനുള്ള യാതൊന്നിനേയും നീ മോഹിക്കരുതു.

ഈ കല്പനകൾ പത്തും രണ്ടിൽ അടങ്ങും.

മത്തായി ൨൨—൩൭
മർക്കോസ് ൧൨—൩൦

൧-ാമതു; നിന്റെ പൂൎണ്ണഹൃദയത്തോടും നിന്റെ പൂൎണ്ണ ആത്മാവോടും നിന്റെ പൂൎണ്ണമനസ്സോടും നിന്റെ പൂൎണ്ണശക്തിയോടും നിന്റെ ദൈവമായ കൎത്താവിനെ സ്നേഹിച്ചു വന്ദിക്കണം.

൨-ാമതു, നിന്നെപ്പോലെതന്നെ നിന്റെ അയല്ക്കാരനേയും സ്നേഹിക്കണം.

—:*:—



## വലിയ നോമ്പിന്റെ നമസ്കാരം.

—:*:—

# സന്ധ്യയുടെ

ഒരു കൌമ നമസ്കരിക്കണം

കർത്താവേ! നിന്നെ സ്നേഹിച്ചവരായ വാഴ്ത്തപ്പെട്ട സഹദേന്മാരോടുകൂടെയും അവരുടെ പ്രവൃത്തികളാൽ നിനക്കു ഇഷ്ടന്മാരായിതീർന്ന പരിശുദ്ധന്മാരോടുകൂടെയും ഞങ്ങളുടെ മരിച്ചവർക്കു ഓർമ്മയെ ചമച്ചു നിന്റെ വലത്തുഭാഗത്തു നില്പാൻ അവരെ യോഗ്യന്മാരാക്കി ആശ്വസിപ്പിക്കേണമെ. കർത്താ

വേ! ശുദ്ധമുള്ള നിന്റെ സഭ അതി ൻെറ പ്രജകൾക്കായി ദുഃഖത്തോടു നി ലവിളിച്ചുംകൊണ്ടു നിന്നോടു അപേ ക്ഷിച്ചു പറയുന്നു. കൎത്താവേ! മാമോദീ സായാൽ നിന്നെ ധരിച്ചു എന്ന ജന ങ്ങൾ നിന്നാൽ അനുക്രഹിക്കപ്പെടുകയല്ലാ തെ അഗ്നിനരകം നേടുമാറാകരുതെ.

അനുഗ്രഹങ്ങൾ നിറഞ്ഞിരിക്കുന്നവനെ
എന്നുള്ളതും രണ്ടു കൌമായും നമസ്കരിക്കണം.

കൎത്താവേ! ഞങ്ങളുടെ നോമ്പും ന മസ്കാരവും നിനക്കു വെടിപ്പുള്ള ധൂമം പോലെ ആയി സൌരഭ്യങ്ങളുടെപുക പോലെ നിന്റെ സന്നിധാനത്തിങ്കൽ കൈക്കൊള്ളപ്പെടുമാറാകേണമെ. ശു ദ്ധമുള്ള നോമ്പു ജയത്തിന്റെ അടയാ ളവും ശത്രുവാകുന്ന ദുഷ്ടന്റെ നേരെ തോല്ക്കാത്ത ആയുധവും ആകുന്നു. ക ൎത്താവേ! ഞങ്ങളുടെ നമസ്കാരം നിന ക്കു ഇമ്പമുള്ളതാകേണമെ. ഞങ്ങളുടെ

അ:പേക്ഷ നിന്റെ തിരുമുമ്പാകെ പ്രവേശിക്കുമാറാകേണമെ. ആനന്ദപരിമണംപോലെ നിന്റെ ശ്രേഷ്ഠതയുടെ മുമ്പാകെ അതു കൈക്കൊള്ളപ്പെട്ടുമാറാകേണമെ, കർത്താവേ! നിന്നെ ഞങ്ങൾ നോക്കി വിളിക്കുന്നതുകൊണ്ടു ഞങ്ങളുടെ സഹായത്തിന്നു നീ എഴുന്നെള്ളി ഞങ്ങളുടെ ആത്മാക്കൾ മേൽ അനുഗ്രഹം ചെയ്യേണമെ, നീതിമാന്മാരുടെയും പുണ്യവാന്മാരുടേയും നോമ്പിനെ കൈക്കൊണ്ടു എന്ന മിശിഹാതമ്പുരാനെ ഞങ്ങളുടെ നോമ്പും നമസ്കാരവും നീ കൈക്കൊണ്ടു ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യേണമെ, ആമ്മീൻ.

മോറാനീശോ മ്ശിഹാ എന്നുള്ളതും രണ്ടു
കൌമായും നമസ്കരിച്ചു താഴെയുള്ള
അപേക്ഷ ഞായറാഴ്ച സന്ധ്യാ
നമസ്കാരത്തിന്നു മാത്രം
മൂന്നു പ്രാവശ്യം ചൊല്ലി കുമ്പിടണം.

ഒ.ത.ശ്ബ്ബ്യഘത്തൊ ലാലൊഹൊബ മറൌമെ- അൽ അറഒല്ലൊ`മ്മൊ ഉ ശൈശന്നൊ ഉ സബ്ബ്രൊതോ ബെബാലബ് നൈനനോശൊ

അർത്ഥം:—ഉന്നതങ്ങളിൽ ദൈവത്തിനു മഹത്വം ഭൂമിയിൽ സമാധാനവും യോജ്യതയും മാനുഷമക്കൾക്കു നല്ല ശരണവും ഉണ്ടാകട്ടെ.

നാലാം മസ്മൂറാ

എന്റെ ദൈവവും എന്റെ നീതിയുടെ രക്ഷിതാവുമെ നിന്നെ ഞാൻ വിളിച്ചപ്പോൾ എന്നോടു നീ ഉത്തരം പറഞ്ഞു. എന്റെ ഞെരുക്കങ്ങളിൽ എന്നെ നീ ആശ്വസിപ്പിച്ചു എന്റെ മേൽ അനുഗ്രഹംചെയ്തു എന്റെ പ്രാർത്ഥനയെ കേൾക്കേണമെ. മനുഷ്യമക്കളെ! നിങ്ങൾ എത്രത്തോളം എന്റെ ബഹുമാനത്തെ മൂടി മായയെ സ്നേഹിച്ചു എന്നേക്കും വ്യാജം അന്വേഷി

ക്കന്നു. തന്റെ തെരിഞ്ഞെടുക്കപ്പെട്ട വനെ കൎത്താവു അത്ഭുതത്താൽ തന്നി ക്കായി വേൎതിരിച്ചു എന്നു നിങ്ങൾ അറിവിൻ. തന്നെ ഞാൻ വിളിക്കു മ്പോൾ കൎത്താവു കേൾക്കും. കോപി പ്പിൻ, നിങ്ങൾ പാപംചെയ്യരുതു നി ങ്ങളുടെ ഹൃദയങ്ങളിൽ പറഞ്ഞു നി ങ്ങളുടെ കിടക്കകളിൽ നിങ്ങൾ നിരു പിപ്പിൻ. നീതിയുടെ ബലികളെ നി ങ്ങൾ കഴിച്ചു കൎത്താവിൽ നിങ്ങൾ ശ രണം പ്രാപിപ്പിൻ. നമുക്കു നന്മ ആരു കാണിക്കുമെന്നു പറയുന്നവർ പലരു ണ്ടു തന്റെ മുഖപ്രകാശം ഞങ്ങളുടെ മേൽ നീ വിരിക്കട്ടെ. കൎത്താവേ! അവരുടെ ധാന്യവും വീഞ്ഞും എണ്ണ യും സമാധാനത്താലെ ഒന്നിച്ചു വ ൎദ്ധിച്ച കാലത്തേക്കാൾ നിന്റെ സ ന്തോഷം എന്റെമനസ്സിൽ നീ തന്നു. ഞാൻ കിടന്നുറങ്ങും, എന്തെന്നാൽ ക

ത്താവെ! നീ മാത്രം എന്നെ അടക്ക
ത്തോടെ വസിക്കുമാറാക്കും ദൈവമെ!
സ്തുതി നിനക്കു യോഗ്യമാകുന്നു, ബാറ
ക്മോർ.

——:*:——

മാർ യാക്കോബിൻെറ അപേക്ഷ
(കോറെനാൻ ലോക് എന്ന ലയം)

കർത്തൃകർത്താവെ! നിന്നെ ഞങ്ങൾ
വിളിക്കുന്നിപ്പോൾ, നീയെഴുന്നെള്ളി
പ്രാർത്ഥനകേട്ടു കൃപചെയ്യേണമേ ഈ
റെന്മാലാക്മാരുടെയും ഉടയവനായ
കർത്തൃകർത്താവെ!ആത്മങ്ങൾമേൽ കൃ
പചെയ്യേണമെ ബാവാപുത്രാ ശുദ്ധ
റൂഹായെ വിശ്വാസത്താൽ ഞങ്ങൾ
മുട്ടി നിൻ കൃപകൊണ്ടു ഉത്തരമരുൾ
കാ. നിൻ മനഗുണത്തെ ഞങ്ങൾ ക
ണ്ടു നിൻതിരുനാമം സ്തോത്രം ചെയ്വാ
ൻ ഞങ്ങളുടെ കണ്കൾ വെളിവാക്ക
ണമെ. നിൻെറ ദയയിൻ സങ്കേ ത

ത്തെ ഞങ്ങൾ പിടിച്ചു നിന്നനുഗ്രഹ
ത്താൽ ഞങ്ങളെ നീ ജീവിപ്പിക്കേണ
മെ. ഞങ്ങളുടെ ദൈവമെ നിന്നിൽ
നിന്നു പ്രാൎത്ഥിച്ചതിനാൽ ഞങ്ങൾക്കാ
യി ശുദ്ധഹൃദയം നല്കീടണമെ. രക്ഷാ
യുധത്തെ ബീശേൻപക്കൽ പ്രയോഗി
ക്കാ ഞങ്ങളുടെ മുറിവെ സൌഖ്യപ്പെ
ടുത്തി രക്ഷിക്കണമെ. നിന്റെ പിന്നി
ൽവന്നവരെ നാണിപ്പിക്കല്ലെ എന്റെ
കൎത്താവെ നിൻവലങ്കയ്യാൽ രക്ഷിക്ക
ണമെ. എന്റെ ഇഷ്ടം നിന്റേതാവ
നാശിക്കുന്ന സകലേശ്വരനാം സൎവ്വ
പിതാവെ വന്ദിക്കുന്ന സകലഗുണവും
നിന്നിൽനിന്നു ഞങ്ങൾ വാങ്ങി വ്യാ
പാരിയെപ്പോൾ ഞങ്ങളുടെ ദ്രവ്യം നീ
വാങ്ങേണമേ പഠിപ്പാൻ നിന്റെ സ
ൽപുസ്തകത്തെ നൽകീടണമെ, ദാ
സാദാസി സുതരെ നീ ജീവിപ്പിക്കണെ
മെ. എന്റെ കൎത്താവെ നിന്റെ ദേ

ഫരകങ്ങളെയും തിന്നുകടിച്ചു ഞങ്ങളെ നീ ജീവിപ്പിക്കണമെ. നിന്റെ സ്ലീബാ ഞങ്ങളുടെ ദേഹോപദ്രവത്തിന്നു കോട്ടയതായി ഞങ്ങൾക്കതിന്നെ നല്കീടണമെ. ഇടയാ നിന്റെ ഇടവകയുടെ കുഞ്ഞാടാക്ക. നിന്റെ വലങ്കൈ ഞങ്ങളുടെ മേൽ വസിപ്പിക്കാ ലോകപിതാവാം രാജരാജാവെ നിനക്കു സ്തോത്രം ഞങ്ങളുടെ അപേക്ഷ കാഴ്ചയെപ്പോലെ കൈക്കൊള്ളണമെ നിഖിലം ശ്രവിക്കും നമസ്കാരം കൈക്കൊള്ളുന്നവനെ പ്രാർത്ഥന കേട്ടു ആത്മങ്ങളെ നീ രക്ഷിക്കണമെ.

മാർ അപ്രേമിന്റെ സൂത്താറായെന്ന ശയനനമസ്കാരവും ൯൧—ാംമസ്മൂറ മുതൽ എല്ലാ അപേക്ഷകളും ചൊല്ലണം.

—:*:—

# മയ്യലിന്റെ നമസ്കാരം

——:*:——

ഒരു കൌമാരവും ഉറക്കമില്ലാത്ത ഉണർവുള്ളവ വനായ എന്റെ കർത്താവേ എന്ന അപേക്ഷയും ചൊല്ലിയ ശേഷം.

കർത്താവേ! എന്റെ കിടക്കയിന്മേൽ നിന്നെ ഞാൻ ഓർക്കാത്ത രാത്രിയില്ലാ. നീ എത്ര ഭയങ്കരപ്പെട്ടവനാകുന്നു എന്നു രാത്രികളിൽ നിന്നിൽ ഞാൻ നിരൂപിച്ചു നിന്റെ മുമ്പിൽ നിന്നു അഗ്നിയുടെ നദി ഒഴുകുന്നു എന്നു ദാനിയേൽ പറയുന്നശബ്ദം ഞാൻകേട്ടു എന്റെ കടങ്ങൾ വളരെ ആകുന്നതുകൊണ്ടു എനിക്കു ഹാ കഷ്ടം! എന്തെന്നാൽ നിന്റെ കൃപ എനിക്കുവേണ്ടി നിന്നോടു അപേക്ഷിക്കയും നിന്റെ അനുഗ്രഹങ്ങൾ എന്റെമേൽ ഉണ്ടാകയും ചെയ്യാഞ്ഞാൽ ഞാൻ അതി

ൽക്കൂടെ എങ്ങിനെകടക്കേണ്ടു? കൎത്താ
വെ നിന്റെ അനുഗ്രഹങ്ങൾ നിമി
ത്തം എന്റെമേൽ കരുണ ചെയ്യണ
മെ. മനുഷ്യരെ സ്നേഹിക്കുന്നവനായ
എന്റെ കൎത്താവേ! എന്റെ കിടക്ക
മേൽ വെച്ചു നിന്നെ ഞാൻ ഓൎത്തു
രാത്രികളിൽ നിന്നിൽ ഞാൻ നിരൂ
പിച്ചു. നീ വളരെ ഭയങ്കരപ്പെട്ടവനാ
കയാൽ എന്റെ കറകളിലും ചെളി
കളിലും ഞാൻ സൂക്ഷിച്ചു നോക്കിയാ
റെ നിന്നെ വിളിപ്പാൻ ഞാൻ ലജ്ജി
ക്കുന്നു. കൎത്താവെ കള്ളനും ചുങ്കക്കാര
നും ദോഷത്താളത്തിയും മാഹെത്താ
യോടുകൂടെ കനാനായക്കാരത്തിയും
ശമ്രായക്കാരത്തിയും എന്നെ മനസ്സാ
പ്പിച്ചുഎന്നോടുപറയുന്നു, "നിന്റെക
ൎത്താവു കരുണ നിറഞ്ഞവനാകകൊ
ണ്ടു നീ അവങ്കൽ അടുത്തുചെന്നു അ
നുഗ്രഹത്തെ എടുത്തുകൊൾക" വ്യഭി

ചാരികൾക്കു കഷ്ടംഎന്നും ദോഷക്കാ
ൎക്കു ലജ്ജയെന്നും ദൈവദൂഷണക്കാ
ൎക്കു നിത്യാഗ്നിയെന്നും പറയപ്പെട്ട
പൌലൂസിൻെറ ലേഖനത്തെ വായി
ച്ചപ്പോൾ ഞാൻ കരഞ്ഞു. എന്തെ
ന്നാൽ ഇവ ഒക്കയും എൻെറ പൈ
തൽപ്രായം മുതൽ ഞാൻ ചെയ്തിട്ടുള്ള
തുകൊണ്ടു എനിക്കു ഹാ കഷ്ടം! എ
ൻെറ കൎത്താവെ ദോഷത്താളത്തിയെ
പ്പോലെ നിന്നോടു ഞാൻ നിലവിളി
ക്കുന്നു. ചുങ്കക്കാരനെപ്പോലെ നിന്നോ
ടു ഞാൻ അപേക്ഷിക്കുന്നു. അനുഗ്രഹം
നിറയപ്പെട്ടവനായ എൻെറ കൎത്താ
വെ നീ കൃപചെയ്തു എൻെറമേൽ അ
നുഗ്രഹം ചെയ്യേണമെ. ഞങ്ങളുടെ
കൎത്താവായ കൎത്താവേ! നിൻെറ തിരു
മുമ്പിൽനിന്നു എവിടേക്കു ഞാൻപോ
കേണ്ടു? നിൻെറ സന്നിധാനത്തിങ്കൽ
നിന്നു എവിടേക്കു ഞാൻഓടിഒളിക്കേ

ണ്ടു? ഉയരത്തിന്നു ഞാൻ കരേറുന്നു എ
ങ്കിൽ അത്യന്തമില്ലാതെ അവിടെ നീ
യാകുന്നു. പാതാളത്തിന്നു ഞാൻ ഇറ
ങ്ങുന്നു എങ്കിൽ അവിടെയും നിന്റെ
അധികാരം ആകുന്നു. എന്റെ ദൈവ
മേ! നിന്റെ അനുഗ്രഹങ്ങളാൽ എ
ന്നോടു കരുണ ചെയ്തു നിന്റെ വലത്തു
ഭാഗത്തു എന്നെ നിൎത്തേണമെ. എ
ന്തെന്നാൽ ജീവനുള്ള യാതൊന്നും നി
ന്റെ തിരുമുമ്പാകെ കുറ്റംതീൎന്നതാ
യിരിപ്പാൻ കഴിയുന്നതല്ല. കൎത്താവേ
നിന്നെ ഞങ്ങൾ നോക്കിവിളിക്കുന്നതു
കൊണ്ടു ഞങ്ങളുടെ സഹായത്തിന്നു
നീ എഴുന്നള്ളി ഞങ്ങളുടെ അപേക്ഷ
യെ കേട്ടു ഞങ്ങളുടെ ആത്മങ്ങൾമേ
ൽ അനുഗ്രഹം ചെയ്യേണമെ. കൎത്താ
വെ നിന്റെ ദീൎഘക്ഷമ എന്റെ മേ
ൽ വരുവാൻ ഞാൻ ആഗ്രഹിക്കുന്നു.
അവസരമുള്ളപ്പോൾ അനുഗ്രഹങ്ങ

ളെ യാചിപ്പാൻ എനിക്ക നീ കൃപചെ
യ്യേണമെ. നിന്റെ അനുഗ്രഹങ്ങൾ
ക്കായിട്ട ഞാൻ ദാഹിച്ചിരിക്കുന്നു. എ
ന്നാൽ അവകൂടാതെ ഞാൻ നിലനി
ല്ക്കുന്നതല്ലാ. അനുഗ്രഹങ്ങളുടെ സമുദ്ര
മായ കൎത്താവെ, നിന്റെ കരുണയു
ടെ ചിന്തലുകളെ എന്നിൽ പ്രകാശി
പ്പിക്കേണമെ. അന്ന്യായത്തിന്ന വേല
ചെയ്യുന്നവനായും കൊണ്ട എന്റെ
സമയങ്ങളെ ഞാൻ അവസാനിപ്പി
ച്ചിരിക്കുന്നു. കൎത്താവെ നിനക്കുള്ളവ
ൻ ഞാനാകുവാൻ എന്റെ ജീവന്റെ
അവസാനത്തിൽ എങ്കിലും എന്നെ
കൈക്കൊള്ളേണമെ. വഞ്ചനയുടെ
അധിപതിയായ സാത്താൻ എന്നെ
കൊല്ലുവാൻ അവന്റെ അസ്ത്രങ്ങളെ
എന്നിൽ എയ്യിരിക്കുന്നതുകൊണ്ട മ
ഹാ ശക്തിമാനായ എന്റെ കൎത്താ
വെ! എന്നിൽ നിന്റെ സുഗന്ധ

തൈലത്തെ അഭിഷേകം ചെയ്യേണമെ എന്തെന്നാൽ അതിനാൽ ഞാൻ നൈൎമ്മല്യപ്പെടും. ദൈവമെ എന്നോട്ടു നീ ഉത്തരമരുളിചെയ്യേണമേ. ദൈവമെ എന്നോട്ടു നീ ഉത്തരമരുളിച്ചെയ്തു എന്റെ മേൽ അനുഗ്രഹംചെയ്യേണമെ. മനുഷ്യമക്കളുടെ മനസ്സിനെ അനുതാപത്തിന്നു തിരിപ്പിക്കുന്നവനേ! ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യേണമെ ആമ്മീൻ.

തന്റെ ഇടത്തിൽ നിന്നു കൎത്താവിന്റെ ബഹുമാനം എന്നേക്കും വാഴ്ത്തപ്പെട്ടതാകുന്നു എന്നു ഒരു കൌമാ നമസ്കരിക്കണം.

കൎത്താവെ! ശുദ്ധമുള്ള നിന്റെ തിരുനാമത്തെ ഞാൻ ഉപേക്ഷിച്ചില്ലാ എന്നതുകൊണ്ടു എന്നെ നീ ലജ്ജിപ്പിക്കല്ലെ എന്റെ കൎത്താവേ! മനുഷ്യമക്കളുടെ മുമ്പാകെ നിന്നിൽ ഞാൻ എറവുപറഞ്ഞതുകൊണ്ടു നിന്റെ പിതാ

വിൻെറ തിരുമുമ്പാകെ എന്നിൽ നീ യുംഏറവു പറയേണമെ. നിൻെറശരീരരക്തത്തെ ഞാൻ ഭക്ഷിച്ചുകുടിച്ചതുകൊണ്ടു നിൻെറ മോക്ഷത്തിന്നും നിൻെറ പരമാനന്ദത്തിന്നും എന്നെ നീയോഗ്യനാക്കേണമെ. നിൻെറ മാലാഖമാരോടുകൂടെവലിയ സ്തുതിയാൽ നീ എഴുന്നെള്ളിവരുമ്പോൾ നിൻെറ കൃപയാൽ എൻെറ കടങ്ങളെ നീ പൊറുക്കേണമെ. ദാവീദു അവൻെറ നന്തുനിയുടെ കമ്പികളാൽ രാത്രിയിൽ ശുദ്ധമുള്ള റൂഹായുടെ കീൎത്തനങ്ങളെ പാടി സ്തുതിച്ചു. കൎത്താവേ ഞങ്ങളുടെ മനുഷ്യവൎഗ്ഗത്തോടു നീ ചെയ്തിട്ടുള്ള നല്ലതായ നിൻെറ ന്യായങ്ങൾക്കു വേണ്ടി സ്തോത്രം ചെയ്‌വാൻ രാത്രിയിൽ ഞാൻ ഉണൎന്നു. എന്തെന്നാൽ നിൻെറ സ്വരൂപത്തിലുംസാദൃശ്യത്തിലും ഞങ്ങളെ നീ സൃഷ്ടിച്ചു. ബോധംകൊ

ണ്ടും സ്വാതന്ത്ര്യംകൊണ്ടും ഞങ്ങളെ
നീ അലങ്കരിപ്പിച്ചു നിന്റെവിരലുക
ളുടെ വേലയായ ഞങ്ങളെ സൌന്ദൎയ്യ
വുംഭംഗിയുമുള്ളവരാക്കിനീ തീൎത്തു. ക
ൎത്താവെ! മഹാദുഃഖത്തോടെ ഞങ്ങൾ
നിലവിളിച്ചു പ്രാൎത്ഥിക്കുന്നു. സത്യ
ത്താലെ നിന്നെ വിളിക്കുന്നവൎക്കുനീ
സമീപസ്ഥനാകയാൽനിന്റെ അനു
ഗ്രഹങ്ങളോടു ഞങ്ങൾ അപേക്ഷിക്കു
ന്നു. നിന്റെ ആദ്യന്തമില്ലാത്തകൃപനി
മിത്തംഞങ്ങളോടുനീഉത്തരമരുളിച്ചെ
യ്യേണമെ. കൎത്താവെ! ഞങ്ങളുടെ സ
ങ്കടത്തെ ഓൎത്തു ഞങ്ങളുടെ കണ്ണുനീ
രിന്റെ തുള്ളിയാൽ ഞങ്ങളുടെ പാപ
ത്തിന്റെ അഴുക്കുവസ്ത്രത്തെനീ നിൎമ്മ
ലമാക്കേണമെ. ദൈവപുത്രാ! നിന്റെ
ഭയങ്കരപ്പെട്ട വരവും വിസ്മയിക്കപ്പെ
ട്ട നാഴികയും എപ്പോൾ എന്നു ആരു
അറിയുന്നു? ലോകാവസാനവും വാതു

ക്കൽ നില്ക്കുന്നു എന്നു ശ്ലീഹായും ഞ
ങ്ങളോടു സാക്ഷിക്കുന്നു. ആ നാഴിക
യിൽ ഉണ്ടാകുന്ന നിന്റെ ന്യായതീ
ൎപ്പു കരുണയാൽ ആകേണമെ. ഞങ്ങളു
ടെ പാപത്തിന്റെ ബഹുത്വം ആ സ
മയം നിന്റെ തിരുഹൃദയത്തിൽ ക്രോ
ധമാറാകരുതെ. കൎത്താവേ! ഞങ്ങളു
ടെമേൽ നീ അനുഗ്രഹം ചെയ്യേണ
മെ. ഞങ്ങളുടെ നോമ്പും നമസ്കാരവും
ശുശ്രൂഷകളും നിന്റെ തിരുമുമ്പാ
കെ കൈക്കൊള്ളപ്പെട്ടുമാറാകണ
മെ. നിന്റെ ശ്രീഭണ്ഡാരത്തിൽ നി
ന്നു മനോഗുണവും അനുഗ്രഹങ്ങളും
പാപമോചനവും ഞങ്ങൾക്കു നീ ന
ല്കേണമെ. നീ അനുഗ്രഹങ്ങളുടെ സമു
ദ്രമാകുന്നു. ഞങ്ങളുടെ അന്യായമൊ
ചെളിയുടെ തുള്ളിപോലെയും ആകു
ന്നു. മഹാവലിയ സമുദ്രമായ നിന്റെ
ആൎദ്രകരുണമൂലം ഞങ്ങളുടെ പാപ

ത്തിൻെറ തുള്ളികളെ നീ ശുദ്ധമാക്കേ ണമേ. എൻെറ കൎത്താവേ! പാപിക ളായ ഞങ്ങൾക്കുവേണ്ടി ചിന്തപ്പെട്ട എന്നേറിയ നിൻെറ സ്നേഹത്തിനു സ്തുതി. കൎത്താവെ ഞങ്ങളെ രക്ഷിച്ചു കൊള്ളേണമെ. ഞങ്ങളുടെ സകല കു റത്തിൽ നിന്നും ഞങ്ങളെ നീ ശുദ്ധ മാക്കി വെടിപ്പാക്കേണമെ ആമ്മീൻ.

തൻെറ ഇടത്തിൽനിന്നു കൎത്താവിൻെറ ബഹു മാനം എന്നേക്കും വാഴ്ത്തപ്പെട്ടതാകുന്നു എന്നു ഒരു കൌമ നമസ്കരിക്കണം.

അനുഗ്രഹങ്ങൾ നിറയപ്പെട്ടിരിക്കു ന്ന മഹാസമുദ്രമായകൎത്താവെ നിന്നി ൽ ശരണം പ്രാപിക്കുന്നവൎക്കുസമാധാ നത്തിൻെറ തുറമുഖം നീയാകയാൽ ശിമഓൻെറസംഭ്രശത്തിൽ ഈലോക ത്തിൻെറ പാപചുഴകലിൽ നിന്നു എ ന്നെ നീ കോരി എടുക്കേണമെ- എ ൻെറകൎത്താവെ! നിന്നെ ഞങ്ങൾനോ

ക്കി വിളിക്കുന്നതുകൊണ്ടു ഞങ്ങളുടെ സംശയത്തിന്നു നീ! എഴുന്നെള്ളേണമെ- എന്തെന്നാൽ കൎത്താവെ ഇതാ തിന്മപെട്ടവൻ അവൻെറ ഉപായത്താൽ സൃഷ്ടിപ്പുകളെ കലഹിപ്പിച്ചു രാജാക്കന്മാരുടെ ഇടയിൽ വിരുദ്ധത്തിൻെറ വാളിനെ ഇട്ടിരിക്കുന്നു. അത്രയുമല്ല കൎത്താവേ! അധികാരികളെയും അവൻ കലഹിപ്പിക്കുന്നു. എഴുതപ്പെട്ട പ്രകാരം കഴിയുമെങ്കിൽ തിരഞ്ഞെടുക്കപ്പെട്ടവരേയും വഞ്ചിപ്പാൻ അവൻ പ്രയാസപ്പെടുന്നു. കൎത്താവേ! നിൻെറ കൃപയിൽ അല്ലാതെ ആരിൽ ഞങ്ങൾ സങ്കേതപ്പെടേണ്ടു? നിൻെറ സ്ലീബായുടെ അടയാളത്താലെ തിന്മപെട്ടവനെ ഞങ്ങളിൽനിന്നു നീ മായിച്ചുകളയേണമെ. എൻെറ കൎത്താവെ നിൻെറ ന്യായവിസ്താരത്തിൽ പ

ക്ഷഭേദംഇല്ലാത്തതിനാൽഎന്റെപാ
പംനിമിത്തം ഞാൻ ദുഃഖിക്കുന്നു. പു
സ്തകങ്ങൾ തുറക്കപ്പെട്ടുകയും നിന്റെ
നീതി എന്റെ കുററങ്ങളെ പരിശോ
ധിക്കയും ചെയ്യുന്ന നേരത്തിൽ നി
ന്റെ കൃപ എന്നോടു കരുണചെയ്യുമാ
റാകേണമെ. നിന്റെ കൃപ നിന്റെ
നീതിയോടു അപേക്ഷിക്കയുംഎന്റെ
കുററംചുമതലപാപമോചനത്തെപ്രാ
പിക്കയും ചെയ്യേണമെ. കർത്താവെ
നിന്നോടു ഞാൻ പിഴച്ചു എന്നു ഞാ
ൻ ഏററുപറയുന്നു നീ കൃപചെയ്തു എ
ന്റെമേൽ അനുഗ്രഹം ചെയ്യേണമേ
സമുദ്രത്തിന്റെ ഉള്ളിൽവെച്ചു യൌ
നാന്റെ അപേക്ഷയെ നീ കൈക്കൊ
ണ്ടു വലിയ മത്സ്യത്തോടു കല്പിക്കയും
മൂന്നാംദിവസം അവനെ രക്ഷിക്കയും
ചെയ്തു എന്ന ദൈവമെ! ഞങ്ങളോടു
നീ നിരപ്പായി നിന്റെ അനുഗ്ര

ഫങ്ങളാൽ ഞങ്ങളുടെ യാചനകൾ നല്കമാറാകേണമെ. ഞങ്ങൾ നിന്നെ വെറുപ്പിച്ച എങ്കിലും നിന്നെ നിരപ്പാക്കവാൻ നിൻെറസ്നേഹത്തെപ്രതി മരിച്ച എന്ന സഹോദരന്മാരുടെയും സകല പരിശുദ്ധന്മാരുടേയും പ്രാൎത്ഥന മൂലം ഞങ്ങളോട്ട നിരപ്പാകപ്പെടേണമെ. നിൻെറ സഭ നിൻെറ വാതിലിൽ മുട്ടുന്നു. നിൻെറ സഭയ്ക്കുവേണ്ടി നീ സഹിച്ച എന്ന നിൻെറ കഷ്ടാനുഭവം മൂലം നിന്നോട്ട അപേക്ഷിക്കുന്നു. നിൻെറആദ്യന്തമില്ലാത്ത കൃപയാൽ നിൻെറ സഭമേൽ നീ കൃപ ചെയ്യേണമെ. പാപികളോട്ട കരുണ ചെയ്യുന്നവനായ കൎത്താവെ! നീ ന്യായംവിസ്തരിക്കുന്ന ദിവസത്തിൽ ഞങ്ങളോട്ട കരുണചെയ്യേണമെ. നിൻെറ കൃപയുടെ ബഹുത്വത്താൽ ഞങ്ങളുടെ കടങ്ങളെ നീ ക്ഷമിക്കേണമെ. മ

ന്നോഗ്ഗുണമുള്ളവനെ! ഞെരുങ്ങപ്പെട്ടവ
രായി നിന്റെ വാതിലിൽ മുട്ടിവിളി
ക്കുന്നവരുടെ യാചനകളെ നീ നൽ
കേണമെ. ആകാശത്തിലുള്ള ഞങ്ങളു
ടെ ബാവാ! നിന്റെ തിരുമുമ്പാകെ ഞ
ങ്ങൾ ചെയ്യുന്നസകലശുശ്രൂഷകളേ
യും നീ കൈക്കൊണ്ട ഞങ്ങളുടെ മേൽ
അനുഗ്രഹം ചെയ്യേണമെ. മേലുള്ളവ
രുടെ ഉടയവനും താഴെയുള്ളവരുടെ ശ
രണവുമെ! ഞങ്ങളുടെ ശുശ്രൂഷകൈ
ക്കൊണ്ട ഞങ്ങളുടെമേൽ അനുഗ്രഹം
ചെയ്യേണമെ ആമ്മീൻ.

ഹല്ലേലൊയ്യ ഉഹല്ലേലൊയ്യ ഉഹ
ല്ലേലൊയ്യാ ശുബഹൊലോക് ആ
ലോഹൊ.

ദൈവമെ നിനക്കു സ്തുതി

ഹല്ലേലൊയ്യാ ഉഹല്ലേലൊയ്യാ ഉഹ
ല്ലേലൊയ്യാ ശുബഹൊലോക് ആ
ലൊഹൊ

ദൈവമെ നിനക്കു സ്തുതി.
ഹല്ലേലൊയ്യാ ഉഹല്ലേലൊയ്യാ ഉഹല്ലേലൊയ്യാ ശുബഹോലൊക് ആലോഹൊ

ദൈവമെ നിനക്കു സ്തുതി

മനോഗുണമുള്ള ദൈവമെ നിന്റെ അനുഗ്രഹങ്ങളാൽ ഞങ്ങളോട്ട മനോഗുണം ചെയ്യേണമെ.

മുന്മതംത്തിന്നുസ്തുതി മുന്മതംത്തിന്നു സ്തുതി സ്തുതിക്കപ്പെട്ടതും സാരാംശമായതും ആദ്യന്തമില്ലാത്തതുമായ മുന്മതംത്തെ ഞങ്ങൾ സ്തുതിക്കുന്നു.

---

അപേക്ഷ

കല്പനലംഘനത്താൽ ഏദനിൽകടപ്പെട്ട ഏന്ന മനുഷ്യവഗ്ഗത്തിന്റെകടങ്ങളും ദോഷങ്ങളും നോമ്പാലെ ക്ഷമിക്കപ്പെട്ടുന്നു- ആദാം പ്രവേശിച്ച മോക്ഷം നേട്ടുവാൻ പറദൈസായുടെ

വാതിലുകളും അതിനാലെ തുറക്കപ്പെ ട്ടന്നു. ദാനിയേൽ നോററു എന്ന നോ മ്പാൽ അവൻ സിംഹങ്ങളെ ജയിച്ചു ഹന്നിനിയാ ഇടത്തുള്ള പൈതങ്ങളും തീച്ചൂളയുടെ ഭയങ്കരപ്പെട്ട ശക്തി യെ കെടുത്തി. ഏലിയായും രഥത്തിൽ ആകാശത്തിലേക്ക കരേറി. ഇയശോ ബെന്നാനും ആകാശത്തട്ടിൽ സൂര്യ നേയും ചന്ദ്രനേയും വിലക്കി. നോമ്പി ലും നമസ്കാരത്തിലും അഴകതായിരു ന്നില്ല്യപ്പെട്ട എന്നവന്റെ ഭാഗ്യം. മോക്ഷ വും സന്തോഷങ്ങളുടെ മണവറയും ഇവനായിട്ട തുറക്കപ്പെട്ടന്നു. തന്റെ നോമ്പാലെ ഞങ്ങളെ സ്വാതന്ത്ര്യമാ ക്കിഎന്ന കർത്താവെ! ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യേണമെ. മനുഷ്യൻ പുത്രനായ മോശയെപ്പോലെയും ഏ ലിയായെപ്പോലെയും നോമ്പുനോററു എന്ന അത്യുന്നതനായവനെ നിന്നാ

ലെ മാലാഖമാര ഞങ്ങാം നന്ദശപ്പെടുകയും നിൻെറ രുചികളാൽ ലോകരുചികളെ നിരസിക്കയും ചെയ്യുമാറാകേണമെ. ഞങ്ങാംക്ക വേണ്ടി ഉപവസിച്ച എന്ന മിശിഹാ കൎത്താവെ! നിനക്കും നിൻെറ പിതാവിനും സ്തുതി ഈ ലോകത്തിലും വരുവാനിരിക്കുന്ന ലോകത്തിലും ഞങ്ങളുടെ മേൽ അനുഗ്രഹംചെയ്യേണമെ. പ്രാൎത്ഥനകളെ കേട്ട ഞങ്ങളൊട നിരപ്പായി നിൻെറ അനുഗ്രഹങ്ങളാൽ ഞങ്ങളുടെ യാചനകളെ നല്കുമാറാകേണമെ.

—:*:—

മേല്പെട്ട ഉയരങ്ങളിൽ മാറാനീശൊ മിശിഹാ രണ്ട കൌമാ ചൊല്ലിയശേഷം.

അപേക്ഷ

കൎത്താവെ! ജീവൻെറവഴിയെ വിട്ട മായകളുടെ പിന്നാലെ ഓടി എന്ന നശിക്കപ്പെട്ട പള്ളാട ഞാനാകുന്നു. ന

ല്ലു ഇടയനായവനെ! നീ പുറപ്പെട്ടു എ
ന്നെ അന്വേഷിക്കേണമെ. ഞാൻ അ
ശേഷം നശിച്ചുപോകുവാൻ എന്നെ
നീ കൈവിട്ടു കളയരുതെ. പിന്നെ
ൊ ാ, ചുങ്ക ാരന്മാരോടുകൂടെയും ദോഷ
ത്താളത്തിയോടുകൂടെയും ബുദ്ധിയുള്ള
വരായ കന്യകമാരോടു കൂടെയും നി
ൻെറ ആട്ടിൻകൂട്ടത്തിൽ എന്നെ എ
ണ്ണി നിൻെറ മണവറയ്ക്കു പ്രവേശി
പ്പാൻ എന്നെ യോഗ്യനാക്കേണമെ.
ദൈവമെ! എൻെറ കടങ്ങളെ നീ പു
ണ്യമാക്കി എൻെറ അകൃത്യങ്ങളെ ഒ
ക്കെയും ക്ഷമിക്കേണമെ, എന്തെന്നാ
ൽ ഞാൻ പാപം ചെയ്തു നിന്നെകോ
പിപ്പിച്ചു ദോഷത്താളത്തിയെപ്പോലെ
ഞാൻ നിലവിളിക്കുന്നു. മനുഷ്യരെ
സ്നേഹിക്കുന്നവനായ കർത്താവേ! മ
ഹത്വത്തോടെ നീ എഴുന്നെള്ളി വരു
മ്പോൾ നിൻെറ പരിശുദ്ധന്മാരുടെ

കൂട്ടങ്ങളുടെ ഇടയിൽ നിൻെറ കൃപകളെ സ്തുതി പാടുവാൻ എന്നോടു കരുണ ചെയ്യേണമെ. മുടിയനായ പുത്രൻെറ സാദൃശ്യത്തിൽ വ്യസനത്താൽ ഞാൻ നിലവിളിക്കുന്നു. എൻെറ പിതാവേ! നീ കൃപചെയ്തു എൻെറമേൽ അനുഗ്രഹിക്കേണമെ. സ്വൎഗ്ഗത്തിലും നിൻെറ തിരുമുമ്പാകെയും ഞാൻപിഴച്ചു, കൂലിക്കാരനെപ്പോലെ എന്നെ നീ കൈക്കൊള്ളണമെ- നിൻെറ ഭവനത്തിൽ അടിയാനെപ്പോലെ ഞാൻ ആയിക്കൊള്ളാം. അനുഗ്രഹിക്കുന്നവനായ ദൈവം നീയാകയാൽ നിന്നോടു ഞാൻപിഴച്ചു എന്ന സകലവുംഎന്നോടു നീക്ഷമിച്ചുകൊള്ളണമെ. ഞങ്ങളുടെ കൎത്താവേ! മരണത്തിൽ നിന്നെ ഓൎമ്മയില്ല, പാതാളത്തിൽനിനക്കുസ്തോത്രം ചെയ്വാൻ കഴിയുന്നവൻ ആരാകുന്നു എന്നു കേട്ടപ്പോൾ ഞാൻ ഭയന്നു ഈ

തിനാൽ എൻെറ പൂൎണ്ണഹൃദയത്തോ
ടെ താല്പൎയ്യത്താലെ ഞാൻ നിലവി
ളിക്കുന്നു. ന്യായവിധിയിൽനിന്നു എ
ന്നെ രക്ഷിക്കുന്നവൻ നീയാകയാൽ
എൻെറ ജീവനുള്ളപ്പോഴും ഞാൻ നി
ലവിളിക്കുന്നപ്പോഴും നിന്നെ സ്തുതിച്ചു
പാടേണമെന്നാകുന്നു. കൎത്താവേ! നി
ൻെറ വാതിലിൽ ഞാൻ മുട്ടിവിളിക്കു
ന്നു. നിൻെറ അടിയാരുടെ അപേക്ഷ
കളെ നീ കേൾക്കേണമെ. അനുതപി
ക്കുന്ന ഞങ്ങളുടെ നിലവിളിയെ സൂ
ക്ഷിച്ചു നോക്കേണമെ. ഞങ്ങൾക്കു വി
രോധമായി നില്ക്കുന്ന ദൈവമില്ലാത്ത
പുറജാതികളുടെ ഹേതുവാൽ ഞങ്ങ
ളിൽനിന്നു നിൻെറ സൂക്ഷ്മത്തെ തി
രിപ്പുക്കരുതെ. കൎത്താവെ! ബലമുള്ള
നിൻെറ തൃക്കൈകളാൽ ഞങ്ങളെ ര
ക്ഷിച്ചു ഞങ്ങളുടെ മേൽ അനുഗ്രഹം
ചെയ്യേണമെ. ഞങ്ങളുടെ കൎത്താവേ!

ശുദ്ധമുള്ള നോമ്പിനെ സകല തിന്മകളിൽ നിന്നും വെടിപ്പാലെ നോല്പാനും നിന്റെ ദൈവ്ത്വത്തെ യോജ്ജിപ്പിപ്പാനും തമ്മിൽ തമ്മിൽ സ്നേഹിപ്പാനും ഞങ്ങളുടെ സഹോദരന്മാരെ പ്രീയപ്പെടുവാനും അനുഗ്രഹങ്ങളും പാപമോചനവും ലഭിപ്പാനും ഞങ്ങളെ യോഗ്യന്മാരാക്കേണമെ. ദീർഘദർശിയായ മോശ അവന്റെ നോമ്പാലെ ഇസ്രായേൽ ജനത്തിനു പലകകളെ കൈക്കൊണ്ടു ഏലീയാ മേല്പോട്ടു എടുത്തു കൊള്ളപ്പെട്ടു ദാനിയേൽ മൃഗങ്ങളെ ജയിച്ചു അതിന്മണ്ണം മോക്ഷം നേടുവാനായിട്ടു ഞങ്ങളും നോമ്പുനോററു അപേക്ഷിക്കുന്നു. കർത്താവെ! നാനാവിധക്കാരനായ പുത്രന്റെ സാദൃശ്യത്തിൽ ഞാൻ അപേക്ഷിക്കുന്നു. എന്റെ മേൽ നീ അനുഗ്രഹം ചെയ്യേണമെ ആകാശത്തിലും നിന്റെ തിരുമുമ്പാ

കെയ്യും ഞാൻ പിഴച്ച്, നിന്റെ ദാസ
ന്മാരിൽ ഒരുത്തനെപോലെ എന്നെ
ചമച്ച് നിന്റെ തിരുനാമത്തെ ഞാ
ൻ സ്തുതിച്ചുകൊണ്ടാട്ടുവാൻ നിന്റെ
അനുഗ്രഹങ്ങളാൽ എന്റെ കടങ്ങളെ
നീക്ഷമിച്ചുകൊള്ളേണമെ. മിശിഹാ
രാജാവെ!നീ വെളിപ്പെടുന്ന മഹാ വ
ലിയ ദിവസത്തിൽ എല്ലാ പരിഷക
ളും പ്രവേശിക്കയും കണക്ക ചോദി
ക്കപ്പെടുകയും ദുഷ്ടന്മാരിൽ നിന്നു ന
ല്ലവർ വേർതിരിയപ്പെടുകയും അവ
നവനു യോഗ്യമാകുന്ന സ്ഥലത്തേക്ക
ഓരോരുത്തൻ പോകുകയും എരി
തീയാകുന്ന അഗ്നിസമുദ്രം അലറുക
യും ചെയ്യുമ്പോൾ കൎത്താവെ നി
ന്റെ കൃപ എന്റെ മുഖങ്ങളിൽ
നില്ക്കുമാറാകേണമെ. കൎത്താവെ! നീ
കൃപചെയ്തു ഞങ്ങളുടെ മേൽ അനുഗ്ര
ഹംചെയ്യേണമെ. ആകാശത്തിലുള്ള

ഞങ്ങളുടെ ബാവാ!നിന്നെ ഞങ്ങാം നോക്കിവിളിക്കുന്നു. ഞങ്ങാംക്കു സഹായിപ്പാൻകഴിയുന്ന മററു പിതാവു ഞങ്ങാംക്കില്ലായ്കയാൽ ഞങ്ങളോടു നീ ഉത്തരമരുളിച്ചെയ്യേണമെ. ഞങ്ങാം ഇല്ലാതെ ഇരുന്നപ്പോം നിനക്കു തിരുവുള്ളമായി ഞങ്ങളെ സൃഷ്ടിച്ചു. ഞങ്ങാം ഉള്ളപ്പോാം കത്താവെ! നിന്റെ കോപം ഞങ്ങളെ നശിപ്പിക്കരുതെ. അവയെ ഞങ്ങാം കാത്തു നീതിയുടെ വേലകളാൽ നിനക്കു ഞങ്ങാം ഇഷ്ടന്മാരാകുവാൻ നിന്റെ കല്പനകാം ഞങ്ങളെ പഠിപ്പിക്കേണമെ. നിന്റെ കരുണയാൽ ഞങ്ങളോടു കരുണചെയ്യേണമെ. എന്റെ കത്താവെ! അടിമയിൽ നിന്നു നീ അവരെ കൊണ്ടുവന്നു എന്ന രക്ഷപെട്ടവരുടെ കൂട്ടം പ്രവേശിപ്പാൻ നിന്റെ മോക്ഷവാതിൽ തുറന്നുകൊടുക്കേണമെ. നിന്റെ തൊ-

ഴത്തിന്നു അവരെ നീ പ്രവേശിപ്പി ക്കേണമെ. നിന്നോടു അപേക്ഷിച്ചു എന്നതുകൊണ്ടു അവരുടെ ഹൃദയം സന്തോഷിക്കയും നിന്റെ മേശയിൽ അവർ ആശ്വാസിക്കപ്പെടുകയും നിന്റെ ഭവനത്തിന്റെ പുഷ്ടിയിൽ നിന്നു അവർ തൃപ്തന്മാരാകയും നിന്റെ നീർപ്പുഴയിൽനിന്നു നീ അവരെ കുടിപ്പിക്കയും ചെയ്യേണമെ. മനുഷ്യരെ സ്നേഹിക്കുന്നവനായ കൎത്താവെ! ഞങ്ങൾ നിന്നോടു പാപം ചെയ്തു എന്നു ഞങ്ങൾ അറിയുന്നു. ഇതു ഹേതുവാൽ ആകാശത്തിലേക്കു സൂക്ഷിപ്പാൻ ഞങ്ങളുടെ മുഖം വെളിപ്പെടുന്നില്ല. മുഖലജ്ജയാലെ നിന്നെ ഞങ്ങൾ വിളിക്കുന്നു. നിന്റെ മനോഗുണം ഞങ്ങൾക്കുവേണ്ടി നിന്റെ നീതിയോടു അപേക്ഷിക്കേണമെ. ഞങ്ങളുടെ കൎത്താവെ! ഞങ്ങളുടെ നില

വിളിയുടെ ശബ്ദം നീ കേൾക്കേണമെ. ഞങ്ങളുടെ വചനങ്ങൾ നിൻെറ അനുസരണത്തിനു കൈക്കൊള്ളപ്പെടേണമെ. മനോഗുണമുള്ളവനേ! നീ കൃപചെയ്തു ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യേണമെ. ഞങ്ങളുടെ കർത്താവെ! അനുഗ്രഹങ്ങൾ നിറഞ്ഞിരിക്കുന്ന വലിയ നിൻെറ വാതിലിനെ ഞങ്ങൾക്കു തുറന്നു ഞങ്ങളുടെ അപേക്ഷയെ കേട്ടു ഞങ്ങളുടെ ആത്മാക്കൾ മേൽ അനുഗ്രഹം ചെയ്യേണമെ. ഇതല്ലൊ നീതിയുടെ വേലക്കുള്ള ദിവസം അടുത്തു പാപിയെ അനുതാപത്തിനു നീ ഓടി എത്തി. തോട്ടത്തിൻെറ യജമാനൻ കൂലിക്കു വിളിച്ചിട്ടുള്ള വേലക്കാരോടുകൂടെ സംബന്ധിക്കുവാനായി പണം വാങ്ങിക്കൊൾക. വിരുന്നുഭവനത്തിൽ വിരുന്നുകാരനും നീ ആയിരിക്കുക. നോമ്പു നല്ലതാകുന്നു. സ്നേഹം

കൂടാതെ ഒരുത്തൻ നോമ്പു നോല്ക്കുന്നു എങ്കിൽ അവന്റെ വ്രതത്തിനു യാതൊരു വിശേഷതയും ഇല്ല. പ്രാൎത്ഥന സ്നേഹിക്കപ്പെട്ടതാകുന്നു. സ്നേഹം അതിനെ കരേറ്റുന്നില്ലാ എങ്കിൽ അതിന്റെ ചിറക ബലഹീനമായുള്ളതാകുന്നു. തന്റെ ഇടത്തിൽ അത്യുന്നതനെ കാണുന്നുമില്ല നീതിമാന്മാരുടെയും പുണ്യവാന്മാരുടെയും നോമ്പിനെ കൈക്കൊണ്ട എന്ന മിശിഹാ ഞങ്ങളുടെ നോമ്പും നമസ്കാരങ്ങളും നീ കൈക്കൊണ്ട ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യേണമെ. സകലത്തിന്റെയും ഉടയവനായ കൎത്താവെ! നിന്റെ അനുഗ്രഹങ്ങളാൽ ഇന്നേദിവസം പാപം കൂടാതെ ഇരിപ്പാൻ ഞങ്ങളെ യോഗ്യന്മാരാക്കേണമെ നീതിയിൽ ഞങ്ങൾ പാലിക്കപ്പെടേണമെ. ഞങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ സൎവ്വശ

ക്തിയുള്ള കൎത്താവെ! നീ വാഴ്ത്തപ്പെട്ട
വനാകുന്നു നിന്റെ തിരുനാമം എ
ന്നേക്കും സ്തുതിക്കപ്പെട്ടതും ആകുന്നു. ക
ൎത്താവെ! നിന്റെ കൃപയും കരുണയും
ഞങ്ങളുടെ മേൽ ഉണ്ടായിരിക്കേണ
മെ. കൃപയുള്ള കൎത്താവെ! ഞങ്ങളുടെ
ശരണം നീയാകയാൽ നിന്റെ പ്രമാ
ണങ്ങളുടെ വഴി ഞങ്ങളെ പഠിപ്പിക്കേ
ണമെ. അനുഗ്രഹിക്കുന്നവനായ ക
ൎത്താവു നീയാകയാൽ നിന്റെ കൃപ
കൊണ്ടു നിന്റെ ന്യായപ്രമാണത്തി
ന്റെ വഴി ഞങ്ങളെ തിരിച്ചറിയിപ്പി
ക്കേണമെ. പരിശുദ്ധനായ കൎത്താവേ!
നിന്റെ സകല പ്രകാശങ്ങളാലും ഞ
ങ്ങളെ പ്രകാശിപ്പിക്കേണമെ. എന്നേ
ക്കും നിന്റെ അനുഗ്രഹം ഞങ്ങളുടെ
മേൽ ഉണ്ടായിരിക്കേണമെ. കൎത്താവേ
നിന്റെ കൈവേലയെ നീ ഉപേക്ഷി
ച്ചുകളയരുതെ. ബാവായും പുത്രനും ശു

ദ്ധമുള്ള രഹസ്യമായ ദൈവമെ! എ
ന്നേക്കും സ്തുതി നിനക്ക ചേൎച്ചയാക
ന്നു പുകഴ്ച നിനക്ക ന്യായമാകുന്നു,
ആമ്മീൻ

—:*:—

രണ്ടു കൊമ്പാ നമസ്കരിച്ച ശേഷം
ചൊല്ലേണ്ടതു.

കുററമില്ലാത്ത അധിപതിയും മനുഷ്യ
രെ സ്നേഹിക്കുന്നവനുമായ രക്ഷകനോ
ടു കരുണാനുഭവത്താലെയും വെടിപ്പുള്ള
നോമ്പാലെയും നാം പ്രാൎത്ഥിക്കണം.
നോമ്പാലെയും നമസ്കാരത്താലെയും
തന്നോടു അപേക്ഷിച്ച എന്ന നിനു
വായക്കാരോടു നിരപ്പായപ്രകാരം ന
മ്മോടും നിരപ്പാകപ്പെടുവാൻ ന്യായ
മാകുന്നു. അനുതാപത്തിൽ പൂൎണ്ണ
മായ അപേക്ഷയിൽ മടിക്കാത്തവ
നും അനുതപിക്കുന്നവൎക്ക സഹായിക്കു
ന്നവനുമായ വാഴ്ത്തപ്പെട്ട കൎത്താവെ!

നീ കൃപചെയ്തു ഞങ്ങളുടെ മേൽ അ
നുഗ്രഹം ചെയ്യേണമെ. തിന്മയിൽ
നിന്നു ഒഴിഞ്ഞു വെടിപ്പുള്ള ഹൃദയ
ത്തോടെ പൂൎണ്ണതയുടെ നോമ്പു നോല്ക്കു
ന്നവൻ ഭാഗ്യവാൻ. അവൻ ദൈവ
ത്തിൽ എല്ലാസമയവും രഹസ്യമായും
പരസ്യമായും ശുശ്രൂഷ ചെയ്യപ്പെടുവാ
ൻ ശുദ്ധമുള്ള ആലയമായി ചമയപ്പെ
ട്ടിരിക്കുന്നു. കൎത്താവെ! ഞങ്ങളുടെ നോ
മ്പു നിന്റെ അനുകൂലത്തിന്നും ഞങ്ങ
ളുടെ പ്രാൎത്ഥന അനുസരണത്തിന്നും
ആകേണമെ. നിന്റെ മനോഗുണ
ത്താൽ ഞങ്ങളോടു നിരപ്പായി കൃപ
യോടു ഞങ്ങളുടെ മേൽ അനുഗ്രഹം
ചെയ്യേണമെ. തമ്മിൽ തമ്മിൽ സ്നേ
ഹിക്കുന്നതു തന്റെ കല്പനയുടെ പൂ
ൎത്തിയാകുന്നു. എന്നാൽ ഭക്ഷണത്തിൽ
നിന്നു ഉപവസിക്കുന്നവനും വൈരാ
ഗ്യവും പൈശുന്യവും നിറഞ്ഞിരിക്കു

ന്നവനും ഉണ്ടു. മദ്യപാനത്തിൽനിന്നു ഒഴികയും രഹസ്യത്തിൽ തന്റെ സഹോദരനെ കൊല്ലുകയും ചെയ്യുന്നവനും ഉണ്ടു. ഞങ്ങളുടെ രക്ഷക്കായിട്ടു ജഡം ധരിച്ചു ശുദ്ധമുള്ള നോമ്പു നോററു എന്നു അനുഗ്രഹിക്കുന്നവനായ കൎത്താവെ! ഞങ്ങൾ നോമ്പു നോററു അനുഗ്രഹങ്ങളെ യാചിപ്പാനും അനുതപിപ്പാനും പാപമോചനം പ്രാപിപ്പാനും ഞങ്ങളെ യോഗ്യന്മാരാക്കേണമെ. സകല തിന്മകളിൽനിന്നും വഞ്ചനയിൽനിന്നും വ്യാജത്തിൽനിന്നും ഉപേക്ഷിച്ചു മുഖപ്രസാദത്തോടെ നാം പറയണം കൎത്താവെ! കൃപചെയ്തു ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യേണമെ. ഈ ലോകത്തിൽനിന്നു നിത്യവഴിക്കു തണ്ണീർകുടിയെ സമ്പാദിക്കയും ഭയങ്കരപ്പെട്ട ദിവസത്തിൽ മാറാതചമുള്ള വസ്ത്രങ്ങളെ ഒരുക്കുകയും ചെയ്യുന്ന

വന്ന ഭാഗ്യം. മേശയ്ക്കിരിക്കുന്നവരെകാ
ൺമാൻ മണവാളൻ മഹത്വത്താൽ ഉ
ഷയ്ക്കുമ്പോൾ ഇവൻ പ്രവേശിച്ച വി
രുന്നിൽ സന്തോഷത്തോടിരുന്ന സ്തു
തിപാട്ടം. കർത്താവു തന്റെ സുവിശേ
ഷത്താൽ വലത്തുഭാഗത്തുള്ളവരോട
അരുളിച്ചെയ്തു; "ഞാൻ വിശന്നിരുന്നു;
നിങ്ങൾ എനിക്ക ഭക്ഷണം തന്നു. ഞാ
ൻ ദാഹിച്ചിരുന്നു, എനിക്ക നിങ്ങൾ
കുടിപ്പാൻ തന്നു. വിചങ്ങിടത്തിൽ എ
ന്നെ നിങ്ങൾ വന്നുകണ്ടു എന്നെ നി
ങ്ങൾ സ്നേഹിച്ചു, ലോകത്തെ നിങ്ങൾ
ദ്വേഷിച്ചു. ഇതിനാൽ നിങ്ങൾ വന്നു
മോക്ഷവും നിത്യജീവനും അനുഭവി
പ്പിൻ" പാപികളോടുകരുണചെയ്യുന്ന
വനായ കർത്താവേ! ന്യായം വിസ്തരിക്കു
ന്ന ദിവസത്തിൽ ഞങ്ങളോട കരുണ
ചെയ്യേണമെ. അഴിഞ്ഞുപോകുന്ന സ
കല ദുഃമ്മോഹങ്ങളിൽനിന്നും ഒഴിഞ്ഞു

പൂൎണ്ണതയോടെ നോമ്പു നോല്ക്കുന്നവൎക്ക ഭാഗ്യം. അവൎക്ക എളമെൻെറ പറുദൈസായിൽ മണവറയും മോക്ഷവും കാക്കപ്പെട്ടിരിക്കുന്നു. എലിയാ നാല്പതുദിവസം നോമ്പുനോററു അഗ്നിത്തേരാൽ സ്വൎഗ്ഗത്തിലേക്കു കരേറിയതുപോലെ നോമ്പുനോല്ക്കുന്നവൻ സദാനേരവും സ്വൎഗ്ഗത്തിലാകുന്നു- മേലുള്ളവരുടെ ഉടയവനും താഴെയുള്ളവരുടെ ശരണവുമായ കൎത്താവേ! ഞങ്ങളുടെ ശുശ്രൂഷ കൈക്കൊണ്ടു ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യേണമെ.

ഒരു കൌമയും വിശ്വാസപ്രമാണവും ചൊല്ലണം.

——:*:——

# ഉച്ചയുടെ നമസ്കാരം

ഒരു കൌമ നമസ്കരിച്ചശേഷം
ചൊല്ലേണ്ടതു.

പ്രകാശം ഉദിക്കുന്ന മയിലിൽ നോമ്പുകാൎക്കു വലിയ ഭാഗ്യം. അവർ നീതിമാന്മാരോടും പുണ്യവാന്മാരോടും കൂടെ ആകാശമോക്ഷത്തിൽ ആനന്ദിക്കുന്നു. അവരുടെ നിരൂപണയും അവരുടെ പ്രവൃത്തികളുടെ പ്രതിഫലത്തിൽ സന്തോഷിച്ചു ആനന്ദിക്കുന്നു. വെടിപ്പോടെ നോമ്പു നോല്ക്കുന്നവൻെറ തലമുറ മാലാഖമാരോടു കൂടെ കലരപ്പെട്ടിരിക്കുന്നു. അവൻ നോമ്പുകളാൽ ജയം ധരിക്കപ്പെട്ടവൎക്കുസ്നേഹിതനുമായിതീരുന്നു. അവനെ പരിപാലിക്കുന്നവൻ കൎത്താവാകയാൽ ദുഷ്ടനു അവനെ തൊടുന്നതിനു പോലും കഴികയില്ലാ നോമ്പു നല്ലതും

ജാഗരണ, യോഗ്യമുള്ളതും പ്രാൎത്ഥന
യും അപേക്ഷയും സ്നേഹിക്കപ്പെട്ടതും
ആകുന്നു. ഇവ കോപത്തെ നിരപ്പാക്കി
ആത്മാവിനേയും ശരീരത്തേയും ശു
ദ്ധീകരിക്കുന്നു. നോമ്പുകളെയും നമ
സ്കാരത്താലെയും മനുഷ്യരോടു നിര
പ്പാകപ്പെടുന്ന എന്റെ കൎത്താവേ! നി
നക്കു സ്തുതി ഞങ്ങളുടെ കൎത്താവേ! നി
ന്റെ തിരുമനസ്സുപോലെ അനുഗ്രഹ
ങ്ങളും മനോഗുണവും പാപമോചന
വും സ്വൎഗ്ഗരാജ്യത്തിൽ പുത്തനായ ജീ
വസ്സുകളും ന്യായവിധിയിങ്കൽ ചിന്ത
പ്പെട്ടതായ അനുഗ്രഹങ്ങളും ഞങ്ങൾ
ക്കരുന്നു. രഹസ്യങ്ങൾ വെളിപ്പെടുന്ന
ദിവസത്തിൽ മോക്ഷം നേടുവാൻ ഞ
ങ്ങളെ യോഗ്യന്മാരാക്കേണമെ. കെ
പ്പുപെട്ടതായ അവന്റെ വഞ്ചനയാ
ൽ ദുഷ്ടൻ എന്നെ അടിമപ്പെടുത്തിയ
തിനാൽ അവനോടുകൂടെ വേലചെ

യ്യുകൊണ്ടും എന്റെ ആയുസ്സിന്റെ ദിവസങ്ങൾ ഒക്കയും അതിക്രമത്താൽ ഞാൻ കഴിച്ചുകൂട്ടി ഞങ്ങളുടെ രക്ഷിതാവെ പാപത്തിൽ നശിച്ചിരിക്കുന്നതായ എന്റെ സ്വരൂപത്തോടു കരുണ ചെയ്യേണമെ. നാശത്തെ ഞാൻ കാണാതെയിരിപ്പാൻ എന്നെ നീ യഥാസ്ഥാനപ്പെടുത്തേണമെ. തന്റെ നോമ്പാൽ ഞങ്ങളെ സ്വാതന്ത്ര്യമാക്കി എന്ന കർത്താവെ! ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യണമെ. നിന്റെ നോമ്പു തേനോടു സദൃശമാകുന്നു. നിന്റെ നാവു കൈപ്പിൽ കലന്നിരിക്കുന്നു എങ്കിൽ എന്തുപ്രയോജനമുള്ളു? മധുരം കൈപ്പുരസത്തിന്നു തിരിയപ്പെട്ടു. ഞങ്ങൾക്കുവേണ്ടി ഉപൊഷിച്ച എന്ന മിശിഹാ നിനക്കു സ്തുതി. നിന്റെ അനുഗ്രഹങ്ങൾ ഞങ്ങളുടെ മേൽ ഉണ്ടായി ഇഹലോകത്തിലും വരുവാ

നിരിക്കുന്ന ലോകത്തിലും ഞങ്ങളോടു കരുണ ചെയ്യുന്നാമെ. പ്രാൎത്ഥനകളെ കേൾക്കുന്നവനും യാചനകളെ നല്കുന്നവനുമായ കൎത്താവെ! ഞങ്ങളുടെ പ്രാൎത്ഥനകളെ കേട്ടു ഞങ്ങളോടു നിരപ്പായി ഞങ്ങളുടെ യാചനകളെ നല്കേണമെ.

രണ്ടു കൊമ്മാ നമസ്കരിക്കുന്നം.

ശുദ്ധമുള്ള നോമ്പു വെടിപ്പോടെ നോല്ക്കയും നല്ല മനസ്സോടെ ദിഷ്ടനിക്കാക്കുന്നതിന്റെ അപ്പത്തെ വിഭാഗിച്ചു കൊടുക്കയും ചെയ്യുന്നവൻ ഭാഗ്യം. അവൻ അനുഗ്രഹിക്കുന്നവനായ കൎത്താവിൽനിന്നു മോക്ഷം പ്രതിഫലമായി കൈക്കൊണ്ടു അനുഭവിക്കുന്നു. മോശ ശുദ്ധമുള്ള നോമ്പു നോററു സൂൎയ്യനെപ്പോലെ അവന്റെ മുഖം പ്രകാശിച്ചു ഏലിയാ ദീൎഘദൎശിയും അവന്റെ നോമ്പാൽ മേല്പോട്ടു എടുത്തുകൊള്ള

പ്പെട്ട. കത്താവേ! ഞങ്ങളും വെടിപ്പും ശുദ്ധവുമുള്ള നോമ്പാൽ നിനക്ക ഇഷ്ടന്മാരാകുവാനും അഴിവില്ലാത്ത മോക്ഷം നേടുവാനും ഞങ്ങളെ നീ യോഗ്യന്മാരാക്കേണമെ. കത്താവു അരുളിച്ചെയ്തിരിക്കുന്നകാലംസമീപിച്ചിരിക്കുന്ന അവസരമുള്ളപ്പോൾ നമ്മെതന്നെ നാം ഉണൎത്തി കണ്ണുനീരാലെയും അനുതാപത്താലെയും അപേക്ഷിച്ചു അനുഗ്രഹങ്ങൾ നമുക്ക നല്കുവാൻ നിലവിളിച്ചു പ്രാൎത്ഥിക്കണം എന്നെന്നിക്ക നിങ്ങൾ വിളിപ്പിൻ, ഞാൻ ഉത്തരം പറയുമെന്നു ശുദ്ധമുള്ള നിന്റെ തിരുവാ അരുളിചെയ്തിരിക്കയാൽ, കത്താവെ! ആത്മാവും ശരീരവും നിന്നെ വിളിക്കുന്നു. നീ കൃപചെയ്തു ഞങ്ങളുടെമേൽ അനുഗ്രഹംചെയ്യേണമെ. പാപികൾ അനുതപിക്കുന്നു എങ്കിൽ മാലാഖമാർ സന്തോഷിക്കുന്നു എന്നു നിന്റെ

സുവിശേഷത്തിൽ ഞങ്ങളെ നീ പഠിപ്പിച്ച ഇതല്ലോ അനുതാപത്താലെനിൻെറ വാതിലിൽ ഞങ്ങൾമുട്ടുന്നു. മോചനം ഞങ്ങൾക്ക ലഭിപ്പാനായിട്ട നിൻെറ അനുഗ്രഹങ്ങളുടെ ചിറകുകളിൽ ഞങ്ങളെ മറക്കേണമെ. കൎത്താവെ! മാലാഖമാരുടേയും മാനുഷ്യമക്കളുടേയും വായിൽനിന്നു രാവും പകലും നിൻെറ കൃപയ്ക്കു സ്തുതി വൎദ്ധിപ്പാനായിട്ട ഞങ്ങളെ നീ കൈക്കൊള്ളേണമെ. പരിശുദ്ധന്മം പാപങ്ങളെ ക്ഷമിക്കുന്നവനുമായ കൎത്താവെ! നിൻെറ കരുണയുടെ ബഹുത്വത്താൽ എൻെറ കടങ്ങളെ നീ പുണ്യമാക്കി എ,ൻെറ അകൃത്യങ്ങളെ നീ ക്ഷമിക്കേണമെ. നിന്നെ സ്നേഹിച്ചിട്ടുള്ള നീതിമാന്മാരോടും നിനക്കഇഷ്ടന്മാരായ പരിശുദ്ധന്മാരോടും കൂടെ പ്രകാശത്തിൻെറ മണവറയിൽ ആനന്ദിപ്പാനും സ്തുതിയും സ്തോത്രവും

നിനക്കു പാടുവാനും എപ്പോഴും നീ യോഗ്യനാകേണമെ. ഉന്നതത്തിൽ മാലാഖമാരുടെ പതിനായിരങ്ങളുടെ പതിനായിരങ്ങൾ നിനക്കുശുശ്രൂഷചെയ്യുന്നു. ആയിരങ്ങളുടെ ആയിരങ്ങൾ നിന്റെ മഹത്വത്തെ പാടുന്നു. നിന്റെ സ്നേഹം നിമിത്തം മനുഷ്യരിൽ നിന്നും മഹത്വം ഉണ്ടാകുവാൻ തന്ന ത്താൻ താഴ്ത്തി എന്ന ഞങ്ങളുടെ രക്ഷിതാവെ! ഇതാ മേലിന്നടുത്തവർ നീ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്നു അട്ടഹസിക്കുന്നു. മണ്ണിന്നടുത്തവർ നിന്റെ ശരീരത്തെയും രക്തത്തെയും കൈക്കൊള്ളുന്നു. പാപികളോടു കരുണചെയ്യുന്നവനായ കത്താവെ! ന്യായം വിസ്തരിക്കുന്ന ദിവസത്തിൽ ഞങ്ങളോടു കരുണചെയ്യേണമെ. ന്യായാധിപതിമാരുടെ ക്രമം അവിടെ പ്രവേശിച്ചു നിന്റെ തി

ശുമ്പാകെ എല്ലാവരും നഗ്നതയാലെ ഭ്രമിച്ച നില്ക്കുമ്പോൾ നിന്നെ ഞാൻ നോക്കിപ്പാർത്തുകൊണ്ടു എനിക്കു നീ ശരണമായിരിക്കേണമെ. സ്വർഗ്ഗസ്ഥനായ നല്ല ഇടയനെ ഇടത്തുഭാഗത്തു മുട്ടാടുകളും പറുദൈസായിൽ മേയുവാൻ വലത്തുഭാഗത്തു കുഞ്ഞാടുകളും വേർതിരിയുമ്പോൾ നിന്റെ കുഞ്ഞാടുകളോടുകൂടെ എന്നെയും നീ യോഗ്യനാക്കേണമെ. മേലുള്ളവരുടെ ഉടയവനും താഴെയുള്ളവരുടെ ശരണവുമായ കർത്താവെ! ഞങ്ങളുടെ ശുശ്രൂഷകൊണ്ടു ഞങ്ങളുടെമേൽ നീ അനുഗ്രഹം ചെയ്യേണമെ.

രണ്ടു കൌമ നമസ്കരിക്കണം

കർത്താവെ! നിന്നെ ഞങ്ങൾ നോക്കിവിളിക്കുന്ന ഞങ്ങളുടെ അപേക്ഷയുടെ ശബ്ദം നീ കേട്ടു ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യേണമെ. കർത്താവെ

നിന്റെ അനുഗ്രഹത്തോട ഞങ്ങൾ അപേക്ഷിക്കുന്ന ഞങ്ങളുടെ അപേക്ഷയുടെ ശബ്ദം നീ കേട്ട ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യേണമെ. കൎത്താവെ നിന്റെ കൃപനിമിത്തം ഞങ്ങളുടെ അപേക്ഷയുടെ ശബ്ദം നീ കേട്ട ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യേണമെ. കൎത്താവെ! നിന്റെ കൃപനിമിത്തം ഞങ്ങളുടെ നോമ്പും നമസ്കാരവും നീ കൈക്കൊണ്ട ഞങ്ങളുടെ കടങ്ങളെ പുണ്യമാക്കേണമെ. കൎത്താവെ!നിന്റെ അനുഗ്രഹത്താലും മനോഗുണത്താലും ഞങ്ങളുടെ അപേക്ഷയുടെ ശബ്ദം നീ കേട്ട ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യേണമെ കൎത്താവെ! ഞങ്ങൾക്കവേണ്ടിയുള്ള നിന്റെ വലിയ നോമ്പാൽ ഞങ്ങളുടെ അപേക്ഷയുടെ ശബ്ദം നീ കേട്ട ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യേണമെ. ബാവായ്ക്കും

പുത്രനും ശുദ്ധമുള്ള റൂഹായ്ക്കും സ്തുതി.

അപേക്ഷ

സ്വഭാവത്തിൽ മരണമില്ലാത്തവനാകുന്ന സ്വൎഗ്ഗസ്ഥനായ പിതാവിന്റെ ഏക പുത്രനും വചനവും രാജാവുമായ എന്റെ കൎത്താവെ! നിന്നെ പ്രസവിച്ച അമ്മയുടെയും നിന്റെ പരിശുദ്ധന്മാരെല്ലാവരുടെയും നമസ്കാരത്താൽ നിന്നെ ഞാൻ പുകഴ്ത്തും എല്ലാ മനുഷ്യൎക്കളുടെയും ജീവനും രക്ഷക്കും വേണ്ടി തന്റെ കൃപയാൽ വന്നു ശുദ്ധമുള്ളവളും മഹത്വമുള്ളവളുമായ തമ്പുരാനെ പ്രസവിച്ച കന്യാസ്ത്രീ മറിയത്തിൽനിന്നു ശരീരം എടുത്തു ഭേദംകൂടാതെ മനുഷ്യപുത്രനായി ഞങ്ങൾക്കവേണ്ടി കുരിശിൽ തൂങ്ങപ്പെട്ടു, തന്റെ മരണത്താൽ ഞങ്ങളുടെ മരണത്തെ ചവട്ടിക്കൊന്നവനായി ശുദ്ധമുള്ള മൂന്നത്വത്തിൽ ഒരുവനും

തന്റെ പിതാവിനോടും ശുദ്ധമുള്ള റൂഹായോടുംകൂടെ ഒന്നുപോലെ വന്ദിക്കപ്പെട്ട സ്തുതിക്കപ്പെടുന്നവനമായ ഞങ്ങൾക്കുള്ള മിശിഹാ തമ്പുരാനെ ഞങ്ങൾ എല്ലാവരുടേയും മേൽ നീ അനുഗ്രഹം ചെയ്യേണമെ.

ഒരു കൌമനമസ്കരിച്ചു
വിശ്വാസപ്രമാണവും ചൊല്ലിയതിന്റെശേഷം
താഴെ വരുന്ന ഓരോ വരി
പത്തുപ്രാവശ്യം വീതം ചൊല്ലികുമ്പിടണം.

കുറിയേലായിസ്സോൻ.
മോറാൻ എബ്രാഹെം അലൈലെൻ,
മോറാൻ ഹസ്സറാഹെം അലൈലെൻ,
മോറാൻ അനിന്തറാഹെംഅലൈലെൻ.

—:*:—

# കഷ്ടാനുഭവാഴ്ചയിലെ

## നമസ്കാരക്രമം

—*—

### സന്ധ്യാനമസ്കാരം

ബാവായും പുത്രനും ശുദ്ധമുള്ള റൂഹായുമായ സത്യേകദൈവത്തിന്റെ തിരുനാമത്താലെ എന്നുമെന്നേക്കും ആമ്മീൻ.

തന്റെ സ്തുതികളാൽ ആകാശവും ഭൂമിയും നിറയപ്പെട്ടിരിക്കുന്ന ബലവാനായ ദൈവം തമ്പുരാൻ ശുദ്ധമുള്ളവനാകുന്നു; ശുദ്ധമുള്ളവനാകുന്നു; ശുദ്ധമുള്ളവനാകുന്നു ഉയരങ്ങളിൽ സ്തുതി. കർത്താവിന്റെ തിരുനാമത്തിൽ വന്നവനും വരുവാനിരിക്കുന്നവനും വാഴ്ത്തപ്പെട്ടവനാകുന്നു ഉയരങ്ങളിൽ സ്തുതി.

———

ഞായറാഴ്ച സന്ധ്യമുതൽ ചൊവ്വാഴ്ച
സന്ധ്യവരെയുള്ള കൌമാ

ബ്രിക്മൂക്കോക് ദഹ്‌ലോഫയിൻ മിശിഹോ ദബ്ഹാശെഫറക്കാൻ മെൻത്തൈയ കാബെൽ തെശ്ബുമെശ്ത്താൻ എബ്രാഹാം അലൈൻ:

ഇതു മൂന്നു പ്രാവശ്യം ചൊല്ലികമ്പിട്ടശേഷം
ചൊല്ലേണ്ടുന്നതു

ലോക്മൊർതെശ്ബുഹത്തൊ ലാബൃക് ഈതൊക്കാറൊ വല്റൂഹ ഹദകുദിശൊനെഗത്തൊ റൂമറോമൊ വാലൈൻ ഹാത്തൊയെ റഹമ്മെ വഹന്നൊന്നൊ നെസ്സാന്ഹൻതറമ്ഐളൂറില്ലോം ദലഎൽനെലെൻസ്‌ലാവൊനൻക്ദേംബിം ദമശിഹൊ ശ്ലുബദൊറൊലോക് മോ റാൻ ശ്ലുബഹോലോക് മോറാൻ. ശ്ലുബഹോദലാക്സബറാൻ ല്ല് ഓലം ബാറെക്മോർ.

വന്നർ കഷ്ടാനുഭവാഴ്ചയിലെ

ഇതിന്റെ അർത്ഥം

തന്റെ കഷ്ടാനുഭവത്താൽവഴിപി ഴക്കത്തിൽനിന്നു ഞങ്ങളെ രക്ഷിച്ചു എന്ന മശിഹാ ഞങ്ങൾക്കവേണ്ടി ഉ ണ്ടായ നിന്റെ താഴാഴ്മ വാഴ്ത്തപ്പെട്ട താകുന്നു ഞങ്ങളുടെ ശുശ്രൂഷ കൈ ക്കൊണ്ടു ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യേണമെ.

ഇതു മൂന്നു പ്രാവശ്യം ചൊല്ലികുമ്പിട്ട ശേഷം

ചൊല്ലേണ്ടതു

എന്റെ കൎത്താവെ! നിനക്ക സ്തുതി നിന്റെ പിതാവിന്നു ബഹുമാനവും ശുദ്ധമുള്ള നിന്റെ റൂഹായ്ക്കു വന്ദന വും പുകഴ്ചയും പാപികളായ ഞങ്ങളു ടെ മേൽ അനുഗ്രഹങ്ങളുംമനോഗുണ വും ഉണ്ടായിരിക്കേണമെ. മേലുള്ള ഊ ൎശ്ലേമിന്റെവാതിലുകൾ തുറക്കപ്പെട്ട മിശിഹാ നിന്റെ സിംഹാസനത്തി ൻ മുമ്പാകെ ഞങ്ങളുടെ നമസ്കാരങ്ങ

ൾം പ്രവേശിക്കുമാറാകേണമെ. ഞങ്ങ
ളുടെ കർത്താവെ! നിനക്കു സ്തുതി. ഞ
ങ്ങളുടെ കർത്താവെ! നിനക്കു സ്തു
തി, എന്നേക്കും ഞങ്ങൾക്കുള്ള ശരണ
വുമെ നിനക്കു സ്തുതി, ബാറെക്മോർ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ

എന്നതു ചൊല്ലണം

അപേക്ഷ

നിന്റെ ഇഷ്ടത്താൽ കഷ്ടാനുഭവ
ത്തിന്നു എഴുന്നരുളി നിന്റെ സ്ലീബാ
യാൽ ലോകത്തിനു രക്ഷയുണ്ടാക്കിഎ
ന്ന കർത്താവെ! ഞങ്ങളുടെ മേൽ അനു
ഗ്രഹം ചെയ്യേണമെ. ലോകത്തിലേ
ക്കു എഴുന്നരുളി നിന്റെ തിരുമേനി
കൊണ്ടു രഹസ്യങ്ങളെയും സദൃശങ്ങ
ളെയും ഉപമകളെയും തികച്ച എന്നു
ദൈവമെ! ഞങ്ങളുടെ മേൽ അനുഗ്ര
ഹം ചെയ്യേണമെ. ഊർശ്ലേമിൽ വെ
ച്ചു നിന്റെ കഷ്ടാനുഭവത്തെ അവർ

കാണുമെന്നു ശ്ലീഹന്മാരോടു മുമ്പുക്കൂട്ടി
അറിയിച്ചവനായ കർത്താവെ! ഞങ്ങ-
ളുടെ മേൽ അനുഗ്രഹം ചെയ്യണമെ.
സകലത്തിന്മേലും ഉടയവനാകുന്ന നീ
നിന്റെ ഇഷ്ടത്താൽ മനുഷ്യനായി
തീൎന്ന കർത്താവെ! ഞങ്ങളുടെമേൽ അ-
നുഗ്രഹം ചെയ്യണമെ. ദോഷപൊറു
തിയുടെ ബലിയായി നിന്നെ തന്നെ
ചമച്ചു ലോകത്തോടു നിന്റെ പിതാ
വിനെ യോജിപ്പിച്ചഎന്ന ദൈവമെ!
ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യ
ണമെ. ഞങ്ങളുടെ രക്ഷിതാവായ മി
ശിഹാ തമ്പുരാനെ! നിന്റെ കഷ്ടാനു-
ഭവത്തിങ്കൽ ദുഃഖിച്ചഎന്ന നിന്റെ
സഭ നിന്റെ ഉയൎത്തെഴുന്നേല്പിൽ സ
ന്തോഷിക്കയും അതിന്റെ പ്രജകൾ
നിന്നിൽനിന്നു വാഴ്വുകളെ കയ്യ്ക്കൊ-
ള്ളുകയും ചെയ്യുമാറാകണമെ. നമ്മു
ടെ രക്ഷക്കായിട്ടു താഴാഴ്മക്ക എഴുന്ന-

ള്ളിയവനും ഗാഗുൽത്തായിൽ വെച്ചു കുരിശിൽ തൂങ്ങപ്പെട്ടവനുമായ മിശിഹാതമ്പുരാനെ നാം സ്തോത്രം ചെയ്യുണം. ഞങ്ങളുടെ രക്ഷിതാവായ മിശിഹാതമ്പുരാനെ നിന്റെ സഭയും പ്രജകളും നിന്റെ കഷ്ടാനുഭവത്തോടു പ്രാൎത്ഥിക്കുന്നു. നിന്റെ സഭയ്ക്കുവേണ്ടി കഷ്ടമനുഭവിച്ചു എന്ന നല്ലഇടയാ നിന്റെ സഭയുടെ പ്രാൎത്ഥനയെ കയ്ക്കൊള്ളേണമെ- നിന്നെക്കൊല്ലുന്നതിനു ആലോചിച്ചു കൂടിയ ജനം നിന്റെ ന്യായവിസ്താരത്തിൽ കററമേൽക്കുമ്പോൾ കൎത്താവെ നിന്നിലും നിന്റെ കഷ്ടാനുഭവത്തിലും ഏററു പറഞ്ഞിട്ടുള്ള ജനങ്ങൾ നിന്റെ മോക്ഷത്തിൽ സന്തോഷിക്കുമാറാകെണമെ. കഷ്ടാനുഭവത്തിനും മരണത്തിനും കുരിശിൽ തറപ്പിനും ഏഴുന്നുള്ളിയവനായ മിശിഹാതമ്പുരാനെ! ഞങ്ങളുടെ

അപേക്ഷ കേട്ട ഞങ്ങളുടെ ആത്മങ്ങ
ളിന്മേൽ കരുണചെയ്തു ഞങ്ങളുടെ മേ
ൽ അനുഗ്രഹം ചെയ്യേണമെ- മേല്പ
ട്ടക്കാരനും കാഴ്ചയായി തന്നത്താൻ അ
ണച്ചവനും പ്രധാന മേലദ്ധ്യക്ഷനും കു
ററമില്ലാത്ത ആദ്യഫലവും കാഴ്ചയാ
യി അണക്കപ്പെട്ടുന്നവനും കൈക്കൊ
ള്ളുന്നവനും ബലികളുടെ ഉടയവനും
കൊല്ലപ്പെട്ട കുഞ്ഞാടും സകല ബലി
കളും കൈക്കൊള്ളുന്ന പ്രധാനാചാ
ൎയ്യനുമാകുന്ന ദൈവമെ! ഞങ്ങളുടെമേ
ൽ അനുഗ്രഹം ചെയ്യേണമെ. ഞങ്ങ
ളെ സ്വാതന്ത്ര്യമാക്കുവാൻ നിന്റെ
പുത്രനെ അയച്ച പിതാവെ! നിനക്കു
സ്തുതി. എബ്രായ സഭയുടെ അശുദ്ധ
തയെ പരസ്യമാക്കിയ പുത്രാ! നിന
ക്കു വന്ദനം പുറജാതികളുടെ ഇടയി
ൽ അതിനെ പരിഹാസമാക്കി എന്ന
ന്നേക്കും തന്നെ സ്തുതിപ്പാൻ ശുദ്ധമുള്ള

സഭയെ തിരഞ്ഞെടുത്തു എന്ന ശ്രദ്ധ
മുള്ള രഹോ നിനക്കു സ്തോത്രം

—:*:—

കൎത്താവെ! ഞങ്ങൾക്കവേണ്ടി ഉ
ണ്ടായ നിന്റെ കഷ്ടാനുഭവവും ഞങ്ങ
ളെപ്രതിയുള്ള നിന്റെ താഴാഴ്മയും
വാഴ്ത്തപ്പെട്ടവയാകുന്നു സകലത്തി
ന്റെയും കൎത്താവും ന്യായാധിപതിയു
മാകുന്ന നീ നിന്റെ തൃക്കൈകൾമെന
ഞ്ഞുണ്ടാക്കിയ മണ്ണിനാൽ ദുഷിക്കപ്പെ
ടുന്നതു ആകാശസൈന്യങ്ങൾ കണ്ട
പ്പോൾ മഹാവലിയ ഇളക്കം അവ
ൎക്കുണ്ടായി. നിന്റെ മരണത്താൽ സൃ
ഷ്ടി ഒക്കെയും നിലനില്ക്കുന്ന മരണ
മില്ലാത്തവനെ നിന്റെ തിരുമന
സ്സാലെ കഷ്ടാനുഭവത്തിന്നും മരണ
ത്തിന്നും നീ താഴ്മപ്പെട്ടു നിന്റെ മു
റിവുകളാൽ ആദാമിന്റെ കടച്ചീട്ടി
നെ വലികീറിക്കളഞ്ഞുസത്യത്തിന്റെ

പിതാവായബാവാതമ്പുരാനെ നീ വന്ദിക്കപ്പെട്ടവനും, സ്തുതിക്കപ്പെട്ടവനുമാകുന്നു. ഞങ്ങൾക്കവേണ്ടി കഷ്ടമനുഭവിച്ചകഷ്ടതയില്ലാത്തവനും പിതാവിന്റെ വാത്സല്യപുത്രനുമാകുന്നു. മിശിഹാതമ്പുരാനെ! നീപുകഴ്ത്തപ്പെട്ടവനും വാഴ്ത്തപ്പെട്ടവനും ആകുന്നു രഹസ്യമായതന്റെ ശക്തിയാൽ ഞങ്ങളെ കാക്കുന്ന റൂഹാദക്കുദിശാതമ്പുരാനെ! നീ മഹത്വമുള്ളവനും കിരീടം ധരിക്കപ്പെട്ടവനുമാകുന്നു. ഞങ്ങളുടെ കൎത്താവെ ഞങ്ങൾ നിന്റെ കഷ്ടാനുഭവത്തിങ്കൽ കഷ്ടമനുഭവിക്കുന്നവരും നിന്റെ മോക്ഷത്തിൽ അവകാശികളും ആയിത്തീരുവാൻ നിന്റെ വലിയകഷ്ടാനുഭവംമൂലം ഞങ്ങളോട്ട കരുണ ചെയ്തു ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യേണമെ.

ശിഷ്യന്മാരോട്ട കൂടെ പെരുമാറിയ

വനും പാപികൾക്കു വേണ്ടി അണച്ച തന്റെ സ്വന്ത രക്തത്താൽ തന്റെ പിതാവിനെ യോജിപ്പിപ്പാൻ ഹോമ ബലിയായി തീൎന്നവനമായ ദൈവ ത്തിന്റെ പുത്രാ ഞങ്ങളുടെമേൽ നീ അനുഗ്രഹം ചെയ്യണമെ. ഞങ്ങൾക്കു വേണ്ടി കഷ്ടാനുഭവം കൈക്കൊണ്ടു യോജിപ്പിക്കുന്ന ബലിയായി തീൎന്ന ഞങ്ങൾക്കുള്ള മിശിഹാതമ്പുരാനെന്നി നക്കുസ്തുതി. ഞങ്ങളുടെ രക്ഷയ്ക്കുവേ ണ്ടി തന്റെ പുത്രനെ അയച്ച മറയ പ്പെട്ടിരിക്കുന്ന പിതാവെ! നിനക്കു സ്തോത്രം. ശുദ്ധമുള്ള റൂഹാദ്ക്കുദിശാത മ്പുരാനെ നിനക്കു പുകഴ്ച. ഞങ്ങളുടെ മേൽ അനുഗ്രഹവും മനോഗുണവും ഉ ണ്ടായിരിക്കേണമെ.

അത്യുന്നതനായവനെ, നിന്റെ ആ ൎദ്രകരുണ എത്രയൊ നിന്നെ താഴ്ത്തി കുററക്കാരനായ ആദാം നിമിത്തം സ്ലീ

പ്പായിക്കു നിന്നെത്തന്നെ നീ ഏല്പി
ച്ചു. സത്യത്തെ നിരസിച്ച സെഹ്യോ
ന്റെ പുത്രന്മാർ നിന്നെ പിടിച്ചു. ഞ
ങ്ങളുടെ കൎത്താവേ! ഞങ്ങളുടെ മേൽ
നീ അനുഗ്രഹം ചെയ്യേണമെ. ദീൎഘ
ദൎശിമാരുടെ വചനങ്ങളും കാഴ്ചക്കാ
രുടെ അറിയിപ്പുകളും നീ നിവൃത്തിച്ചു
കഷ്ടാനുഭവത്തിന്നും താഴ്മക്കും നീ
ഏഴുന്നെള്ളി നിന്ദയുടെ കുരിശിനെ നീ
സഹിച്ചു, നിന്റെ തിരുമേനിയുടെ പൂ
ജയാൽ നിന്റെ പിതാവിനോടു ലോ
കത്തെ യോജ്യതപ്പെടുത്തി എന്നു ഞ
ങ്ങളുടെ കൎത്താവെ! ഞങ്ങളുടെ മേൽ
അനുഗ്രഹം ചെയ്യേണമെ. ഉയരത്തി
ൽ മാലാഖമാർ നിന്നെ ശുദ്ധീകരി
ക്കയും നിങ്കൽ സൂക്ഷിപ്പാൻ അവർ
ഭയപ്പെടുകയും ചെയ്യുന്നവനെ! നീ വാ
ഴ്ത്തപ്പെട്ടവനാകുന്നു. ഭൂമിയിൽ പട്ട
ക്കാർ നിന്നെ ദുഷിക്കയും സ്പ്രെന്മാ

ർ നിന്നെ ആക്ഷേപിക്കയും സകലജീവസ്സുകളുടേയും തലയാകുന്ന നിൻെറ തലമേൽ അവർ കോലുകൊണ്ടു അടിക്കയും ചെയ്തതിനെ ക്ഷമയോടെ ഞങ്ങൾക്കവേണ്ടി കൈക്കൊണ്ടു എന്നു ഞങ്ങളുടെ കർത്താവെ! ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യേണമെ. നിൻെറ തൊഴത്തിനു ഞങ്ങളെ തിരിപ്പിപ്പാൻ നീ എഴുന്നെള്ളി, ദീർഘദർശികളുടെ രഹസ്യങ്ങൾ ഒക്കെയും നീ നിവൃത്തിച്ചു, കഷ്ടതകളും സ്ലീപ്പായും സഹിച്ചു എന്നനിനക്കുംനിൻെറ പിതാവിനും ശുദ്ധമുള്ള നിൻെറ റൂഹായിക്കും സ്തുതി. ഞങ്ങളുടെ ദൈവമെ ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യേണമെ. ആകാശവും ഭൂമിയും നിന്നാൽ നിറയപ്പെട്ടിരിക്കുന്നു. മാലാകമാർ നിങ്കൽ വിറക്കുന്നു. ലോകത്തെ രക്ഷിപ്പാനായി നിൻെറ തിരുവിഷ്ടത്താൽ

നീ എഴുന്നെള്ളിയപ്പോൾ അശുദ്ധാത്മ
യുടെ ആചാര്യന്മാർ നിന്നെ കൊല്ലു
വാൻ പതിയിരുന്നു. ഞങ്ങളുടെ ദൈ
വമെ ഞങ്ങളുടെ മേൽ അനുഗ്രഹം
ചെയ്യേണമെ. കീറവുശീലയോളവും
നിന്നെത്തന്നെ താഴ്ത്തി, അഗതിയെ
പ്പോലെ ഭവനത്തെ യാചിച്ചു അതി
ൽ രഹസ്യങ്ങളുടെ പെസഹായെ ഭ
ക്ഷിച്ചു എന്നമിശിഹാരാജാവെ! നിന
ക്കും നിന്നെ അയച്ചു പിതാവിനും ശു
ദ്ധമുള്ള റൂഹായ്ക്കും സ്തുതി. ഞങ്ങളുടെ
ദൈവമെ ഞങ്ങളുടെ മേൽ നീ അനു
ഗ്രഹം ചെയ്യേണമെ. യഹൂദജനം
പൈശൂന്യത്താൽ നിന്നെ നിരസിച്ചു
കൊല്ലുവാൻ അവർ ഒരുങ്ങി കൈക്രൂ
ലിയാൽ നിന്റെ രക്തം അവർ വാ
ങ്ങി, ഇതിനാൽ അവർ ചിതറപ്പെട്ടു
പോയി. കർത്താവേ! ഞങ്ങൾക്കുവേണ്ടി
ഉണ്ടായ നിന്റെ കഷ്ടാനുഭവത്തിങ്ക

ൽ ഞങ്ങൾ കഷ്ടമനുഭവിപ്പാനും ഞങ്ങളെ പ്രതിയുണ്ടായ നിന്റെ താഴ്മയിൽ ഞങ്ങൾ സദൃശപ്പെടുവാനും ഞങ്ങളെക്കുറിച്ചുണ്ടായ നിന്റെ സ്നീഹായിൽ ഞങ്ങൾ പ്രശംസിപ്പാനും ഞങ്ങളുടെ രക്ഷക്കുവേണ്ടി ഉണ്ടായ നിന്റെ മുറിവുകളാൽ ഞങ്ങൾ സുഖപ്പെടുവാനും ഞങ്ങളുടെ മരണത്തെ ജീവിപ്പിക്കുന്ന നിന്റെ മരണത്താൽ ഞങ്ങൾ ജീവിപ്പാനും ഞങ്ങളുടെ ദുഃഖത്തെ സന്തോഷമാക്കുന്ന നിന്റെ ഉയൎത്തെഴുന്നേല്പിങ്കൽ നിന്നോടുകൂടെ സന്തോഷിച്ചു ആനന്ദിപ്പാനും ഞങ്ങളെ നീ യോഗ്യന്മാരാക്കേണമെ.

മനുഷ്യപ്രകാരം ഞങ്ങളോടുകൂടെ സഞ്ചരിച്ചവനും സ്വഭാവത്തിൽ പൂൎണ്ണമായി കഷ്ടതയില്ലാത്തവൻ ആയിരുന്നിട്ടും ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടിമനസ്സോടുകൂടെ ജഡപ്രകാരം കഷ്ടമനുഭ

വിച്ചതും നല്ലക്രിയകളാലും പരമാ
ൎത്ഥപ്പെട്ട ഹൃദയത്താലും പാപത്തി
ന്റെ വികാരങ്ങളെ ഞങ്ങൾ എല്ലാ
വരിൽനിന്നും തുടച്ചു വെടിപ്പാക്കുവാ
ൻ പഠിപ്പിച്ചവനും അനുഗ്രഹിക്കുന്ന
വനും പ്രബലപ്പെട്ടവനും ആയ മിശി
ഹാ കർത്താവെ! ആനന്ദത്താലെ ഞ
ങ്ങൾ അട്ടഹസിച്ചു പറയുന്നു, വിഗ്ര
ഹാരാധനയിൽ നിന്നും സ്വരൂപങ്ങ
ളുടെ അശുദ്ധയിൽനിന്നും ഞങ്ങളെ
രക്ഷിച്ചഎന്ന കർത്താവിന്റെ കഷ്ടാനു
ഭവമേ സമാധാനത്താലെ വരേണമേ
തിന്മപെട്ടവന്റെ ഉപായത്തിൽ നി
ന്നും വഞ്ചനയിൽനിന്നും ഞങ്ങളെവീ
ണ്ടെടുത്തു എന്ന കർത്താവിന്റെ കഷ്ടാ
നുഭവമെ!നീ വാഴ്ത്തപ്പെട്ടതാകുന്നു ഞ
ങ്ങൾക്കു ജീവന്റെയും രക്ഷയുടേയും വ
ഴി ആയി എന്ന വിലമതിച്ചുകൂടാത്ത
തും ശുദ്ധമുള്ളതുമായ കഷ്ടാനുഭവമെ!

സമാധാനത്താലെ വരേണമെ. ഞങ്ങ
ളുടെ അകൃത്യങ്ങളും കറകളും നിന്നാ
ലെ ക്ഷമിക്കപ്പെട്ടു എന്ന കൎത്താവി
ന്റെ ശുദ്ധമുള്ള കഷ്ടാനുഭവമെ! നീ
വാഴ്ത്തപ്പെട്ടതാകുന്നു.

ഞങ്ങളുടെ ബലഹീനത നിന്നാൽ
ബലപ്പെടുകയും ഞങ്ങളുടെ തളൎച്ച നി
ന്നാൽ ഉറക്കപ്പെടുകയും ഞങ്ങളുടെ
അറിവില്ലായ്മ നിന്നാൽ ബുദ്ധിപ്രാപി
ക്കയും ചെയ്തു എന്ന കൎത്താവിന്റെ
ശുദ്ധമുള്ള കഷ്ടാനുഭവമെ! നിനക്കു സ
മാധാനം. ഞങ്ങൾക്കുവേണ്ടി ജഡപ്ര
കാരം കഷ്ടതകളെ അനുഭവിച്ചുഎന്ന
മിശിഹാതമ്പുരാനെ നിന്നോടു ഞങ്ങ
ൾ അപേക്ഷിക്കുന്നു. നിന്റെകഷ്ടാനു
ഭവത്തോടു കൂടെ ഞങ്ങളും കഷ്ടമനുഭ
വിപ്പാനും നിന്റെ അപമാനത്തെ ഞ
ങ്ങൾ വഹിപ്പാനും നിന്റെ താഴ്മ
യിൽ ഞങ്ങൾ ഉയൎത്തപ്പെടുവാനും

നിന്റെ സ്ലീപ്പായിൽ ഞങ്ങൾ പ്രശംസിപ്പാനും നിന്റെ സ്ലീബാ മൂലം ഞങ്ങളുടെ ആത്മാക്കൾ ശുദ്ധീകരിക്കപ്പെടുവാനും ഞങ്ങൾ നിന്റെ മണവറയുടെ വിരുന്നിനു വിളിക്കപ്പെട്ടവരും നിന്റെ വിരുന്നിൽ സന്തോഷിക്കുന്നവരാകുവാനും നിന്റെ ബഹുമാനത്തിനു ചേർച്ചയും നിന്റെ കർത്തൃത്വത്തിനു വേണ്ടപ്പെടുന്നതുമായ സ്തുതിയും സ്തോത്രവും നിനക്കും നിന്റെ പിതാവിനും ശുദ്ധമുള്ള നിന്റെ റൂഹായ്ക്കും കരേറ്റുവാനും ഞങ്ങളെ എല്ലാവരേയും നീ യോഗ്യന്മാരാക്കിത്തീർക്കേണമെ. ആമ്മീൻ

മോറാനീശോമിശിഹാ എന്നുള്ളതു ചൊല്ലി രണ്ടു കൊറമ നമസ്കരിച്ചു ശ്ലാം മസ്സുമ്മറാ മുതൽ എല്ലാ അപേക്ഷകളും വിശ്വാസപ്രമാണവും ചൊല്ലണം.

—:✱:—

# മയ്യലിൻെറ നമസ്കാരം

ഹാശായുടെ ഒരു കൌമ നമസ്കരിച്ചു ഉറക്കമില്ലാത്ത ഉണർവുള്ളവൻ എന്ന അപേക്ഷയും ചൊല്ലിയശേഷം

അപേക്ഷ.

ഞങ്ങളുടെ പിതാവായ ആദാം നിമിത്തം കഷ്ടമനുഭവിച്ചു പറുദൈസായിക്കു അവനെ തിരിപ്പിപ്പാൻ തിരുമനസ്സായിഎന്ന സകലത്തിൻെറയും ഉടയവനായ മഹാരാജാവേ! നിനക്കു സ്തുതി. അവരുടെ രോഗികളെ സൌഖ്യമാക്കിയതിനാൽ നപ്രേന്മാർ നിനക്കു മരണംനിശ്ചയിച്ചു എന്ന സകലത്തിൻെറയും ഉടയവനായ മശിഹാരാജാവെ നിനക്കു സ്തുതി. സകല ജനവുമെ വരുവിൻ നമ്മുടെ രക്ഷിതാവായ മിശിഹാതമ്പുരാൻെറ കഷ്ടാനുഭവത്തിൽ നാമും കഷ്ടമനുഭവിച്ചു നമ്മ

ക്കവേണ്ടി മരണശിക്ഷയെ കൈക്കൊണ്ടു എന്ന പരിശുദ്ധനെ നാം സ്തുതിച്ചു വന്ദിക്കണം. സകലത്തിന്റെയും ഉടയവനായുള്ളോവെ! നിനക്കു സ്തുതി. ഞങ്ങൾക്കു വേണ്ടി ജഡംധരിച്ചു എന്ന വചനമായ ദൈവവും നിന്റെ തിരു രക്തത്താൽ ഞങ്ങളെ വിലക്കുവാങ്ങി നിന്റെ കഷ്ടാനുഭവത്താൽ ഞങ്ങളെ രക്ഷിച്ചു എന്ന സകലത്തിന്റെയും ഉടയവനും ആയുള്ളോവെ! നിനക്കു സ്തുതി- അത്യന്തമില്ലാത്ത നിന്റെ കൃപമൂലം സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങി, ആദാമിന്റെ കുററം നിമിത്തം ന്യായസ്ഥലത്തിൽ കുററക്കാരനെപ്പോലെ നിന്നു, നിന്റെ തിരുവിഷ്ടത്താൽ സകല കഷ്ടതകളും സഹിച്ചു എന്ന ഉത്തമനായുള്ളോവേ! നീ വാഴ്ത്തപ്പെട്ടവനാകുന്നു. സകലത്തിന്റെയും ഉടയവനായുള്ളോവെ! നിനക്കു സ്തുതി.

അവരുടെ സകലവിധ രോഗികളേയും മഹാവലിയ അതിശയത്താൽ സൌഖ്യമാക്കി ആശ്വാസിപ്പിച്ചതിന്നു പകരം സപ്രേന്മാരും പ്രീശേന്മാരും നിന്റെ മേൽ വഞ്ചന വിചാരിക്കയും നിന്നെ തുക്കുവാൻ വേണ്ടിമരത്തെ അവർ ഒരുക്കുകയും അവരുടെ സകല ദേഹമങ്ങളും ശിക്ഷകളും ഞങ്ങൾക്കുവേണ്ടി അനുഭവിക്കയും ചെയ്തു എന്ന സകലത്തിന്റെയും ഉടയവനായുള്ളോവെ നിനക്കു സ്തുതി. ഊർശ്ലെംമക്കൾക്കുവേണ്ടി നീ ചെയ്ത രക്ഷയ്ക്കുപകരം കഷ്ടതയും നിന്ദയുടെ സ്തുതിപ്പായും നിനക്കു അവർ പകരംവീട്ടി. ഇവയെല്ലാം ഞങ്ങൾക്കുവേണ്ടി സഹിച്ചവനെ! നീ വാഴ്ത്തപ്പെട്ടവനാകുന്നു. ജനമൊക്കയും നശിക്കാതെയിരിപ്പാനായിട്ടു എല്ലാവക്കും വേണ്ടി ഒരുത്തൻ മരിക്കുന്നതു എത്രയും നല്ലതാകുന്നു എ

നു വഞ്ചനക്കാരനായ കയ്യാപ്പാ നി
ന്നെക്കുറിച്ചു പറഞ്ഞ വചനം സത്യ
മായി ദീർഘദർശനമായി അവൻ പറ
ഞ്ഞു. സകലത്തിന്റേയും ഉടയവനാ
യുള്ളോവെ! നിനക്കുസ്തുതി ഭൂമിയിലേ
ക്കു ഇറങ്ങി ദാവീദിന്റെ മകളിൽ നി
ന്നു ശരീരം ധരിച്ചു, ഞങ്ങളുടെ പാപ
മോചനത്തിന്നായിട്ടു കഷ്ടമനുഭവിപ്പാ
ൻ നിന്റെ കരുണയും സ്നേഹവും നി
ന്നെ നിർബന്ധിച്ചു എന്നു ഞങ്ങൾ
ക്കുള്ള മിശിഹാരക്ഷകനെ! നിനക്കു
സ്തുതി. നാം എല്ലാവരും ഉറക്കത്തിൽ
നിന്നു ഉണർന്നു നമുക്കുവേണ്ടി കഷ്ടമ
നുഭവിക്കയും തന്റെ കഷ്ടാനുഭവത്താ
ൽ നമ്മുടെ കഷ്ടതകളെ മായിച്ചു കള
കയും ചെയ്ത നമ്മുടെ കർത്താവിനെ
അടങ്ങാതെ നാം സ്തുതിക്കണം. ദൈ
വമേ! നിനക്കു സ്തുതി, നിനക്കു സ്തു
തി, നിനക്കു സ്തുതി മനോഗുണമു

ള്ളവനെ നിൻെറ അനുഗ്രഹങ്ങളാൽ ഞങ്ങളോടു മനോഗുണം ചെയ്യുന്നമെ. ശ്ലീഹന്മാർ ആവലാധിപ്പെട്ടു വിലാപിപ്പാനും ദുഃഖിപ്പാനും തക്കവണ്ണം നിൻെറ കഷ്ടാനുഭവത്തെക്കുറിച്ചു രാത്രിയിൽ അവൎക്കു വെളിപ്പെടുത്തി കൊടുത്തു എന്ന ദൈവമേ! നിനക്കു സ്തുതി, നിനക്കു സ്തുതി, നിനക്കു സ്തുതി. മനോഗുണമുള്ളവനെ നിൻെറ അനുഗ്രഹങ്ങളാൽ ഞങ്ങളോടു മനോഗുണം ചെയ്യേണമെ. ദ്രവ്യാഗ്രഹം മൂലം സ്കറിയോത്താ രാത്രിയിൽ ചെന്നു നിന്നെ ശിക്ഷക്കു വിധിപ്പാൻ ആഗ്രഹിച്ചിരിക്കുന്ന കുലപാതകരോടുകൂടെ നിന്നെക്കുറിച്ചു ആലോചിച്ചു എന്ന ദൈവമെ! നിനക്കു സ്തുതി മനോഗുണമുള്ളവനെ നിൻെറ അനുഗ്രഹങ്ങളാൽ ഞങ്ങളോടു മനോഗുണം ചെയ്യുന്നമെ. അന്യായക്കാർ രാത്രിയിൽ സംഘംകൂ

ടി ദൈവപുത്രനാകുന്ന നിന്നെ ഏതു പ്രകാരം പിടിക്കേണ്ടു എന്നു നിന്നെ കുറിച്ചു അന്വേഷണം ചെയ്തു എന്ന ദൈവമെ! നിനക്കു സ്തുതി, നിനക്കു സ്തുതി, നിനക്കു സ്തുതി. മനൊഗുണമുള്ളവനെ ഞങ്ങളോടു നീ മനൊഗുണം ചെയ്യണമെ.

---

ഈ താഴെ വരുന്നപ്രകാരം ഒരു കൌമാ ഇവിടെ നമസ്കരിക്കണം.

ബ് ഏദ്ദോനദ് ലിലിയാനൌദേ ഉ നെസുഗ്ഗ്ലെലമിശീഹോ ബ്പാ ക്കൊൻബാഹാശെ ഉ മൃക്കോക്

ഇതിന്മണ്ണം മൂന്നുപ്രാവശ്യം ചൊല്ലി മൂന്നു കുമ്പിട്ടശേഷം ലോക്മോർ തെശുബുഹാതാ എന്നുള്ളതും ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ എന്നുള്ളതും ചൊല്ലണം.

ഇതിന്റെ അർത്ഥം.

തന്റെ കഷ്ടാനുഭവത്താലും താഴ്

ഴ്ചയാലും നമ്മെ രക്ഷിച്ച എന്ന മിശി
ഹായെ ഈ രാത്രി സമയത്തിൽ നാം
സ്തോത്രം ചെയ്തു വന്ദിക്കണം.

അപേക്ഷ.

ലോകത്തിന്റെ രക്ഷിതാവായ മി
ശിഹാതമ്പുരാനെ യൂദന്മാരുടെ സം
ഘം നിന്റെമേൽ ശങ്കതീരുകയും ന
മ്മയ്ക്കുപകരം തിന്മനിന്നോടവർപക
രം വീട്ടുകയും കുററമില്ലാത്ത നിനക്കു
സ്ലീവ്വായെ ഒരുക്കുകയും അന്യ യക്കാ
രോട്ടുകൂടെ നിന്നെ എണ്ണുകയും ചെയ്തു
തിനാൽ അവരെ നീ ചിതറിച്ചുകള
ഞ്ഞു. അവർക്കു പകരംനിന്റെ ജനമാ
യിഞങ്ങളെ നീ കൂട്ടിച്ചേർത്തു. യഹൂദ
ന്മാരായ ശപിക്കപ്പെട്ട ജനത്തിൽ നി
ന്നു നീ അനുഭവിക്കുന്ന കഷ്ടതകളും
മരണവുംമൂലം ലോകം രക്ഷപെട്ടമെ
ന്നു സത്യത്തിന്റെ കാഴ്ചക്കാരായ നി
ന്റെ ദീർഘദർശിമാർ മുമ്പുകൂട്ടി പ്ര

സംഗിച്ചതായ മറയപ്പെട്ട രഹസ്യങ്ങളെ ശ്ലീഹന്മാരുടെ കൂട്ടത്തിന്നു രാത്രിയിൽ വെളിപ്പെടുത്തിയ എന്നങ്ങളുടെ കർത്താവെ! നിന്റെ താഴ്മയെ ഞങ്ങൾ സ്തുതിക്കുന്നു.

അപേക്ഷ.

ഞങ്ങളുടെ രക്ഷകനായ മിശിഹാതമ്പുരാനെ! ശുദ്ധമുള്ള നിന്റെ സഭ നിന്റെ കഷ്ടാനുഭവദിവസങ്ങളിൽ കഷ്ടമനുഭവിച്ചുകൊണ്ടു ഇതാ അട്ടഹാസിക്കുന്നു. ഞങ്ങൾക്കുവേണ്ടി ജഡംധരിച്ചു എന്ന വചനമായ ഈശോതമ്പുരാനെ നിന്നിലും നിന്റെ കഷ്ടാനുഭവത്തിലും ഞങ്ങൾ ഏററുപറയുന്നു. ദൈവപുത്രാ! നിന്റെ സ്നേഹത്തിൽ നിന്നു ഞങ്ങളെ ഉപേക്ഷിക്കരുതെ. നിന്റെ കഷ്ടാനുഭവത്തിങ്കൽ കഷ്ടമനുഭവിച്ചു ആവലാധിപ്പെടുന്ന നിന്റെ സഭയെ നീ രക്ഷിക്കേണമെ. നിന്റെ

തിരുനാമത്തെ ഏറ്റുപറകയും നീ
ൻെറ കഷ്ടാനുഭവത്തിങ്കൽ കഷ്ടമനുഭ
വിക്കയും ചെയ്ത എന്ന നിൻെറ ജന
ത്തെ നീ ഓൎത്തുകൊള്ളേണമെ. ഞ
ങ്ങളുടെ രക്ഷിതാവെ! നിന്നെയും ഞ
ങ്ങളുടെ രക്ഷക്കായി നിന്നെ അയച്ച
നിൻെറ പിതാവിനേയും ഞങ്ങൾ
സ്തുതിക്കുന്നു.

അപേക്ഷ

കൎത്താവെ! സപ്രേന്മാരും പ്രീശന്മാ
രും നിനക്കു വിരോധമായി ആലോ
ചിച്ചു അവരുടെ രോഗികളേയും മരി
ച്ചവരേയും നീ സൌഖ്യമാക്കി രക്ഷി
ച്ചതിനു പകരം മരണശിക്ഷ നിന
ക്കു വിധിപ്പാനായി അവർ മന്ത്രിച്ചു.
ഹൃദയത്തേയും അന്ത്രീന്ദ്ര്യങ്ങളേയും
പരിശോധിച്ച് അറിയുന്നവനായ നി
ന്നെ അവർ അറിഞ്ഞില്ല. ഞങ്ങളുടെ
മാനുഷ്യവൎഗ്ഗത്തെ പാപത്തിൻെറ അ

ടിമയിൽ നിന്നു സ്വാതന്ത്ര്യപ്പെട്ടു ത്തുവാൻ ഞങ്ങൾക്കവേണ്ടി കഷ്ടതയുടക്കം മരണത്തിന്നും എഴുന്നെള്ളിയവനെ! നിനക്കു സ്തുതി. സത്യത്തെ ദ്വേഷിച്ചവരായ യഹൂദന്മാരും അവരുടെ പ്രധാനന്മാരും കയ്യാപ്പായുടെ പക്കൽ കൂടപ്പെട്ടു, ഉന്നതത്തിന്റെയും അഗാധത്തിന്റെയും കർത്താവായ നിനക്കു വിരോധമായി അവർ വഞ്ചനവിചാരിച്ചു. കുററമില്ലാത്തനിനക്കു മരണശിക്ഷവിധിപ്പാൻ അവർ ലജ്ജിച്ചില്ല. പാപത്തിന്റെ അന്ധതയിൽ നിന്നു ഞങ്ങളെ രക്ഷിച്ചു സ്വാതന്ത്ര്യമാക്കുവാനായി നിന്റെ തിരുവിഷ്ടത്താൽ ഇവയെല്ലാം നിന്റെ തിരുമേനിയിൽ ക്ഷമയോടെ കൈക്കൊണ്ടു എന്നു ഞങ്ങളുടെ രക്ഷിതാവേ! നിന്റെ താഴാഴ്മയെ ഞങ്ങൾ സ്തുതിക്കുന്നു. ഞങ്ങളുടെ രക്ഷിതാവേ! നി

ൻെറ താഴാഴ്മയെക്കുറിച്ചു സ്തോത്രം ചെയ്വാൻ ഞങ്ങളുടെ വാകളാലും നാവുകളാലും എന്തു മതിയാകുന്നു. കഷ്ടാനുഭവത്തിന്നും മരണത്തിന്നുമായി എത്രമേൽ നിന്നെത്തന്നെ നീ താഴ്ത്തിയൊ അത്രയും നിൻെറ സ്വഭാവം ഉന്നതപ്പെട്ടതും വാഴ്ത്തപ്പെട്ടതും ആകുന്നു. സ്തുതികളുടെ ഉടയവനും സകലത്തിൻെറ കൎത്താവുമെ! നിൻെറ കഷ്ടാനുഭവം മൂലം ഞങ്ങളെ രക്ഷിച്ചതുകൊണ്ടു നിൻെറ മഹത്വം സകലവാകളാലും പുകഴ്ത്തപ്പെടുന്നു ഞങ്ങളുടെ കൎത്താവെ! നിനക്കു സ്തുതി.

സത്യവഴികളെ മനുഷ്യമക്കളോടു ഉപദേശിപ്പാൻ എഴുന്നെള്ളി എന്ന പ്രകാശത്തിൻെറരാജാവെ! തിരിച്ചറിവില്ലാത്ത ജനം നിന്നോടു എതൃത്തു- നിൻെറ അതിശോഭയെ കണ്ടു രക്ഷപെടാതെയിരിപ്പാനായിട്ടു അവരുടെ

അഹങ്കാരംമൂലം അവരുടെ കണ്ണുകളെ അവർ അടച്ചുകളഞ്ഞു. അവരുടെ ഹൃദയത്തിൽ പതിഞ്ഞിരുന്ന ക്രൂരതമൂലം നിങ്കൽ അവർ കോപപ്പെട്ടു, അവരുടെ പല്ലുകളെ കടിച്ചുംകൊണ്ടു നിന്നെകൊല്ലുവാൻ തക്കവണ്ണം നിങ്കലേക്കു അവർ പാഞ്ഞെത്തി. അവരുടെ രക്ഷയെ അവർ അറിയാതെകണ്ടു നിന്നെഅവർ ഉപേക്ഷിച്ചു നിന്നെകൈക്കൊണ്ടു എന്നു പുറജാതികൾ നിന്റെ സുവിശേഷത്താൽ പ്രകാശിച്ചു നിന്റെ രഥത്തിൻകീഴ പൂട്ടപ്പെട്ടിരിക്കുന്ന ക്രോബേന്മാർ അവരുടെ ചിറകുകളിന്മേൽ നിന്നെഘോഷിക്കുന്നു. എന്നാൽ ശപിക്കപ്പെട്ട ജനം നിനക്കു സ്ലീപ്പായെ ഒരുക്കി. അത്രയുമല്ലാ അവർ കള്ളന്മാരോടുകൂടെ മരണശിക്ഷയെ നിനക്കു വിധിച്ചു ഇവയെല്ലാം ഞങ്ങൾക്കുവേണ്ടി സഹിച്ചു എന്നു ര

ക്ഷമകാരാ! നിൻെറ താഴ്മ എത്രയൊ വാഴ്ത്തപ്പെട്ടതാകുന്നു. നിൻെറ മരണത്തിന്നായി ഏല്പ്പിടുകയും ദുഷ്ടന്മാരോടും അന്ന്യായക്കാരോടും കൂടെ നിന്നെ എണ്ണുകയും വചനത്താൽ പറഞ്ഞൊപ്പിപ്പാൻ വഹിയാത്തവണ്ണമുള്ള സകലവിധശിക്ഷകളും ഹേമങ്ങളും നിന്നോടു ചെയ്കയും നിന്നെ ഉപേക്ഷിക്കയും നിന്ദയുടെ സ്ലീപ്പായിൽ നിന്നെ തൂക്കുകയും ചെയ്തിട്ടുള്ളവൎക്ക വേണ്ടി, പിതാവെ അവർ എന്തു ചെയ്യുന്നു എന്നു അവരറിയായ്കയാൽ അവരോടു ക്ഷമിക്കേണമെ എന്നു നിൻെറ പിതാവിനോടു അപേക്ഷിച്ചു എന്ന അനുഗ്രഹക്കാരാ! ഞങ്ങളുടെമേൽ നീ അനുഗ്രഹം ചെയ്യേണമെ. ഞങ്ങൾക്കവേണ്ടി കഷ്ടമനുഭവിച്ചു നിൻെറ പിതാവിനോടു കൂടെ ഞങ്ങളെ യോജിപ്പിച്ചു എന്ന മനോഗുണമുള്ളവനെ

നിനക്കുസ്തുതി. കണ്ടാലും നിൻെറ ഇട
വക മുഴുവനും നിൻെറ കഷ്ടാനുഭവ
ത്തിൽ കഷ്ടപ്പെട്ടുകൊണ്ടു ഇതാ നി
ന്നെ സ്തുതിച്ചു സ്തുതിയുടെ കിരീടം നി
നക്കായിട്ടുമുടയുന്നു. അതിന്നായിട്ടു എ
ത്രയും നീ സഹിച്ചുവൊ അത്രയും അ
തു നിന്നെ സ്തുതിക്കുന്നു, ഞങ്ങളുടെ
കത്താവേ നിനക്കുസ്തുതി, ഞങ്ങളുടെ
കത്താവെ ആയിരങ്ങളുടെ ആയിര
ങ്ങളിൽനിന്നും നിനക്കു സ്തുതി. പ
തിനായിരങ്ങളുടെ പതിനായിരങ്ങളി
ൽനിന്നും നിനക്കുസ്തുതി, നിനക്കും
ഞങ്ങളുടെ രക്ഷക്കായിട്ടു നിന്നെ അ
യച്ച പിതാവിന്നും ശുദ്ധമുള്ള റൂഹാ
യ്ക്കും സ്തുതിയും പുകഴ്ച്ചയും ആദിമുതൽ
എന്നുമെന്നേക്കും ആമ്മീൻ.

———

ബ് ഏദാനദ്‌ലിലിയൊ എന്നു
മുൻഎഴുതിയിട്ടുള്ള ഒരു കൌമാ
നമസ്കരിക്കണം.

അപേക്ഷ

നിന്റെ മരണത്തെക്കുറിച്ചു ഏശായ ദീർഘദർശി ഞങ്ങൾക്കു വെളിപ്പെടുത്തിയപ്രകാരം അറുപ്പിന്നു ആടുപോലെ നിന്നെ അവർ കൂട്ടിക്കൊണ്ടുപോയി, രോമംകത്രിക്കുന്നവന്റെ മുമ്പിൽ പെണ്ണാടുപോലെ നീ മിണ്ടാതെയിരുന്നു. നീ താഴ്ത്തപ്പെട്ടു, നിന്റെസഭയെ നീ ഉയർത്തി നീ ശിക്ഷ അനുഭവിച്ചു, അതിന്റെ പ്രജകളെനീ സ്വാതന്ത്ര്യമാക്കി. നിന്റെ വിലാവിൽനിന്നു ഒഴുകിയ രക്തത്താൽ ഞങ്ങളെ രക്ഷിച്ചവനെ നിനക്കുസ്തുതി. ഞങ്ങളുടെ രക്ഷയ്ക്കായി ഉയരത്തിൽനിന്നു ഇറങ്ങിവന്ന ജീവനുള്ള ദൈവത്തിന്റെ കുഞ്ഞാടെ! നിന്റെ പിതാവിന്റെതോ

ട്ടത്തിൽ മഹത്വത്തിൻെറ ഫലങ്ങളെ
നീ അന്വേഷിച്ചു വേലക്കാർ നിന്നെ
കണ്ടപ്പോൾ അവകാശി ഇവനാകു
ന്നു, വരുവിൻ നാം അവനെ കൊന്നു
അവൻെറ അവകാശം എടുക്കണം
എന്നു അവർ വിചാരിച്ചതിനാൽ അ
വരെ ചിതറിച്ചു. അതിനുപകരം ശു
ദ്ധമുള്ള സഭയെ നിനക്കു പറഞ്ഞു നി
ശ്ചയിച്ചു എന്ന കർത്താവേ നീ വാഴ്ത്ത
പ്പെട്ടവനാകുന്നു. വെള്ളത്തെ നല്ല വീ
ഞ്ഞാക്കി കൊടുത്തതിനു പകരം മര
ത്തിൻെറ മുകളിൽ വെച്ചു ചൊറുക്കാ
യെ നിനക്കവർ തന്നു. അപ്പം അവൎക്കു
സമൃദ്ധിയായി കൊടുത്തതിനു പകരം
കൈപ്പു നിനക്കവർ പകരം വീട്ടി നി
ൻെറ നന്മകളെ അവർ അനുഭവിച്ച
തിന്നു പകരം സകല തിന്മകളെയും
നിനക്കവർ തന്നു ദാസന്മാരെ സ്വാത
ന്ത്ര്യമാക്കുവാൻ ശിക്ഷ അനുഭവിച്ച യ

ജമാനനായുള്ളോവെ നിൻെറ സ്ലീവ്വാ
സായിൽ സ്തുതിപാടുവാൻ എനിക്ക
നിൻെറ ശബ്ദങ്ങളെ തോന്നിക്കേണ
മെ. എൻെറ വചനം നിന്നിൽനി
ന്നു മഹത്വം ധരിക്കുമാറാകേണമെ.
ഞങ്ങൾക്കവേണ്ടി വിലാവിൽ കുത്തു
കൊള്ളപ്പെട്ട മഹോന്നതനെ ഞങ്ങ
ൾക്കവേണ്ടി നിൻെറ സ്നേഹം എത്ര
മേൽ കഷ്ടതകൾ സഹിച്ചുവോ, അത്ര
യും നിൻെറ സ്തുതിയെ വിസ്തരിച്ചു പ
റവാൻ ഞങ്ങൾക്ക കൃപ നല്കേണ
മെ. ന്യായവിസ്താരസ്ഥലത്തിൽ ശബ്ദി
ക്കാതെ നിന്നു എന്ന ഉന്നതപ്പെട്ട
വനെ നിൻെറ അഴകിനെ വിസ്തരി
പ്പാൻ എനിക്ക നീ ശബ്ദം നല്കേണ
മെ കൎത്താവേ! നിന്നെ വെടിഞ്ഞ
വർ അടുത്തുകൂടി, നിൻെറ ശിഷ്യന്മാ
രും നിന്നെ വിട്ടോടിപ്പോയി, ദുഷ്ടന്മാ
രും നിന്നെ വളഞ്ഞു, നിന്നെ അവർ

വിധിച്ചു നിന്റെ മുഖത്തു അവർ തുപ്പി, സകല പരിഹാസങ്ങളാലും നിന്റെ ചെവിയെ അവർ നിറച്ചു. ഞങ്ങളുടെ വർഗ്ഗത്തിന്നുവേണ്ടി ഇവയൊക്കയും സഹിച്ചവനെ! നിനക്കു സ്തുതി. നിന്റെ കാലുകളെ ചുംബിച്ച ദോഷത്താളത്തിയുടെ പാപത്തെ ക്ഷമിച്ചതുപോലെ നിന്റെ ശരീരവും, രക്തവും അനുഭവിക്കുന്ന നിന്റെ സഭയുടെ പാപങ്ങളേയും നീ ക്ഷമിക്കേണമെ. സകലവും നിന്നാൽ രക്ഷപ്പെട്ടിരിക്കുന്നരക്ഷിതാവായ ഈശോതമ്പുരാനെ! സകലത്തിൽനിന്നും സകലത്താലെയും നിനക്കു സ്തുതി. നിനക്കും നിന്റെ പിതാവിന്നും ശുദ്ധമുള്ള നിന്റെ റൂഹായ്ക്കും അളവില്ലാതെ സ്തുതി എന്നേക്കും ആമ്മീൻ.

——*——

ഹല്ലെലൂയ്യാ ഉ ഹല്ലെലൂയ്യാ ഉ ഹല്ലെലൂയ്യാ
ശുബഹോലോക് ആലോഹൊ എന്നതു
മൂന്നു പ്രാവശ്യം ചൊല്ലണം.

മനോഗുണമുള്ളദൈവമെ! നിൻെറ അനുഗ്രഹങ്ങളാൽ ഞങ്ങളോടു മനോഗുണം ചെയ്യേണമെ. കൎത്താവെ ഞങ്ങളുടെ മേൽ നീ അനുഗ്രഹം ചെയ്തു ഞങ്ങളെ സഹായിക്കേണമെ.

മുന്മതാത്തിനു സ്തുതി, മുന്മതാത്തിനു സ്തുതി സ്തുതിക്കപ്പെട്ടതും, സാരാംശമായതും അത്യന്തമില്ലാത്തതുമായ മുന്മതാത്തെ ഞങ്ങൾ സ്തുതിക്കുന്നു. ദൈവമെ! എല്ലാ നേരത്തിലും സ്തുതി നിനക്കു യോഗ്യമാകുന്നു.

അപേക്ഷ.

ദൈവമെ; മാളികയിൽ വെച്ചു നിൻെറ സ്നേഹത്താൽ നിൻെറ ശിഷ്യന്മാൎക്കു നിൻെറ ശരീരവും, രക്തവും നീ കൊടുത്തു അതിൽനിന്നു നിങ്ങൾ

ഭക്ഷിച്ചു കുടിപ്പിൻ, എന്നു അവരോടു നീ അരുളിച്ചെയ്തു. ഞാൻ കഷ്ടമനുഭവിച്ചു ശുദ്ധമുള്ള രക്ഷയേയും നിത്യജീവനേയും നിങ്ങൾക്കു തരുന്നതിനു മുമ്പിൽ ഈ പെസഹാ നിങ്ങളോടു കൂടി ഭക്ഷിപ്പാൻ എനിക്കു ആഗ്രഹമാകുന്നു എന്നും നിൻെറ സ്നേഹത്താൽ അവരോടു നീ കല്പിച്ചു. അത്രയുമല്ല കർത്താവെ! മാളികയിൽ വെച്ചു നീയും നിൻെറ ശിഷ്യന്മാരും മേശക്കിരുന്നപ്പോൾ വെള്ളം എടുത്തുകൊണ്ടു ദാസനെപ്പോലെ അവരുടെ കാലുകളെ നീ കഴുകി. നിങ്ങളും ഇപ്രകാരം തമ്മിൽ തമ്മിൽ ചെയ്യിനെന്നു അവരോടു അരുളിച്ചെയ്തവനായ മിശിഹാ തമ്പുരാനെ നിനക്കു സ്തുതി. നിൻെറ കൃപയാൽ നിൻെറ വലിപ്പത്തെ രാജ്യത്തെ ഞങ്ങളുടെ മനുഷ്യവർഗ്ഗത്തെ രക്ഷിപ്പാൻ നിൻെറ മനോഗുണത്താൽ ഇറങ്ങിവ

നവനായ മിശിഹാ കത്താവെ! വഴി പിണക്കത്തിൽനിന്ന ഞങ്ങളെ രക്ഷി ച്ച എന്ന നിൻെറ അനുഗ്രഹങ്ങൾ വാ ഴ്ത്തപ്പെട്ടവയാകുന്നു. എല്ലാവനോടും കരുണചെയ്യുന്ന പിതാവെ! നിൻെറ രഹസ്യതയ്ക്കു സ്തുതി. എല്ലാവൎക്കും വേണ്ടി കഷ്ടമനുഭവിച്ച പുത്രാ! നി ൻെറ വെളിപാടിന്നു വന്ദനം. സകല ത്തേയും ശുദ്ധമാക്കുന്ന റൂഹാ നിൻെറ കരുണയ്ക്കു സ്തോത്രം.

മേല്പെട്ട ഉയരങ്ങളിൽ ആകാശത്തിലുള്ള
മാലാഖമാർ സ്തുതിക്കുന്നതുപോലെ എന്നതും
മാറാനീശോമിശിഹായും ചൊല്ലി രണ്ടു കൌമയും
നമസ്കരിച്ചു ൫൧-ാം മസ്മൂറും
ചൊല്ലിയ ശേഷം അപേക്ഷ.

നിൻെറ കഷ്ടാനുഭവത്താൽ കഷ്ട മില്ലായ്മയെ ഞങ്ങൾക്കു തന്നവനായ മിശിഹാതമ്പുരാനെ! നിൻെറ അടുക്ക ൽ ഞാൻ മുമ്പിടുന്നതുകൊണ്ടു എ

ൻെറമേൽ അനുഗ്രഹം ചെയ്യേണമെ. സ്വഭാവത്താൽ കഷ്ടതയിൽനിന്നും മരണത്തിൽനിന്നും ഉയൎന്നിരിക്കുന്നവനും ഞങ്ങൾക്കുവേണ്ടി കഷ്ടമനുഭവിച്ചവനുമായ മിശിഹാതമ്പുരാനെ! നിൻെറ അടുക്കൽ ഞാൻ മുമ്പിടുന്നതുകൊണ്ടു എൻെറമേൽ അനുഗ്രഹം ചെയ്യേണമെ. നിൻെറ കഷ്ടാനുഭവത്താലും മരണത്താലും വഴിപിഴക്കത്തിൽനിന്നു നീ രക്ഷിച്ച എന്ന നിൻെറ സഭ ഇതാ നിന്നെ സ്തുതിക്കുന്നു. ദൈവമെ നിൻെറ അടുക്കൽ ഞാൻ മുമ്പിടുന്നതുകൊണ്ടു എൻെറ മേൽ അനുഗ്രഹം ചെയ്യേണമെ. നിന്നെക്കുറിച്ചു എഴുതപ്പെട്ടിരിക്കുന്ന സകല രഹസ്യങ്ങളും സദൃശങ്ങളും ഉപമകളും പൂൎണ്ണമായി നിവൃത്തിച്ച എന്ന ദൈവമെ നിൻെറ അടുക്കൽ ഞാൻ മുമ്പിടുന്നതുകൊണ്ടു എൻെറ മേൽ അനുഗ്രഹം

ചെയ്യേണമെ. ആദാമ്മിനെയും അവ
ൻെറ സന്തതിയേയും രക്ഷിപ്പാൻ ക
ഷ്ടതയും സ്ലീബായും സഹിച്ചവനായ
ദൈവമേ! നിൻെറ അട്ടക്കൽ ഞാൻ മു
മ്പിട്ടന്നതുകൊണ്ടു എൻെറ മേൽ അ
നുഗ്രഹം ചെയ്യേണമെ. ഞങ്ങൾക്കു
വേണ്ടിയുള്ള നിൻെറ കഷ്ടാനുഭവത്താ
ലും മരണത്താലും സാത്താൻെറ സക
ലവഞ്ചനകളിൽനിന്നും ഞങ്ങളെ ര
ക്ഷിച്ചവനെ! നിൻെറ അട്ടക്കൽ ഞാ
ൻ മുമ്പിട്ടന്നതുകൊണ്ടു എൻെറ മേൽ
അനുഗ്രഹം ചെയ്യേണമെ. ഞങ്ങളു
ടെ രക്ഷിതാവായ ഈശോമ്ശിഹാ നൃരാനേ
പാപത്താലുള്ള സകല കഷ്ടതകളേ
യും കൊന്നതായ നിൻെറ കഷ്ടാനുഭവ
ത്തിന്നുസ്തുതി. മനുഷ്യരെ സ്നേഹിക്കുന്ന
വനെ!നിൻെറ അട്ടക്കൽ ഞാൻ മുമ്പി
ട്ടന്നതുകൊണ്ടു എൻെറ മേൽ അനുഗ്ര
ഹം ചെയ്യേണമെ. ഞങ്ങളുടെ രക്ഷി

താവായമിശിഹാതമ്പുരാനേ! നിന്റെ
കഷ്ടാനുഭവത്തിന്റെ ക്രൂട്ടായ്മയ്ക്കു നി
ന്റെ അനുഗ്രഹം ഞങ്ങളെ ക്ഷണി
ച്ചിരിക്കുന്ന ആത്മീകമായ നിന്റെമ
ണവറയിൽ പുത്തൻ ജീവസ്സുകളാൽ
ഞങ്ങളെ ആനന്ദിപ്പിക്കുന്നവനായ ക
ത്താവേ! നീ വാഴ്ത്തപ്പെട്ടവനാകുന്നു.
ഞങ്ങൾ നിനക്കു സംബന്ധികളും നി
ന്റെ കഷ്ടാനുഭവത്തിങ്കൽ കഷ്ടപ്പെട്ട
നവരുമായതുകൊണ്ടു നിന്റെ ഉയ
ർപ്പിനാൽ ഞങ്ങളെ സന്തോഷിപ്പിച്ചു
നിന്റെ പിതാവിന്റെ മുമ്പാകെ ഞ
ങ്ങളെ നീ ഏറ്റുപറയേണമെ. ഞങ്ങ
ളുടെ കർത്താവെ! ന്യായാധിപതിമാരു
ടെ ന്യായാധിപതിയാകുന്ന നിന്നെ
മരണശിക്ഷയ്ക്കു വിധിപ്പാൻ അശുദ്ധ
തയുടെ പട്ടക്കാർ രഹസ്യമായി വിചാ
രിച്ചു. കർത്താവെ! നിന്റെ മരണം തി
ന്മപ്പെട്ടവനിൽനിന്നു ഞങ്ങൾക്കു മറ

യും നിന്റെ തിരുമുഖത്തു എറ്റിട്ടുള്ള തുപ്പൽ ഞങ്ങൾക്കു ജീവന്റെ പാനീയവും ആയിത്തീരെണമെ. കൎത്താവെ! ഞങ്ങളുടെ ശുശ്രൂഷ നീ കൈക്കൊണ്ടു ഞങ്ങളുടെ പ്രാൎത്ഥനകളാൽ സമാധാനപ്പെടേണമെ. സ്നേഹത്താൽ നിന്റെ തിരുമുമ്പിൽ ഞങ്ങൾ ശുശ്രൂഷിച്ചതുകൊണ്ടു ഞങ്ങൾ എല്ലാവരുടെ മേലും നീ അനുഗ്രഹം ചെയ്യേണമെ. ദൈവമായ കൎത്താവെ! നീ വാഴ്ത്തപ്പെട്ടവനാകുന്നു, താഴ്മയായി വന്നു ശരീരം ധരിച്ചു ആദാം ആയിരുന്ന സ്ഥലത്തു അവനെ ചെന്നുകണ്ടു വീഴ്ചയിൽനിന്നു അവനെ എഴുനേല്പിച്ച ദൈവമെ നിനക്കു സ്തുതി. ഞങ്ങളുടെവൎഗ്ഗം ഉയൎത്തപ്പെടുവാനും പിശാചുക്കൾ വീഴുവാനും ആയി കഷ്ടതകളെ നീ സഹിച്ചു അതിക്രമക്കാരിൽനിന്നു ദുഷി എറ്റ ശുശ്രൂഷക്കാരൻ എന്നു നീ

വിളിക്കപ്പെട്ടു. അവർ അന്ധതപ്പെടാതെ ഇരിപ്പാൻ നിന്റെ അതിശോഭയെനീമറച്ചുവച്ചു നീചെയ്തിട്ടുള്ളസകല നന്മകൾക്കും പകരം അന്യായക്കാരോട്ടുകൂടെ നിന്ദയുടെ സ്ലീപ്പാ നിനക്കു അവർ ഒരുക്കി മനോനൊമ്പരത്താൽ പ്രാർത്ഥിപ്പാൻ നീ മുട്ടുകുത്തി, മുഴക്കം നിറയപ്പെട്ട മഹാ ശബ്ദത്താൽ നിന്റെ പിതാവിനോടു നീ പ്രാർത്ഥിച്ചു. ശ്ലീഹന്മാർ നിങ്കൽനിന്നു വിറച്ചു അവരുടെ മുഖങ്ങളെ മൂടുന്നു എന്നു നിനക്കു ! തിരിച്ചറിവില്ലാത്ത ജനമായ സെഹ്യോന്റെ പുത്രന്മാർ നിന്ദയുടെ സ്ലീപ്പാ ഒരുക്കി. അറിവില്ലാത്തവർ അന്ധകാരത്തിൽനിന്നു രക്ഷപ്പെടുവാൻ ഇവയെ സഹിച്ചവനെ നിനക്കുസ്തുതി. ലോകരക്ഷിതാവായ ദൈവത്തിൽനിന്നുള്ള ദൈവമെ! വെള്ളിയാഴ്ച ദിവസം മയ്യലിൽ നിന്നെ തൂക്കു

വാൻ അവർ ഇറങ്ങിത്തിറങ്ങി. ഭൂതങ്ങ
ൾ ഇളകി ഭൂമി വിറച്ചു പാറകൾ അട്ട
ഹസിച്ചു പർവ്വതങ്ങൾ മറയിട്ടു ശവക്ക
ല്ലറകൾ തുറക്കപ്പെട്ടു മരിച്ചവരും പുറ
പ്പെട്ടു, അവരുടെ കർത്താവിനെ തൂക്കി
എന്ന ശപിക്കപ്പെട്ട ജനത്തിന്നു ഹാ
കഷ്ടം എന്നു അവർ പറഞ്ഞു. ജനം
ഗാഗുൽത്താമേൽവച്ചു ലോകരക്ഷിതാ
വായ ദൈവത്തിൻെറ പുത്രനാകുന്ന
നിന്നെ സ്ലീപ്പായിൽ തറച്ചു, മുള്ളുകൊ
ണ്ടുള്ള കിരീടം നിൻെറ തലയിൽ അ
വർ വെച്ചു, നിൻെറ കൈകളെ അ
വർ തുളച്ചു, കാടി നിനക്കവർ തന്നു,
വേദവാക്യപ്രകാരം കന്തു കൊണ്ടു നി
ൻെറ വലാപ്പുറത്തു അവർ കുത്തി,
ലോകത്തിന്നു പാപമോചനമായി ര
ക്തവും വെള്ളവും നിന്നിൽ നിന്നൊഴു
കി ഞങ്ങളുടെ രക്ഷിതാവെ! നി
ൻെറ കൃപയുള്ള എന്നേക്കും ഞങ്ങൾസ്തു

ത്തിപാടുന്നു. രഹസ്യങ്ങളുടെ കുഞ്ഞാടും സദൃശങ്ങളുടെ പൂൎണ്ണതയും ഭേദങ്ങളുടെ മുദ്രയും ഞങ്ങൾക്കവേണ്ടി സമാധാനബലിയും ആയി എന്ന വലിയ മേല്പട്ടക്കാരനായുള്ളോവെ! നിന്നെ അയച്ച പിതാവു വാഴ്ത്തപ്പെട്ടവനാകുന്നു. മനുഷ്യരെ സ്നേഹിക്കുന്നവനെ മേലുള്ളവരിൽ നിന്നും താഴെയുള്ളവരിൽ നിന്നും നിനക്കസ്തുതി മാലാഖമാരിൽ നിന്നു സാത്താനും ശിഷ്യന്മാരിൽ നിന്നു സ്കറിയോത്തയും ആയ അതിക്രമക്കാർ പുറപ്പെട്ടതുകൊണ്ടു ആ രണ്ടു ഭാഗക്കാരും നിന്നെ സ്തുതിക്കും നിൻെറ സ്ലീവ്വായാൽ സമാധാനപ്പെട്ടിരിക്കുന്ന നിൻെറ സഭയും അവൾക്ക പകരം നിനക്കസ്തോത്രംചെയ്യും വഴിപിഞ്ഞക്കത്തിൽനിന്നു നീ രക്ഷിച്ചിട്ടുള്ള സകലരും നിന്നെ ഏററുപറയും- നിൻെറ സ്ലീവ്വായാൽ സ്വാതന്ത്ര്യപ്പെ

ട്ടിരിക്കുന്ന ഭൂലോകം മുഴുവനും നിന
ക്കു സ്തോത്രംചെയ്യുകയും സ്തുതിയും സ്തോ
ത്രവും നിനക്കുംനിൻെറ പിതാവിന്നും
ശുദ്ധമുള്ള നിൻെറ റൂഹായ്ക്കും എന്നേ
ക്കും പാടുകയും ചെയ്യും.

രണ്ടു കൌമ നമസ്കരിച്ച ശേഷം

അപേക്ഷ

നിൻെറ കഷ്ടാനുഭവത്താൽ ഞങ്ങ
ളെ രക്ഷിപ്പാനായിഞങ്ങൾക്കുവേണ്ടി
തന്നെത്താൻ ബലി നല്കി എന്ന ദൈ
വമെ! ഞങ്ങളുടെ മേൽ അനുഗ്രഹം
ചെയ്യേണമെ. നിൻെറ സ്വരൂപത്തി
ൽ ഞങ്ങളെ മനഞ്ഞുണ്ടാക്കി നിൻെറ
മനോഗുണത്താലും സ്ലീബായാലും
ഞങ്ങളെ രക്ഷിച്ചു എന്ന ദൈവമെ!
ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യേ
ണമെ. സകലവും മുമ്പുക്കൂട്ടി അറിയു
ന്നവനും നിൻെറ ശിഷ്യന്മാൎക്കു നി
ൻെറ മരണത്തെ വെളിപ്പെടുത്തിയ

വന്മായ ദൈവമെ! ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യേണമെ. ദൈവമേ ഞങ്ങളുടെ കടങ്ങളെ പുണ്യമാക്കി നിന്നെ സ്തുതിപ്പാൻ ഞങ്ങളെ നീ യോഗ്യന്മാരാക്കേണമെ.

നിന്റെ സൃഷ്ടിയെ ദശിപ്പാൻ എഴുന്നള്ളിയപ്പോൾ ശപിക്കപ്പെട്ട ജനം നിന്റെ മേൽ ശങ്കതീന്റെ കലഹം ഉണ്ടാക്കി. കെല്ലപ്പെട്ട ഉദരങ്ങളിൽ മാലാഖമാരുടെ സൈന്യം അടക്കംകൊള്ളാതെ നിന്റെ തിരുമുമ്പിൽ ശുശ്രൂഷചെയ്യുന്നു എന്ന നിന്നെ അണലിക്കുട്ടികൾ മരണത്തിന്നു വിധിച്ചു. സ്വഭാവത്താൽ സകല കഷ്ടതകളിൽനിന്നും ഉയൎന്നിരിക്കുന്നവനായ നീ ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി നിന്ദയുടെ മരണത്തെ സഹിച്ചു സൂൎയ്യനേയും ചന്ദ്രനേയും നിൎമ്മിച്ചവനായ നീ അണലിക്കുട്ടികളായ അശുദ്ധന്മാരിൽനിന്നു ഞങ്ങൾക്കു

വേണ്ടി ഉപ്പലും ആക്ഷേപവും കൈക്കൊണ്ടു. സ്രാപ്പേന്മാർ ഭയത്തോടുംവിറയലോടും ശുദ്ധീകരിക്കുന്ന നിന്നെക്കുറിച്ചു തിരിച്ചറിവില്ലാത്തജനംഒന്നിച്ചുകൂട്ടി ആലോചിച്ചു. നിൻെറ കഷ്ടാനുഭവം മൂലം ഞങ്ങൾക്കു ജയം നല്കുവാനായിട്ടു ഞങ്ങളുടെ മേലുള്ള നിൻെറ സ്നേഹത്താൽ കഷ്ടാനുഭവത്തിനു എഴുന്നെള്ളി എന്ന രക്ഷകാരാ! ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യേണമെ. ഘിറയലോടും ഭയത്തോടും ക്രോബേന്മാരാൽ വഹിക്കപ്പെട്ടിരിക്കുന്ന നീ ഞങ്ങൾക്കുവേണ്ടി സ്ലീബായുടെ മരത്തെ ചുമന്നു. അത്രയുമല്ല നിൻെറ സിംഹാസനത്തിൽനിന്നു ഇറങ്ങി മനുഷ്യവർഗ്ഗത്തെ രക്ഷിപ്പാനായിട്ടും മനുഷ്യരുടെ സകലവിധ നിന്ദയ്ക്കും നിന്നെത്തന്നെ നീ താഴ്ത്തി എന്ന രക്ഷകാരാ നിൻെറ താഴാഴ്മ എത്രയൊ വ

ഴ്ത്തപ്പെട്ടതാകുന്നു. ഞങ്ങളുടെ രക്ഷിതാവെ! ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യേണമെ. ഞങ്ങളുടെ കടങ്ങളുടേയും പാപങ്ങളുടേയും ബഹുത്വത്തെ നീ നീക്കി ഇല്ലായ്മചെയ്യേണമെ. നിന്റെ അടിയാരുടെ ശുശ്രൂഷ കൈക്കൊണ്ടു ഞങ്ങളുടെ യാചനകളെ നല്കുമാറാകേണമെ.

അപേക്ഷ.

ദൈവമെ നിന്റെ മനോഗുണത്താൽ ഞങ്ങളുടെ ആദ്യപിതാവായ ആദാമിനെ നീ മനഞ്ഞുണ്ടാക്കി. കല്പനലംഘനത്താൽ വീണുപോയി എന്ന ഞങ്ങളുടെ വർഗ്ഗത്തെ രക്ഷിപ്പാനായിട്ടു പറഞ്ഞൊപ്പിക്കാവതല്ലാത്ത നിന്റെ അനുഗ്രഹം നിന്നെ നിർബന്ധിച്ചു നീയിറങ്ങി, ഒരു നാവിനാലും പറഞ്ഞൊപ്പിപ്പാൻ വഹിയാത്ത പ്രകാരമുള്ള സകല ശിക്ഷകളും അനു

ലിക്കുട്ടികളിൽനിന്നു ഞങ്ങൾക്കു വേണ്ടിനീകൈക്കൊണ്ടു എന്നു ദൈവമെ ഞങ്ങളെ രക്ഷിക്കേണമെ. ഞങ്ങളുടെ മരിച്ചവരെ നിന്റെ പരമാനന്ദമോക്ഷത്തിൽആശ്വസിപ്പിക്കേണമെ.

നിന്റെ ശരീരത്താലും രക്തത്താലും നിന്റെ മരണത്തിന്റെയും ഉയിൎത്തെഴുന്നേല്പിന്റെയും ഓൎമ്മയെ ചെയ്യാൻ നിന്റെ ശിഷ്യന്മാരോടു കല്പിച്ച കൎത്താവെ! നിന്റെ തിരുമുമ്പിൽ ഞാൻ മുമ്പിടുന്നതുകൊണ്ടു എന്റെമേൽ അനുഗ്രഹം ചെയ്യേണമെ, നിന്റെ പെസഹായാൽ പഴയതിനെ തികച്ചുപുതിയതിൽ തുടങ്ങി, ജീവനും ശുദ്ധവുമുള്ള നിന്റെ രക്തം കൊണ്ടു അതിനെസ്ഥിരപ്പെടുത്തിയുന്നവനെ നിന്റെ തിരുമുമ്പിൽ ഞാൻ മുമ്പിടുന്നതുകൊണ്ടു എന്റെ മേൽ അനുഗ്രഹം ചെയ്യേണമെ. ശുദ്ധമുള്ളനിന്റെ

പെന്തഘായുടെ പെരുന്നാളിൽ നിന്റെ ദാനങ്ങളാൽ നിന്റെ സഭയെ ഉറപ്പിച്ചു, ഇമ്പംകൊണ്ടു അതിനെ നിറച്ചവനെ! നിന്റെ തിരുമുമ്പിൽ ഞാൻ മുമ്പിടുന്നതുകൊണ്ടു എന്റെ മെൽ അനുഗ്രഹം ചെയ്യണമെ. അനുഗ്രഹങ്ങൾ നിറയപ്പെട്ട മിശിഹാ തമ്പുരാനെ! ഞങ്ങളുടെ കടങ്ങളെ നീ പുണ്യമാക്കി ഞങ്ങളുടെ അകൃത്യങ്ങളെക്ഷമിച്ചുകൊള്ളണമെ. നിന്നെയും നിന്റെ പിതാവിനേയും ശുദ്ധമുള്ള നിന്റെ റൂഹായേയും വന്ദിപ്പാൻ ഞങ്ങളുടെ ബോധങ്ങളെ നീ പ്രകാശിപ്പിക്കേണമെ.

കൎത്താവെ കുലപാതകനായ സ്കറിയോത്തായുടെ കാലുകളെ നിന്റെ സ്നേഹത്താൽ നീ പിടിച്ചു കഴുകിയതു എത്രയൊ അത്ഭുതമാകുന്നു. അവന്റെ പുറമെയുള്ള ചെളി നീ ഉടച്ചു

കളഞ്ഞു എങ്കിലും അവന്റെ ഹൃദയ ത്തിൽ പതിയപ്പെട്ടിരുന്ന അഴക്കായ അസൂയയും വഞ്ചനകളും അവൻ ക ഴുകി വെടിപ്പാക്കാതെ ഇരുന്നതുകൊ ണ്ടു അവന്നു ഹാ കഷ്ടം!

കത്താവെ നിന്റെ ശിഷ്യന്മാരുടെ കാലുകളെ നീ കഴുകി അവരോട്ക്കൂടെ നീ മേശക്കിരുന്നപ്പോൾ എന്നന്നേ ക്കുമുള്ള ഉടമ്പടിയും ഓൎമ്മയും ആയി ത്തീരുവാനായിട്ടു ശുദ്ധമുള്ള നിന്റെ തൃക്കൈകളിൽ അപ്പത്തെ എടുത്തു വാഴ്ത്തി സ്തോത്രം ചെയ്തു ശുദ്ധമാക്കി ശിഷ്യന്മാരുടെ ഭോജ്യത്തിന്നു കൊടു ത്തു. "നിങ്ങൾക്കവേണ്ടിയും പലക്കവേണ്ടിയും ഖണ്ഡിക്കപ്പെടുന്നു എന്നു എന്റെ ശരീരം ഇതാകുന്നു ഇതിനെ നിങ്ങൾ വാങ്ങിഭക്ഷിപ്പിൻ" എന്നുനീ കല്പിച്ചു. അപ്രകാരം തന്നെ വീഞ്ഞിൽ നിന്നും വെള്ളത്തിൽനിന്നും കലത്തി

യുംകൊണ്ടു കാസായും എടുത്തുവാഴ്ത്തി സ്തോത്രംചെയ്തു ശുദ്ധമാക്കി നിന്റെ ശിഷ്യന്മാൎക്കു കൊടുത്തു "നിങ്ങൾ എല്ലാവരും ഇതിൽനിന്നു പാനം ചെയ്വീൻ എന്തെന്നാൽ നിങ്ങൾക്കുവേണ്ടിയും പലൎക്കു വേണ്ടിയും ചൊരിയപ്പെടുന്നു എന്ന എന്റെ രക്തം ഇതാകുന്നു. എന്റെ മരണത്തിന്റെയും ഉയിൎത്തെഴുന്നേല്പിന്റെയും ഓൎമ്മക്കായിട്ടു എന്റെ വരവിന്നാളവും ഇപ്രകാരം നിങ്ങൾ ചെയ്വീൻ" എന്നു നീ അരുളിച്ചെയ്തു എന്ന ഞങ്ങളുടെ കൎത്താവെ! നിന്റെ ഈ വാഗ്ദത്തപ്രകാരം നിന്റെ ശരീരരക്തത്തിന്റെ ഓഹരിക്കാരും സംബന്ധികളും ആയി എന്ന നിന്റെ ദാസന്മാരായ ഞങ്ങളെ നീ ഓൎത്തുകൊള്ളണമെ. ഭയങ്കരപ്പെട്ടതും വിസ്മയിക്കപ്പെട്ടതുമായ നിന്റെ രണ്ടാമത്തെ വരവിൽ നിന്റെ തിരുനാ

മത്തെ അറിയാത്ത പുറജാതികളെ
പ്പോലെ ഞങ്ങളെ നീ ആട്ടിക്കളയരു
തെ. ഞങ്ങളുടെ അന്യായംമൂലം ആ
നേരത്തിൽ ഞങ്ങളോട്ട അതികോപ
പ്പെടുകയും അരുതെ. കൎത്താവെ ശുദ്ധ
മുള്ള നിന്റെ കഷ്ടാനുഭവത്തെ ഇതാ
ഞങ്ങൾ പിടിച്ചു തഴുകുന്നു. ഞങ്ങൾ
ക്കു വേണ്ടി അടികൊള്ളപ്പെട്ട എന്നു
നിന്റെ മുറിവുകളെ ഞങ്ങൾ മുത്തു
ന്നു. ഞങ്ങൾക്കുവേണ്ടി നീ സഹിച്ചു
എന്ന അപമാനങ്ങളെ ഞങ്ങൾ ഓ
ൎത്തു നിന്റെ ക്ഷമയോട്ട ഞങ്ങൾ നി
ലവിളിക്കുന്നു. മേല്പട്ട ഉയരങ്ങളിൽ
സ്രാപ്പേന്മാർ നിന്നെ ശുദ്ധമാക്കി, നീ
പരിശുദ്ധൻ പരിശുദ്ധൻ പരിശുദ്ധ
ൻ എന്നു അട്ടഹസിക്കുന്നതുപോലെ
ബലഹീനന്മാരും പാപികളുമായ ഞ
ങ്ങളും നിന്നെ സ്തുതിക്കുന്നു. നിന്റെ
ഇടത്തിൽ നിന്നു നിന്റെ ബഹുമാനം

വാഴ്ത്തപ്പെട്ടതാകുന്നു. നിന്റെ കൃപയാൽ കഷ്ടതയ്ക്കും മരണത്തിന്നും താഴാഴ്മയ്ക്കും ഏഴെന്നെള്ളിയവനെ! നിനക്കുസ്തുതി. ദുഷ്ടന്മാരോടുള്ള നിന്റെ കരുണയ്ക്കു അന്തമില്ലാത്തതിനാലും നിനക്കു സ്തുതി. സൃഷ്ടികളുടെ സൌന്ദര്യവും മഹ ..പവും നിമിത്തം നീ സൃഷ്ടിച്ചസകലത്താലും നിനക്കുസ്തുതി. ശുദ്ധമുള്ള നിന്റെ ശരീരവും രക്തവും അനുഭവിക്കുന്ന എല്ലാവരാലും നിനക്കു സ്തുതി. എല്ലാനേരത്തിലും നിനക്കുസ്തുതി. നിനക്കും നിന്റെ പിതാവിന്നും ശുദ്ധമുള്ള നിന്റെ റൂഹായ്ക്കും ഇടവിടാതെ സ്തുതി ഞങ്ങൾ കരേററുന്നു. ഞങ്ങളുടെ കർത്താവേ! ഞങ്ങളുടെ നിലവിളി നീ കേട്ടരുളേണമെ. നിന്റെ ദാസന്മാരുടെ കുററങ്ങളെ നീ ക്ഷമിക്കേണമെ ആമ്മീൻ.

ഒരു കൌമാ നമസ്കരിച്ചു വിശ്വാസപ്രമാണവും ചൊല്ലേണം.

—:✱:—

# ഉച്ചയുടെ നമസ്കാരം

ഒരു കൌമാ നമസ്കരിച്ചശേഷം

അപേക്ഷ

നിന്റെ തിരുമേനിയുടെ പൂജയാൽ ന്യായപ്രമാണത്തിലുള്ള പെസഹായുടെ രഹസ്യത്തെ ഭൂലോകത്തിൽ നിന്നു മായിച്ചവനെ നീ വാഴ്ത്തപ്പെട്ടവനാകുന്നു. നിന്റെ തിരുമനസ്സോടു ബലി നല്കുവാൻ നീ എഴുന്നെള്ളി ആദത്തെയും അവന്റെ സന്തതിയേയും രക്ഷിച്ചവനും ബലികളെ കൈക്കൊള്ളുന്നവനുമായ നിനക്കുസ്തുതി. സകല ബലികളും നിന്നാൽ മായപ്പെട്ടു, സകല രഹസ്യങ്ങളും നിന്നാൽ നിവൃത്തിക്കപ്പെട്ടു, പുണ്യമാക്കുന്ന ബലിയായി ഞങ്ങൾക്കുവേണ്ടി നിന്നെത്തന്നെ ബലിയണച്ചു പാപമോചനം ഞങ്ങൾക്കു നല്കിയ ഞങ്ങളുടെ കർത്താവെ ഞങ്ങൾക്കു നീ സങ്കേതസ്ഥലം ആ

യിരിക്കേണമെ. നിന്റെ പിതാവി ന്റെ തിരുമുമ്പാകെ ഞങ്ങളെ കരേ റുകയും നീ മുഖാന്തരം ഞങ്ങളെ യോ ഗ്യതപ്പെടുത്തുകയും ചെയ്യേണമെ. ക ത്താവെ! ചുരുങ്ങിപ്പോകാത്തതായ നി ന്റെ മനോഗുണമാകുന്ന സമുദ്രത്തി ന്നു സ്തുതി. നിന്റെ സോപ്പായാലെ ഞങ്ങളുടെ കറകളെ നീ വെൺമയാ ക്കേണമെ. ദീർഘദർശികളുടെ സക ല രഹസ്യങ്ങളും നിവൃത്തിച്ചു കഷ്ടതക ളും പരിഹാസവും ആക്ഷേപവും കു ത്തുകളും സഹിച്ചവനും മരണത്തിന്നു ന്യായം വിധിക്കപ്പെട്ടവനും നിന്റെ ന്യായവിസ്താരത്താൽ ഞങ്ങളുടെ ന്യാ യവിസ്താരത്തിന്റെ കഠിനതയെ അ ഴിച്ചവനുമായ ഞങ്ങളുടെ മിശിഹാത മ്പുരാനെ! ആ കല്ലറുസായിൽ നിന്നു നിന്റെ കഷ്ടാനുഭവത്താൽ ഞങ്ങളെ സ്വാതന്ത്ര്യമാക്കി, കല്പനലംഘന

ത്താൽ വീണുപോയ ഞങ്ങളുടെ വർഗ്ഗ
ത്തെ ഉയർത്തി എന്ന നിൻെറകൃപയ്ക്കു
സ്തുതി. കണ്ടാലും രക്ഷിതാവെ! ഇ
താനിൻെറ സഭ നിൻെറ കഷ്ടാനുഭവ
ത്തിങ്കൽ കഷ്ടമനുഭവിച്ചുകൊണ്ടു നി
ന്നോടു നിലവിളിക്കയും നീ ചെയ്തി
ട്ടുള്ള സകല നന്ദിയ്ക്കും കൃപയ്ക്കും വേ
ണ്ടി നിന്നെ സ്തുതിക്കയും വന്ദിക്ക
യും ചെയ്യുന്നു.

കർത്താവെ! ആദ്യന്തമില്ലാത്ത നി
ൻെറ സ്നേഹത്താൽ ഞങ്ങളെ നീ പ്രി
യപ്പെട്ടു. നിൻെറ മരണത്തിൻെറ ഓ
ർമ്മ എന്നും ഞങ്ങളാൽ ഓൎക്കപ്പെടുവാ
നായി ശുദ്ധമുള്ള നിൻെറ ശരീരരക്ത
ത്തെ ഉടമ്പടിയായി ശുദ്ധമുള്ള നി
ൻെറ ശിഷ്യന്മാർ മൂലം ഞങ്ങൾക്ക
നീ ഏല്പിച്ചു. കർത്താവെ! ഉയരത്തിൽ
മാലാഖമാർ നിനക്കു ശുശ്രൂഷ ചെയ്യു
ന്നു. ഭൂമിയിൽ ദോഷത്തോളത്തി സ്രൂീ

നിൻെറ തൃപ്പാദത്തിങ്കൽ തൈലം പൂശി അവളുടെ പാപമോചനത്തിന്നായി അവൾ നിലവിളിക്കുന്നു. അങ്ങലികാട്ടികളായ യഹൂദന്മാർ പൈശാചിൻെറ കാളക്കൂട്ടംപോലെ നിൻെറ ചുററും കൂടിനിന്നു. അന്യായക്കാരനെ പിടിച്ചുകൊൾവിൻ "അതിക്രമക്കാരനെ തൂക്കുവിൻ", എന്നു നിലവിളിക്കുന്നു. അവരുടെ ക്രൂരവിചാരം നിന്നിൽ നടത്തി പൂൎണ്ണപ്പെടുത്തുവാൻ കഴിയാതെ രാമസിക്കുന്നതിനാൽ അവർ ബദ്ധപ്പെടുന്നു. നിന്നെ സ്നേഹിച്ച ശിഷ്യന്മാർ ചിതറപ്പെടുവാൻ ബദ്ധപ്പെടുന്നു. ഇതൊക്കെയും ലോകത്തിൻെറ രക്ഷക്കുവേണ്ടി അനുഭവിപ്പാൻ താൻ കടപ്പെട്ടവനെന്നും ക്ഷമയോടെ ഉപദേശിക്കുന്നു എന്ന മഹൊന്നതനെ നിൻെറ താഴാഴ്മ എത്രയോ വാഴ്ത്തപ്പെട്ടതാകുന്നു. അനുഗ്രഹങ്ങൾ നിറഞ്ഞി

രിക്കുന്നമിശിഹാ തമ്പുരാനെ! നിന്റെ സഭയോടു നീ കരുണചെയ്യേണമെ. നിന്റെ ജനത്തിന്നുവേണ്ടി കഷ്ടമനുഭവിച്ചു എന്ന നല്ല ഇടയാ നിന്റെ കഷ്ടാനുഭവം മൂലം നിന്റെ സഭയുടെ കൊമ്പിനെ നീ ഉയത്തണമെ.

സകല ജനവുമേ വരുവിൻ! നമ്മുടെ രക്ഷിതാവിന്റെ കഷ്ടാനുഭവദിവസങ്ങളിൽ നാം കഷ്ടമനുഭവിച്ചു കൊണ്ടു ദുഃഖത്തോടെ തന്നെ നാം നിലവിളിച്ചുപ്രാത്ഥിക്കണം. ഞങ്ങൾക്കുവേണ്ടി കഷ്ടമനുഭവിച്ചു എന്ന രക്ഷിതാവെ! ഞങ്ങളുടെ സകല കഷ്ടതകളേയും ഞങ്ങളിൽനിന്നു നീക്കി ഇല്ലായ്മ ചെയ്യേണമെ. നിന്റെ സഭയുടെ പാപങ്ങളെ നീ ഓക്കരുതെ. നീ വാഗ്ദത്തം ചെയ്തിരിക്കുന്നപ്രകാരം നിന്റെ പരമാനന്ദമോക്ഷത്തിൽ ആനന്ദിപ്പാൻ നിന്റെ സഭയുടെ മക്കളെ നീ

യോഗ്യന്മാരാക്കിത്തീൎക്കേണമെ.

കൎത്താവെ! മണ്ണിന്നടുത്തവനായ ആദാമിനെ നിന്റെ സാദൃശത്തിൽ നിൎമ്മിപ്പാൻ നിന്റെ കൃപ നിന്നെ നിൎബന്ധിച്ചു. അവൻ പാപത്തിൽ വീണപ്പോൾ അവനിൽ നിനക്കു കൃപ തോന്നി. അവന്റെ മുമ്പിലത്തെസ്ഥലത്തേക്കു അവനെ തിരിപ്പിപ്പാൻവേണ്ടി അവനെപ്പോലെ മണ്ണിന്നടുത്ത ശരീരം നീ ധരിച്ചു, അവനുവേണ്ടി കഷ്ടമനുഭവിപ്പാൻ നിന്നിൽ ഉണ്ടായിരുന്ന നിന്റെ കൃപതന്നെ നിന്നെനിൎബന്ധിച്ചു എന്നു നല്ലഇടയാ! ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യേണമെ. ഞങ്ങൾ മണ്ണിന്നടുത്തവനായ ആദാമിന്റെ മക്കൾ എന്നു നീ ഓൎക്കേണമെ. ഞങ്ങളുടെ ബലഹീനതമൂലം ഞങ്ങളിൽനിന്നു ഉണ്ടായിവരുന്ന അററകുററങ്ങളെ നീ വകവെയ്ക്കരുതെ.

ഞങ്ങളും നിന്റെ തിരുനാമത്തെ അ
റിഞ്ഞവരെന്നും നിന്റെ ദൈവത്വ
ത്തിൽ ഏറ്റു പറഞ്ഞവരെന്നും നി
ന്റെ കഷ്ടാനുഭവത്തിങ്കൽ കഷ്ടമനുഭ
വിച്ചവരെന്നും നിന്റെ ശരീരരക്ത
ത്തെ ഭക്ഷിച്ചു കുടിച്ചവരെന്നും ഞങ്ങ
ളെക്കുറിച്ചു നീ ഓർക്കേണമെ. "പോ
കുവിൻ നിങ്ങളെ ഞാനറിയുന്നില്ല"
എന്നു ഞങ്ങളോടു നീ കല്പിക്കുമാറാ
കരുതെ ദൈവമെ! നിനക്കും ഞങ്ങ
ളുടെ രക്ഷയ്ക്കായി നിന്നെ അയച്ച പി
താവിനും ശുദ്ധമുള്ള നിന്റെ റൂഹാ
യ്ക്കും സ്തുതി ആമ്മീൻ.

രണ്ടുകൈയും നമസ്കരിക്കണം

ഉന്നതത്തിൽ മാലാഖമാർ അട
ക്കം കൂടാതെ സ്തുതിപാടുന്ന എന്ന
നീ ഭൂമിക്കടുത്തവരായ ഞങ്ങളുടെ
രക്ഷക്കായി ആക്ഷേപവും പരിഹാ
സവും കൈക്കൊണ്ടു. സകലത്തി

ന്റെയും രക്ഷകാരനും ജീവിപ്പിക്കു
ന്നവനുമായ നിനക്കു വിരോധമായി
മേല്പട്ടക്കാരും ലോകരുടെ പ്രധാനിക
ളും നിന്നെ തുക്കുവാൻ തക്കവണ്ണം ര
ഹസ്യമായി ആലോചിച്ചു ഏതുപ്രകാ
രം നിന്നെ പിടിക്കേണ്ടു എന്നു അശു
ദ്ധനായ ശിഷ്യനും കയ്യാപ്പായും കൂ
ടി മന്ത്രിച്ചു. ഞാൻ മുത്തുന്നവൻ ആ
രോ അവനെ സൂക്ഷ്മതയോടെ നിങ്ങ
ൾ പിടിപ്പിൻ എന്നും സ്കറിയൊത്താ
അവരോടു വാഗ്ദത്തം ചെയ്തു. അപ്ര
കാരം നിന്നെ പിടിപ്പാനായി കള്ള
ൻ എന്നപോലെ അവർ പുറപ്പെട്ടു അ
വരുടെ അന്വേഷണപ്പുറപ്പാടിൽ നീ
ഒട്ടും താപിക്കാതെ ആരെ നിങ്ങൾ
അന്വേഷിക്കുന്നു എന്നു അവരോടു ചോ
ദിക്കയും നിന്നെ അവൎക്കു വെളിപ്പെടു
ത്തികാണക്കയും ചെയ്തു എന്ന ദൈ
വപുത്രാ! നിന്റെ പ്രവൃത്തിയുടെ വി

സ്മയത്തെ പറവാൻ മതിയാകുന്ന നാവു ഏതാകുന്നു? ദൈവം തമ്പുരാനെ! നിന്റെ കഷ്ടാനുഭവങ്ങളുടെ ഈ ദിവസങ്ങളിൽ നിന്റെ കഷ്ടാനുഭവത്തെക്കുറിച്ചു ദുഃഖിക്കുന്ന നിന്റെ സഭയെ നിന്റെ ഉയരത്തെഴുന്നേല്പിൽ നീ സന്തോഷിപ്പിക്കേണമെ. ഞങ്ങൾക്കുവേണ്ടി കഷ്ടമനുഭവിച്ചു എന്ന ദൈവപുത്രാ! നിന്റെ സഭയുടെ നിലവിളിയെ കേൾക്കെണമെ. ആകല്ലരുസായുടെ സകല ഉപദേശത്തിൽനിന്നും നിന്റെ ജനത്തെ വീണ്ടുകൊള്ളേണമെ. ദൈവമെ! നിനക്കു സ്തുതി ദൈവമെ! നിനക്കു സ്തുതി ഞങ്ങളുടെ രക്ഷിതാവെ! നീ കൃപചെയ്തു ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യേണമെ.

പ്രിയമുള്ളവരെ! വരുവിൻ നമുക്കുവേണ്ടി കഷ്ടമനുഭവിക്കയും നമ്മെ ഉയ

ത്തുവാൻവേണ്ടി തൻ താഴ്മപ്പെട്ടുക
യും നമുക്കവേണ്ടിശിക്ഷ ഏല്ക്കുകയും പാ
പത്തിൽ മരിച്ചവരായ നമ്മെ രക്ഷി
ച്ചു ജീവൻ നൽകുവാൻവേണ്ടി നമ്മെ
പ്രതിഫലിക്കയുംചെയ്തു എന്ന നമ്മുടെ
രക്ഷിതാവായ ഈശോമിശിഹായെ
അടങ്ങാതെ നാം സ്തുതിക്കണം. മഹോ
ന്നതങ്ങളിൽ ആയിരങ്ങളുടെ ആയിര
ങ്ങൾ നിന്റെ തിരുമുമ്പാകെ നില്ക്കു
ന്നു. നീ വിചാരിക്കുന്ന വ്യ,ങ്കിൽ അഗ്നി
കൊണ്ടു ഭൂമിമുഴുവനും അവർ നിറയ്ക്കു
മായിരുന്നു. അത്രയുമല്ല എറിത്തിയുടെ
കൂട്ടങ്ങൾ ആകുന്ന പതിനായിരങ്ങളു
ടെ പതിനായിരം നിന്റെ തിരുമുമ്പി
ൽ വിസ്മയിച്ചും വിറച്ചും കൊണ്ടു
നിന്റെ വലിപ്പത്തെ സ്തുതിച്ചുപുകഴ്ത്തു
ന്നു. നിന്റെ ചുററും നിലകളായി നി
ന്നു നിനക്ക ശുശ്രൂഷചെയ്യുന്ന വൃതി
തിഭ്രഷ്ടപ്പെട്ട കൂട്ടങ്ങളോട നീ അനുവ

ദിക്കുന്നു എങ്കിൽ നിന്നെ കൊല്ലുവാൻ ആഗ്രഹിക്കുന്ന ശപിക്കപ്പെട്ടക്കൂട്ടത്തെ മാത്രമല്ല ഭൂമിമുഴുവനെയും ഒരുക്ഷണം ൽകൊണ്ടു അവർ ദഹിപ്പിക്കുമായിരുന്നു. മണ്ണിന്നുട്ടത്തവർ നിന്നോടു ചെയ്യുന്ന അന്യായങ്ങളും ആക്ഷേപവും അതിന്നു പകരം അവരോടു നീ കാണിക്കുന്ന അനുഗ്രഹവും സ്നേഹവും എരിതീഭൂഷ പ്പെട്ട നിന്റെ ശുശ്രൂഷക്കാരായ മാ ലാഖമാർ കണ്ടു വിസ്മയിച്ചു. അത്ര യുമല്ലാ നിന്റെ കഷ്ടാനുഭവത്തെക്കു റിച്ചു ഭൂലോകം മുഴുവനും ഇളകി പാറ കൾ പൊളിയപ്പെട്ടു, ആദിത്യൻ അ ന്ധകാരമായി, ശവക്കല്ലറകൾ തുറക്ക പ്പെട്ടു, നിന്റെ വരവിന്നായി ആഗ്ര ഹിച്ചു മരിച്ചവരായ പരിശുദ്ധന്മാർ ഉയിർത്തെഴുനീറ്റു, നിന്റെ മഹത്വ ത്തെ കണ്ടു അവർ ആനന്ദിച്ചു. നിന്നെ ത്തുക്കുവാൻ വേണ്ടി അട്ടഹസിച്ചു ജ

ന്ം നിൻെറ മരണഃനേരത്തു ഉണ്ടായി എന്ന അതിശയത്താൽ നീ ദൈവപു ത്രൻ എന്നു സമ്മതിച്ചു. നിന്നോടകൂ ടെ തൂ ക്കപ്പെട്ടവലത്തുഭാഗത്തുള്ള കള്ള ൻ ഉണ്ടായ അത്ഭുതതെത കണ്ടപ്പോ ഠം നിശ്ചയമായി നീ ദൈവപുത്രൻ എന്നു ഏറ്റുപറകയും നിന്നാൽ രക്ഷ യുണ്ട കുവാൻ വേണ്ടി കത്താവെ നീ എഴുന്നെള്ളിവരുമ്പോഠം എന്നെ കൂടെ ഓത്തുകൊള്ളണമെ എന്നു നിലവി ളിക്കയും ഇന്നു പറുദൈസായിൽ എ ന്നോടുകൂടെ നീ ആകുമെന്നു അവ നോട നീ വാഗ്ദത്തം ചെയ്തു നീ അ വനെ രക്ഷിക്കയും ചെയ്തു. ...പൂഗ്ഗസ്ഥ നായ രാജാവെ! നിൻെറ കഷ്ടാനുഭവ ത്തിങ്കൽ ദുഃഖിച്ചു വിലാപിക്കുന്ന നി ൻെറ സഭയോട നീ കരുണചെയ്യേ ണമെ. നിൻെറ മരണത്തിങ്കൽ മുറവി ട്ടു എന്ന നിൻെറ ജനത്തെ സകല കു

റങ്ങളിൽനിന്നും വീണ്ടു കൊള്ളേണ്ണമെ. ദൈവപുത്രാ അതിന്നു വേണ്ടി നീ അടികൊണ്ടു എന്ന നിന്റെ ഇ ടവകയുടെ അററകുററമൊന്നു നീ മോചിക്കേണമെ. നിന്റെ ആട്ടിൻക്കൂട്ടത്തിന്നു വേണ്ടി നിന്റെ രക്തത്തെ ചൊരിഞ്ഞു എന്ന നല്ല ഇടയാ നിന്റെ വലത്തുഭാഗത്തുള്ള കുഞ്ഞാടുകളായി ഞങ്ങളെ ചേൎത്തുകൊള്ളേണമെ. നിന്റെ കരുണയുടെ ഹിസ്സോപ്പായാൽ ഞങ്ങളുടെ സകല കറകളേയും നീ വെൺമയാക്കേണമെ.

അഗ്നിരഥത്തിന്മേലിരിക്കുന്നവനും മഹോന്നതങ്ങളിൽ നിനക്കുസ്തുതിപ്പാടുവാൻ നിന്റെ തിരുമുമ്പാകെ സ്വൎഗ്ഗീയ സൈന്യങ്ങൾ നിന്നു കൎത്താവു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്നു നിനക്കു സ്തുതിപ്പാടുന്നവനമായ നീ നിന്റെ തൃക്കയ്യാൽ മാന

ഞ്ഞുണ്ടാക്കി എന്ന മണ്ണിന്നടുത്തവ
രായ ഞങ്ങളെ രക്ഷിപ്പാൻവേണ്ടിനീ
ന്നെതന്നെ താഴ്ത്തി, നിന്റെ കൈവേ
ലയാകുന്ന മണ്ണിന്നടുത്തവരിൽ നിന്നു
ഞങ്ങൾക്ക വേണ്ടി നീ അടികൊള്ള
പ്പെട്ടു, സകല ആക്ഷേപത്തിന്നും നി
ന്നെ നീ താഴ്ത്തി. രാജപുത്രനും യജ
മാനനും ഉടയവനും ആകുന്ന നീ ദാ
സനെപ്പോലെ നിന്റെ അരയിൽ
തുവാലചുറ്റി, മണ്ണിന്നടുത്തവരായ നി
ന്റെ ദസന്മാരുടെ കാലുകൾ കഴുകി
അരയിൽ ചുററിയിരുന്ന തുവാലകൊ
ണ്ടു അവരുടെ കാലുകളെ തുവത്തി
എന്ന രക്ഷകാരാ! നിന്റെ താഴാഴ്മ
എത്രയൊ അത്ഭുതമാകുന്നു. ഞങ്ങൾ
ക്ക വേണ്ടി നീ ചെയ്തിട്ടുള്ള കൃപകൾ
പ്രകാരം എന്തു ചെയ്വാൻ ഞങ്ങളാൽ
കഴിയുന്നു. ഞങ്ങളോടു നീ ചെയ്ത കൃ
പകളാം മനോഗുണത്തിന്നും രക്ഷകൾ

പകരം നിൻെറ തിരുനാമത്തെ ഞങ്ങൾ സ്തുതിച്ചു പാടുവാൻ നിൻെറ സ്തുതി ഞങ്ങൾക്കു നല്കേണമെ. നിൻെറ തിരുരക്തത്താൽ നേടീട്ടുള്ള നിൻെറ ഇടവകയോടു നീ കരുണ ചെയ്യേണമെ —:*:—

ഞങ്ങളുടെ രക്ഷക്കായിട്ടു നിൻെറ പുത്രനെഅയച്ചപിതാവെ! നിനക്കും നിൻെറ സ്നേഹത്താൽഈ ലോകത്തിൽ ഇറങ്ങി മനുഷ്യനായി നിൻെറ തിരുമനസ്സോടുകൂടെ കഷ്ടാനുഭവവും മരണവുംസ്ലീവ്വായും സഹിച്ചപാപത്തിൽ നശിച്ചിരുന്ന ആദാമ്മിനെയും അവൻെറസന്തതിയേയുംരക്ഷിച്ചപുത്രാ! നിനക്കുസ്തുതി ഏകജാതനായ ദൈവമേ! ഞങ്ങളെ രക്ഷിപ്പാൻ വേണ്ടി നിന്നെ ഏല്പിക്കയും യഹൂദന്മാരുടെ ജനം മരണമില്ലാത്ത ജീവനുള്ളവനായ നിന്നെ സ്ലീവ്വായ്ക്കു വിധിക്കയും

ചെയ്തതിനാൽ നിന്റെതാഴാഴ്മക്കസ്തു
തി നിന്റെ കൃപയാൽ മനുഷ്യനായി
ത്തീൎന്ന ബലഹീനന്മാൎക്ക നിന്നെത്ത
ന്നെ ഏല്പിച്ചു എന്ന വചനമായദൈ
വമെ നിനക്കസ്തുതി. നിന്നെ അവർ
പിടിച്ചു, ന്യായാധിപതിയുടെ മുമ്പാ
കെ കൊണ്ടുചെന്നു, ഞങ്ങളുടെ വൎഗ്ഗ
ത്തിന്റെ കുററംനിമിത്തം അറുപ്പിന്നു
ആടുപോലെകൂട്ടിക്കൊണ്ടുപോകപ്പെ
ട്ടുഎന്ന ഉത്തമനായുള്ളോവെ ഞങ്ങ
ൾക്കവേണ്ടി മരണത്തെ കൈക്കൊള്ളു
വാൻതക്കവണ്ണം അങ്ങളെ നീ സ്നേഹി
ച്ചതിനാൽ നിന്റെ അനുഗ്രഹങ്ങൾ
ക്കസ്തുതി. നീ ആകുന്നപ്രകാരം നീ
എഴുന്നെള്ളിയെങ്കിൽ നിന്റെതിരുമു
മ്പാകെ നില്പാൻ കഴിയുന്നവൻആരാ
കുന്നു. ജഡപ്രകാരം കഷ്ടം അനുഭ
വിച്ചനിന്റെ കൃപയാൽ സകലത്തേ
യുംജീവിപ്പിപ്പാൻ വേണ്ടി മരണം അ

ചിനോക്കുവാൻ നിനക്കു തിരുമനസ്സാ
യി. നീ മനുഷ്യനായിത്തീൎന്നസ്രാപ്പേ
ന്മാർ ചിറകുകളെ കൊട്ടി നിൻെറ
ദൈവത്വത്തിനു സ്തുതി കരേറുന്നു
എന്നു നിന്നേ മണ്ണിന്നട്ടത്തവർ പരി
ഹസിക്കുന്നു. നീ പരിശുദ്ധൻ, പരി
ശുദ്ധൻ, എന്നു സ്രാപ്പേന്മാരും, അവ
നെ തൂക്കുക, തൂക്കുക, എന്നു ശപി
ക്കപ്പെട്ട ജനവുംഅട്ടഹാസിക്കുന്നു. നി
ൻെറ ഇഷ്ടത്താൽ കഷ്ടാനുഭവത്തിനു
എഴുന്നെള്ളി അന്യായക്കാരിൽനിന്നു
അടിയും തുപ്പലും കൈക്കൊണ്ടു എന്നു
സൎവ്വവല്ലഭനായ കൎത്താവെ! നിൻെറ
ജനമാകുന്ന ഞങ്ങൾ ഉന്നതമായ ശ
ബ്ദത്താൽ അട്ടഹാസിച്ചു ഞങ്ങൾ എ
ല്ലാവരുടേയും വായാൽ സ്തുതി നിനു
ക്കു കരേറുന്നു. ദൈവമെ! നിനക്കു
സ്തുതി. ദൈവമെ! നിനക്കു സ്തുതി
സകലത്തിൻെറയും ഉടയവനെ! നീ

വാഴ്ത്തപ്പെട്ടവനാകുന്നു. കര്ത്താവെ! ശ
മ്പളിക്കാത്ത വര്ഗ്ഗങ്ങളം അത്ഭുതസിച്ച
നിന്നെ സ്തുതിപ്പാൻ നീ തിരുമനസ്സാ
യതിനാൽ നിനക്ക സ്തുതി. ഉയരങ്ങ
ളുടെ ഉടയവനെ നീ തിരുമനസ്സായ്ത്ത
കൊണ്ട ഭൂമിക്കടുത്തവർ നിന്നെ ശി
ക്ഷയ്ക്കു വിധിച്ചു. ഉയരത്തേയും അ
ഗാധത്തെയും നീ വഹിച്ചിരിക്കുമ്പോ
ഠം സ്ലീപ്പായുടെ മരത്തെ ചുമപ്പാൻ
നിനക്ക തിരുമനസ്സായതിനാൽ നിന
ക്ക സ്തുതി. ഭൂമിയുടെഅതൃത്തികളെ
നീ പിടിച്ചിരിക്കുമ്പോഠം കബറിടം
നിന്നെ വഹിപ്പാൻനിനക്ക തിരുമന
സ്സായതിനാൽ നിനക്കസ്തുതി. നി
ന്റെ സ്ലീബായാൽ നീ രക്ഷിച്ച എ
ന്നനിന്റെ സൃഷ്ടികളാൽനിനക്കസ്തു
തി നിന്റെ പ്രകാശം അവർക്ക ഉ
ഷച്ചു എന്നതുകൊണ്ട പാതാളത്തിൽ
കിടക്കു നമരിച്ചവരും നിന്നെസ്തുതി

ച്ചു ആയിരങ്ങളുടെ ആയിരങ്ങളും പ
തിനായിരങ്ങളുടെ പതിനായിരങ്ങളും
സ്തുതിമേൽ സ്തുതിനിനക്കും നിന്നെ
അയച്ചപിതാവിന്നും ശുദ്ധമുള്ളനി
ന്റെറൂഹായ്ക്കും കരേറവും. ഞങ്ങളുടെ
കത്താവെ! നിനക്കുസ്തുതിയും സ്തോ
ത്രവുംആദിമുതൽഎന്നേക്കുംആമ്മീൻ
ഒരുകൌമായും വിശ്വാസപ്രമാണവും ചൊല്ലണം

—:*:—

താഴെ ചേത്തിരിക്കുന്ന മൂന്നു അപേക്ഷകൾ
പെസഹാ, ദുഃഖവെള്ളിയാഴ്ച, ദുഃഖശനിയാഴ്ച
ഈ ദിവസങ്ങളിൽ കാലത്തും ഉച്ചക്കും സന്ധ്യക്കു
മുള്ള നമസ്കാരങ്ങളുടെ അവസാനത്തിൽ ചൊ
ല്ലണം.

പെസഹാദിവസത്തെ അപേക്ഷ.

—:*:—

മനുഷ്യരെ സ്നേഹിക്കുന്നവനായ ക
ത്താവെ! നിന്റെ കരുണയോടുഞങ്ങ
ൾ അപേക്ഷിക്കുന്നു. നീ ഞങ്ങൾക്ക
ഭരമേല്പിച്ചിട്ടുള്ളവയെ ഞങ്ങളിൽ പൂ

ത്താക്കേണമെ- ശുദ്ധമുള്ള നിന്റെ
റൂഹായുടെ വാസിപ്പാൽ ഞങ്ങളുടെ
ആത്മാക്കളെ ശക്തിപ്പെടുത്തേണമെ.
നിന്നോടും തമ്മിൽ തമ്മിലും വേണ്ടു
ന്നതായ കളങ്കമില്ലാത്ത സ്നേഹത്താൽ
ഞങ്ങളുടെഹൃദയത്തെ നിറച്ച് ശുദ്ധ
മുള്ള നിന്റെ പെസഹായുടെ ഘോ
ഷത്താൽ ഞങ്ങളുടെ ദുഃഖത്തെ സ
ന്തോഷിപ്പിക്കേണമെ. രക്ഷയുടെ ഈ
പെരുനാളിനെ തിന്മയുടെയുംകയ്പി
ന്റെയുംപഴയപുളിപ്പില്ലായ്മയാൽ അ
ല്ല നിനക്കു ഇഷ്ടവും വെടിപ്പും ശുദ്ധ
വുമുള്ള പുളിച്ചമാവിനാൽ പെരുനാ
ൾ ഘോഷിപ്പാനും മേലിന്നടുത്തെവ
രായ പെരുനാൾഘോഷിക്കുന്നവരോ
ടും അഗ്നിപുരുഷാരങ്ങളോടും പരിശു
ദ്ധന്മാരുടെ ആത്മാക്കളോടുംകൂടെസ
ന്തോഷിച്ചാനന്ദിപ്പാനും നിനക്കുയോ
ഗ്യമാകുന്നപ്രകാരം സ്തുതിപ്പാനും മഹാ

തുമുള്ളരണ്ടാമത്തെ നിന്റെ വരവിൽ അഴിയപ്പെടാത്തപെരുനാളിൽനിന്റെ ഇഷ്ടം പൂണ്ണമാക്കുന്നവരോടുകൂടെ പ്രകാശവും ഇടവിടാതെ സന്തോഷവും നിറഞ്ഞിരിക്കുന്ന നിന്റെമണവറയ്ക്കു പ്രവേശിപ്പാനുംനിന്നെയുംനിന്റെപിതാവിനേയും ശുദ്ധമുള്ള നിന്റെ റൂഹാദെയേയും സ്തുതിപ്പാനും ഞങ്ങളേയും വിശ്വാസികളായ ഞങ്ങളുടെ മരിച്ചവരെയും നീ യോഗ്യന്മാരാക്കേണമെ ആമ്മീൻ.

ദുഃഖവെള്ളിയാഴ്ചയുടെ അപേക്ഷ

ദൈവമേ! നിന്റെകല്പനയാൽവെള്ളിയാഴ്ചയാകുന്ന ഈ ആറാം ദിവസത്തിൽ ആദാമ്മിനെനീ സൃഷ്ടിച്ചു. അവനിൽ നിന്റെ സ്വരൂപം നീ വെച്ചു അവനു നേരങ്ങൾക്കും കാലങ്ങൾക്കുമായിട്ടു വെളിച്ചങ്ങളേയും നീ ക്രമപ്പെടുത്തി. ഇമ്പങ്ങളുടെ പറുദൈസാ

യും സകല നന്മകളും അവനെ നീ
വിശ്വാസമായിഏല്പിച്ചു അവൻസ്ത്രീ
യുടെ ആലോചനകൾ ചേൎന്നു, നിന്റെ
ദൈവീകകല്പനയെ ലംഘിച്ചപ്പോൾ
വെള്ളിയാഴ്ചയുടെ ഈ ദിവസത്തിൽ
തന്നെ അവനെ പറുദൈസായിൽനി
ന്നു ആട്ടിക്കളഞ്ഞു. അവിടെയും നി
ന്റെ കൃപയും അനുഗ്രഹവും അവ
ന്റെ മേൽ ഉണ്ടായി. അവന്റെ ബ
ലഹീനതയിന്മേൽ നിന്റെ മനസ്സ
ലിഞ്ഞു വെള്ളിയാഴ്ചയാകുന്ന ഈ ദി
വസത്തിൽ കഷ്ടാനുഭവത്തിനും സ്ലീ
ബായ്ക്കും മരണത്തിനും നീ എഴുന്നെ
ള്ളി. വെള്ളിയാഴ്ചയാകുന്ന ഈ ദിവ
സത്തിൽ ഹന്നാന്റെയും കയ്യാപ്പായു
ടെയും കൂട്ടം നിന്നെ തൂക്കുകാ തൂക്കുകാ
തൂക്കുകാ എന്നട്ടഹാസിച്ചു. അന്യായ
ക്കാരായ ന്യായാധിപതിമാർ സകല
ത്തിന്റെയും ഉടയവനാകുന്ന നിന്നെ

വെള്ളിയാഴ്ചയുടെ ഈ ദിവസത്തിൽ ശിക്ഷയ്ക്കു വിധിച്ചു. വെള്ളിയാഴ്ചയുടെ ഈ ദിവസത്തിൽ മരത്തിന്റെ മുകളിൽവെച്ചു വലത്തുഭാഗത്തുള്ള കള്ളൻ നിന്നെ കണ്ടപ്പോൾ സ്രഷ്ടാവായ ദൈവം നീ എന്നു നിന്നിൽ അവൻ വിശ്വസിച്ചു. എദന്റെ തോട്ടത്തിൽ വെച്ചു കററമേല്ക്കപ്പെട്ട ഞങ്ങളുടെ വർഗ്ഗത്തിന്നു വെള്ളിയാഴ്ചയുടെ ഈ ദിവസത്തിൽ നീ ജയം നല്കി. വെള്ളിയാഴ്ചയുടെ ഈ ദിവസത്തിൽ നീതിയുടെ പ്രധാനസൂൎയ്യനാകുന്ന നിന്നെ സ്ലീവായിൽ വെച്ചു സൂൎയ്യൻ കണ്ടപ്പോൾ അവൻ ഇരുണ്ടുപോയി. വെള്ളിയാഴ്ചയുടെ ഈ ദിവസത്തിൽ ഗാഗുൽത്തായിൽ നിന്നെ കണ്ടതിനാൽ പൎവ്വതങ്ങൾ വിറച്ചു, ഭൂമിഇളകി അവസാനമില്ലാത്ത അനുഗ്രഹങ്ങളുടെ സമുദ്രമാകുന്ന നിനക്കു വെള്ളിയാ

ഴ്ച്ചയുടെ ഈ ദിവസത്തിൽ കാടിയും കയ്പും അവർ തന്നു. വെള്ളിയാഴ്ച്ചയുടെ ഈ ദിവസത്തിൽവലിയരഹസ്യം അടങ്ങിയിരിക്കുന്നതായ ന്യായത്തീൎപ്പിന്റെ എഴുത്തും പീലാത്തോസ് ചമച്ചു. വെള്ളിയാഴ്ച്ചയുടെ ഈ ദിവസത്തിൽ സ്ലീബായാകുന്ന കഷ്ടതയുടെ നീ എഴുന്നെള്ളിച്ചീവൻ നല്കുന്ന നിന്റെ കഷ്ടാനുഭവത്താൽ ഞങ്ങളുടെ കഷ്ടതയെ നീ മായിച്ചു കളഞ്ഞു ആകാശത്തെ വിരിച്ചവനായ നീ വെള്ളിയാഴ്ച്ചയുടെ ഈ ദിവസത്തിൽ നിന്റെ തിരുവിഷ്ടത്തോടുകൂടെ സ്ലീബായിൽ നിന്നെത്തന്നെ വിരുത്തുന്നത്തി. വെള്ളിയാഴ്ച്ചയുടെ ഈ ദിവസത്തിൽ മരത്തിന്മേൽ തൂക്കപ്പെട്ടിരിക്കുന്നവനായ നിന്നിൽ സൂക്ഷിക്കുമ്പോൾ തീയ്യുടെത്തവരും അരൂപികളുടെത്തവരും വിസ്മയിച്ചു. വെള്ളിയാഴ്ച്ചയുടെ ഈ ദിവസത്തി

ൽ സാത്താനും അവന്റെ സൈന്യ
ങ്ങളും അഗ്നിയുടെ മുമ്പാകെ മെഴുകു
പോലെ ഉരുകിപ്പോയി. വെള്ളിയാ
ഴ്ചയുടെ ഈ ദിവസത്തിൽ ആകാശ
ത്തട്ടിൽ സൂർയ്യൻ അസ്തമിച്ചു ഭൂമിയുടെ
മദ്ധ്യത്തിൽവെച്ചു രക്ഷയുണ്ടായി. വെ
ള്ളിയാഴ്ചയുടെ ഈ ദിവസത്തിൽ ഞ
ങ്ങളുടെ വർഗ്ഗത്തിന്നു മരണത്തിൽ
നിന്നും സാത്താനിൽനിന്നും രക്ഷയു
ണ്ടായി. വെള്ളിയാഴ്ചയുടെ ഈ ദി
വസത്തിൽ ജീവനുള്ള സ്ലീബാ വിസ്മ
യിക്കപ്പെട്ടവയും ദൈവീകവുമായ ര
ഹസ്യങ്ങൾ നിറയപ്പെട്ട സ്ലീപ്പൂസാ
യിൽ പാപത്തെ തറച്ചു വെള്ളിയാ
ഴ്ചയുടെ ഈ ദിവസത്തിൽ ശവക്കല്ലറ
കളും പാറകളും പൊളിയപ്പെട്ടു. നി
ന്റെ ശബ്ദത്താൽ മരിച്ചവരും ഉയ
ൎത്തെഴുന്നേററു. വിശ്വാസത്താൽ കൈ
ക്കൊള്ളുന്നവൎക്കു ജീവസ്സുകളുടെ കാ

സായാകുന്ന രക്തവും വെള്ളവും നി
ൻെറ വിലാവിൽനിന്നു പുറപ്പെട്ടു. വി
ശ്വസിക്കുന്നവരായവൎക്കു വെള്ളിയാ
ഴ്ചയുടെ ഈ ദിവസത്തിൽ പൂൎണ്ണമായ
വീണ്ടെടുപ്പുണ്ടായി. കണ്ടാലും കൎത്താ
വെ! നിന്റെ മരണത്തിൻെറയും ഉ
യിൎപ്പിൻെറയും രഹസ്യത്തിൽ ഞങ്ങൾ
വിശ്വസിച്ചു അവസാനമില്ലാത്ത മ
ഹത്വം വെള്ളിയാഴ്ചയുടെ ഈ ദിവ
സത്തിൽ നിനക്കു അണച്ചുകൊണ്ടു
ഞങ്ങൾ ചൊല്ലുന്നു. ഞങ്ങളുടെ രക്ഷ
യുടെ രഹസ്യത്തിൽ മഹാതാഴാഴ്മക്കു
മനുഷ്യപ്രകാരം താഴ്ത്തപ്പെട്ട മിശിഹാ
നിനക്കു സ്തുതി. ജയത്തിൻെറ മഹ
ത്വത്താൽ നീ ഉയൎത്തപ്പെട്ട ഏദനിൽ
വെച്ചു തോൽവി ഭവിച്ചു ഞങ്ങളുടെ വ
ൎഗ്ഗത്തെ ഉയൎത്തിയതിനാൽ നിനക്കു
സ്തുതി. നിൻെറ കഷ്ടാനുഭവത്താൽ
ഞങ്ങൾ രക്ഷിക്കപ്പെട്ടിരിക്കയാൽ നി

നക്കുസ്തുതി. ഭയവും മഹത്വവും നിറ
ഞ്ഞുള്ളവനാകയാൽ നിനക്കുസ്തുതി. ആ
യിരുന്നവനും ആകുന്നവനും സ്വഭാവ
ത്തിൽ കഷ്ടതയില്ലാത്തവനുമായ നീ മ
നുഷ്യപ്രകാരം ഞങ്ങൾക്കുവേണ്ടി കഷ്ട
മനുഭവിച്ചതിനാൽ നിനക്കു സ്തുതി.
സകല വാകളാലും നിനക്കുസ്തുതി. സ
കലനാവുകളാലും നിനക്കുസ്തുതി. സ
ദാനേരത്തിലും നിനക്കുസ്തുതി. സകല
ത്തെക്കുറിച്ചും നിനക്കുസ്തുതി സംക്ഷേ
പിക്കപ്പെടുവാൻ വഹിയാത്തവനായു
ള്ളോവെ നിനക്കുസ്തുതി. അറുതിവെയ്ക്ക
പ്പെടുവാൻ വഹിയാത്തവനായുള്ളോ
വെ നിനക്കുസ്തുതി. ആയിരങ്ങളുടെ ആ
യിരങ്ങളിൽനിന്നും നിനക്കുസ്തുതി പതി
നായിരങ്ങളുടെ പതിനായിരങ്ങളിൽ
നിന്നും നിനക്കു സ്തുതി. സ്തുതിയും സ്തോ
ത്രവും നിനക്കും നിന്റെ പിതാവി
നും ശുദ്ധമുള്ള നിന്റെ റൂഹായ്ക്കും എ

## ഏന്നാകളം ഞങ്ങൾ കരേററുന്നആത്മമീൻ

### ദുഃഖശനിയാഴ്ചയുടെ അപേക്ഷ

നിന്റെമരണത്തിന്റെ ധൂമംകൊണ്ടു മരിച്ചവരെ ജീവിപ്പിച്ചു, നിന്റെ കബറടക്കത്താൽ കബറടങ്ങപ്പെട്ടവരെ ഉയൎപ്പിച്ചു, മരണത്തിന്റെ ശക്തിയെ അഴിച്ചു, രക്ഷപെട്ടവൎക്കതു ഉറക്കമാക്കിത്തീൎത്ത എന്നജീവനുള്ള കൎത്താവെ! നീ വാഴ്ത്തപ്പെട്ടവനാകുന്നു. എന്റെ കൎത്താവെ ഇപ്പോൾ ഞങ്ങളുടെ ബോധങ്ങളിൽനിന്നുള്ള സൌരഭ്യമാകുന്ന പ്രാൎത്ഥനമൂലം പാപത്തിന്റെസകലഇളക്കങ്ങളേയുംനീ മായിച്ചുകളഞ്ഞു നീതിയുടെ കുററമില്ലാത്ത ജീവസ്സുകളെ ഞങ്ങളുടെ സന്ധുക്കളിൽ നീ പുതുതാക്കേണമെ. നല്ല ക്രിയകളുടെ രസമുള്ള പരിമണം ഞങ്ങളുടെ ബോധങ്ങളിൽ മണക്കമാ ാക്കി

ഭാഗ്യസ്ഥലത്തു വിശ്വാസികളായ മ
രിച്ചവരെ അനുക്രൂലമാക്കെണമെ.
ദൈവമായ കൎത്താവെ!നിന്റെ കൃപ
യാൽ കടങ്ങളുടെയും പാപങ്ങളുടെ
യും മോചനത്തിന്നുവേണ്ടിയുള്ള നി
ന്റെ നോമ്പും രക്ഷയ്ക്കുള്ള കഷ്ടാനുഭ
വവും തികവാകുന്ന ഈ ദിവസത്തിൽ
അകൃത്യങ്ങളുടെ പൊറുതിയ്ക്കു ഞങ്ങ
ളെ യോഗ്യന്മാരാക്കേണമെ. വെടിപ്പു
ള്ള ഹൃദയത്താൽ തമ്മിൽതമ്മിൽ ക്ഷ
മയാചിപ്പാനും നിന്റെ ഏവൻഗേ
ലിയോൻമൂലം നീ പഠിപ്പിച്ചിരിക്കുന്ന
തുപോലെ തമ്മിൽതമ്മിൽ ഞങ്ങൾ
അകൃത്യങ്ങളെ ക്ഷമിച്ചുംകൊണ്ടു ശു
ദ്ധമുള്ള നിന്റെ രഹസ്യങ്ങളിൽവെ
ടിപ്പായി സംബന്ധിപ്പാനും ഞങ്ങളെ
നീ യോഗ്യന്മാരാക്കേണമെ നിനക്കും
നിന്റെ പിതാവിന്നും ശുദ്ധമുള്ള നി
ന്റെ റൂഹായ്ക്കുംസ്തുതി ആദിമുതൽ എ

## നന്നേക്കും ആമ്മീൻ

കഷ്ടാനുഭവാഴ്ചയിലെ കൌമാകളുടെക്രമം:
ഓശാന ഞായറാഴ്ച സന്ധ്യമുതൽ
ചൊവ്വാഴ്ച സന്ധ്യവരെയുള്ള കൌമാ
മുൻ വന്നവ—ാം പുറത്തുനോക്കുക.

———

ചൊവ്വാഴ്ച സന്ധ്യമുതൽ ബുധനാഴ്ച
സന്ധ്യവരെയുള്ള കൌമ

ബ്രിക്മൂക്കോക് ദ്ഹലോഫയിൻ മിശിഹോ ആമ്മോദെസ വാവു അട് അൽകെത്തിലേക്ബ്ദിനോക് നെസ്സഹായബ് ഉ ആമ്മേദൌദിയുബോക് വബഹാശായ്ക്കു നെലൂൻല് മൽകനേക്.

അത്ഥം:—ഞങ്ങൾക്കു വേണ്ടിയുള്ള നിന്റെ കഷ്ടാനുഭവം വാഴ്ത്തപ്പെട്ടതാകുന്നു. മിശിഹാ നിന്നെ കൊല്ലുവാനായി വന്നുകൂടിയ ജനം നിൻെറന്യായവിസ്തരത്തിൽ കുററമേല്ക്കപ്പെട്ടു. കത്താവെ! നിന്നിലും നിൻെറ കഷ്ടാനു

ഭവത്തിലും ഏററവു പറഞ്ഞിട്ടുള്ള പുറ
ജാതികൾ നിന്റെ മോക്ഷത്തിൽ പ്ര
വേശിക്കുമാറാകേണമെ.

ഇതു ചൊല്ലി കമ്പിട്ടശേഷം

ലോക്മോർതെശ്ബുഹത്തോ ഇത്യാദി

അത്ഥം:—എന്റെകത്താവേ നിന്ന
ക്കുസ്തുതി നിന്റെ പിതാവിന്നു ബഹു
മാവും ഇത്യാദി വന്നപ്പോ—൦ പുറത്തു
ള്ളതു ചൊല്ലണം ഇതു എല്ലാ കൌമാ
കളുടെയുംകൂടെ ചൊല്ലേണ്ടതാകുന്നു.

ബുധനാഴ്ച സന്ധ്യമുതൽ

ചൊല്ലേണ്ട കൌമ.

ബ്രിക്മൂക്കോക്ദഹലോഹയിൻ മ്
ശിഹൊ ദബ് പെസഹൊ സ്രോയിലേ
മ്മറുപെസഹോബ് പെസഹോക്അ
ബ് സഹലാൻഎസ്രാഹാം അലൈൻ
അത്ഥം:—ഞങ്ങൾക്കുവേണ്ടി ഉണ്ടാ
യ നിന്റെ കഷ്ടാനുഭവം വാഴ്ത്തപ്പെട്ട

താകുന്നു.നിന്റെ പെസഹായാൽപെ
സഹായുടെ കുഞ്ഞാടിനെ അഴിച്ചഎ
ന്ന മ്ശിഹാ നിന്റെ പെസഹായാ
ൽ ഞങ്ങളെ നീ സന്തോഷിപ്പിച്ചു ഞ
ങ്ങളുടെമേൽഅനുഗ്രഹം ചെയ്യുന്നമെ.

വെള്ളിയാഴ്ച്ച കാലത്തെ നമസ്കാരത്തിൽ
ഹല്ലെലൊയ്യായ്ക്കു മുമ്പുള്ള കൌമായ്ക്കു
ചൊല്ലേണ്ടതു.

ശെമഓൻദക്ക്ഫർ ബൊക്ക്ഹാസീ
ത്തിലെ ഹൌബൌ ദേനൊദ്തെഫ
സസ്സ്ബോക്ക് എബ്രാഹാം അലൈൻ

അൎത്ഥം:—വിന്നെഉപേക്ഷിച്ചശി
മഓന്റെ കുററങ്ങൾ ക്ഷമിച്ചു എന്ന
മ്ശിഹാതമ്പുരാനെ!നിന്നിൽ ഞാൻ
സങ്കേതപ്പെട്ട എന്റെ മേൽ അനുഗ്ര
ഹം ചെയ്യെന്നമെ.

വെള്ളിയാഴ്ച്ച കാലത്തു ൩-ാം മസ്സു
മൂറിനു മുമ്പ ചൊല്ലേണ്ടതു

മ്ശിഹോ ദെശ്ത്തൊ അൽബദാനോമെൻ അബ്ബൈ ഹ്ലെ:ൻബിയും ദിനോക് എഗ്ലാഹാം അലൈൻ

അത്ഥം:—നിന്റെ അടിയാനാൽ ന്യായം വിസ്തരിക്കപ്പെട്ട മിശിഹാതമ്പുരാനെ! നീ ന്യായം വിസ്തരിക്കുന്ന ദിവസത്തിൽ ഞങ്ങളോടു കരുണചെയ്തു ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യണമെ.

വെള്ളിയാഴ്ച ഉച്ചയ്ക്ക ചോല്ലേണ്ടതു

മ്ശിഹോദ്ബദീനെസ്സ്രോയിലെശ സൊർദീനൊല്ലദിനോ ലോ:ത്താൻ ഉഹൌബൈൻ ലൊതസദഖർ.

അത്ഥം:—തന്റെ ന്യായവിസ്താരത്താൽ ഞങ്ങളുടെ ന്യായവിസ്താരത്തിന്റെ കറിനതയെ അഴിച്ചു എന്ന മിശിഹാതമ്പുരാനെ നിന്റെ ന്യായവിസ്താരത്തിൽ ഞങ്ങളെ പ്രവേശിപ്പിക്കയും ഞങ്ങളുടെ കററങ്ങളും ഞങ്ങളോ

ട്ടഓക്ക്യും അരുതേ.

ഇരുപത്തിരണ്ടരക്ക ചൊല്ലേണ്ടതു.

ബെദമൂനഗാ യാദേസോ കൽശൊ വഎ സുദകറൈ മിശിഹാ ആലോഹൊ എന്ത്രാഫാ അരൈലെൻ.

അത്ഥം:—ഞങ്ങൾക്കുള്ള മിശിഹാ തമ്പുരാനെ! കള്ളന്റെ സാദൃശത്തിൽ എല്ലാ സമയവും ഞങ്ങളെ നീ ഓത്തു ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യേണമെ.

കുരിശു കുമ്പിടുമ്പോൾ ചൊല്ലേണ്ടതു.

സൊഗദീനാൻ ലസ്ലീബൊദബെ (ഹ) വൊ പുറുക്കാനൊല്ലനഫശോൻ ഉ ആംഗായൊസൊ ഒമ്മറീനാൻ മിശിഹൊ എസുദാകറൈൻ മൊദോസെ ആത്ത്.

അത്ഥം:—ഞങ്ങളുടെ ആത്മത്തിന്ന അതിനാലെ രക്ഷയുണ്ടായി എന്ന സ്ലീബായേ ഞങ്ങൾ കുമ്പിടുന്നു. മിശി

ഹാതമ്പുരാനെ! നീ വരുമ്പോൾ ഞ
ങ്ങളെയും ഓൎക്കേണമെന്നു കള്ളനോടു
കൂടെ ഞങ്ങളും ചൊല്ലുന്നു.

സന്ധ്യക്ക ചൊല്ലേണ്ടതു.

മിശിഹൊദബമൌത്ത ആഹീല്ലമി
സൂസാൻ നാഹെംല്ലആന്നീദൈൻ ഏ
സ്രാഹാം അലൈൻ.

അൎത്ഥം:—നിന്റെ മരണത്താലെ
ഞങ്ങളുടെ മരണത്തെ ജീവിപ്പിച്ചഏ
ന്ന മിശിഹാതമ്പുരാനെ ഞങ്ങളുടെ മ
രിച്ചവരെ നീ അനുകൂലമാക്കി ഞങ്ങ
ളുടെ മേൽ അനുഗ്രഹം ചെയ്യേണമെ.

ഏ. ആർ. പി. പ്രസ്സ്
കുന്നംകുളം
1930

# കുർബാനക്രമം

ആരംഭം.

യാതൊരുത്തനാം

[പള്ളിയകത്തു പ്രവേശിക്കുമ്പോൾ കുരിശു വരച്ചുകൊണ്ടു]

ബഹുമതിപൂർവ്വം ഞാൻ നിന്റെ ഭവനത്തിലേക്കു വന്നു എന്റെ നേർച്ചകളെ നിനക്കു കഴിക്കും.

പട്ടക്കാരനോ ശുശ്രൂഷക്കാരനോ [പള്ളിയകത്തേക്കുള്ള ചെരിപ്പു ഇടത്തു കാലിന്മേൽ ഇടുമ്പോൾ]

ദൈവമായ കർത്താവേ! സർപ്പങ്ങളേയും തേളുകളേയും ശത്രുവിന്റെ സകല സൈന്യങ്ങളേയും എന്നേക്കും

ഞാൻ ചവിട്ടുവാൻ തക്കവണ്ണം സമാധാനത്തിൻ സുവിശേഷത്തിന്റെ ഒരുക്കംകൊണ്ടു എന്നെ ചെരുപ്പിടുവിക്കേണമേ, ആമ്മീൻ.

[വലത്തുകാലിന്മേൽ ഇടുമ്പോൾ]

ദൈവമായ കത്താവേ! നിന്റെ അറിവിനു എതിരായി ഉണ്ടാകുന്ന എല്ലാ ഉന്നതഭാവത്തേയും എന്റെ പാദപീഠത്തിൻകീഴിൽ താഴ്ത്തണമേ. നിന്നിൽ നിന്നുള്ള സഹായങ്ങളാൽ ജഡവികാരങ്ങളെ എന്നേക്കും ഞാൻ ചവിട്ടുമാറാകണമേ, ആമ്മീൻ.

[സാധാരണ വസ്ത്രം മാറുമ്പോൾ]

ദൈവമായ കത്താവേ! എന്റെ ദുഷ്പ്രവൃത്തികളുടെ അശുദ്ധിയാൽ സാത്താൻ എന്നെ ധരിപ്പിച്ച അശുദ്ധവസ്ത്രങ്ങളെ എന്നിൽനിന്നു നീക്കിക്കളഞ്ഞു എന്നേക്കും നിന്റെ മാന്യതയുടെ ശുശ്രൂഷയ്ക്കും നിന്റെ വിശുദ്ധതി

ന്നാമത്തിന്റെ മഹത്വത്തിനും ചേ
ച്ചയുള്ള വിശുദ്ധവസ്ത്രങ്ങൾ എന്നെ
ധരിപ്പിക്കേണമേ, ആമ്മീൻ.

[ശുശ്രൂഷക്കുപ്പായം ധരിക്കുമ്പോൾ]

ദൈവമായ കൎത്താവേ! വിശുദ്ധ റൂഹായുടെ ശക്തിയാൽ നാശമില്ലാത്ത അങ്കി എന്നെ ധരിപ്പിക്കേണമേ. പിതാവും പുത്രനും വിശുദ്ധ റൂഹായുമായുള്ളോവേ! ഞങ്ങളുടെ ആയുഷ്കാലം മുഴുവനും സത്യവിശ്വാസത്താൽ വെടിപ്പും ചൊവ്വുമുള്ള ക്രിയകളോടുകൂടി ഞങ്ങളെ നടത്തിക്കേണമേ, ആമ്മീൻ.

[ഉറാറാ ധരിക്കുമ്പോൾ]

യുദ്ധത്തിൻ ശക്തികൊണ്ടു നീ എന്നെ അരകെട്ടിക്കയും എനിക്കു വിരോധമായി നില്ക്കുന്നവരെ എന്റെ കീഴിൽ മുട്ടമടക്കിക്കയും ചെയ്യണമേ.

പട്ടക്കാരൻ

[ശുബ്ക്കാനായിക്കായി പടിഞ്ഞാറോട്ടു തിരിഞ്ഞു കൈ മലൎത്തിക്കൊണ്ടു]

പൊതുവായി സഭയ്ക്കു മുഴുവനും വേണ്ടി ഇത്യാദി.

എല്ലാവരും

കൎത്താവു അവിടത്തെ പ്രാൎത്ഥനകൾ കേട്ടു പൂജയിൽ പ്രീതിപ്പെടുകയും കാഴ്ചയെ കൈക്കൊണ്ടു അവിടുത്തോടുകൂടെ ഞങ്ങളെ സംബന്ധിപ്പിക്കയും ചെയ്യുമാറാകട്ടെ.

പട്ടക്കാരൻ

ദൈവത്തിന്റെ ബലിപീഠത്തിലേക്കും ഇത്യാദി.

(ത്രോണോസിന്റെ മുമ്പിൽ ചെന്നു നിന്നുകൊണ്ടു)

ദൈവമേ! നിന്റെ ഭവനത്തിലേക്കു ഞാൻ പ്രവേശിച്ചു. സ്വൎഗ്ഗസ്ഥനായ രാജാവേ! നിന്റെ സിംഹാസന

ത്തിൻമുൻപാകെ ഞാൻ വന്ദിച്ചു. നി
നക്കു വിരോധമായി ഞാൻ ചെയ്തിട്ടു
ള്ള സകല പാപങ്ങളേയും എന്നോടു
നീ ക്ഷമിക്കണമേ.

(ത്രോണോസ് മുത്തുമ്പോൾ)

കർത്താവെ! നിന്റെ ബലിപീഠത്തി
ന്റെ കോണുകൾവരെ ചങ്ങലകളാ
ൽ ഞങ്ങളുടെ പെരുനാളുകളെ ബന്ധി
ക്കണമേ. നീ എന്റെ ദൈവമാകുന്നു;
നിനക്കു ഞാൻ സ്തോത്രം ചെയ്യും. നീ
എന്റെ ദൈവമാകുന്നു; നിനക്കു ഞാ
ൻ സ്തുതി പാടും.

(വടക്കുവശത്തെ മെഴുകു
തിരി കത്തിക്കുമ്പോൾ)

[ബ് നഹറോക് ഹോസേനൻ
എന്ന മട്ടിൽ]

വെളിവു നിറഞ്ഞോരീശോ!നിൻ
വെളിവാൽ-കാണുന്നു
വെളിവിയടിയാരഖിലാധാ-

രമതാം-വെളിവും നീ.
കാന്ത്യാ ഞങ്ങളെ നീ-താ-തൻ-
കതിരേ! ശോഭിപ്പി-ക്കെ-ന്നും.
(തെക്കെവശത്തെ മെഴുക
തിരി കത്തിക്കുമ്പോൾ)
വെളിവിൻതട്ടിൽ വസിക്കും പു-
ണ്യനിധേ!-പരിശുദ്ധാ!
വേണ്ടാക്കഷ്ടത-വിൺചിന്തയു-
മടിയാ-രിന്നൊഴിക്ക
സൽക്രിയകൾക്കു മനഃ-ശ്രു-ദ്ധ്യാ
സംഗതിവരണേ ഞ-ങ്ങൾക്കു.
(പതിവിൻപ്രകാരമുള്ള പ്രാൎത്ഥന
യുടെ അവസാനത്തിൽ പഴയനി
യമം വായിക്കാൻ തുടങ്ങുമ്പോൾ)
എല്ലാവരും
നീതിമാന്മാരുടെ കൂടാരത്തിൽ മഹ
ത്വത്തിന്റേയും രക്ഷയുടേയും ശബ്ദം
എന്നു ദാവീദു മുഖാന്തരം പരിശുദ്ധ.
റൂഹാ പാടി.

വായനക്കാരൻ
(മദ്ബഹായ്ക്കു താഴെ വട
ക്കുവശത്തു നിന്നുകൊണ്ടു)
ഓറേത്തായുടെ ഒന്നാം പുസ്തകത്തി
ൽനിന്നു, ബാറെക്മോർ.

എല്ലാവരും
സൃഷ്ടികളുടെ ഉടയവനു സ്തുതി. ന
മ്മുടെ മേൽ തന്റെ അനുഗ്രഹങ്ങൾ
എന്നേക്കും ഉണ്ടായിരിക്കട്ടെ.

ശുശ്രൂഷക്കാരൻ(വായിച്ചുകഴിഞ്ഞി
ട്ടു) ബാറെക്മോർ

എല്ലാവരും
(കുർബ്ബാനയ്ക്കായി തിരശ്ശീല നീ
ക്കുന്നതിനു മുമ്പിൽ ചൊ
ല്ലാവുന്ന ഒരു കീർത്തനം.)
[ബ്നഹറോക് ഹോസേനാൻ
എന്ന മട്ടിൽ]
കർത്താവേ! പ്രാർത്ഥന കേട്ടരുൾക ഹാ
ലേ—ലൂയാ * കൈക്കൊള്ളണമഹറോ

നണാച്ചതുപോലെ—ധൂപമിതും * ക
ണ്ടടിയാർ ശുശ്രൂഷയെ നിന്നവയരി
ൻ—യാചനപോൽ

കടലതിൽ യൌനാനെ—ന്നപോ-
ലെ—കനിയുക ദാസന്മാ-രിലെന്നും
കർത്താവേ! നിലവിളി-കേട്ടരുൾ ഹാ
ലേ-ലൂയാ * തിരുകതിരുനാമത്തി
ന സുഖ-കരമാ-യീധൂപം * ദുഃഖ
രളിന്നലിവിന്നനുകൂല- മതാം- മൂലവൃ
മായ് *

നിറപ്പാകണമേ ദൈവമേ!- നിൻ
നിരുപമകൃപയാൽ ഞ-ങ്ങളേ:-ടെ-
വ്വന്നും സ്തുതി നിൻകനിവിനുകനി
വേറും-രക്ഷകനേ! * വ്വത്ര നിറഞ്ഞി
ന്നങ്ങും കാണുന്നു:-നിൻ ദാനം! *
നിന്നവയരോട്ടണ്ടാ- യ കോ- പം
നിലവിളിയാൽ-നീ നീ-ക്കിയല്ലോ
അഹറോ:ൻറയുമാസ്സുറിയാ താന്ത
ടെയും-ധൂപമതും * മരണത്തോ: നീ

ക്കിയ ഫിനഹാസിൻ പ്രാ-ത്ഥനയും
പോൽ *
അടിയാരുടെ ധൂപ—ത്തേ—യും
അൻപുടയവനേ! കൈ-ക്കൊൾക
എരിതീ നിറുവിട്ടീറേട്ടതനിറ-ങ്ങി
ച്ചെന്ന * ഇതമൊട്ട മറിയാം ഗൃഹമ
തിൽ നസറേത്തിൽ-ചൊല്ലിയിരു *
നിന്നോടുകൂടെ കർത്താ-വി-
മന്നിടമഖിലം പാലി-പ്പോൻ-
മുൾമരമെരിയാ-തെരിതീ തൻനടു
വിൽ-കണ്ടതുപോൽ * ചിന്മയനമ്മ
റിയാമ്മിൽ വസിച്ചു ശരീ-രം പൂണ്ടു *
അതിനാൽ ഭംഗവുമാ-ക-ന്യാ-
വ്രതമുദ്രയ്ക്കുണ്ടാ-യില്ല.
ലോകം തന്നസഹോദരർ ജാതിയ
തും-തറവാട്ടും * ആകെയുപേക്ഷിച്ചു
ശുവിനായ് മരണം-സ്നേഹിച്ചു
സഹദേന്മാരെ സദാ-കാ-ലം
സ്മരണം ചെയ്യു ന-ന്നേ-റം.

തൂക്കപ്പെട്ട മരത്തിൽ-വിലാവു തു-
റ-ന്നാച്ചവളും * രക്തം വെള്ളമൊ-
ടൊഴുകും മ്ശീഹായെ-സഹദേന്മാർ
കണ്ടങ്ങോടി മരി-പ്പാ-നായ്
കർത്താവിൻപേക്കെ-ല്ലാ-രും.
വെളിവു നിറഞ്ഞോരീശോ! നിൻ-
വെളിവാൽ-കാണുന്നു * വെളിവീയ-
ടിയാരഖിലാധാരമതാം-വെളിവും നീ
കാന്ത്യാ ഞങ്ങളെ നീ-താ-തൻ-
കതിരേ! ശോഭിപ്പി-ക്ക-നും.
വെളിവിൻ തട്ടിൽ വസിക്കും പൃ-
ണ്യനിധേ!-പരിശുദ്ധാ! * വേണ്ടാക്ക-
ഷ്ടത വിൺ ചിന്തയുമടിയാ-ര്ന്നൊ-
ഴ്ക്ക
സൽക്രിയകൾക്കു മനഃ-ശു-ദ്ധ്യാ
സംഗതി വരണേ ഞ-ങ്ങ-ൾക്കു.
ഹാബെലിൻ കുഞ്ഞാടും നോഹിന്റ-
ടേ കാഴ്ചയതും * അബ്രാഹം തൻ ബ-
ലിയും കൈക്കൊണ്ടാ-കർത്താവേ!

നോമ്പും പ്രാർത്ഥനയും കൈക്കൊ
ണ്ടൻപാലടിയാരേ-ക്കാ-ക്ക.
മോചനമതിനായ് പാപികളേ!
വരുവിൻ-യാചിപ്പിൻ * മുട്ടുന്നോർക്കു
തുറന്നിടുമേ നാഥൻ-തൻ വാതിൽ
യാചിക്കുന്നോൻ പ്രാ-പി ക്കും
അന്വേഷിപ്പോൻ കൈ-ക്കൊള്ളും
കർത്താവേ! നിൻ രക്ത ശരീരങ്ങൾ
കൈക്കൊണ്ടു * ഭക്തരായിമരിപ്പോർക്ക
രുളണമേ-നല്ലോർമ്മ
നിന്റെ മഹത്വമുടി-ക്കും-നാൾ
നില്ക്കണമവർ വലഭാ-ഗ-ത്തിൽ.

* * *

# കുർബാന

(പരസ്യമായി ആരംഭിപ്പാൻ
തിരശ്ശീല നീക്കുമ്പോൾ)

പട്ടക്കാരൻ

നിന്നെ പ്രസവിച്ച ഇത്യാദി.

എല്ലാവരും

നിന്നെ പ്രസവിച്ച മാതാവിന്റെയും നിന്റെ പരിശുദ്ധന്മാർ എല്ലാവരുടെയും പ്രാർത്ഥനയാൽ—സ്വഭാവപ്രകാരം മരണമില്ലാത്തവനും തന്റെ കൃപയാൽ മനുഷ്യവർഗ്ഗം മുഴുവന്റെയും ജീവനും രക്ഷയ്ക്കും വേണ്ടി വന്ന വിശുദ്ധിയും മഹത്വവും വെടിപ്പുമുള്ള ദൈവമാതാവായ കന്യക മറിയാമിൽനിന്നു പകർച്ചകൂടാതെ മനുഷ്യനാ

യിതീരുകയും ഞങ്ങൾക്കുവേണ്ടി കുരിശിൽ തറയ്ക്കപ്പെടുകയും ചെയ്യുവാനായി സ്വൎഗ്ഗീയ പിതാവിന്റെ ഏക പുത്രനും വചനവുമായിരിക്കുന്ന രാജാവായ എന്റെ കൎത്താവേ! നിന്നെ ഞാൻ പുകഴ്ത്തും. തന്റെ മരണത്താൽ ഞങ്ങളുടെ മരണത്തെ ചവിട്ടിക്കൊന്നവനും വിശുദ്ധ ത്രിത്വത്തിൽ ഒരുവനും തന്റെ പിതാവിനോടും ജീവനുള്ള തന്റെ പരിശുദ്ധറൂഹായോടും കൂടെ ഒന്നുപോലെ വന്ദിക്കപ്പെട്ട സ്തുതിക്കപ്പെടുന്നവനുമായ ഞങ്ങളുടെ മശിഹാ തമ്പുരാനേ! ഞങ്ങൾ എല്ലാവരുടെ മേലും കരുണ ചെയ്യണമേ.

പട്ടക്കാരൻ

ദൈവമേ! നീ ശുദ്ധമുള്ളവൻ ആകുന്നു.

എല്ലാവരും

ബലവാനേ! നീ ശുദ്ധമുള്ളവൻ ആകുന്നു. മരണമില്ലാത്തവനേ! നീ ശുദ്ധ

ളള വൻ ആകുന്നു.

ഞങ്ങൾക്കുവേണ്ടി കുരിശിക്കപ്പെട്ട വനേ! ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യണമേ.

........................................

കുറിയേലായിസ്സോൻ (മൂന്നു പ്രാവശ്യം)

പട്ടക്കാരൻ: (ഒരു പ്രാൎത്ഥന)

എല്ലാവരും

(ശ്ലീഹെഗ്ബായോ എന്ന മട്ടിൽ)

ഭൂവിലശേ—ഷം
ദൈവത്താൽ പ്രേരിതരായാ
ശ്ലീഹ—ന്മാ—ർ പോയ്
ജാതികളിടയിൽ
ഭൂതലസീമയതോളം ന-
ല്ലേവൻ ഗേല്യോൻ
കൈക്കൊൾവോ—ൎക്കൊക്കെയെഴും
ഭാഗ്യമിതെ—ന്നറിയിച്ചു
സ്വൎഗ്ഗമഹാ—രാജ്യം.

വായനക്കാരൻ

(മദ്ബ്ഹായുടെ നടയിൽ വടക്കുഭാഗത്തു നിന്നുകൊണ്ടു)

പരിശുദ്ധ ശ്ലീഹന്മാരുടെ നടപ്പുകളുടെ പുസ്തകത്തിൽനിന്നു ഹാബീബായ്! ബാറെക്മോർ.

എല്ലാവരും

ശ്ലീഹന്മാരുടെ ഉടയവനു സ്തുതിയും നമ്മുടെമേൽ തന്റെ അനുഗ്രഹങ്ങളും എന്നേക്കും ഉണ്ടായിരിക്കട്ടെ.

വായനക്കാരൻ

വിശ്വസിച്ചവരായ ജനക്കൂട്ടത്തിന്നു ഏകമനസ്സും ഏകാഭിപ്രായവും ആയിരുന്നു. അവരിൽ ഒരുവനും അവനവന്റെ സമ്പാദ്യങ്ങളെക്കുറിച്ചു സ്വന്തമെന്നു പറഞ്ഞുവന്നില്ല, എന്നാലോ അവർക്കുണ്ടായിരുന്ന സകലവും പൊതുവകയായിരുന്നു. ശ്ലീഹന്മാർ യേശുമ്ശിഹായുടെ ഉയർപ്പിനേക്കുറിച്ചു വ

ലിയ ശക്തിയോടുകൂടി സാക്ഷിപ്പെടു
ത്തിക്കൊണ്ടിരുന്നു. അവരെല്ലാവരോ
ടും കൂടി വലിയ കൃപയും ഉണ്ടായിരു
ന്നു. അവരിൽ ദരിദ്രനായി ഒരുവനും
ഉണ്ടായിരുന്നില്ല, എന്തെന്നാൽ നി
ലങ്ങളും ഭവനങ്ങളും ഉണ്ടായിരുന്നവ
ർ അവയെ വിററു വില്ക്കപ്പെടുന്നതി
ന്റെ വില കൊണ്ടുവന്നു ശ്ലീഹന്മാരു
ടെ കാലുകളുടെ അടുക്കൽ വെക്കുക
യും ഓരോരുത്തനു ആവശ്യംപോലെ
കൊടുക്കപ്പെടുകയും ചെയ്തുവന്നു. എ
ന്നാൽ കുപ്രൊസുദേശത്തിൽ നിന്നുള്ള
ലേവ്യനായി ആശ്വാസത്തിന്റെ പു
ത്രൻ എന്നൎത്ഥം പറയപ്പെടുന്ന ബ
ൎന്നാബാ എന്നു ശ്ലീഹന്മാരാൽ മറുനാ
മം വിളിക്കപ്പെട്ട യോസേപ്പിനു ഒരു
നിലമുണ്ടായിരുന്നു. അവൻ അതിനെ
വിററു അതിന്റെ വില കൊണ്ടുവന്നു
ശ്ലീഹന്മാരുടെ കാലുകൾക്കു മുമ്പാകെ

വെച്ചു.

ഹാബീബായ്! ബഃറെക്മോർ

എല്ലാവരും

(പൌലോസ് ശ്ലീഹാ എന്ന മട്ടിൽ)

പൌ ലോസ് ശ്ലീഹാ-ധന്യൻചൊൽ
കട്ടേ—നിതേ—വം.
നിങ്ങളെ ഞങ്ങളറിച്ചതൊഴി-
ച്ചിങ്ങൊരുവൻ വന്നറിയിച്ചാൽ
വാനവനെങ്കിലുമദ്ദൂതൻ
താനേൽക്കും സഭയിൻ-ശാ-പം.
പലതരമുപദേശങ്ങളഹോ
പാരിൽ മുളച്ചു പരക്കുന്നു
ദൈവത്തിന്നുപദേശം തൊ-
ട്ടവസാനിപ്പിപ്പോൻ—ധ—ന്യൻ.

വായനക്കാരൻ

(മദ്ബ്ഹായുടെ നടയിൽ
തെക്കുഭാഗത്തു നിന്നുകൊണ്ടു)

പൌലോസ് ശ്ലീഹാ എഫേസിയക്കാൎക്കു എഴുതിയ ലേഖനത്തിൽ നി

ന. ആഹായ് ബാറെക്മോർ!

എല്ലാവരും

ശ്ലീഹന്മാരുടെ ഉടയവനു സ്തുതിയും നമ്മുടെ മേൽ എന്നേക്കും തന്റെ അനുഗ്രഹങ്ങളും ഉണ്ടായിരിക്കട്ടെ.

വായനക്കാരൻ ശ്ലീഹാ വായിക്കുന്നു.

പട്ടക്കാരൻ (ഒരു പ്രാൎത്ഥന)

എല്ലാവരും

ഹാലേലുയാ ഹാലേലുയാ! സ്തുതിയാകുന്ന ബലികളെ തനിക്കു നിങ്ങൾ പൂജിപ്പിൻ. വെടിപ്പുള്ള കാഴ്ചകളെ എടുത്തു കൎത്താവിന്റെ പ്രാകാരങ്ങളിലേക്കു പ്രവേശിച്ചു തന്റെ വിശുദ്ധ മദ്ബ്ഹാ മുമ്പാകെ കൎത്താവിനെ വന്ദിപ്പിൻ, ഹാലേലൂയാ.

ശുശ്രൂഷക്കാരൻ

ബാറെക്മോർ. നാം അടക്കത്തോടും ഭയത്തോടും വണക്കത്തോടും ചെവികൊടുത്തു നമ്മുടെ മുമ്പാകെ വായി

ക്കപ്പെടുന്ന നമ്മുടെ കർത്താവേശു മ്ശിഹായുടെ വിശുദ്ധ ഏവൻഗേലിയോനിലെ ദൈവത്തിന്റെ ജീവനുള്ള വചനങ്ങളുടെ അറിയിപ്പിനെ നാം കേൾക്കണം.

പട്ടക്കാരൻ

(പടിഞ്ഞാറോട്ടു തിരിഞ്ഞു വന്നു നിന്നുംകൊണ്ടു സമാധാനം കൊടുക്കുന്നു)

എല്ലാവരും

അവിടത്തെ ആത്മാവോടു കൂടെ ദൈവമായ കർത്താവു ഞങ്ങളേയും യോഗ്യന്മാരാക്കിത്തീർക്കുമാറാകട്ടെ.

പട്ടക്കാരൻ

ജീവൻ നല്കുന്ന ഇത്യാദി

എല്ലാവരും

വന്നവനും വരുവാനിരിക്കുന്നവനും ആയവൻ വാഴ്ത്തപ്പെട്ടവൻ ആകുന്നു. നമ്മുടെ രക്ഷക്കായി തന്നെ അയച്ചവനു സ്തുതികളും നാം എല്ലാവ

രുടെയും മേൽ തൻെറ അനുഗ്രഹ ങ്ങളും എന്നേക്കും ഉണ്ടായിരിക്കട്ടെ.

പട്ടക്കാരൻ

വിശുദ്ധകന്യകമറിയാമിൽ നിന്നു ഇത്യാദി

എല്ലാവരും

(അങ്ങനെ) വിശ്വസിച്ചു ഞങ്ങൾ ഏറ്റുപറയുന്നു.

പട്ടക്കാരൻ

(ഏവൻ ഗേലിയോൻ
വായിച്ചുകഴിഞ്ഞിട്ടു)

നിങ്ങൾക്കെല്ലാവക്കും സംപ്രീതി ഉണ്ടായിരിക്കട്ടെ.

എല്ലാവരും

(ക്രോലേ ആലോഹോ എന്ന മട്ടിൽ)
മൂശേ ആ—ലൂഹാ
മുള്ളുമര—ത്തിൽ നിന്നു
അങ്ങുവിളി—ച്ചരുൾ ചെയ്തു:—
കൂടാര—ത്തിന്മേലും

ക്രൂടെയതി—നുള്ളതിലും
കൈക്കൊണ്ടെ-നധികാരം
ഹാലേ—ലൂയാ ഉ-ഹാലേ—ലൂയാ
കഹന്തുസാ നടത്തുക നീ.
ക്ദൂശകളിൻ—ക്ദൂശയതിൽ
കയറുമോരാ—ക്കഹനകളെ
പാറക വിളി—ച്ചീവണ്ണം—
അഴകൊട്ടകൈ—കഴകിവെടി
പ്പാക്കവിന്നൽ—ക്കാന്യകളെ.
വൃകിയഹോ—മദ്ബെഹായിൽ
ഹാലേ—ലൂയാ-ഉ-ഹാലേലൂയാ
തീയിനല്ലോ പരിചരിപ്പൂ
തീയല്ലൊ ഇമ്മദ്ബ്ഹാ
തീ തന്നേ-പൂജയിതും
തീയിതിനെ—ചുററുന്നു.
ന്ധീയിനല്ലോ പരിചരിപ്പൂ
കഹനകളേ!-നിങ്ങളിഹ
ഇത്തീയിൻ—ജ്വാലകളിൽ
ഹാലേ—ലൂയാ-ഉ-ഹാലേ—ലൂയാ

എരിയാസ്സാൻ—സൂക്ഷിപ്പിൻ

പട്ടക്കാരൻ

ശ്രുബ് ഫോലാബോ ഉ ലൿബ്രാ വ
ല് റൂഹോക്കാദീശോ

എല്ലാവരും

മെന് ഓലം വാദാമൊല് ഓലം ഒ
ൽമീനാമ്മീൻ.

പരിശുദ്ധാ—ലയമുള്ളിൽ
സ്റ്റുറിയാ തൻ—ധൂപത്തെ
കൈക്കൊണ്ട —കർത്താവേ!
നിൻദാസ—ന്മാരെ നിന—
ച്ചിന്നടിയ-രണയ്ക്കുന്ന
ഈ ധൂപം—കൈക്കൊണ്ട
ഹാലേ—ലൂയാ-ഉ-ഹാലേലൂയാ
ഇജ്ജനത്തിൽ --നിരക്കണമേ.

ശുശ്രൂഷക്കാരൻ

സ്തൗമെൻകാലോസ്.

എല്ലാവരും.

കുറിയേലായിസ്സോൻ.

(അല്ലെങ്കിൽ "ക്രക്കോയൊ" മട്ടിൽ)
യജമാനൻ വരുമന്നേര—
ത്തുണവ്വ്—ളള്ളാരാ—യ്മൃ—
ന്തിരി തൻതോപ്പിൽ പണിയായ—
ക്കാൺമോ—രേധാ—ന്യരാം.
പകലെല്ലാം തൻ—
ക്രടെപ്പണിതോരവ—
ക്കവനര കെട്ടി—പ്പരികമ്മിച്ചീടും.
താതനിരുത്തും മേശയ്ക്കായ്
പരിക—മ്മികൾ—സുതൻ
റൂഹ്ക്കദ്ശാ പാറക്കലീത്താ
മുടയു—ന്നോരോ—മുടി
ഹാലേലൂയാ ചൂട്ടും മകുടത്തിൽ.
ശുശ്രൂഷക്കാരൻ
സ്റ്റൗമെൻകാലോസ്
എല്ലാവരും: കുറിയേലായിസ്സോൻ.
പട്ടക്കാരൻ
നാം എല്ലാവരും ഇത്യാദി.
എല്ലാവരും

അനുഗ്രഹിക്കുന്നവനായ കർത്താവേ! ഞങ്ങളുടെമേൽ അനുഗ്രഹിച്ചു ഞങ്ങൾക്കു സഹായിക്കേണമേ.

പട്ടക്കാരൻ

സ്തുതിയും സ്തോത്രവും ഇത്യാദി.

(പ്രമിയോൻ)

ശുശ്രൂഷക്കാരൻ: ബാറെക്മോർ.

അനുഗ്രഹിക്കുന്നവനായ കർത്താവിൻെറ മുമ്പാകെയും പുണ്യം നൽകുന്നതായ ബലിപീഠത്തിൻെറ മുമ്പാകെയും ദിവ്യവും സ്വർഗ്ഗീയവുമായ ഈ വിശുദ്ധ രഹസ്യങ്ങളുടെ മുമ്പാകെയും ഭയങ്കരമായ ഈ വിശുദ്ധ കർബാനയുടെ മുമ്പാകെയും ബഹുമാനപ്പെട്ട ഈ പട്ടക്കാരൻെറ കൈകളാൽ കുന്തുരുക്കം വയ്ക്കപ്പെടുന്നു. നാം എല്ലാവരും പ്രാർത്ഥിച്ചു കർത്താവിനോടു അനുഗ്രഹങ്ങളും മനോഗുണവും യാചിക്കണം.

എല്ലാവരും

അനുഗ്രഹിക്കുന്നവനായ കത്താവേ! ഞങ്ങളുടെ മേൽ അനുഗ്രഹിച്ചു ഞങ്ങൾക്കു സഹായിക്കേണമെ.

പട്ടക്കാരൻ

(എങ്കിലോ, പുണ്യമാക്കുന്നവനും ഇത്യാദി)

എല്ലാവരും: ആമ്മീൻ.

പട്ടക്കാരൻ (സെദ്റാ)

എല്ലാവരും

ആമ്മീൻ. കത്താവു അവിടത്തെ ശുശ്രൂഷ കൈക്കൊള്ളുകയും അവിടത്തെ പ്രാത്ഥനകളാൽ ഞങ്ങൾക്കു സഹായിക്കയും ചെയ്യുമാറാകട്ടെ.

പട്ടക്കാരൻ

ദൈവത്തിൽ നിന്നു ഉത്യാദി

എല്ലാവരും: ആമ്മീൻ

പട്ടക്കാരൻ (ധൂപക്കുററി വാഴ്ത്തുന്നു.)

എല്ലാവരും

ആമ്മീൻ, ആമ്മീൻ, ആമ്മീൻ.

ശുശ്രൂഷക്കാരൻ

ബാറെക്മോർ. ദിവ്യജ്ഞാനം അട്ടഹസിക്കുന്നു! നാം എല്ലാവരും നല്ലവണ്ണം നിന്നു ബഹുമാനപ്പെട്ട പട്ടക്കാരൻെറ പ്രാൎത്ഥനയെ ഏററു ചൊല്ലുണം.

പട്ടക്കാരൻ

സൎവ്വശക്തിയുള്ള പിതാവായി ആകാശത്തിൻെറയും ഭൂമിയുടെയും,

ശുശ്രൂഷക്കാരൻ: (വിശ്വാസപ്രമാണം ചൊല്ലുന്നു.)

എല്ലാവരും: ആമ്മീൻ.

ശുശ്രൂഷക്കാരൻ: ബാറെക്മോർ. സ്തൌമൻ കാലോസ്,

എല്ലാവരും: കുറിയേലായിസ്സോൻ.

---

പട്ടക്കാരൻ: (ഒരു പ്രാൎത്ഥന)

എല്ലാവരും: ആമ്മീൻ.

പട്ടക്കാരൻ: (സമാധാനം കൊടുക്കുന്നു)

എല്ലാവരും

അവിടത്തെ ആത്മാവിനും ഉണ്ടായിരിക്കട്ടെ.

പട്ടക്കാരൻ: (ശുശ്രൂഷക്കാരനു സമാധാനത്തിന്റെ കൈ കൊടുക്കുന്നു.)

ശുശ്രൂഷക്കാരൻ

ബാറെക്മോർ. നമ്മുടെ ദൈവമായ കർത്താവിന്റെ സ്നേഹം മൂലം പരിശുദ്ധവും ദിവ്യവുമായ ചുംബനത്താൽ ഓരോരുത്തനും അവനവന്റെ അടുത്തവനു തമ്മിൽ തമ്മിൽ സമാധാനം കൊടുക്കണം.

എല്ലാവരും

ദൈവമായ കർത്താവെ! ഞങ്ങളുടെ ആയുഷ്കാലം മുഴുവനും ഈ സമാധാനത്തിനു ഞങ്ങളെ യോഗ്യന്മാരാക്കണമേ.

ശുശ്രൂഷക്കാരൻ

കൊടുക്കപ്പെട്ടിരിക്കുന്ന പരിശുദ്ധ

ത്യം ദിവ്യവുമായ ഈ സമാധാനത്തി ൻെറ ശേഷം കരുണയുള്ള കത്താവി ൻെറ മുമ്പാകെ നാം നമ്മുടെ തലക ളെ കുനിക്കണം.

എല്ലാവരും.

ഞങ്ങളുടെ കത്താവും ഞങ്ങളുടെ ദൈവവുമേ! നിൻെറ തിരുമുമ്പാകെ ഞങ്ങൾ തലകുനിക്കുന്നു.

പട്ടക്കാരൻ: (ഒരു പ്രാത്ഥന)

എല്ലാവരും: ആമ്മീൻ.

പട്ടക്കാരൻ: (ഒരു പ്രാത്ഥന)

എല്ലാവരും: ആമ്മീൻ.

ശുശ്രൂഷക്കാരൻ

ബാറെക്മോർ. സഹോദരന്മാരെ! നാം എല്ലാവരും ഭംഗിയോടും ഭയ ത്തോടും വണക്കത്തോടും വെടിപ്പോ ടും വിശുദ്ധിയോടും സ്നേഹത്തോടും സത്യവിശ്വാസത്തോടും നല്ല ദൈവഭ ക്തിയോടും നിന്നു ബഹുമാനപ്പെട്ട

ഈ പട്ടക്കാരൻെറ കൈകളാൽ നമ്മുടെ മുമ്പാകെ വെക്കപ്പെട്ടിരിക്കുന്ന ഭയങ്കരവും പരിശുദ്ധവുമായ ഈ കുർബാനയിൽ സൂക്ഷിക്കണം. എന്തെന്നാൽ നാം എല്ലാവർക്കും വേണ്ടി ജീവനുള്ള ബലിയെ സകലത്തിൻെറയും ഉടയവനാകുന്ന പിതാവായ ദൈവത്തിനു നിരപ്പിലും സമാധാനത്തിലും അണെയ്ക്കുന്നു.

എല്ലാവരും

(ഈ കുർബാന) അനുഗ്രഹങ്ങളും സമാധാനവും ബലിയും സ്തോത്രവുമാകുന്നു.

പട്ടക്കാരൻ

(രഹസ്യപ്രാർത്ഥനയും ശോശപ്പാ ആഘോഷണവും കഴിഞ്ഞു പടിഞ്ഞാറോട്ടു തിരിഞ്ഞു റൂശ്മാ ചെയ്തും കൊണ്ടു) പിതാവായ ദൈവത്തിൻെറ ഇത്യാദി

എല്ലാവരും

ആമ്മീൻ. അവിടത്തെ ആത്മാവോടുകൂടെയും ഉണ്ടായിരിക്കട്ടെ.

പട്ടക്കാരൻ

(കൈകൾ ഉയൎത്തികൊണ്ടു)

ഈ നാഴികയിൽ നാം എല്ലാവരുടെയും.........ആയിരിക്കണം.

എല്ലാവരും

(ഞങ്ങളുടെ ബോധങ്ങളും വിചാരങ്ങളും ഹൃദയങ്ങളും) ദൈവമായ കൎത്താവിങ്കൽ ഇരിക്കുന്നു.

പട്ടക്കാരൻ

(കുൎബ്ബാനമേൽ കൈകൾ ആവേലോഷിച്ചുകൊണ്ടു)

നാം ഭയത്തോടുകൂടി കൎത്താവിനെ സ്തോത്രം ചെയ്യണം.

എല്ലാവരും

ഭയത്തോടുകൂടി കൎത്താവിനു സ്തോത്രം ചെയ്യുന്നതു യുക്തവും ന്യായവും ആകുന്നു.

പട്ടക്കാരൻ: (ഒരു സ്തുതി)
എല്ലാവരും
തന്റെ സ്തുതികളാൽ ആകാശവും ഭൂമിയും നിറഞ്ഞിരിക്കുന്ന ബലവാനായ ദൈവം തമ്പുരാൻ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ, ഉയരങ്ങളിൽ ഓശാന, ദൈവമായ കൎത്താവിന്റെ തിരുനാമത്തിൽ വന്നവനും വരുവാനിരിക്കുന്നവനുമായവൻ വാഴ്ത്തപ്പെട്ടവൻ ആകുന്നു! ഉയരങ്ങളിൽ സ്തുതി.

പട്ടക്കാരൻ
(രഹസ്യപ്രാൎത്ഥനയുടെ ശേഷം ശരീരം വാഴ്ത്തുന്നു.)
എല്ലാവരും! ആമ്മീൻ.
പട്ടക്കാരൻ (രക്തം വാഴ്ത്തുന്നു.)
എല്ലാവരും: ആമ്മീൻ
പട്ടക്കാരൻ
എന്റെ ഓൎമ്മയ്ക്കായിട്ടു ഇതിനെ

നിങ്ങൾ ചെയ്യീൻ എന്നുള്ളതു

എല്ലാവരും

ഞങ്ങളുടെ കൎത്താവേ! നിന്റെ മരണത്തെ ഞങ്ങൾ ഓൎക്കയും നിന്റെ ഉയിൎത്തെഴുന്നേല്പിനെ ഏററുപറകയും നിന്റെ രണ്ടാമത്തെ എഴുന്നെള്ളത്തിനായി ഞങ്ങൾ നോക്കിപ്പാൎക്കുകയും ചെയ്യുന്നു. നിന്റെ അനുഗ്രഹങ്ങൾ ഞങ്ങൾ എല്ലാവരുടെ മേലും ഉണ്ടായിരിക്കണമേ.

പട്ടക്കാരൻ (ഒരു പ്രാൎത്ഥന)

എല്ലാവരും

സൎവ്വശക്തിയുള്ള പിതാവായ ദൈവമെ! ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യണമേ. ദൈവമായ കൎത്താവെ! നിന്നെ ഞങ്ങൾ സ്തുതിക്കുകയും വാഴ്ത്തുകയും വന്ദിക്കുകയും നിന്നോടു ഞങ്ങൾ അപേക്ഷിക്കുകയും ചെയ്യുന്നു. ഉത്തമനായുള്ളോവേ! കരുണ തോന്നി

ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യേണമേ.

### ശുശ്രൂഷക്കാരൻ

ബാറെക്മോർ. എന്റെ വാത്സല്യമുള്ളവരെ! ജീവനുള്ള പരിശുദ്ധറൂഹാ സ്വൎഗ്ഗമാകുന്ന മേലുള്ള ഉയരങ്ങളിൽനിന്നു പ്രതാപത്തോടുകൂടി ഇറങ്ങി, വയ്ക്കപ്പെട്ടിരിക്കുന്ന ഈ പരിശുദ്ധ കുർബാനമേൽ പൊരുന്നി ആവസിച്ചു അതിനെ ശുദ്ധീകരിക്കുന്നതായ ഈ നാഴിക എത്ര ഭയങ്കരവും ഈസമയം എത്ര ഭ്രമിക്കത്തക്കതും ആകുന്നു. നിങ്ങൾ അടക്കത്തോടും ഭയത്തോടും നിന്നുകൊണ്ടു പ്രാൎത്ഥിപ്പിൻ.

### എല്ലാവരും

ഞങ്ങൾ എല്ലാവരോടുംകൂടെ സമാധാനവും ഞങ്ങൾ എല്ലാവൎക്കും സംപ്രീതിയും ഉണ്ടാകണമേ.

പട്ടക്കാരൻ

കർത്താവേ! എന്നോട് ഉത്തരമരുളി ച്ചെയ്യണമെ. ഇത്യാദി.

എല്ലാവരും: കുറിയേലായിസ്സോൻ

(മൂന്നു പ്രാവശ്യം)

പട്ടക്കാരൻ: (പീലാസാ മേൽ കൈ ആവസിപ്പിച്ചു വാഴ്ത്തുന്നു)

എല്ലാവരും: ആമ്മീൻ.

പട്ടക്കാരൻ: (കാസാ മേൽ കൈ ആവസിപ്പിച്ചു വാഴ്ത്തുന്നു)

എല്ലാവരും: ആമ്മീൻ.

പട്ടക്കാരൻ (ഒരു പ്രാൎത്ഥന)

എല്ലാവരും: ആമ്മീൻ

ശുശ്രൂഷക്കാരൻ

ബാറെക്മോർ ഇന്നും ഈ ആയു ഷ്കാലത്തിലും നമ്മുടെ അദ്ധ്യക്ഷന്മാ രായിരുന്നു നാലുഭാഗങ്ങളിലുമുള്ള ദൈ വത്തിൻെറ വിശുദ്ധസഭകളെ മേയിച്ചു ഭരിക്കുന്നവരായി ശുദ്ധിമാന്മാരും

ബഹുമാനപ്പെട്ടവരും ഭാഗ്യവാന്മാരു
മായി ദൈവത്താൽ നിലനിറുത്തപ്പെ
ട്ടു പോരുന്ന നമ്മുടെ പാത്രിയക്കീസ
ന്മാരായ അബൂൻ മാർ ഇഗ്നാത്തിയോ
സിനു വേണ്ടിയും ആബൂൻ മാർ ബ
സ്സേലിയോസിനു വേണ്ടിയും ആബൂ
ൻ മാർ ഗ്രീഗോറിയോസിനു വേണ്ടി
യും നമ്മുടെ മേല്പട്ടക്കാരൻ മാർ (ഇ
ന്നാൎക്കു)വേണ്ടിയും സത്യവിശ്വാസിക
ളായ ശേഷമുള്ള സകല എപ്പിസ്കോ
പ്പന്മാൎക്കു വേണ്ടിയും മഹത്വവും ഭയ
ങ്കരവും പരിശുദ്ധവുമായ ഈ സമയ
ത്തിൽ ദൈവമായ കൎത്താവിനോടു
നാം അപേക്ഷിച്ചു പ്രാൎത്ഥിക്കണം.

എല്ലാവരും: കുറിയേലായിസ്സോൻ.

പട്ടക്കാരൻ: (ഒരു പ്രാൎത്ഥന)

എല്ലാവരും: ആമ്മീൻ.

ശുശ്രൂഷക്കാരൻ

ബാറെക്മോർ. സൎവ്വശക്തിയുള്ള

ദൈവമായ കൎത്താവെ! പലവിധമായ കഠിനപരീക്ഷകളിൽ അകപ്പെട്ടിട്ട നിന്നിൽ ആശ്രയിച്ചിരിക്കുന്നവരുടെ രക്ഷയ്ക്കു വേണ്ടിയും വേഗത്തിൽ നീ അവരെ ദൎശിക്കുന്നതിന്നു വേണ്ടിയും ഈ നാഴികയിലും ഈ സമയത്തിലും ഞങ്ങളാൽ ഓൎക്കപ്പെടുവാനായിട്ട നിസ്സാരന്മാരും ബലഹീനന്മാരുമായ ഞങ്ങളോട മുമ്പുകൂട്ടി കല്പിച്ച ഞങ്ങളെ താല്പൎയ്യപ്പെട്ടത്തിട്ടുള്ള വിശ്വാസികളും സത്യക്രിസ്ത്യാനികളുമായ ഞങ്ങളുടെ സഹോദരന്മാരെ എല്ലാവരേയും ഞങ്ങൾ ഓൎക്കുന്നു. ദൈവത്താൽ പാലിക്കപ്പെട്ടിരിക്കുന്ന ഈ വിശുദ്ധ സഭയുടെ മക്കളാകുന്ന വിശ്വാസികളായ എല്ലാവൎക്കും അന്യോന്യം ഐക്യവും അഭിവൃദ്ധിയും ഉണ്ടാകുവാനായിട്ടും അവർ സുകൃതമുള്ളവരായി തീരുവാനായിട്ടും കൎത്താവിനോട നാം പ്രാൎത്ഥി

ക്കണം.

എല്ലാവരും! കുറിയേലായിസ്സോൻ,

പട്ടക്കാരൻ: (ഒരു പ്രാൎത്ഥന)

എല്ലാവരും: ആമ്മീൻ.

ശുശ്രൂഷക്കാരൻ

ബാറെക്മോർ. നാലു ഭാഗങ്ങളിലു മുള്ള ദൈവത്തിൻെറ സഭകളേയും ദയറാകളേയും സത്യവിശ്വാസത്തിൽ നിലനിറുത്തി ഉറപ്പിച്ച വിശ്വാസികളും സത്യക്രിസ്ത്യാനികളുമായ സകല രാജാക്കന്മാരെയും ഞങ്ങൾ ഓൎക്കുന്നു. പട്ടക്കാരും വിശ്വാസികളായ ജനങ്ങളുടെ സംഘവും ക്രിസ്ത്യാനി സമൂഹം മുഴുവനും സുകൃതമുള്ളവരായിത്തീരുവാനായിട്ടു കൎത്താവിനോടു നാം പ്രാൎത്ഥിക്കണം.

എല്ലാവരും: കുറിയേലായിസ്സോൻ.

പട്ടക്കാരൻ (ഒരു പ്രാൎത്ഥന)

എല്ലാവരും: ആമ്മീൻ.

## ശുശ്രൂഷക്കാരൻ

ബാറെക്മോർ. ഭൂമിയിലെ സകല വംശങ്ങളിൽ നിന്നും, ഭാഗ്യങ്ങൾക്കു യോഗ്യമുള്ളവളും സ്തുതിക്കപ്പെട്ടവളും വിശുദ്ധിയുള്ളവളും മഹത്വമുള്ളവളും അനുഗ്രഹിക്കപ്പെട്ടവളുമായി നിത്യകന്യകയും ഭാഗ്യവതിയുമായ ദൈവമാതാവായ മറിയാമ്മിനെ ഞങ്ങൾ ഓക്കുന്നു. അവളുടെ കൂടെ പരിശുദ്ധന്മാരായ നിബ്യന്മാരെയും പ്രസംഗക്കാരായ ശ്ലീഹന്മാരെയും ഏവൻഗേലിസ്തന്മാരെയും സഹദേന്മാരെയും മൌദ്യാനന്മാരെയും ഭാഗ്യവാനും തന്റെ യജമാനന്റെ മുന്നോട്ടക്കാരനുമായ മാർ യോഹന്നാൻ മാംദാനായേയും ശെമ്മാശന്മാരിൽ പ്രധാനിയും സഹദേന്മാരിൽ മുമ്പനുമായി പരിശുദ്ധനും മഹത്വമുള്ളവനുമായ മാർ സ്തേഫാനോസിനേയും ശ്ലീഹന്മാരിൽ തലവന്മാരായ

ഉന്നതപ്പെട്ട മാർ പത്രോസിനേയും മാർ പൌലൂസിനേയും വിശ്വാസികളായി മരിച്ചുപോയ സകല ശുദ്ധിമാന്മാരെയും ശുദ്ധിമതികളേയും ഒന്നുപോലെ നാം ഓൎത്തു അവരുടെ പ്രാൎത്ഥന നമുക്കു കോട്ടയായിരിപ്പാൻ കൎത്താവിനോടു നാം പ്രാൎത്ഥിക്കണം.

എല്ലാവരും: കുറിയേലായിസ്സോൻ.

പട്ടക്കാരൻ (ഒരു പ്രാൎത്ഥന)

എല്ലാവരും: ആമ്മീൻ.

ശുശ്രൂഷക്കാരൻ

ബാറെക്മോർ. സ്ലീഹായിക്കുടുത്തും കുററമില്ലാത്തതുമായ ഏകവിശ്വാസത്തെ പാലിച്ചു ഞങ്ങൾക്കു എല്ലിച്ചുതന്നവരായി ശുദ്ധിമാന്മാരുടെ സ്ഥലത്തിൽ ശുദ്ധതയാലെ മുമ്പുകൂട്ടി മരിച്ചു വിശ്രമിച്ചിരിക്കുന്നവരേയും നിഖ്യായിലും കുസ്തന്തീനോസുപോലീസിലും എപ്പേസൂസിലും വെച്ചുണ്ടായ

പുണ്യപ്പെട്ടവയും പരിശുദ്ധങ്ങളുമായ
മൂന്നു പൊതുസുന്നഹദോസുകളേയും
അവയിലുണ്ടായിരുന്ന നീതിമാന്മാരും
മല്പാന്മാരും സ്തുതിക്കപ്പെട്ടവരും ദൈ
വത്തെ ധരിച്ചവരുമായ ഞങ്ങളുടെ
പിതാക്കന്മാരേയും, ഊൎശ്ലേമ്മിന്റെ
ഒന്നാമത്തെ പ്രധാനാചാൎയ്യനും പുണ്യ
വാനും ശ്ലീഹായും സഹദായും ആയ
യാക്കോബും, ഇഗ്നാത്തിയോസും ക്ലീ
മ്മീസും ദീവന്നാസ്യോസും അത്താനാ
സ്യോസും യൂലിയോസും ബസ്സേലി
യോസും ഗ്രീഗോറിയോസും ദീയസ്കോ
റോസും തീമോത്തിയോസും പലക്സീ
നോസും അന്തീമോസും ഈ യാവാനീ
സും വചനമായ ദൈവം ശരീരിയാ
യിത്തീൎന്നു എന്നു നമ്മുടെ കൎത്താവേ
ശുമ്ശിഹായുടെ മനുഷ്യവതാരത്തെ
ക്കുറിച്ചു സ്പഷ്ടമായി തെളിയിച്ചവനും
സത്യവാനും ഉന്നതഗോപുരവുമായി

പ്രസിദ്ധനായ മാർ ക്കുറിലോസും സൂ
റിയാനിക്കാരുടെ കിരീടവും ദൈവ
ത്തിന്റെ വിശുദ്ധ സഭമുഴുവന്റെയും
വിവേകമുള്ള വായും ഉണ്ണം മല്പാനും
പുഷ്പങ്ങൾകൊണ്ടു നിറഞ്ഞ മേച്ചിൽ
സ്ഥലവും മറിയാം സംശയം കൂടാതെ
ദൈവമാതാവെന്നു എല്ലായ്പോഴും
പ്രസംഗിച്ചവനുമായ ഞങ്ങളുടെ പാ
ത്രിയക്കീസു മാർ സേവേറിയോസും,
സത്യവിശ്വാസത്തെ നിലനിറുത്തിയ
നീതിമാനും പരിശുദ്ധനുമായ ഞങ്ങ
ളുടെ ബാവാ മാർ യാക്കോബു ബുർദ്
ആനായും മാർ അപ്രേമും മാർ യാ
ക്കോബും മാർ ഇസ്സഹാക്കും മാർ ബാ
ലായിയും ദുഃഖിതന്മാരിൽ തലവനാ
യ മോറാൻ മോർ ബർസൌമ്മായും
മാർ ശെമഓൻദെസ്തൂനിയും തിരഞ്ഞെ
ടുക്കപ്പെട്ടവനായ മാർ അബഹായു
മായ ഞങ്ങളുടെ പിതാക്കന്മാരേയും

ചൊവ്വുള്ളതും കുററമില്ലാത്തതുമായ ഏ
കവിശ്വാസത്തെ പാലിച്ചു ഞങ്ങൾ
ക്കു ഏല്പിച്ചുതന്നവരായി ഇവരുടെ മു
ന്നും ഇവരോടുകൂടെയും ഇവരുടെ
പിമ്പുമുള്ള എല്ലാവരേയും ഞങ്ങൾ ഓ
ക്കുന്നു. അവരുടെ പ്രാർത്ഥന നമുക്കു
കോട്ടയായിരിപ്പാൻ കർത്താവിനോടു
നാം പ്രാർത്ഥിക്കണം.

എല്ലാവരും: കുറിയേലായിസ്സോൻ.

പട്ടക്കാരൻ (ഒരു പ്രാർത്ഥന)

എല്ലാവരും: ആമ്മേൻ.

ശുശ്രൂഷക്കാരൻ

ബാറെക്മോർ- അരൂപികളുടെയും
സകല ജഡങ്ങളുടെയും ഉടയവനാ
യിരിക്കുന്ന പിതാവായ ദൈവമേ!
സത്യവിശ്വാസത്തിൽ മുമ്പുകൂട്ടി നി
ദ്രയെ പ്രാപിച്ചു വിശ്രമിച്ചു നിന്റെ
അടുക്കൽ വന്നുചേർന്നവരായി ഈ പ
രിശുദ്ധ മദ്ബ്ഹായിൽ നിന്നും ഈ

പള്ളിയിൽ നിന്നും ഈ സ്ഥലത്തുനി
ന്നും എല്ലാ ഭാഗങ്ങളിൽ നിന്നും സ്നേ
ഹത്തോടും സത്യവിശ്വാസത്തോടും
കൂടി മരിച്ചുപോയിരിക്കുന്ന വിശ്വാ
സികളായ സകല മരിച്ചവരേയും ഞ
ങ്ങൾ ഓൎക്കുന്നു. അവരുടെ ആത്മാക്ക
ളേയും അരൂപികളേയും തന്റെ അടു
ക്കലേക്കു എടുത്തുകൊണ്ടുവന്നായി ന
മ്മുടെ ദൈവമായ മ്ശിഹാ ധാരാള
മായ തന്റെ അനുഗ്രഹങ്ങൾ മൂലം
കടങ്ങളുടെ പരിഹാരത്തിനും പാപ
മോചനത്തിനും അവരെ യോഗ്യന്മാ
രാക്കുവാനും നമ്മേയും അവരേയും ത
ന്റെ സ്വൎഗ്ഗരാജ്യത്തിൽ ചേൎത്തുകൊ
ള്ളുവാൻമായിട്ടു തന്നോടു നാം അപേ
ക്ഷിച്ചു പ്രാൎത്ഥിച്ചു മൂന്നു പ്രാവശ്യം കു
റിയേലായിസ്സോൻ എന്നു അട്ടഹസി
ച്ചു ചൊല്ലണം.

എല്ലാവരും: കുറിയേലായി

സ്സോൻ, (മൂന്നു പ്രാവശ്യം).

പട്ടക്കാരൻ (ഒരു പ്രാത്ഥന)

എല്ലാവരും

(ദൈവമേ!) സത്യവിശ്വാസത്തോടുകൂടി ഞങ്ങളിൽനിന്നു വാങ്ങിപ്പോയിരിക്കുന്ന സകല മരിച്ചവരേയും നീ ആശ്വസിപ്പിച്ചു പുണ്യപ്പെടുത്തേണമേ. മനസ്സോടും മനസ്സുകൂടാതെയും അറിവോടും അറിവുകൂടാതെയും നിന്റെ തിരുമുമ്പിൽ ഞങ്ങളും അവരും ചെയ്തുപോയിട്ടുള്ള പിഴകളെ ക്ഷമിക്കേണമേ.

പട്ടക്കാരൻ (ഒരു പ്രാത്ഥന)

എല്ലാവരും

ആമ്മീൻ. (തന്റെ നാമം) ഇരുന്ന പ്രകാരം തന്നെ ഇരിക്കയും തലമുറ തലമുറയായി സകല തലമുറകൾ വരെയും ലോകാലോകങ്ങളോളവും സ്ഥിതി ചെയ്കയും ചെയ്യുന്നു ആമ്മീൻ.

പട്ടക്കാരൻ: നിങ്ങൾക്കെല്ലാവക്കും സമാധാനം ഉണ്ടായിരിക്കട്ടെ.

എല്ലാവരും: അവിടത്തെ ആത്മാവിനും ഉണ്ടായിരിക്കട്ടെ-

പട്ടക്കാരൻ: (പടിഞ്ഞാറോട്ട തിരിഞ്ഞു റുശ്മാ ചെയ്തുകൊണ്ട)

വലിയവനും നമ്മുടെ രക്ഷിതാവുമായ ഇത്യാദി

(തിരശ്ശീല ഇട്ടതിനു ശേഷം)

എല്ലാവരും

("ബ്ത്സറഓ ദീലോക്" എന്ന മട്ടിൽ)

അൻപുടയോ-നേ-നിൻ വാതിൽ-ഹാ
മുട്ടുന്നു—ദാ—സർനാദം—കുറി
ആവശ്യ-ത്താൽ—യാചിക്കും. ഹാ—ഉ
അടിയാരേ—ത—ള്ളീടല്ലേ—കുറി
അലിവൊട്ട ശി—ക്ഷി-ച്ചടിയാരേ-ഹാ
അരിശംനീക്കി—ക്കാ—ക്കണമേ. കുറി
വാതിൽ തുറ—ന്നീ—പ്രാർത്ഥനയിൻ
നാദം കേ—ട്ടേ—കീടണമേ—കുറി

നിന്നെ വിളി-ക്കുന്നേ-നാഥാ! ഹ—ഉ-
നിന്നതവി-ക്കായ്-ബലഹീനർ—കുറി
നല്ലവനേ!-കാ-രുണ്യത്താൽ ഹ-ഉ-ഹ
നൽകണമേ —യാ—ചിപ്പുകളേ—കുറി
കർത്താവേ! —കാ-രുണ്യത്താൽ-ഹ-ഉ
കനിവടിയാ—രിൽ-ചെയ്യണമേ-കുറി
നന്മ നിറഞ്ഞോ-നേ!-എന്റെ ഹാ
തിന്മകളെ—നീ—യോർക്കരുതേ-കുറി

(അല്ലെങ്കിൽ)

("ശ്രേസ്രാപ്പെട്ട്ന്ത്റൊ" എന്ന മട്ടിൽ)

സ്രാപ്പികളേ—ക—ണ്ടേശായാ ഹാ-ഉ
ബെന്സ്സദിശായിൽ—നിൻ മുൻപിൽ
ചിറകുകളാ—റാ—രുള്ളവരായ് ഹ ഉ ഹ
എരിതീയാ—മാ—ത്മാക്കളവർ—കുറി
കാണായ്വാൻ—നിൻ-ദൈവത്വം—ഹാ
മുഖമവർ മൂട്ടു—ന്നിരുചിറകാൽ—കുറി
എരിയായ്വാൻ—നിൻ-ജ്വാലയതിൽ
ഇരുചിറകാ—ലേ—കാലുകളും—കുറി
അട്ടഹസി—ക്കു-ന്നിരുചിറകും—ഹാ

കൊട്ടിയവർ—നി—ന്നിട്ടേവം—കുറി
പരിശുദ്ധൻ—നീ—പരിശുദ്ധൻ ഹാ
പരിശുദ്ധൻ—നീ—ദൈവസുതാ. കുറി
പരിശുദ്ധൻ—നീ—നിൻപക്കൽ-ഹാ
നിൻബഹുമാ-നം- സ്തുത്യമഹോ! കുറി

ശുശ്രൂഷക്കാരൻ

കൎത്താവിനോടു നാം പ്രാൎത്ഥിക്കണം.

എല്ലാവരും: കുറിയേലായിസ്സോൻ.

ശുശ്രൂഷക്കാരൻ

സഹോദരന്മാരെ! വീണ്ടും ദൈവമാതാവായ വിശുദ്ധ മറിയാമിനെക്കുറിച്ചും പരിശുദ്ധന്മാരേക്കുറിച്ചും വിശ്വാസികളായ മരിച്ചുപോയവരേക്കുറിച്ചും നല്ല ഓൎമ്മയുണ്ടാകുവാനായിട്ടു എല്ലായ്പോഴും കൎത്താവിനോടു നാം പ്രാൎത്ഥിക്കണം.

എല്ലാവരും

അവരുടെ പ്രാൎത്ഥന നമുക്കു കോട്ടയായിരിക്കട്ടെ, ആമ്മീൻ.

## ശുശ്രൂശക്കാരൻ

നമ്മുടെ മ്ശിഹാതമ്പുരാനോട്ടു നമ്മുടെയും നമ്മുടെ പിതാക്കന്മാരുടെയും സഹോദരന്മാരുടേയും പ്രഭുക്കന്മാരുടെയും ഗുരുക്കന്മാരുടേയും മരിച്ചുപോയവരുടെയും അന്യോന്യം നാം ഓരോരുത്തരുടേയും ആത്മാക്കൾക്കായിട്ടു ധാരാളമായ അനുഗ്രഹങ്ങളും മനോഗുണവും നാം യാചിച്ചു, വീണ്ടും യാചിക്കയും ചെയ്യുന്നു. ഇങ്ങനെ സകലത്തിനും ഉടയവനായിരിക്കുന്ന പിതാവായ ദൈവത്തെ നാം സ്തോത്രം ചെയ്കയും തന്റെ ഏകപുത്രനെ നാം വന്ദിക്കയും ജീവനുള്ള തന്റെ വിശുദ്ധറൂഹായെ നാം മഹത്വപ്പെടുത്തുകയും കരുണയുള്ളവനായ കർത്താവിന്റെ തൃക്കൈകളിൽ നമ്മുടെ ജീവനെ നാം ഭരമേല്പിച്ചു തന്നോടു അനുഗ്രഹങ്ങളെ യാചിക്കയും ചെയ്യണം.

എല്ലാവരും

ഉത്തമനായുള്ളോവേ! കരുണയുണ്ടായി ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യണമേ.

(അല്ലെങ്കിൽ)

എല്ലാവരും

അന്പുടയോനേ! നിൻ വാതിൽ
മുട്ടുന്നു ദാസർ നാം
ആവശ്യത്താൽ യാചിക്കും
അടിയാരെത്തള്ളീടല്ലേ.
നിന്നെ വിളിക്കുന്നേ നാഥാ!
നിന്നുതവിക്കായ് ബലഹീനർ
നല്ലവനേ! കാരുണ്യത്താൽ
നല്കണമേ യാചിപ്പുകളേ.

(ലുത്തിനിയാ)

ശുശ്രൂഷക്കാരൻ

ബാറെക്മോർ. സഹോദരന്മാരേ! നിരപ്പിന്റെയും സമാധാനത്തിന്റെയും അനുഗ്രഹങ്ങളുടെയും കരുണയു-

ടെയും മാലാഖായികഌ നിൻെറ അനു ഗ്രഹങ്ങളാൽ ഞങ്ങഠം യോഗ്യന്മാരായിത്തീരണമെ എന്നു എല്ലായപ്പോഴം കത്താവിനോടു നാം അപേക്ഷിക്കണം.

എല്ലാവരും

ഞങ്ങളുടെ കത്താവേ! നിൻെറ കരുണയാൽ അതിനു ഞങ്ങഠംക്കു സംഗതിയാക്കണമേ.

ശുശ്രൂഷക്കാരൻ

സഹോദരന്മാരേ! പള്ളികഠംക്കു നിരപ്പും ദയറാകഠംക്കു സമാധാനവും അവയിലെ പട്ടക്കാക്കു നല്ല കാവലും അവയുടെ പ്രജകഠംക്കു പുഷ്ടിയുള്ള കാലവും ഉണ്ടാകുവാനായിട്ടു എല്ലായ്പോഴം കത്താവിനോടു നാം അപേക്ഷിക്കണം.

എല്ലാവരും

കത്താവേ! നിൻെറ കരുണയാൽ

ഞങ്ങളെ നിരപ്പാക്കണമേ.

ശുശ്രൂഷക്കാരൻ

സഹോദരന്മാരേ! സൽപ്രവൃത്തിക ളാലും നീതിയുടെ വെടിപ്പുള്ള പുണ്യ നടപടികളാലും ദൈവത്തിനു ഇഷ്ട മുള്ള സത്യക്രിസ്ത്യാനികളായിരിപ്പാൻ എല്ലായ്പോഴും കർത്താവിനോടു നാം അപേക്ഷിക്കണം.

എല്ലാവരും

കർത്താവേ! നിന്റെ കൃപയാൽ ഞ ങ്ങളെ യോഗ്യന്മാരാക്കണമേ.

ശുശ്രൂഷക്കാരൻ

സഹോദരന്മാരേ! നാമും നമ്മുടെ മരിച്ചുപോയവരും നമ്മുടെ സമൂഹം ഒക്കെയും കെടാത്ത അഗ്നിയിൽനിന്നും ചാകാത്ത പുഴുവിൽനിന്നും കഠിനമാ യ അതിവേദനയിൽനിന്നും കൈപ്പാ യ കരച്ചിലിൽനിന്നും അവസാനമി ല്ലാത്ത പല്ലുകടിയിൽനിന്നും രക്ഷ

പെടുവാനായിട്ടു നാം എല്ലായ്പോ
ഴും കൎത്താവിനോടു അപേക്ഷിക്കണം.

എല്ലാവരും

കൎത്താവേ! നിന്റെ സ്ലീബായാൽ
ഞങ്ങളെ രക്ഷിക്കണമേ.

ശുശ്രൂഷക്കാരൻ

ശപിക്കപ്പെട്ടവരേ! നിങ്ങൾ എ
ന്റെ അടുക്കൽനിന്നു പോയി ദുഷ്ടന്മാ
രെയും അന്യായക്കാരെയും ദഹിപ്പി
ക്കുന്ന അഗ്നിയെ അവകാശമായി അ
നുഭവിച്ചുകൊള്ളുവിൻ എന്നു ഇടത്തു
ഭാഗത്തുള്ളവരോടു പറയുന്ന കൈപ്പു
ള്ളതും മരണകരവുമായ ശബ്ദത്തിൽ
നിന്നു രക്ഷപെടുവാനായിട്ടു എന്റെ
സഹോദരന്മാരേ! എല്ലായ്പോഴും ക
ൎത്താവിനോടു നാം അപേക്ഷിക്കണം.

എല്ലാവരും

ഞങ്ങളുടെ കൎത്താവേ! നിന്റെ സ്ലീ
ബായാൽ ഞങ്ങളെ രക്ഷിക്കണമേ.

ശുശ്രൂഷക്കാരൻ

എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ! വന്നു അകത്തു പ്രവേശിച്ചു ലോകാരംഭത്തിനു മുമ്പേ നിങ്ങൾക്കായി ഒരുക്കപ്പെട്ടിരിക്കുന്ന സ്വർഗ്ഗരാജ്യത്തെ അവകാശമായി അനുഭവിച്ചുകൊള്ളുവിൻ എന്നു വലത്തുഭാഗത്തുള്ളവരോടു പറയുന്ന സന്തോഷകരമായ ശബ്ദത്തിനു നാം യോഗ്യന്മാരായിത്തീരുവാനായിട്ടു എന്റെ സഹോദരന്മാരേ! എല്ലായ്പോഴും കർത്താവിനോടു നാം അപേക്ഷിക്കുന്നു.

എല്ലാവരും

ഞങ്ങളുടെ കർത്താവേ! നിന്റെ കൃപയാൽ ഞങ്ങളെ യോഗ്യന്മാരാക്കേണമെ.

ശുശ്രൂഷക്കാരൻ

ഞങ്ങളുടെ ദൈവമായ കർത്താവേ! നിന്റെ അനുഗ്രഹങ്ങളാലും മനോജ്ഞ

ണന്താലും രോഗികൾക്കു പൂൎണ്ണസ്വാ
സ്ഥതയും, ഞെരുങ്ങിയിരിക്കുന്നവൎക്കു
ആശ്വാസവും, ബന്ധിക്കപ്പെട്ടവൎക്കു
വിടുതലും, അകലെപ്പോയിരിക്കുന്ന
വൎക്കു തിരിച്ചുവരവും, സമീപസ്ഥന്മാ
ൎക്കു നല്ല കാവലും, ഭിന്നിച്ചിരിക്കുന്ന
വൎക്കു ഐക്യവും സ്നേഹവും, ചിന്നി
പ്പോയിരിക്കുന്നവൎക്കു ഒരുമിപ്പും, കാ
ണാതെപോയിരിക്കുന്നവൎക്കു കണ്ടെ
ത്തലും, വിലപിച്ചിരിക്കുന്നവൎക്കു ആ
ശ്വാസവും, ക്ഷീണിച്ചിരിക്കുന്നവൎക്കു
വിശ്രമവും, അഗതികൾക്കു സന്തുഷ്ടി
യും, വിധവമാൎക്കു മനോധൈൎയ്യവും
സഹായവും, ദരിദ്രന്മാൎക്കു പോഷണ
വും സമ്പൂൎണ്ണതയും, പാപികൾക്കു
പൂൎണ്ണമോചനവും, ആചാൎയ്യത്വത്തിനു
നല്ല ഉന്നതിയും, ശുശ്രൂഷക്കാൎക്കു വെ
ൺമയും കൊടുക്കുകയും നിന്റെ നിര
പ്പു ഭൂമിയിലെ രാജ്യങ്ങളിൽ വാഴുക

യും യുദ്ധങ്ങൾക്ക ഒതുക്കവും, മരിച്ചു വക്ക ആശ്വാസവും ഞങ്ങൾക്ക കടങ്ങളുടെയും പാപങ്ങളുടെയും മോചനവും ഉണ്ടാകയും ചെയ്യണമെ.

എല്ലാവരും

ഞങ്ങളുടെ കത്താവേ! നിന്റെ കൃപയാൽ ഞങ്ങൾക്ക സൌജന്യമായി തരണമേ.

ശുശ്രൂഷക്കാരൻ: സഹോദരന്മാരേ! വീണ്ടും ദൈവമാതാവായ ഇത്യാദി.

എല്ലാവരും: അവരുടെ പ്രാത്ഥന നമുക്ക കോട്ടയായിരിക്കട്ടെ, ആമ്മീൻ.

ശുശ്രൂഷക്കാരൻ: നമ്മുടെ മ്ശിഹാ തമ്പുരാനോട ഇത്യാദി.

എല്ലാവരും: ഉത്തമനായുള്ളോവേ കരുണയുണ്ടായി ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യണമെ.

(തിരശ്ശീല നീക്കിയതിന്റെ ശേഷം)

പട്ടക്കാരൻ

(ഒരു പ്രാത്ഥനയുടെ ഒടുവിൽ)
ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ,
എല്ലാവരും—നിന്റെ തിരുനാമം
പരിശുദ്ധമാക്കപ്പെടണമെ ഇത്യാദി.
പട്ടക്കാരൻ—(ഒരു പ്രാത്ഥന)
എല്ലാവരും—ആമ്മീൻ.
പട്ടക്കാരൻ—നിങ്ങൾക്കെല്ലാവൎക്കും
സമാധാനം ഉണ്ടായിരിക്കട്ടെ.
എല്ലാവരും: അവിടുത്തെ ആത്മാ
വിനും ഉണ്ടായിരിക്കട്ടെ.
ശുശ്രൂഷക്കാരൻ
അണയ്ക്കപ്പെട്ട ഈ വിശുദ്ധ രഹ
സ്യങ്ങളെ കൈക്കൊള്ളുന്നതിനു മുമ്പി
ൽ വീണ്ടും കരുണയുള്ള കൎത്താവി
ന്റെ മുമ്പാകെ നമ്മുടെ തലകളെ
നാം കുനിക്കണം-
എല്ലാവരും: ഞങ്ങളുടെ കൎത്താവും
ദൈവവുമായുള്ളാവെ! നിന്റെ തി
രുമുമ്പാകെ ഞങ്ങളുടെ തലകളെ ഞ

ങ്ങൾ കുനിക്കുന്നു.

പട്ടക്കാരൻ—(ഒരു പ്രാർത്ഥന)

എല്ലാവരും—ആമ്മീൻ.

പട്ടക്കാരൻ—നിങ്ങൾക്കെല്ലാവക്കും സമാധാനം ഉണ്ടായിരിക്കട്ടെ.

എല്ലാവരും—അവിടത്തെ ആത്മാവിനും ഉണ്ടായിരിക്കട്ടെ.

പട്ടക്കാരൻ—(പടിഞ്ഞാറോട്ടു തിരിഞ്ഞു റൂശ്മാ ചെയ്തുംകൊണ്ടു)

വിശുദ്ധിയുള്ളതും, മഹത്വമുള്ളതും ഇത്യാദി.

എല്ലാവരും—ആമ്മീൻ-

ശുശ്രൂഷക്കാരൻ

ബാറെക്മോർ. ഭയത്തോടും വിറയലോടും കൂടെ നാം സൂക്ഷിക്കണം

എല്ലാവരും

കർത്താവേ!-കരുണതോന്നി ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യണമേ.

പട്ടക്കാരൻ

(പീലാസാ ഉയൎത്തിക്കൊണ്ടു)

വിശുദ്ധിയുള്ളവൎക്കും വെടിപ്പുള്ളവ ൎക്കും മാത്രം ഈ വിശുദ്ധികൾ കൊടു ക്കപ്പെടുന്നു.

എല്ലാവരും

പരിശുദ്ധനായ ഏകപിതാവും പ രിശുദ്ധനായ ഏകപുത്രനും പരിശു ദ്ധനായ ഏക റൂഹായും അല്ലാതെ പ രിശുദ്ധൻ ഇല്ല. ആമ്മീൻ.

(പട്ടക്കാരൻ കാസാ ഉയൎത്തുന്നു)

എല്ലാവരും

ഒന്നായിരിക്കുന്ന പിതാവിനും പു ത്രനും ജീവനുള്ള വിശുദ്ധ റൂഹായി ക്കും എന്നെന്നേക്കും സ്തുതി,- ആമ്മീൻ

പട്ടക്കാരൻ

തന്റെ മനോഗുണത്താൽ ഇത്യാദി

എല്ലാവരും—ആമ്മീൻ.

പട്ടക്കാരൻ

ന മന്റെ തിരുമേനിയുടെ ഇത്യാദി.

എല്ലാവരും —ആമ്മീൻ.

പട്ടക്കാരൻ—ഉണ്ടായതും ഉണ്ടാകുവാനിരിക്കുന്നതുമായ ഇത്യാദി.

എല്ലാവരും—ആമ്മീൻ.

നാം ദൈവത്തിന്റെ മക്കളായിത്തീരുവാൻ തങ്ങൾ ജീവിച്ചിരുന്നപ്പോൾ നമ്മെ പഠിപ്പിച്ചവരായ നമ്മുടെ പിതാക്കന്മാരെ കുബ്ബാനകളിലും നമസ്കാരങ്ങളിലും നാം ഓക്കണം. അഴിവില്ലാത്ത ലോകമായ സ്വർഗ്ഗരാജ്യത്തിൽ നീതിമാന്മാരോടും പുണ്യവാന്മാരോടും കൂടെ ദൈവപുത്രൻ അവരെ ആശ്വസിപ്പിക്കും. കർത്താവേ! കൃപ ചെയ്തു സഹായിക്കണമേ.

പട്ടക്കാരൻ(ആരംഭിക്കുന്നതിനോടു കൂടി)

എല്ലാവരും: (ബെസ്സൽക്കൊ)

നിന്നാൾ സ്തുതിയോടു രാജമകൾ ഹാ-

നിൻവലമായ് രാജഭാമിനിയും

നിന്നഴകരചൻ മോഹിപ്പാൻ ഫ-
നിൻ ജനമോക്കായ്ക്ക പിതൃഗൃഹവും
ബാറെക്കമോർ.

പട്ടക്കാരൻ

ശ്രുബ് ഹോലാബോ ഉലമ്പ്രോ
വല ഹൃഹോക്കാദീശോ.

എല്ലാവരും

മെന് ഓലം വാദാമൊ
ല് ഓലം ഒൽമീനാമ്മീൻ.

(കാറേബ് ബേ:ഉൗസൊ)

ഭക്തർ പുകഴ്ച്ചാ ഭാജനമേ!
നിന്നിലുദിച്ചോരേകസുതൻ
തൃക്കരം ഞങ്ങളിലലിവാൻ തൻ
പക്കലപേക്ഷയണയ്ക്കേണം.

സ്സെതൗമെൻകാലോസ് കറിയേലാ
യിസ്സോൻ.

(ഫൌറീശ് മാല്പാഖേ)

മന്നമകാക്കായി ശ്ലോമ്മോ
ചൊന്നേകി ദൂതവരൻ.

ന്നിന്നോട്ടക്രടെൻനാഥൻ നി-
ന്നിൽ തന്നുദയമത്തും, ബാറെക്മോർ.
പട്ടക്കാരൻ: ശ്ലബ് ഫോലാബോ...
എല്ലാവരും
(എൽപോവോസ്)
അഖിലജഗൽപതിയേ നായക-
നായേററി ഘോഷിച്ച-
ങ്ങതി ബഹുമാനിച്ച മറിയാം
വലുതാം പടവായ് താൻ.
മെ:റിയോ റാഹേമ്മേലെൻ
ഉൗ ആദാറെൻ
(ബസ്‌ലിബോക്)
മാറാനീശോ കരിശ്ശും നിൻ-
മാതൃജനത്തിൻ പ്രാൎത്ഥനയും
അടികളെയും നിൻ കോപത്തിൻ-
വടികളെയും മാച്ചീടേണം.
(സാദിക്കൊ)
നയവാൻ പനപോലെ
തളിൎത്തിടുമേ ഹാലേലൂയാ

വളരുമവൻ ലെബനോൻെറ
കാരകിൽപോൽ
വൃദ്ധതയിലുമവർ തളിരിട്ടു
തഴച്ചിടുമേ ഹാലേലൂയാ
വർദ്ധിക്കുമവർക്ക് തുഷ്ടി-
പുഷ്ടികളും—ബാറെക്മോർ
പട്ടക്കാരൻ— ശുബഹോലാബോ...
എല്ലാവരും—മെന് ഓലം...
(ദുക്റോനൊക്)
ഒരുപോലിങ്ങും മാർത്തോമ്മാ
ളുണ്ടേ മേലുംനിന്നോർമ്മ
ളതകണമേനിൻപ്രാർത്ഥന നി—
ന്നോർമ്മയെ ബഹുമാനിച്ചോർക്കായ്
ഒസ്ത്തൂമെൻകാലോസ് കുറി...
(ഫോ എദ്ദോനൊ)
പ്രാർത്ഥനയിൻ സമയമിത-
ല്ലോ മാർത്തോമ്മാ
പതിവിൻപടിനിൻ കൂട്ടതല-
യായ് പ്രാർത്ഥിക്ക

ഇമ്പമെഴും നിൻ പാട്ടിൽ ശ്രു-
ദ്ധിച്ചീടും നി-
ന്നാട്ടകളേ മുശേപ്പോൽ തു-
കൈക വാഴ്ത്തേണം—ബാറെക്മോർ
പട്ടക്കാരൻ: ശ്രുബ് ഹോ:ലാബോ...
എല്ലാവരും
(ശ്രുബഹോലേലാബോ)
നിന്നെ വരിച്ചൊരു താത-
നും മാത്തോമ്മാ
നിന്നോമ്മയെ ബഹുമാനിച്ചാ-
സുതനും സ്തോത്രം.
നിന്നെ മുടി ചൂടീടുന്നാറു ഹാവന്ദ്യൻ
നിൻ പ്രാർത്ഥന കൃപയേററട്ടെ
ഞങ്ങൾക്കെന്നും; മൊറിയൊ......
(ആപ്പീസ് ആമാൻ)
പരിശുദ്ധന്മാരെ! നിങ്ങൾ
പ്രാത്ഥിപ്പിൻ കത്താവോടായ്
അടികളെയും തൻ കോപത്തിൻ
വടികളെയും മായിച്ചീടാൻ

കുക്കിലിയോൻ (കൊഹനെക് നെ
ൽബ് ശ്രൂൻ)
ചാത്തും നീതിയെ നിന്നാചാര്യന്മാരും
മഹിമയെ നിൻ നയവാന്മാരും ഹ-
നിന്നഭിഷിക്തമുഖം തിരിപ്പിക്കല്ലെ
നിൻ ദാസൻ ദാവീദിൻമൂലം
നിൻപുത്രന്മാർ കാത്തിടുമെങ്കിൽ ഹാ-
എൻ നിയമത്തേയും ഞാനുപദേ-
ശിച്ചിടുമീസാക്ഷിയെയും, ബാറെക്-
പട്ടക്കാരൻ: ശുബഹോ ഇത്യാദി.
എല്ലാവരും: മെന് ഓലം...
(റെഗ് ലെദദറക് എന്നമട്ടു)
ശുചിയോടു ശുദ്ധ്യാബെസ് ക്കദ ശാ
സ്സശിച്ചുള്ളപാദങ്ങൾ
പൃക്കദ്യാനദ്വാരങ്ങൾ
വാനവരൊത്തു വസിക്കേണം.
ബെസ്തൗമൻ കാലൊസ് കുറി...
(ഗബലേ ആലോഹോ എന്നമട്ടു)
ദൈവം സൃഷ്ടിച്ചാദത്തെ

സ്രഷ്ടാവോടു തുല്യം സൃഷ്ടി—
യായ് മൺ മയ സദ്യാനത്തിൽ
തരുനിരയിൽ പോയ് വന്നീട്ട—
നതുകാൺമാനുള്ളാനന്ദം
സൂക്ഷിച്ചുംകൊണ്ടേ മേവി—
ക്രുവന്നീറേന്മാർ
മണ്ണിന്നയച്ചയിലാശ്ചര്യ്യം.

ബാറെക്മോർ

പട്ടക്കാരൻ: ശുബഹൊ ഇത്യാദി

എല്ലാവരും

ആദ്യാചാര്യ്യത്വംകൈക്കൊ—
ണ്ടഹറോൻ മൂശയോടൊന്നിച്ചു.
സ്കറിയാര്യ്ക്കതു നൽകി മൂശാ
സ്കറിയാ യോഹന്നാന്നേകി
യോഹന്നാൻ കർത്താവിന്നും
കർത്താ തൻ ശ്ലീഹന്മാൎക്കും.
നാനാസൃഷ്ടി വിഭാ—
ഗങ്ങൾക്കേകി ശ്ലീഹന്മാർ
മൊറിയോറാഹേം......

(ക്ലിലെഗ് ദീലിൻ എന്ന മട്ടു.)
മുടികൾ മുടഞ്ഞൊട്ടിത്തകിടും
ബലിപീഠത്തിലിരിപ്പുണ്ടു.
നിർമ്മലരായ് പരികർമ്മിപ്പോ—
രാചാര്യർക്കവ ചൂടീടും.

പട്ടക്കാരൻ-(പടിഞ്ഞാറോട്ടു തിരിഞ്ഞു ശ്രുബ്ക്കാനാ ചോദിച്ചതിന്റെ ശേഷം തിരശ്ശീല ഇടുന്നു)

(അക്ദമ:റാഹോ)
മക്കളിലപ്പൻ കൃപ ചെയ്—
വതുപോലെ ഹാലേലൂയാ
ഭക്തന്മാരിൽ ദൈവം കൃപ ചെയ്യും.
പുല്ലിനുതുല്യം നരനുടെ
നാളുകളഹോ ഹാലേലൂയാ
പൂക്കുന്നിതു വയലിൽ പൂ—
ച്ചെടിപോ:ലെ.

പട്ടക്കാരൻ! ശ്രുബ്ഹോലാബോ
എല്ലാവരും: മെന്ഓലം......
(ല്അബൈഌക്)

ശരണത്താലെ നിൻ കൃപയിൽ
മരണമടഞ്ഞൊരു ദാസരെനിൻ
ജീവസാരമതുണൎത്തണമേ
കബറിന്നുത്ഥാനത്തിന്നായ്.

സ്റ്റൌമെൻകാലോസ്
(മൽക്കൊമ്ലഹമ്മോനൊ)

ഉയിരേകുന്നോൻ രാജാ—
വുയരത്തിൽനിന്നെഴുന്നെള്ളി
ജീവൻ മൃതരാമേവൎക്കും നൽകുന്നു.
കബറുകളുള്ളിൽ നിന്നി—
ങ്ങവരവരുയിരോടെഴുന്നേററു
ഉയിരേകും നിന്നെ സ്തുതിചെയ്തീടുന്നു.

ബാറെക്മോർ

പട്ടക്കാരൻ: ശുബ് ഹോലാബൊ

എല്ലാവരും

എന്റെ ശരീരംഭക്ഷി—
ച്ചെൻ രക്തംപാനവും ചെയ്യോൻ
പാതാളത്തിൽ
പോകാനായി വിടാ ഞാൻ.

എന്നുമവൻജീവിപ്പാ—
നങ്ങെത്തീട്ടുമരിച്ചതുഞാൻ
എന്നും കത്താ—
തന്നരുളിന്നു മഹത്വം. മൊറിയൊ...
(ബാർ ആലോഹോ)
തൻമരണത്താൽ മരണത്തെ
ജീവിപ്പിച്ചവനാം
ദൈവസുതാ! സ്തുതിദൈവത്തിന്നേ—
നാക്കാനടിയാരേപ്പൂഴീന്നേററണമേ.
(അല്ലെങ്കിൽ)
(മൂൽക്കൊനോദ് കാബെൽ)
മരമതിന്നുയരക്കത്താവേ!
കള്ളനു കിട്ടിയ നിൻെറ വരം
ത്രിതചത്തെക്കൊണ്ടാടിമരി—
ച്ചോരും കൈക്കൊണ്ടീടേണം.
ശുശ്രൂഷക്കാരൻ
നാം അട്ടഹസിച്ചുപറയണം
എല്ലാവരും
പിതാവും പുത്രനും വിശുദ്ധാത്മാവാ

യും ആയവൻ വന്ദിക്കപ്പെട്ടവനും സ്തു
തിക്കപ്പെട്ടവനും ആകുന്നു. ആദിമുത
ൽ തലമുറ തലമുറകൾ വരെയും തന്നി
ക്കുസ്തുതി. ഹാലെലൂയാ

തിരശ്ശീലനീക്കുന്നു.

പട്ടക്കാരൻ

(കാസായും പീലാസായും എടു
ത്തു പടിഞ്ഞാറോട്ടുതിരിഞ്ഞു)

ഞങ്ങളുടെ രക്ഷയ്ക്കായിട്ടു ഇത്യാദി

എല്ലാവരും—ആമ്മീൻ

പട്ടക്കാരൻ

ദൈവമായ കർത്താവെ! കാണപ്പെ
ടാവതല്ലാത്ത ഇത്യാദി.

എല്ലാവരും—ആമ്മീൻ.

പട്ടക്കാരൻ

വലിയവനും നമ്മുടെ രക്ഷിതാവു
മായി ഇത്യാദി

എല്ലാവരും: ആമ്മീൻ

ഞങ്ങളുടെ കർത്താവേ! ഞങ്ങളുടെ
മേൽ അനുഗ്രഹം ചെയ്യണമെ. ഞ

ങ്ങളുടെ കത്താവെ! ഉത്തരമരുളിച്ചെ
യ്തു ഞങ്ങളുടെ മേൽ അനുഗ്രഹം ചെ
യ്യണമേ. ഞങ്ങളുടെ കത്താവേ! നി
നക്കസ്തുതി. ഞങ്ങളുടെ കത്താവേ!
നിനക്കു സ്തുതി. എന്നേക്കും ഞങ്ങൾ
ക്കുള്ള ശരണമേ! നിനക്കു സ്തുതി. ബാ
റെക്മോർ.

ഉന്നതങ്ങളിൽ ദൈവത്തിനു സ്തുതി
യും തന്റെ മാതാവിനു ഉന്നതിയും
സഹദേന്മാക്കു പുകഴ്ച്ചകളുടെ കിരീട
വും മരിച്ചുപോയവക്കു കരുണയും അ
നുഗ്രഹങ്ങളും ഉണ്ടായിരിക്കട്ടെ. ഹാ
ലേലൂയാ.

പട്ടക്കാരൻ

ഞങ്ങളുടെ കത്താവും എന്നേക്കും
ഞങ്ങളുടെ ഇത്യാദി

(പട്ടക്കാരൻ കിഴക്കോട്ടു തിരിയുന്നു)

എല്ലാവരും

ഭൂലോകം നിന്നെ മുട്ടുകുത്തി വന്ദി

ക്കും. സകലനാവുകളും നിന്റെ തി
രുനാമത്തിന്നു സ്തോത്രം ചെയ്യും. എ
ന്തെന്നാൽ നീ മരിച്ചുപോയവരെ ഉ
യർപ്പിക്കുന്നവനും കബറടക്കപ്പെട്ടവ
രുടെ നല്ല ശരണവും ആകുന്നു. ദൈ
വമായ കർത്താവേ! ഞങ്ങൾനിനക്കു
പ്രത്യേകം സ്തോത്രം ചെയ്യുന്നു. നിന
ക്കു ഞങ്ങൾ സ്തോത്രം ചെയ്കയും ഞ
ങ്ങളേക്കുറിച്ചു നിനക്കുള്ള കൃപയെ ഞ
ങ്ങൾ അഭിനന്ദിക്കയും ചെയ്യുന്നു.

പട്ടക്കാരൻ (ഒരു പ്രാർത്ഥന)

എല്ലാവരും—ആമ്മീൻ

പട്ടക്കാരൻ: നിങ്ങൾക്കെല്ലാവർക്കും
സമാധാനം ഉണ്ടായിരിക്കട്ടെ.

എല്ലാവരും: അവിടത്തെ ആത്മാ
വിന്നും ഉണ്ടായിരിക്കട്ടെ.

ശുശ്രൂഷക്കാരൻ

നൽകപ്പെട്ട ഈ വിശുദ്ധരഹസ്യ
ങ്ങളെ കൈക്കൊണ്ടതിന്റെ ശേഷം

വീണ്ടും കരുണയുള്ള കൎത്താവിന്റെ മു
മ്പാകെ നാം തല കുനിക്കണം.

എല്ലാവരും

ഞങ്ങളുടെ കൎത്താവും ഞങ്ങളുടെ
ദൈവവുമായുള്ളോവേ! നിന്റെ തി
രുമുമ്പാകെ ഞങ്ങൾ തല കുനിക്കു
ന്നു.

പട്ടക്കാരൻ—(ഒരു പ്രാൎത്ഥന)

എല്ലാവരും—ആമ്മീൻ

ശുശ്രൂഷക്കാരൻ: ബാറെക്‌മോർ

പട്ടക്കാരൻ: (ഹ്ത്തോമ്മാ)

എല്ലാവരും

(കുർബോനോ ദ് കാറെബ്)

കാഴ്ചയിതിൽ—കൎത്താവേ നിൻ—
തിരുവുള്ളം—തുഷ്ടിപ്പെട്ട
നല്ലമരി—ച്ചോർ പുണ്യപ്പെ-
ട്ടീറയരാ—നന്ദിക്കേണം

(അല്ലെങ്കിൽ)

(ബസ്‌ലൂസ്‌യോലെത്തോക്)

മാതാവു—യാചിക്കും
പരിശു—ദ്ധന്മാരും
നാഥാ—പുണ്യം നൽ-
കിങ്ങും—മരിച്ചോൎക്കും.

പട്ടക്കാരൻ
(പടിഞ്ഞാറോട്ടുതിരി
ഞ്ഞു റൂശ്മാ ചെയ്യുന്നു.)

എല്ലാവരും
കൎത്താവു അവിടത്തെ കൎബ്ബാന
യെ അംഗീകരിക്കുകയും അവിടത്തെ
പ്രാൎത്ഥനകളാൽ ഞങ്ങൾക്കു സഹാ
യിക്കുകയും ചെയ്യുമാറാകട്ടെ.
(തിരശ്ശീല ഇട്ടതിന്റെശേഷം)
പട്ടക്കാരൻ- (രഹസ്യപ്രാൎത്ഥന)
എല്ലാവരും— (റീശൈക്കൊഹനെ)
മേല്പട്ടക്കാർ-പട്ടക്കാരൊടു-ശെമ്മാ
ശ്ശന്മാർ*എല്പ്പാടാക്കീ- കൎത്താവിവരേ
ഭൂമിയിതിങ്കൽ* അണിയിച്ചാരിവ—
രനിശം തന്നുടെ-സഭയെയിവിടെ.

അനവരതം ചെ-യ്യേററിവസിക്കും
സ്തുതികളതാലേ* വിണ്ണിൻ നായക-
നാം തൻനാഥ-രഹസ്യങ്ങളതായ്*
മണ്ണിൻവിളവുകൾ- പട്ടക്കാരൻ- കാഴ്ച
യണച്ചു.

തന്നുടെ പക്കലി-റങ്ങി വരാനാ—
യാത്മാതന്നെ* നിന്നുവിളിച്ചീ-ടുന്നക-
മേ നൽ-ശരണത്താലേ * അവനെ-
നിയമിച്ചോരാത്മാവതു- നിസ്സംശമാ-
യ.

ആവേലാഘത്താ-ലപ്പം തന്നിലി-
റങ്ങിവസിച്ചു*അതിന്നേ ഗാത്ര-വുമ-
ക്കാസായേ-രക്തവുമാക്കും* അട്ടഹസി-
ച്ചീ-നാം ചെല്ലീടുക-കുറിയേലായി-
സ്സോൻ.

അഗ്നിമയന്മാ-രാരേ നോക്കിൽ-വി-
റച്ചീടുന്നു* അവനേ മേശയി-ലപ്പം
വീഞ്ഞായ്-നീ കാണുന്നു* ആരേ മി-
ന്നലുട-ത്തവർ നോക്കുകിലെരിയുന്നു

ടന്നേ.

അവന്നേ മൺമയർ-ഭക്ഷിച്ചു മുഖം-തെളിയുന്നേററം* ഏതുരീതി പുത്രാ-രഹസ്യങ്ങളഹോ-വിണ്ണവരിടയിൽ * ഏശായാ താൻ കണ്ടിവ നമ്മൊടു—സാക്ഷിക്കുന്നു.

ദൈവതാത്തിൻ മടിയിലിരിപ്പൂ-രഹസ്യങ്ങളിവ* ഏവംമേശയി-ലാദാമൃക്കായ്-ഭാഗിക്കുന്നു * ക്രൂബേന്മാരു-ടെ- തേരതുപോലെ-സ്ഥിരമീമദ്ബഹാ.

സ്വർഗ്ഗത്തിൻ സേ-നകളുണ്ടതിനെ-ച്ചുററിക്കൊണ്ടു* ദൈവസുതൻ തിരു-മേനിയതല്ലോ-മേശയിലിവിടെ * കൈകളിലാദാം- മക്കളെടുത്താ- ഘോഷിക്കുന്നു.

പട്ടുധരിച്ചുവ-നൊപ്പം നിന്നിഹ-വേണ്ടുന്നോക്കായ് * പട്ടക്കാരൻ-മാ-ണിക്യങ്ങളെ-വിതറീടുന്നു,

വാനവരിടയില-സൂയാഘോഷം പാ
ട്ടുണ്ടെങ്കിൽ മാനുഷസുതരോ-ടാ ക്രൂ
ബെന്മാ-ർക്കുണ്ടതു ന്യൂനം* കുരിശിപ്പാ
നായ് സുതനേസെഫ്യോൻ-നാട്ടിമര
ത്തെ* കുഞ്ഞാടിനെ-ജനിപ്പിച്ചോരു
മര-ഉണ്ടായവിടെ

ഇവിടെപ്പുത്രൻ-കൈകളിലാണി-
തറയ്ക്കപ്പെട്ടു* ഇസഹാക്കിന്റെ-കെ
ട്ടുകളെ ഛേ-ദിച്ചതുമിവിടെ* തന്നെ
ജമാനൻ-തൻ ദിവ്യര—ഹസ്യങ്ങളെ
യേവം.

താൻ കൈകൊണ്ടു വ-ലങ്കയ്യാലേ
ജീവനതായി * പങ്കിട്ടെല്ലാ-വർക്കായി
ട്ടും-നൽകീടുന്ന* പട്ടക്കാരാ!-വന്നിടുക
സമാ-ധാനത്താലേ.

അമലമതാം ധൂ-പത്തിൻ കലശ-
ത്തെക്കയ്യാണ്ടു* അതിനുടെ നല്ലൊ
രു-സൗരഭ്യത്തെധൂപിച്ചിട്ടതിനാ
ലങ്ങനെ ലോകത്തേയാനന്ദിപ്പിക്കും.

പട്ടക്കാരാ!-വന്നീടുക സമാ-ധാന
ത്താലെ*വത്സല്യത്താൽ പരിശുദ്ധാ
ത്മാ-വാം ദൈവത്തിൽ*വളർത്തപ്പെ
ട്ടവ-നായിത്തന്നുടെ- നാവതിലെന്നും
ദൈവത്തിൻഭവനത്തിൻ താക്കോ
-ലേന്തുന്നവനാം* പട്ടക്കാരാ!-വന്നീടു
ക സമാ-ധാനത്താലെ.

ഭൂമിയതിങ്കൽ- തന്നാലൊരുവൻ
കെട്ടപ്പെട്ടാൽ : ആമനുജൻവിണ്ണുലകം
തന്നിൽ-കർത്താവാലും * കെട്ടപ്പെട്ടവ
-നാമെന്നുള്ളൊരു-പട്ടക്കാരാ!* വന്നീ
ടുക- സമാധാനത്താലെ-ഹലേലൂയാ

ആഴമതിങ്കൽ- തന്നാലൊരുവന
ഴിക്കപ്പെട്ടാൽ*ആ മനുജൻ താ-നയ
രം തന്നിൽകർത്താവാലും*അഴിക്കപ്പെ
ട്ട-വനാമെന്നുള്ളൊരു-പട്ടക്കാരാവന്നീ
ടുക സമാധാനത്താലെ- കുറിയേലൈ
യിസ്സോൻ.

ഉണ്ടാകട്ടെ-സ്തുതി കർത്താവിനാ-നി

ങ്ങളുടെമേൽ * ഉണ്ടാകട്ടെ-തൻകൃപ
കയന്നും-പുണ്യമിനിക്കും. ഉണ്ടാകട്ടെ-
മാർ യാക്കോബൊം-മല്പാൻതന്റെ*ഓ
ൎമ്മയതും ന ന്നായുണ്ടാക-ട്ടെല്ലായ്
പ്പോഴും.

(ബാറാലോഹോ)

തൻബലിയാൽപാ-പികളെ രക്ഷി
ച്ചൊരു ദൈവസുതാ!*നിൻ ബലി
യാലെൻ കഷ്ടതമാച്ചെൻ-നോവൊ
ഴിക്കണമേ.

ഗോഗുൽത്തായിൽ-തൻ മാറ്വ് തുറ-
ന്നോരുത്തമനേ!*ദാഹം നീക്കി-ട്ടൊ
ഴിയുക നീരാൽ-ചോരയതാലും.

(കാഫറ മൊറിയൊ)

ഹ്യന്റെ കടങ്ങളശേഷം നിൻ
കൃപ യാമെസ്പൂഗായതിനാൽ
മായിച്ചെൻ പാപങ്ങളെയും
കൃപയാൽ പുണ്യമതാക്കണമെ.

രക്ഷക! നിന്റെ രഹസ്യങ്ങൾ

ശുശ്രൂഷിക്കപ്പെട്ടെന്നാൽ
അതിനാൽ പുണ്യപ്പെട്ടവരോ
ടെന്നേ യോഗ്യനതാക്കണമേ.
കത്താവെ! നിന്നുടെ നിത്യ
സ്വൎഗ്ഗമതായൊരു രാജ്യത്തിൽ
നിന്നെ ശുശ്രൂഷിപ്പാൻ ഞാ-
നിപ്പൊഴുമെപ്പോഴുമെന്നേക്കും.
നിത്യസ്തുതി കത്താവിന്നും
വിധിദിവസം കൃപ നിങ്ങളിലും
ന്യായാധിപതിക്കാൎദ്രതയി-
ല്പാതകനിലുമുണ്ടാകട്ടെ.
കൃപയുള്ളവനാം കത്താവെ!
കൃപയെന്മേലുണ്ടാകണമേ
കൃപയുണ്ടാവുക മടിയനതാ-
മെന്മേൽ കൃപയുണ്ടാകണമെ.
ഇക്കൎബാനയണച്ചുള്ളോ-
രിപ്പട്ടക്കാരൻ മേലും
ഈശെമ്മാശ്ശൻ തന്മേലും
ഒരുപോൽ കൃപയുണ്ടാകണമേ-

(മോറാനേശ്രുമ് ശ്ലീഹോ)

മാറാനേശ്രുമ ശിഹാ

ഉൾക്കൊണ്ടോരീനിൻമെയ്യും തിരുര

ക്തശിക്ഷാപ്രതികാരങ്ങൾക്കായ് (മഉം

തീരാതേ കുററങ്ങളറാ-നതകീടണമേ

നിൻവലമതിൽ നിൽക്കുന്നതിന്നും

ഹാലേലുയാ-ധൈര്യസമേതം

നിൻ മോദത്താഴ്വരയിൽ

കുടിപ്പിക്കും നീയവരെ

കർത്താവെ! ഞങ്ങൾ ഭക്ഷി-

ച്ചീ നിൻ മെയ്യും

വിശപ്പാനത്താൽ പാനം ചെ-

യ്തോരുയിരേകും രക്തമഉം-തീനരക

പാലമതായ് തീർന്നീകണമേ. (ത്തിൽ

ഹാലേലുയാ-ജീവൻ നിത്യം ബാറെക്

പട്ടക്കാരൻ:ശുബഹോ—ഇത്യാദി

എല്ലാവരും

ശിഷ്യന്മാക്കായമ്മാളികയിൽ.

തൻ തിരുമേനി

ഖണ്ഡിച്ചാദാമ്യരുടെ ര-
ക്ഷയ്ക്കുംപുണ്യത്തിന്നുമായി-തൻര-
കാസാതന്നിൽ ഛേത്താരു (ക്രതത്തെ
ഹാലേലൂയാ-സുതനായ് സ്തോത്രം
പുത്തുജീവൻ നിന്നോട്ടു കൈക്കൊ-
ണ്ടോരോരൊക്കെകൾ
അവസാനദിനേ വിധിസമയ-
ത്തെരിതീയിൻ ക്രൂക്ഷതയിങ്കൽ
ഞെട്ടീടല്ലേ
നിൻ ശൈത്യം കൊണ്ടവതാനേ
ഹാലേലൂയാ-നീട്ടപ്പെടണേ.
പട്ടക്കാരൻ: ശ്രൂബ് ഫോലാബൊ
എല്ലാവരും: മെന ഓലംവാദാ......
ഗോഗുൽത്തായിൽ രക്ഷകനാ-
വൃക്ഷത്തിന്മേൽ
വെച്ചങ്ങുമരിച്ചോർ നെട്ടവീ-
ഴ്പ്പിൻശബ്ദംകേട്ടിട്ടിളകി-പാതാള
ത്തിൽ-ചെന്നവരുടെ സകലത്തൊഴിച്ചു
ഹാലേലൂയാ-മോദിപ്പിച്ചു.

കൎത്താവെ! നിന്റെ ദാസന്മാൎക്കു വേണ്ടിയും ദാസിമാൎക്കുവേണ്ടിയും ഇന്നു നിനക്കു ഞങ്ങൾ അണെച്ചിരിക്കുന്ന കാഴ്ച അവൎക്കു പരിമളവാസനയായിത്തീരേണമെ. എന്റെ കൎത്താവെ അതിനാൽ നിന്റെ തിരുവിഷ്ടം അനുകൂലപ്പെടുകയും നിന്റെ അനുഗ്രഹങ്ങളാൽ അവരെ ആശ്വസിപ്പിക്കയും ചെയ്യണമെ.

പാപം ചെയ്ത ഹാബേലിനു മൃഗങ്ങളുടെ രക്തത്താൽ മൂശ ജീവൻ കൊടുത്തുഎങ്കിൽ വിശ്വാസികളായിമരിച്ചുപോയവൎക്കുവേണ്ടി കഴിക്കപ്പെടുന്ന നിന്റെ ജീവനുള്ള ബലിയാൽ അവൎക്കു എത്രയും അധികം പുണ്യപ്പെട്ടും.

എല്ലാവരും

കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ.

ഞങ്ങളുടെ കൎത്താവേ! ഞങ്ങളുടെ

മേൽ അനുഗ്രഹം ചെയ്യണമെ.....

ആകാശത്തിലുള്ള ഞങ്ങളുടെ ബൊവാ! ഇത്യാദി.

ബുക്ക് സാഭക്ഷികമ്പോൾ

പിതാവും പുത്രനും പരിശുദ്ധറൂഹായുമായ കർത്താവെ! നിൻെറ അട്ടക്കൽനിന്നു ഞങ്ങൾക്കു നന്മകളും വാഴ്വുകളും എന്നന്നേക്കും വർദ്ധിപ്പിച്ചു തരേണമെ, ആമ്മീൻ.

കുർബാന അനുഭവിക്കമ്പോൾ

കർത്താവെ! ആത്മാവിൻെറയും ശരീരത്തിൻെറയും വൈദ്യത്തിന്നും പാപമോചനത്തിന്നുമായി നല്കപ്പെട്ടിരിക്കുന്ന ശുദ്ധമുള്ള ശരീരവും വില മതിക്കാവതല്ലാത്ത തിരുരക്തവും ഞാൻ അനുഭവിക്കുന്നു. അതിനാൽ എൻെറ പാപങ്ങളും സകല കുററങ്ങളും നീ ക്ഷമിച്ചു എന്നെ ശുദ്ധമാക്കേണമെ, ആമ്മീൻ.

ഭക്ഷണത്തിനു മുമ്പു

കൎത്താവേ! നിന്റെ കൃപയാൽ ഭക്ഷിപ്പാനും പാനം ചെയ്യാനും നീ ഞങ്ങൾക്കു തന്നിട്ടുള്ള ആഹാരത്തെയും നിന്റെ മനോഗുണത്തേയും ഞങ്ങൾ ഓൎത്തു നിന്നെ സ്തുതിക്കയും വന്ദിക്കയും ചെയ്യാൻ ഞങ്ങളെ യോഗ്യമുള്ളവരാക്കണമെ, ആമ്മീൻ.

ഭക്ഷണത്തിന്നു ശേഷം

ദൈവമെ! നിന്റെ കൃപയും വാഴ്വും നിമിത്തം നിനക്കസ്തുതി. ഞങ്ങളെ തീററി തൃപ്തിയാക്കിയതിനാൽനിനക്കസ്തുതി. നിനക്കുള്ളതിൽ നിന്നു ഭക്ഷിച്ചു പാനം ചെയ്തു ഞങ്ങൾ ജീവിക്കയാൽ നിന്റെ അനുഗ്രഹം നിമിത്തം നിനക്കസ്തുതി. നിന്നെ സ്തുതിപ്പാനും നിന്റെ ഇഷ്ടം ചെയ്യാനും ഞങ്ങളെ യോഗ്യന്മാരാക്കേണമേ, ആമ്മീൻ.

—:*:—

# കുർബാനക്രമം

—:*:—

(പഴയത്.)

(പള്ളിയിൽ പ്രവേശിക്കുമ്പോൾ ചൊല്ലേണ്ടുന്നത്.)

ദൈവമേ, നിന്റെ ഭവനത്തിൽ ഞാൻ പ്രവേശിച്ചിരിക്കുന്നു. നിന്റെ സിംഹാസനത്തിൻമുമ്പാകെ ഞാൻ വന്ദിക്കുന്നു. സ്വർഗ്ഗസ്ഥനായ രാജാവേ, നിനക്കു വിരോധമായി ഞാൻ ചെയ്തിട്ടുള്ള സർവ്വപാപങ്ങളേയും എന്നോടു ക്ഷമിക്കേണമേ.

(കുർബ്ബാനയ്ക്കു മുമ്പുള്ള ഒരു പ്രത്യേക അപേക്ഷ.

പ്രകാശത്തിൽ പരിപൂർണ്ണനായിരിക്കുന്ന ഈശോ തമ്പുരാനേ, സർവ്വ സൃഷ്ടികളേയും പ്രകാശിപ്പിക്കുന്ന സാക്ഷാലുള്ള പ്രകാശം നീയാകയാൽ ഞങ്ങൾ പ്രകാശം കാണുന്നതു നിന്റെ പ്രകാശം കൊണ്ടാകുന്നു. സ്വർഗ്ഗസ്ഥനായ

പിതാവിന്റെ ശോഭയുള്ള കതിരായുള്ളോവേ, നിന്റെ പ്രകാശംകൊണ്ടു ഞങ്ങളെ പ്രകാശിപ്പിക്കേണമേ. പ്രകാശത്തട്ടിൽ വസിക്കുന്ന പരിശുദ്ധനും പാപങ്ങളെ ക്ഷമിക്കുന്നവനുമായ കൎത്താവേ, ദുൎവ്വികാരങ്ങളേയും നിന്ദ്യമായ നിരൂപണകളേയും ഞങ്ങളിൽനിന്നു അകററി ഹൃദയവെടിപ്പോടുകൂടെ സൽപ്രവൃത്തികൾ ചെയ്യാൻ ഞങ്ങൾക്കു കൃപനല്കണമേ, ആമ്മീൻ.

കുൎബ്ബാന തുടങ്ങുമ്പോൾ.

സ്വൎഗ്ഗസ്ഥനായ പിതാവിന്റെ ഏകപുത്രനും, വചനവും രാജാവുമായ ഞങ്ങളുടെ കൎത്താവേ, സ്വഭാവത്തിൽ മരണമില്ലാത്തവനായി സകല മനുഷ്യരുടേയും ജീവനിൽ ദയതോന്നി അവരുടെ രക്ഷയ്ക്കായി കൃപയാൽ വന്നു വെടിപ്പും ശുദ്ധവും മഹത്വവുമുള്ള ദൈവത്തെ പ്രസവിച്ച കന്യകമറിയ

ത്തിൽനിന്ന ശരീരമെടുത്തു ഭേദംകൂടാതെ മനുഷ്യപുത്രനായി ഞങ്ങൾക്കവേണ്ടി കുരിശിൽ തൂങ്ങപ്പെട്ടു മരിച്ചതിനാൽ ഞങ്ങളുടെ മരണത്തെ ചവിട്ടിക്കൊന്നവനായി വിശുദ്ധ ത്രിത്വത്തിൽ ഒരുവനും പിതാവിനോടും വിശുദ്ധ റൂഹായോടുംകൂടെ ഒരുപോലെ വന്ദിക്കപ്പെട്ടു സ്തുതിക്കപ്പെടുന്നവനുമായ മശിഹാതമ്പുരാനേ, ഞങ്ങൾ എല്ലാവരോടും കൃപ ചെയ്യേണമേ.

“ദൈവമേ, നീ ശുദ്ധമുള്ളവനാകുന്നു”—ഇത്യാദി.

(ശ്ലീഹാ വായിക്കുമ്പോൾ.)

ശ്ലീഹന്മാരുടെ ഉടയവനു സ്തുതി! അവരുടെ നമസ്കാരം നമ്മോടുകൂടി ഉണ്ടായിരിക്കട്ടെ, ആമ്മീൻ.

(എവൻഗേലി വായിക്കുന്നതിനു മുമ്പു പട്ടക്കാരൻ ശ്ലോമ്മോ പറയുമ്പോൾ)

ആയതിനു ദൈവമായ കർത്താവു അ

വിട്ടത്തെ ആത്മാവോടുകൂടെ ഞങ്ങളേ
യും യോഗ്യരാക്കിത്തീൎക്കട്ടെ.

(അതിൻെറ ശേഷം.)

വന്നവനും വരുവാനിരിക്കുന്നവനും
സ്തുത്യനാകുന്നു. തന്നെ അയച്ച പിതാ
വിന്നു സ്തുതി. തൻെറ അനുഗ്രഹങ്ങൾ
ഞങ്ങളുടെ മേൽ എപ്പോഴും വസിക്കു
മാറാവട്ടെ.

(അതിൻെറ ശേഷം)

അപ്രകാരം ഞങ്ങൾ വിശ്വസിച്ചു
ഏറ്റുപറയുന്നു.

(ഏവൻഗേലി വായിച്ചു കഴിയുമ്പോൾ)

ദൈവമാതാവായ വി. മറിയാമി
നേയും പുറജാതികളോടായി നിൻെറ
ഏവൻഗേലിയോൻ അറിയിച്ചവരാ
യ നിബിയന്മാരെയും ശ്ലീഹന്മാരേയും
ജയം പ്രാപിച്ചു കിരീടം ലഭിച്ചവരാ
യ നീതിമാന്മാരെയും പുണ്യവാളന്മാരേ
യും നിൻെറ തിരുനാമത്തെപ്രതി ക

ഷ്ടതകളും ഞെരുക്കങ്ങളും സഹിച്ചവരായ സഹോദരന്മാരേയും വിശ്വാസികളായ മരിച്ചവരേയും ഞങ്ങൾ ഓർക്കുന്നു. അവരുടെ പ്രാർത്ഥന ഞങ്ങൾക്കു കോട്ടയായിത്തീരുമാറാവട്ടെ.

(ശുശ്രൂഷക്കാരൻ 'സ്റ്റൌമെൻകാലൊസ' ചൊല്ലിയാൽ)

കുറിയേലായിസ്സോൻ.

(പട്ടക്കാരൻ, 'നാം എല്ലാവരും പ്രാർത്ഥിച്ചു' എന്നു ചൊല്ലിത്തീർന്നാൽ)

കരുണയുള്ള കർത്താവേ, ഞങ്ങളെ അനുഗ്രഹിച്ചു സഹായിക്കേണമേ.

(ധൂപക്കുററിയിൽ കുന്തുരുക്കം ഇടുമ്പോൾ)

ബാറെക്മോർ. അനുഗ്രഹിക്കുന്നവനായ കർത്താവേ, ഞങ്ങളെ അനുഗ്രഹിച്ചു സഹായിക്കേണമേ.

(പട്ടക്കാരൻ 'സെദറ' ചൊല്ലി നിൽക്കുമ്പോൾ)

ആമ്മീൻ. കർത്താവു് അവിടുത്തെ ശുശ്രൂഷ കൈക്കൊണ്ടു് അവിടുത്തെ

പ്രാർത്ഥനകളാൽ ഞങ്ങളെ സഹായിക്കുമാറാവട്ടെ.

(ധൂപക്കുററി വാഴ്ത്തുമ്പോൾ)

ആമ്മീൻ—ആമ്മീൻ—ആമ്മീൻ.

(ധൂപം വീശി പടിഞ്ഞാറോട്ടു വരുമ്പോൾ)

"വിശ്വാസപ്രമാണം" ചൊല്ലുക.

(ശുശ്രൂഷക്കാരൻ അതു ചൊല്ലി തികയ്ക്കുമ്പോൾ)

ആമ്മീൻ.

(ശുശ്രൂഷക്കാരൻ 'സ്തൗമെൻ കാലോസ്' എന്നു പറയുമ്പോൾ)

കുറിയേലായിസ്സോൻ.

(പട്ടക്കാരൻ ശ്ലോമ്മൊ പറയുമ്പോൾ)

അവിടുത്തെ ആത്മാവോടുകൂടെയും ഉണ്ടായിരിക്കട്ടെ.

(കൈകസ്തൂരി വാങ്ങുമ്പോൾ)

മശിഹാ തമ്പുരാന്റെ സ്നേഹവും സമാധാനവും ഞങ്ങളിൽ സദാ വസിക്കുമാറാവട്ടെ. ദൈവമായ കർത്താവേ, ആയുഷ്കാലത്തോളം ഈ സമാധാനത്തിനു ഞങ്ങളെ അർഹരാക്കേണമേ.

കൃപയുള്ള കർത്താവേ, ശുദ്ധമുള്ള ഈ സമാധാനം ലഭിച്ചതിന്റെ ശേഷം തിരുമുമ്പിൽ ഞങ്ങൾ തലകുനിക്കുന്നു.

(ശോശപ്പ പൊക്കുമ്പോൾ)

ഈ കുർബ്ബാന സ്തോത്രവും കരുണയും സമാധാനവും ബലിയും ആകുന്നു.

(ശ്ലോമ്മോ പറയുമ്പോൾ)

അവിടുത്തെ ആത്മാവോടുകൂടെയും ഉണ്ടായിരിക്കട്ടെ.

(റൂശ്മാ കഴിയുമ്പോൾ)

അവിടുത്തെ ആത്മാവോടുകൂടെയും ഉണ്ടായിരിക്കട്ടെ.

(അതിന്റെ ശേഷം)

ഞങ്ങളുടെ നിരൂപണകളും വിചാരങ്ങളും ഹൃദയങ്ങളും ദൈവമായ കർത്താവിങ്കൽ ഇരിക്കുന്നു. കർത്താവിനെ ഭയഭക്തിയോടുകൂടി സ്തോത്രം ചെയ്യുന്നതു യുക്തവും ന്യായവുമാകുന്നു.

(പട്ടക്കാരൻ ചൊല്ലി നിൎത്തുമ്പോൾ)

"തന്റെ സ്തുതികളാൽ ആകാശവും ഭൂമിയും നിറയപ്പെട്ടിരിക്കുന്ന ബലവാനായ ദൈവം തമ്പുരാൻ........."
ഇത്യാദി.

(അപ്പവും വീഞ്ഞും വാഴ്ത്തുമ്പോൾ)

ആമ്മീൻ—ആമ്മീൻ.

(വാഴ്ത്തിയ ശേഷം)

കൎത്താവേ, ഞങ്ങൾ നിന്റെ മരണത്തെ ഓൎക്കുകയും നിന്റെ ഉയിൎത്തെഴുന്നേല്പിനെ ഏറ്റുപറയുകയും, നിന്റെ രണ്ടാമത്തെ വരവിന്നായി നോക്കിപ്പാൎക്കുകയും ചെയ്യുന്നു. നിന്റെ അനുഗ്രഹങ്ങൾ ഞങ്ങൾ എല്ലാവരുടെ മേലും എന്നേക്കും ഉണ്ടായിരിക്കട്ടെ.

(ഇതിന്റെ ശേഷം)

സൎവ്വശക്തനായ പിതാവായ ദൈവമേ, ഞങ്ങളെ അനുഗ്രഹിക്കേണമേ.

ദൈവമായ കൎത്താവേ, ഞങ്ങൾ നിന്നെ സ്തുതിക്കുകയും വാഴ്ത്തുകയും വന്ദിക്കുകയും ചെയ്യുന്നു. ഉത്തമനായുള്ളോവേ, കൃപതോന്നി ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യേണമേ എന്നു ഞങ്ങൾ അപേക്ഷിക്കുന്നു.

(പട്ടക്കാരൻ 'അനിൻ മൊറിയൊ' ചൊല്ലിയതിൻെറ ശേഷം)

കുറിയേലായിസ്സോൻ, കുറി......, കുറി......

ആമ്മീൻ—ആമ്മീൻ.

(൧-ാമത്തെ മദ്ധ്യസ്ഥപ്രാൎത്ഥന ചൊല്ലിക്കഴിയുമ്പോൾ)

ആമ്മീൻ—ബാറെക്മോർ. നാലു ഭാഗങ്ങളിലുമുള്ള ദൈവത്തിൻെറ സഭകളെ മേയിച്ചു ഭരിക്കുന്നവരായ എല്ലാ പിതാക്കന്മാൎക്കു വേണ്ടിയും, പ്രത്യേകിച്ചു ഇന്നു നമ്മെ പരിപാലിച്ചു പോരുന്ന മേല്പട്ടക്കാരൻ ആബൂൻ

മോർ (ഇന്നാക്ക്) വേണ്ടിയും, ശേഷം സത്യവിശ്വാസികളായ എല്ലാ എപ്പിസ്കോപ്പന്മാർക്ക് വേണ്ടിയും കർത്താവിനോടു നാം പ്രാർത്ഥിക്കണം—കുറിയേലായിസ്സോൻ.

(൨-ാമത്തെ മദ്ധ്യസ്ഥപ്രാർത്ഥന ചൊല്ലിക്കഴിയുമ്പോൾ)

ആമ്മീൻ—ബാറെക്മോർ. വിശ്വാസികളും സത്യക്രിസ്ത്യാനികളുമായ നമ്മുടെ സഹോദരന്മാർ എല്ലാവർക്കുംവേണ്ടിയും പ്രത്യേകിച്ച് ഇപ്പോൾ പരീക്ഷയിലും ഞെരുക്കത്തിലുമിരിക്കുന്നവർക്കും വേണ്ടിയും കർത്താവിനോടു നാം പ്രാർത്ഥിക്കണം—കുറിയേലായിസ്സോൻ.

(൩-ാമത്തെ മദ്ധ്യസ്ഥപ്രാർത്ഥന ചൊല്ലിക്കഴിയുമ്പോൾ)

ആമ്മീൻ—ബാറെക്മോർ. വിശ്വാസികളായ സകല രാജാക്കന്മാർക്കും അ

ധികാരം നടത്തുന്നവൎക്കും വേണ്ടിയും, കശ്ശീശന്മാർ, ശെമ്മാശന്മാർ മുതലായി പട്ടത്വത്തിന്നടുത്ത എല്ലാവൎക്കും വേണ്ടിയും, ക്രിസ്തീയ സഭ മുഴവന്നു വേണ്ടിയും കൎത്താവിനോടു നാം പ്രാൎത്ഥിക്കണം—കുറിയേലായിസ്സോൻ.

(൭-ാമത്തെ മദ്ധ്യസ്ഥപ്രാൎത്ഥന ചൊല്ലിക്കഴിയുമ്പോൾ)

ആമ്മീൻ—ബാറെക്മോർ. വിശുദ്ധിയുള്ളവളും ഭാഗ്യമുള്ളവളും അനുഗ്രഹിക്കപ്പെട്ടവളും നിത്യ കന്യകയുമായ ദൈവമാതാവായ മൎത്ത മറിയാമിനേയും അവളോടുകൂടെ നിബിയന്മാരേയും ശ്ലീഹന്മാരേയും പ്രാസംഗികന്മാരേയും ഏവൻഗേലീസ്ഥന്മാരേയും, സഹദേന്മാരേയും മൌദ്യാനന്മാരേയും എല്ലാ ശുദ്ധിമാന്മാരേയും ശുദ്ധിമതികളേയും നാം ഓൎത്തു അവരുടെ പ്രാൎത്ഥന നമുക്കു കോട്ടയായിരിപ്പാൻ കൎത്താവിനോ

ട്ട നാം പ്രാൎത്ഥിക്കണം— കുറിയേലായി
സ്സോൻ.

(൫-ാമത്തെ മദ്ധ്യസ്ഥപ്രാൎത്ഥന
ചൊല്ലിക്കഴിയുമ്പോൾ)

ആമ്മീൻ— ബാറെക്മോർ. ചൊല്ലുള്ളതും കുററമില്ലാത്തതുമായ ശ്ലീഹായ്ക്കടുത്ത ഏക വിശ്വാസത്തെ പാലിച്ച നമുക്ക ഏല്പിച്ചു തന്നിട്ടുള്ളവരായ സകല വിശുദ്ധ പിതാക്കന്മാരേയും പരിശോധിക്കപ്പെട്ട മല്പാന്മാരേയും അവരുടെ മുമ്പും അവരോട്ട കൂടെയും അവരുടെ പിമ്പുമുള്ള സകല വിശുദ്ധ പിതാക്കന്മാരേയും നാം ഓൎത്തു അവരുടെ പ്രാൎത്ഥന നമുക്ക കോട്ടയായിരിപ്പാൻ കൎത്താവിനോട്ട നാം പ്രാൎത്ഥിക്കണം— കുറിയേലായിസ്സോൻ.

(൬-ാമത്തെ മദ്ധ്യസ്ഥപ്രാൎത്ഥന
(ചൊല്ലിക്കഴിയുമ്പോൾ)

ആമ്മീൻ—ബാറെക്മോർ. സ്നേഹ

ത്തോടും സത്യവിശ്വാസത്തോടും കൂടെ നമ്മിൽ നിന്നു വാങ്ങിപ്പോയിട്ടുള്ള പി രേതന്മാർ എല്ലാവരേയും നാം ഓർത്തു കട ങ്ങളുടെ പരിഹാരത്തിന്നും പാപങ്ങ ളുടെ മോചനത്തിന്നു അവരെ യോ ഗ്യന്മാരാക്കുവാനും നമ്മേയും അവരേ യും തന്റെ സ്വർഗ്ഗരാജ്യത്തിൽ ചേർത്തു കൊള്ളുവാനുമായി കർത്താവിനോടുനാം പ്രാർത്ഥിച്ചു മൂന്നുപ്രാവശ്യം കുറിയേലാ യിസ്സോൻ എന്നു അട്ടഹസിച്ചു ചൊ ല്ലണം.

കുറിയേലായിസ്സോൻ. കുറിയേ... കുറിയേ......

(ഇതിന്റെ ശേഷം)

ദൈവമേ, മനസ്സോടും മനസ്സു കൂടാ തേയും അറിവോടും അറിവുകൂടാതേ യും തിരുമുമ്പിൽ ഞങ്ങൾ ഞങ്ങളുടെ മരിച്ചുപോയവരും ചെയ്തുപോയിട്ടുള്ള സകല കുററങ്ങളേയും ക്ഷമിച്ചു ആശ്വാ

സിപ്പിക്കേണമേ. ആമ്മീൻ.

(ഇതിന്റെ ശേഷം)

ആമ്മീൻ. (ത ന്റനാമം) ഇരുന്ന പ്രകാരം ന്നേ ഇരിക്കയും തലമുറ തലമുറയായി സകല തലമുറകൾവരെയും ലോകാലോകങ്ങളോളവും സ്ഥിതിചെയ്യുന്നു — ആമ്മീൻ.

(ശ്ലോമ്മൊ പറയുമ്പോൾ)

അവിടുത്തെ ആത്മാവോടു കൂടെയും ഉണ്ടായിരിക്കട്ടെ.

രണ്ടാമത്തെ റൂശ്മായ്ക്ക ശേഷം

അവിടുത്തെ ആത്മാവോടു കൂടെയും ഉണ്ടായിരിക്കട്ടെ. ദൈവമേ, നിന്റെ കൃപ ഞങ്ങളുടെ മേൽ ഉണ്ടായിരിക്കേണമേ.

—:)(:—

(മറയിടുമ്പോൾ)

കരുണയുള്ള ദൈവമേ, നിന്റെവാ

തിലിൽ ഞങ്ങളുടെ അപേക്ഷയുടെ
സ്വരം മുട്ടുന്നു. ഞങ്ങളുടെ നമസ്കാര
ത്തിന്നും അപേക്ഷകൾക്കും നിന്റെ
വാതിൽ തുറന്നു നിന്റെ കരുണകൊ
ണ്ടു ഞങ്ങളുടെ യാചനകളെ ചെവി
ക്കൊള്ളേണമേ. നിന്നെ സേവിക്കുന്ന
വരുടെ ആവശ്യങ്ങളെ വിരോധിക്കയു
മരുതെ—കുറിയേലായിസ്സോൻ.

കർത്താവേ, വാഴ്ത്തേണമേ. അനുഗ്ര
ഹങ്ങളും കരുണയും നിറഞ്ഞിരിക്കുന്ന
കർത്താവേ, നിന്റെ കൃപയാൽ സമാ
ധാനത്തിന്റേയും ഐക്യതയുടേയുംമാ
ലാഖായെ ഞങ്ങൾക്കു നൽകേണമെ.
പള്ളികൾക്കും ദയറാകൾക്കും അവയി
ലുള്ള പട്ടക്കാർക്കും സന്തതികൾക്കും സ
മാധാനവും നല്ലതും പരിപൂർണ്ണവുമുള്ളതു
മായ കാലവും നൽകേണമേ. കർത്താവേ,
നല്ല പ്രവൃത്തികൾകൊണ്ടും നീതിയു
ള്ള നടപ്പുകൾകൊണ്ടും ഞങ്ങൾ നി

ന്റെ ഇഷ്ടന്മാരായ സത്യക്രിസ്ത്യാനി കളായിരിപ്പാൻ നിന്റെ കരുണ നിമിത്തം ഞങ്ങൾക്കു ഇടയാവേണമേ. കെട്ടുപോകാത്ത തീയിൽനിന്നും ചാകാത്ത പുഴുവിൽനിന്നും അതിവേദനയിൽനിന്നും ദുസ്സഹമായ സങ്കടത്തിൽനിന്നും അവസാനമില്ലാത്ത പല്ലുകടിയിൽനിന്നും ഞങ്ങളേയും ഞങ്ങളുടെ മരിച്ചവരുടെ കൂട്ടത്തെ ഒക്കയും നീ രക്ഷിക്കേണമേ. ശപിക്കപ്പെട്ടവരെ, ദുൎമ്മാൎഗ്ഗികളേയും അധൎമ്മികളേയും ദഹിപ്പിക്കുന്ന അഗ്നിയിലേക്കുപോകുവിൻ എന്നു ഞങ്ങളോടു അരുളിച്ചെയ്യാൻ ഇടയാകുമാറാകരുതേ. എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ, ലോകാരംഭത്തിന്നു മുമ്പു നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന സ്വൎഗ്ഗരാജ്യം അനുഭവിച്ചുകൊൾവിൻ എന്നു അരുളിച്ചെയ്യുന്ന സന്തോഷകരമായ ശബ്ദം

കേൾപ്പാൻ നിന്റെ കരുണനിമിത്തം ഞങ്ങൾക്കു സംഗതിയാകുമാറാകണമേ സർവ്വശക്തനായ പിതാവേ, നിനക്കു ഞങ്ങൾ സ്തോത്രം ചെയ്യുന്നു. നിന്റെ ഏകപുത്രനെ ഞങ്ങൾ വന്ദിക്കുന്നു. ജീവനും വിശുദ്ധിയുമുള്ള റൂഹായെ ഞങ്ങൾ സ്തുതിക്കുന്നു. കൃപയുള്ള കർത്താവേ, തൃക്കയ്യിൽ ഞങ്ങളുടെ ജീവനെ ഞങ്ങൾ ഭരമേല്പിക്കുന്നു. കർത്താവേ, കരുണ തോന്നി ഞങ്ങളെ അനുഗ്രഹിക്കേണമേ.

(മറ നീക്കിയ ശേഷം)

"സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ" ഇത്യാദി ചൊല്ലുക.

(ശ്ലോമ്മൊ പറയുമ്പോൾ)

അവിടുത്തെ ആത്മാവോടുകൂടെയും ഉണ്ടായിരിക്കട്ടെ.

ദൈവമായ കർത്താവേ, തിരുമുമ്പിൽ ഞങ്ങൾ തല കുനിക്കുന്നു.

(മൂന്നാമത്തെ റൂശ്മായ്ക്കശേഷം)

അവിടുത്തെ ആത്മാവോടുകൂടെയും ഉണ്ടായിരിക്കട്ടെ.

ശുദ്ധവും മഹത്വവുമുള്ള ത്രിത്വമേ, ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യേണമേ.

(പീലാസ പൊക്കുമ്പോൾ)

ബാറെക്മോർ. കൃപയുണ്ടായി ഞങ്ങളെ അനുഗ്രഹിക്കേണമേ. പരിശുദ്ധനായ ഏകപിതാവും പരിശുദ്ധനായ ഏകപുത്രനും പരിശുദ്ധനായ ഏകറൂഹായുമല്ലാതെ പരിശുദ്ധൻ ഇല്ല.

(കാസ പൊക്കുമ്പോൾ)

ബാറെക്മോർ. ഒന്നായിരിക്കുന്ന പിതാവിനും പുത്രനും ജീവനുള്ള പരിശുദ്ധ റൂഹായ്ക്കും സ്തുതി.

ആമ്മീൻ—ആമ്മീൻ—ആമ്മീൻ.

(ഇതിന്റെ ശേഷം)

മഹാഗുണമുള്ളവനായ ദൈവമേ, നിന്റെ അനുഗ്രഹങ്ങളാൽ ഞങ്ങളോടു മനോഗുണം ചെയ്യേണമെ. നാം ദൈവത്തിന്റെ മക്കളായിരിപ്പാൻ തങ്ങൾ ജീവിച്ചിരുന്നപ്പോൾ നമ്മെ പഠിപ്പിച്ചവരായ നമ്മുടെ പിതാക്കന്മാരെ നമസ്കാരങ്ങളിലും കുർബാനകളിലും നാം ഓർക്കണം. നശിച്ചുപോകാത്ത ലോകത്തിൽ നീതിമാന്മാരോടും പുണ്യവാന്മാരോടും കൂടെ ദൈവപുത്രൻ അവരെ ആശ്വസിപ്പിക്കും. കർത്താവേ, ഞങ്ങളെ അനുഗ്രഹിച്ചു സഹായിക്കേണമേ.

(ബെസമല്കൊ, ചൊല്ലി അവസാനിക്കുമ്പോൾ)

കുറിയേലായിസ്സോൻ കുറിയേ..... കുറിയേ...... ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യേമേ ഞങ്ങളുടെ കർത്താവേ, കൃപയുണ്ടാ

യി ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യേണമേ. ഞങ്ങളുടെ കർത്താവേ, ഉത്തരമരുളിച്ചെയ്തു ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യേണമേ. ഞങ്ങളുടെ കർത്താവേ, നിനക്കു സ്തുതി. എന്നേക്കും ഞങ്ങൾക്കുള്ള ശരണവുമേ നിനക്കു സ്തുതി, ബാറെക്മോർ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ.....

(രണ്ടാമത്തെ മറയിടുമ്പോൾ)

പിതാവു മക്കളെ സ്നേഹിക്കുന്ന പ്രകാരം ദൈവം തന്നെ ഭയപ്പെടുന്നവരെ സ്നേഹിക്കുന്നു. കർത്താവേ, നിന്റെ കല്പനയാൽ മരണം അധികാരംചെയ്തു. ഉയിർത്തെഴുന്നേല്പു മൂലം അതിനെ നീ നാമാവശേഷമാക്കിയതിനാൽ നിനക്കു സ്തുതി. കർത്താവേ, സകല വായ്കളും നിന്നെ സ്തുതിക്കും. ആദാമിന്റെ സന്തതികളെ സകല സ്ഥലത്തുനി

നും കൂട്ടിച്ചേർത്ത കർത്താവേ, ഞങ്ങളെ അനുഗ്രഹിച്ചു സഹായിക്കേണമേ. തിരുമരണം മൂലം ഞങ്ങളുടെ മരണത്തെ ജീവിപ്പിച്ചവനായ ദൈവത്തിന്റെ പുത്രാ, ഉച്ചത്തിൽ ഞങ്ങൾ നിനക്കു സ്തുതി പാടുവാൻ തക്കവണ്ണം മണ്ണിൽനിന്നു ഞങ്ങളെ നീ ഉയിർത്തെഴുന്നേല്പിക്കേണമേ. പിതാവും പുത്രനും പരിശുദ്ധറൂഹായും വന്ദിക്കപ്പെട്ടു സ്തുതിക്കപ്പെടുന്നു. ആദിമുതൽ തലമുറ തലമുറ വരെയ്ക്കും തനിക്കു സ്തുതി, ഹാലേലുയ്യാ.

(കാസായും പീലാസായും എടുത്തു പടിഞ്ഞാറോട്ടു തിരിയുമ്പോൾ)

ആമ്മീൻ—ആമ്മീൻ.

ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യേണമേ. ഞങ്ങളുടെ കർത്താവേ, കൃപയുണ്ടായി ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യേണ

മേ. ഞങ്ങളുടെ കൎത്താവേ, നിനക്കു സ്തുതി. ഞങ്ങളുടെ കൎത്താവേ, ഉത്തരമരുളിച്ചെയ്തു ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യേണമെ. ഞങ്ങളുടെ കൎത്താവെ, നിനക്കുസ്തുതി. എന്നേക്കും ഞങ്ങൾക്കുള്ള ശരണവുമേ, നിനക്കുസ്തുതി, ബാറെക്മോർ.

(കിഴക്കോട്ടു തിരിയുമ്പോൾ)

ഭൂലോകം നിന്നെ മുട്ടുകുത്തി വന്ദിക്കും. സകല നാവുകളും തിരുനാമത്തിനു സ്തോത്രംചെയ്യും. എന്തുകൊണ്ടെന്നാൽ നീ മരിച്ചുപോയവരെ ഉയൎപ്പിക്കുന്നവനും കബറടക്കപ്പെട്ടവരുടെ നല്ല ശരണവും ആകുന്നു. ദൈവമായ കൎത്താവേ, ഞങ്ങൾ നിനക്കു പ്രത്യേകം സ്തോത്രം ചെയ്യുന്നു. നിനക്കു ഞങ്ങൾ സ്തോത്രം ചെയ്യുകയും ഞങ്ങളെക്കുറിച്ചു നിനക്കുള്ള കൃപയെ ഞങ്ങൾ അഭിനന്ദിക്കുകയും ചെയ്യുന്നു.

(ശ്ലോമ്മൊ പറയുമ്പോൾ)

അവിടുത്തെ ആത്മാവോടു കൂടെയും ഉണ്ടായിരിക്കട്ടെ.

ഞങ്ങളുടെ ദൈവമായ കൎത്താവേ, തിരുസന്നിധിയിൽ ഞങ്ങൾ തല കുനിക്കുന്നു. ആമ്മീൻ—ബാറെക്ക്മോർ.

(ഹൂത്തോമാ ചൊല്ലികഴിയുമ്പോൾ)

എന്റെ കൎത്താവേ, പട്ടക്കാരൻ കഴിച്ചിട്ടുള്ള ഈ പൂജയിൽ നിനക്കു തിരുവുള്ളം ഉണ്ടാകേണമെ. സ്വൎഗ്ഗത്തന്മാർ അതിൽ സന്തോഷിക്കേണമെ വിശ്വാസികളായ മരിച്ചവർ അതിനാൽ പുണ്യപ്പെടുകയും ചെയ്യേണമേ.

(ഒടുവിലെ ശൂശ്ശ്മാ കഴിയുമ്പോൾ)

കൎത്താവ് അവിടുത്തെ കുമ്പാന കൈക്കൊണ്ട് അവിടുത്തെ പ്രാൎത്ഥന നിമിത്തം ഞങ്ങളെ സഹായിക്കുമാറാകട്ടെ, ആമ്മീൻ.

—:)(:—

## ഒരു കൌമാ നമസ്കരിക്കണം

—:)(:—

(കുൎബ്ബാന അനുഭവിക്കുമ്പോൾ)

കൎത്താവേ, ആത്മാവിന്റേയും ശരീരത്തിന്റേയും ക്ഷേമത്തിന്നും പാപമോചനത്തിന്നുമായി നൽകപ്പെട്ടിരിക്കുന്ന ശുദ്ധമുള്ള ശരീരവും വിലമതിക്കാവതല്ലാത്ത തിരുരക്തവും ഞാൻ അനുഭവിക്കുന്നു. അതിനാൽ എന്റെ പാപങ്ങളും സകല കുററങ്ങളും നീക്ഷമിച്ചു എന്നെ ശുദ്ധീകരിക്കേണമേ, ആമ്മീൻ.

—:)(:—